
മലയാളരാ
രാജ്യം



# THE MALAYALA RAJYAM

27th July 1953 ILLUSTRATED WEEKLY Three Anna



# സിനിമാപംക്തി

## കരൺദിവാൻ

★

പ്രസിദ്ധ ഹിന്ദീചലച്ചിത്രനടനായ കരൺദിവാൻ സിനിമാരംഗത്തേക്കു കാലൂന്നിയിട്ട് ഒരു വ്യാഴവട്ടം കഴിഞ്ഞു. നിർമ്മത്സരബുദ്ധികളും അകലാകാരന്റെ സേവനം ഒരു വിജയമായിട്ടെ കരുതുകയുള്ളൂ. ഇതിനകം മുപ്പത്തിആറ് ചലച്ചിത്രങ്ങളിൽ ആ നടൻ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ജയപരാജയങ്ങളുടെ ഒരു "ചുരങ്ങിയപട്ടിക"യാണ് ആ കലാജീവിതമെന്നു പറഞ്ഞാൽ അതും അതിൽ വിയോജിക്കുമെന്നും തോന്നുന്നില്ല. എങ്കിലും മനക്കരുത്തോടെ തടസ്സങ്ങളോടു മല്ലടിച്ചു വിജയത്തിലേക്ക് കരൺദിവാൻ അനുദിനം മുന്നേറിക്കൊണ്ടിരിക്കയാണ്. "സിനത്തു" "രത്തൻ" "മായിജാൻ" "ലാഹോർ" "ദെഹാജ്" തുടങ്ങിയ ചിത്രങ്ങളിലെ അഭിനയത്തോടുകൂടിയാണ് കരൺദിവാൻ പ്രശസ്തിയിലേക്ക് ഉയർന്നതും. ആരേയും ആകർഷിക്കുന്ന ആകാരസുഷമ, ഏറ്റുമായ പെരുമാറ്റവൈശിഷ്ടം, തികഞ്ഞ ആരോഗ്യത്തിന്റെ പ്രസരിപ്പ്, മിന്നിത്തിളങ്ങുന്ന ജീവനുള്ള കണ്ണുകൾ, ഇരുണ്ട് ചുരുണ്ട തലമുടി എന്നിവയെല്ലാം കരൺദിവാന്റെ പ്രത്യേകതകളാണ്. അഞ്ചടി 8 ഇഞ്ചു പൊക്കവും 140 പൗണ്ടു തൂക്കവുമുണ്ട്. ബോംബെയിൽ ഉമ്മർപാക്കിൽ തന്റെ പ്രിയപത്നിയും നല്ലസന്താനങ്ങളുമായി ഏറ്റവും ലളിതവും ആദർശയോഗ്യവുമായ ഒരു മാതൃകാജീവിതം നയിച്ചുകൊണ്ടിരിക്കുന്ന കലാകാരനാണ് കരൺദിവാൻ. അനേഷണങ്ങൾക്കും അഭിമുഖസംഭാഷണങ്ങൾക്കുമായി ചെല്ലുന്നവരോട് ഏറ്റവും പഥ്യമായരീതിയിലാണ് നിറഹങ്കാരനായ കരൺദിവാൻ പെരുമാറുന്നത്. മലയാളത്തിലെ "ചേരാട്ടാ" നടികളുടെ നടന്മാരും കരൺദിവാന്റെ പെരുമാറ്റം കണ്ടു പഠിക്കേണ്ടതും അനുകരിക്കേണ്ടതുമാണെന്നു അവരെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. അഭ്യസ്തവിദ്യനും സംസ്കാരസമ്പന്നനുമായ കരൺദിവാൻ കഷ്ടപ്പാടുകളോടും എതിർപ്പിനോടും നിരാശയോടും പരാജയത്തിനോടും ഭീരുത്വമില്ലാതെ പൊരുതിമുന്നേറിവന്നിട്ടുള്ള ഒരു അഭിനേതാവാണ്.

1917 നവംബർ 6-നു തിയതി പഞ്ചാബിലെ ഗുജർവാല എന്ന സ്ഥലത്താണ് കരൺദിവാൻ ജനിച്ചത്. ചലച്ചിത്രനിർമ്മാതാവായ ജെയ്മണി ദിവാൻ കരൺദിവാന്റെ ജ്യേഷ്ഠസഹോദരനാണ്. കരൺദിവാന്റെ പിതാവ് ഒരു പ്രസിദ്ധവ്യാപാരിയായിരുന്നു. മംഗൾസേനയിരുന്നു. ചെറുപ്പത്തിൽതന്നെ കരൺദിവാന് സംഗീതത്തിൽ അഭിരുചിയും വാസനയും മുന്നായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ കരൺദിവാൻ നാടകങ്ങളിൽ സ്ത്രീവേഷമായി അഭിനയിക്കാറുണ്ടായിരുന്നു. ലാഹോറിലെ ശവമെഡിക്കൽകോളേജിൽ കരൺദിവാൻ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്നപ്പോൾ കോളേജ് വാർഷികത്തോടനുബന്ധിച്ചു നടത്തിയ ഒരു "ഡ്രാമ"യിൽ കരൺദിവാൻ അഭിനയിച്ചിരുന്നു. പ്രസ്തുത "ഡ്രാമ"യിലെ കരൺദിവാന്റെ അഭിനയം കണ്ടു സംതൃപ്തനായ ഒരു ചലച്ചിത്രനിർമ്മാതാവു് തൻ നിർമ്മിച്ചുകൊണ്ടിരുന്ന ഒരു ചിത്രത്തിൽ അഭിനയിക്കുന്നതിനായി ആ വിദ്യാർത്ഥിയെ ക്ഷണിക്കുകയുണ്ടായി. ചീട്ടുകാരുടെ ഏതുപ്പുമുഖം കരൺദിവാൻ ആ ക്ഷണം നിരസിച്ചു. ഇൻകംമീഡിയേറ്റ് കോഴ്സ് പൂർത്തിയാക്കിയശേഷം വീട്ടുകാരുടെ അഭിപ്രായത്തെ അവഗണിച്ചുകൊണ്ട് സിനിമാരംഗത്തേക്കു പ്രവേശിക്കുകയാണുണ്ടായതു്. "ജഗത്‌ലക്ഷ്മി" എന്നൊരു ഉദ്ദേശ്യത്തിലുള്ള ഒരു സിനിമാമാസികകരൺദിവാൻ ആരംഭിച്ചു രണ്ടുകൊല്ലക്കാലത്തെ സിനിമാമാസികാപ്രവർത്തനംകൊണ്ട് ചലച്ചിത്രപ്രവർത്തകരുമായി അടുത്തുപരിചയിക്കുന്നതിനും സന്ദർഭം ലഭിച്ചു. 1939-ൽ ഇന്ദിരാമൂവിട്ടോൺ കമ്പനിക്കാർ നിർമ്മിച്ച "പുരാണഭഗത്" എന്നചിത്രത്തിൽ അഭിനയിക്കുന്നതിനു കരൺദിവാനു് ക്ഷണം ലഭിച്ചു. പ്രസ്തുതചിത്രത്തിൽ കരൺദിവാൻ ഏറ്റെടുത്തെ വിജയകരമായി അഭിനയിക്കുകയുംചെയ്തു. പ്രഥമചിത്രത്തിലെ അഭിനയത്തിനുശേഷം കരൺദിവാൻ കൽക്കട്ടയിൽനിന്നു് ലാഹോറിൽ തിരിച്ചുചെന്നു കോളേജ് അദ്ധ്യയനം തുടരുകയും 1940-ൽ ബി. ഏ. ബിരുദം നേടുകയുംചെയ്തു. ബിരുദധാരിയായ കരൺദിവാൻ ഡൽഹിയിൽചെന്നു ആൾ ഇന്ത്യാ റേഡിയോയിൽ പ്രോഗ്രാം അസിസ്റ്റന്റിന്റെ ജോലിക്കു ശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും പട്ടാളസേവനം അനഭിഷ്ടനിന്നതുനിമിത്തം കരൺദിവാൻ തീരുമാനിക്കയുംചെയ്തു. പക്ഷേ അവിചാരിതമായി ലാഹോറിലെ നോർത്തേൺ സ്റ്റുഡിയോയിൽനിന്നു് കരൺദിവാനു് ഒരു ക്ഷണം ലഭിച്ചു. അവരുടെ "മേരാമഹി" എന്ന ചിത്രത്തിൽ കരൺദിവാൻ അഭിനയിക്കുകയുംചെയ്തു. "മേരാമഹി"യിൽ കരൺദിവാൻ അഭിനയിച്ച ഭയാനീയമായി പരാജയപ്പെട്ടു. കരൺദിവാനെക്കൊണ്ടു് അഭിനയിപ്പിച്ചിൽ ചിത്രം പരാജയപ്പെടുമെന്നു് ഒരു വശപക്ഷം വേരുന്നവരുന്നതിനും അതു മാർഗ്ഗം തെളിയിച്ചു. കാച്ചുകാലം തൊഴിലൊന്നുമില്ലാതെ കരൺദിവാൻ വളരെയധികം വൈഷമ്യങ്ങൾ സഹിച്ചു. അവസാനം ബോംബെടോക്കീസിൽ ഒരു ജോലികിട്ടിയെങ്കിലും ആറുമാസംകഴിഞ്ഞപ്പോൾ അവിടത്തെ ജോലിയിൽനിന്നു പിരിച്ചുവിടുകയുംചെയ്തു. അതിനുശേഷം ലക്ഷ്മിപ്രൊഡക്ഷൻസിന്റെ "തമന്ന" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു് കരൺദിവാൻ തിരഞ്ഞെടുക്കപ്പെട്ട വാഡിയാ മൂവിട്ടോണിന്റെ "ഷോബാ" അമർപിക് ച്ചേഴ്സിന്റെ അഡാബ് അർസ്" സൺപിക്ചേഴ്സിന്റെ 'സ്കൂൾമാസ്റ്റർ' മാഗാവ്പിക്ചേഴ്സിന്റെ 'ശഹാൽ-കി-ഷോബാ' എന്നീ ചിത്രങ്ങളിലും അഭിനയിക്കുന്നതിനു് കരൺദിവാനു സന്ദർഭങ്ങൾ ലഭിച്ചു. 'ദോദിൽ' 'ചമൻ' 'സബക്ക്' 'ചരിത്രിബാബ' 'ദെഹാജ്' 'അൻമോൽരത്തൻ' തുടങ്ങിയ ചിത്രങ്ങളും കരൺദിവാൻ ഒരു കഴിവുള്ള നടനാണെന്നു തെളിയിച്ചിട്ടുണ്ട്.

അഭിനേതാവായ കരൺദിവാനു് പരിതഃസ്ഥിതികളും അനുകൂലമായും ഒരു നിർമ്മാതാവാകണം ഉദ്ദേശമുണ്ട്. ചലച്ചിത്രനിർമ്മാണത്തിന്റെ ഭിന്നവശങ്ങളെക്കുറിച്ചു് കരൺദിവാൻ വേണ്ടത്ര പരിജ്ഞാനം നേടിയിട്ടുണ്ട്. കരൺദിവാന്റെ അനുഭവജ്ഞാനത്തിൽനിന്നു് ഉടലെടുക്കുന്ന ചിത്രങ്ങളും പരാജയപ്പെടുകയില്ലെന്നും പ്രതീക്ഷിക്കാം. കരൺദിവാൻ ഗുണഗ്രാഹിയാണെന്നുപറയുന്നതിനും ആസ്വാദകരായ ചലച്ചിത്രങ്ങളും ദർശിക്കുന്നതിനും അകലാപ്രേമികൾക്കുകൂടി കരുതുകപ്പെടുന്നു.

രാണ് കരൺദിവാന്റെ ആരാധകരായ ആംഗ്ലേയചിത്രങ്ങളിൽനിന്നും പലതും സിലക്ടുചെയ്യുന്നതെന്നാണ് കരൺദിവാന്റെ അഭിപ്രായം. ഒരുപക്ഷേ അദ്ദേഹം സ്വന്തമായി നിർമ്മിക്കുന്ന ചിത്രങ്ങളിൽ ആ അഭിപ്രായം പ്രാവർത്തികമാക്കുകയും ചെയ്യുമായിരിക്കും.

കരൺദിവാൻ മുപ്പത്തിആറുവയസ്സുപ്രായമായി. പ്രായമായ ഈ നടൻ ഇനിയും പ്രായംകുറഞ്ഞ നായകന്റെ ഭാഗം സ്വീകരിക്കുന്നതിരിക്കുന്നതും ഉചിതമായിരിക്കും. കരൺദിവാൻ വിവാഹിതനാണ്. മഞ്ജു എന്ന സിനിമാനടിയാണ് കരൺദിവാൻ വിവാഹംചെയ്തത്. അവർ ഒരുമിച്ച് അനവധിചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. അവരുടെ പ്രേമബന്ധത്തെ തട്ടിത്തകർക്കുവാൻ മാതാപിതാക്കൾ പ്രയത്നിക്കുകഴിഞ്ഞതുമില്ല. വളരെ രഹസ്യമായി പുലർത്തിയിരുന്ന അവരുടെ പ്രേമബന്ധം അവസാനം പരസ്യമായി. മാതാപിതാക്കൾ പ്രതിഷേധപ്രകടിപ്പിച്ചെങ്കിലും അവരുടെ വിവാഹം 1944-ൽ പൂനയിൽവച്ചു നടത്തപ്പെട്ടു. അടുത്തുള്ള അലാണ്ടി എന്ന പുണ്യസ്ഥലത്തുവെച്ചു അനാർഭാടമായിട്ടായിരുന്നു വിവാഹം നടത്തപ്പെട്ടതു്. വിവാഹത്തോടുകൂടിയാണ് കരൺദിവാന്റെ ജീവിതം കൂടുതൽ രോഹനമായിത്തീർന്നതും. അവർക്കിപ്പോൾ കാമിനി കമലേശ, ജയശ്രീ, ദീപക് എന്നീ നാലുകുട്ടികളുണ്ട്. കരൺദിവാന്റെ കലാജീവിതം ഉജ്വലമായി പുരോഗമിക്കട്ടെ!

★

## ചലച്ചിത്രനിരൂപണം

## ഡാൻസി-കി-റാണി

★

ഏകദേശം എൺപത്തിഅഞ്ചു ലക്ഷം രൂപാ ചിലവുചെയ്തു നാലുകൊല്ലംകൊണ്ട് അമേരിക്കൻ സാങ്കേതികവിശാരദന്മാരുടെ സഹായത്തോടുകൂടി പ്രൊഡ്യൂസർ ഡയറക്ടർ നടൻ ഷോറാബ്മോഡി നിർമ്മിച്ചിരുന്ന "ടെക്നികളർ" ചിത്രമത്രേ ഡാൻസി-കി-റാണി. ഡാൻസി-കി-റാണിയുടെ നാമധേയം ഏതൊരു ഭാരതീയന്റെയും ഹൃദയരക്തത്തിനു് മുട്ടുപിടിപ്പിക്കുന്നതാണ്. ഭാരതീയർ അഞ്ജലിക്കുപ്പി ആരാധ

(ശേഷം 32-ംപേജിൽ)

## മുഖചിത്രം

—o—

പണ്ഡിറ്റ് നെഹ്റുവും,
ജനാ: നജീബും.

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ഒന്ന് | കൊല്ലം, ക്രമവ കക്കടകം ക്രമ-ാംനു തിങ്കളാഴ്ച | ലക്കം വന


# മന്ത്രങ്ങൾ

★

മന്ത്രങ്ങൾക്കു അസാമാന്യമായ ഒരു ശക്തിവിശേഷമുണ്ടെന്നു എല്ലാ മതക്കാരുംസമ്മതിക്കുന്നുണ്ട്. ഈശ്വരജ്ഞാനത്തിൽ വിശ്വാസവും ഭക്തിയും ആവശ്യമായിത്തീരുന്നതുപോലെ മന്ത്രസിദ്ധിക്കും അവരണ്ടും വേണം. വിശ്വാസത്തോടും ഭക്തിയോടുംകൂടി മന്ത്രം വഴിയായി ഈശ്വരനെ ഉപാസിച്ചാൽ ആ ഈശ്വരജ്ഞാനം ഒരിക്കലും വ്യർത്ഥമാകുകയില്ല. വിശ്വാമിത്രനും വസിഷ്ഠനുംതമ്മിലുള്ള മത്സരത്തിന്റെ ആദ്യഘട്ടങ്ങളിൽ വിശ്വാമിത്രൻ അനേകം ദിവ്യാസ്ത്രങ്ങളെ വസിഷ്ഠന്റെനേരേ പ്രയോഗിച്ചു. വസിഷ്ഠന്റെ മന്ത്രശക്തികൊണ്ട് ആ അസ്ത്രങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീർന്നു. ഇതു് ഒരു പുരാണകഥയായിരിക്കാം. മഹാപണ്ഡിതനും വാഗ്മിയുമായ ഉദ്ഭടശാസ്ത്രികളെ യാതൊരു പഠിപ്പുമില്ലാത്ത പന്ത്രണ്ടുവയസ്സായ കാക്കശ്ശേരിഭട്ടതിരി തോല്പിച്ചുവെന്നാണല്ലൊ ഐതിഹ്യം. കാക്കശ്ശേരിഭട്ടതിരിക്കുണ്ടായ ഈ ശക്തിവിശേഷം മന്ത്രംവഴിക്കാണെന്നും പ്രസിദ്ധമാണ്. ഒടി, മാട്ട്, വശീകരണം, വിദ്വേഷമിളക്കുക തുടങ്ങിയ പലതും മന്ത്രംവഴിയായി ഇന്നും നടന്നുവരുന്നുണ്ട്. ഇതിൽനിന്നെല്ലാം തീരുമാനിക്കേണ്ടതു് മന്ത്രങ്ങൾക്കു് അനിതരസാധാരണമായ ശക്തിയുണ്ടെന്നാണല്ലൊ, മന്ത്രമെന്നുള്ളതിന്റെ അർത്ഥമെന്തെന്നു നോക്കാം.

സ്വകാര്യമായി സംസാരിക്കുക എന്നർത്ഥമായ 'മന്ത്രിഗുപ്പരിഭാഷണേ' എന്ന ധാതുവിൽനിന്നാണ് മന്ത്രശബ്ദമുണ്ടായിട്ടുള്ളതു്. പതുക്കെ ചൊല്ലുന്നതു് മന്ത്രമെന്നാണ് അപ്പോഴത്തെ അർത്ഥം. ധ്യാനത്തിനു ശക്തികൂട്ടുവാൻ മന്ത്രങ്ങളെ പതുക്കെ ഉച്ചരിക്കുന്നതു് നന്നായിരിക്കും. ഉറക്കെ ശബ്ദമുച്ചരിക്കുവാനുള്ള ശക്തിവിശേഷത്തെ ധ്യാനത്തിലേക്ക കൊണ്ടുവരുവാൻ മന്ത്രം പതുക്കെ ഉച്ചരിക്കുന്നതുനന്നു്. രാജാക്കന്മാരുടെ ഗൂഢാലോചനകളേയും മന്ത്രമെന്നുപറയാറുണ്ട്. യാസ്കൻ മറ്റൊരുവിധത്തിലാണ് അർത്ഥംപറയുന്നതു്. "മന്ത്രോമനനാൽ" എന്നാണു നിരുക്തകാരൻ പറയുന്നതു്. മനനത്തിനു് ഉപകാരമായിത്തീരുന്നതേതോ അതു് മന്ത്രം. അനുചിന്തകർതൊട്ടു മന്ത്രാർത്ഥങ്ങളെപ്പറ്റി ചിന്തിക്കുന്നതു് സ്വഭാവസ്ഥാപീകരണം, ഈശ്വരപ്രസാദപ്രാപ്തി, മുതലായ പലകാര്യങ്ങളെ ഉണ്ടാക്കുന്നുണ്ട്. ഈ അർത്ഥത്തെ വെച്ചും കൊണ്ടു് മന്ത്രശബ്ദത്തിനു മൂന്നാമതൊരർത്ഥംകൂടി പറഞ്ഞുവരാറുണ്ട്. "മന്താരം ത്രായതേ ഇതിമന്ത്രഃ" മനനംചെയ്യുന്നവനെ ഏതൊന്നു രക്ഷിക്കുന്നുവോ അതാണു മന്ത്രം. സകലകാര്യസിദ്ധികൾക്കും ഹേതുഭൂതമായ ഏതെങ്കിലും ഒരുവസ്തു ലോകത്തിനുണ്ടെങ്കിൽ അതു മന്ത്രമാകുന്നു, സംസ്കൃതഭാഷയിൽ മാത്രമല്ല; മിക്ക ഭാഷകളിലും മന്ത്രങ്ങളുണ്ട്. ഞാനിവിടെ പ്രധാനമായി പറയുവാനുദ്ദേശിക്കുന്നതു് മന്ത്രഭാഗമായ വേദങ്ങൾക്കും പിന്നീടുണ്ടായ പുരാണാദികൾക്കും എത്രകണ്ടു് അന്യോന്യം ബന്ധമുണ്ടെന്നുള്ള സംഗതിയെപ്പറ്റിയാകുന്നു.

വിഷ്ണു, ശിവൻ മുതലായ ദേവന്മാർക്കു് വേദങ്ങളിൽ പ്രാധാന്യംകുറയുമെന്നും ഇന്ദ്രൻ, അഗ്നി മുതലായ ദേവന്മാർക്കാണു് വേദങ്ങളിൽ പ്രധാന്യമുള്ളതെന്നും ഒരു നവീനസിദ്ധാന്തമുണ്ട്. വിഷ്ണുവിനെ സ്തുതിക്കുന്ന സൂക്തങ്ങളും ഋഗ്വേദത്തിൽനിന്നെ കാണാവുന്നതാണ്. എങ്കിലും ഉള്ളസൂക്തങ്ങളിലെ നിലനോക്കുമ്പോൾ വിഷ്ണുവിനു് വേദങ്ങളിലും പ്രധാന്യം കാണാം. വൈദികഋഷിമാർക്കു് യജ്ഞമാണല്ലൊ പ്രധാനമായിട്ടുള്ളതു്. ഈ യജ്ഞംതന്നെ വിഷ്ണുവാകുന്നു. "യജ്ഞോവൈ വിഷ്ണുഃ" എന്നു ഒരു വേദവാക്യവുമുണ്ട്. വിഷ്ണുവിനെ ഉദ്ദേശിച്ച ഉപാസന, പുരുണപാരായണം, നാമജപം ഇത്യാദികർമ്മങ്ങൾക്കു വേദങ്ങളിൽ നല്ലസ്ഥാനമുണ്ട്. ദീർഘതമസ്സ് എന്ന ഋഷിയുടെ രണ്ടു മന്ത്രങ്ങളെ ഉദ്ധരിക്കുന്നു:—

യഃ പൂർവ്യായ വേധസേനവീയസേ
സുമജ്ജാനയേ വിഷ്ണവേ ദദാശതി
യോ ജാതമസ്യമഹതോമഹിബ്രുവത്
സേദുശ്രവോഭിയുജ്യം ചിദഭ്യസൽ (1)

"നിത്യനും ജഗത്തിന്റെ കർത്താവും എന്നും നൂതനനും താനാകുന്നു. ഭാര്യയോടുകൂടിയവനും ആയിരിക്കുന്ന വിഷ്ണുവിനായിക്കൊണ്ടു് എവൻ എല്ലാറ്റിനേയും അർപ്പിക്കുന്നു, യാതൊരുവൻ മഹാനുഭാവനായ വിഷ്ണുവിന്റെ മഹത്തായ ജനനത്തെപ്പറ്റി (അവതാരത്തെപ്പറ്റി) പറയുന്നുവോ ഈ രണ്ടുപേരും യശസ്സുകളോടുകൂടി പ്രാപ്യസ്ഥാനം പ്രാപിക്കുന്നു, താൻ തന്നെയാണു തന്റെഭാര്യ എന്നർത്ഥമായ സുമജ്ജാനി എന്ന ശബ്ദംകൊണ്ടുള്ള അർത്ഥത്തെ മനസ്സിരുത്തി ചിന്തിക്കേണ്ടതാണു്. മനുഷ്യന്റെ പ്രാപ്യസ്ഥാനം ബ്രഹ്മപദവിയാണല്ലൊ. ബ്രഹ്മപദവി എന്ന ശബ്ദം ഇവിടെ പ്രയോഗിച്ചില്ലെങ്കിലും അങ്ങിനെ അർത്ഥമാക്കുവാൻ വിരോധമില്ല. പുരാണപാരായണം, പുരാണശ്രവണം ഇവയെല്ലാം മഹത്തായ ഫലമുണ്ടെന്നു് ഈ മന്ത്രം സൂചിപ്പിക്കുന്നു. അടുത്ത ഒരു മന്ത്രംകൂടി നോക്കാം:—

തമസ്തോരുഃപൂർവ്യേ യഥാവിദ
ഋതസ്യ ഗർഭം ജനുഷാംപിപർത്തന
ആസുജ്ഞാനന്തോ നാമപിദ്രവിവ-
(ക്രുതേ
മഹസ്തേ വിഷ്ണോ സുമതിം ഭജാമഹേ

"അല്ലയോ സ്തുതിച്ചുകൊണ്ടിരിക്കുന്ന ഭക്തന്മാരെ, നിത്യനും, യജ്ഞത്തെ സ്വരൂപമായി ജനിക്കുന്നവനും ആയ ആ വിഷ്ണുവിനെ നിങ്ങൾക്കു അറിയുംവിധം സ്തോത്രോച്ചാരണംകൊണ്ടു മുതലായവയെക്കൊണ്ടു് സന്തോഷിപ്പിക്കുവിൻ. അദ്ദേഹത്തിന്റെ നാമത്തെ അറിയോട്ടുകൂടി ജപിക്കുവിൻ. മഹാനായ വിഷ്ണുവിന്റെ അനുഗ്രഹബുദ്ധിക്കായിക്കൊണ്ടു് ഞാൻ ഉപാസിക്കുന്നു." ഈ മന്ത്രത്തിൽ നാമജപത്തിനെ പ്രത്യേകം എടുത്തുപറയുന്നുണ്ട്. യജ്ഞസ്വരൂപമായി ജനിക്കുന്നതു് വിഷ്ണുവാണെന്നു കാണിക്കുന്നു. ഇത്തരത്തിലുള്ള മന്ത്രങ്ങൾവഴിയാണു് പുരാണപാരായണാദികളെ അവശ്യകർത്തവ്യങ്ങളാക്കി പിന്നീടുള്ള ശാസ്ത്രങ്ങൾ വിധിക്കുന്നതു്. മൂന്നു കാലടികൾവെച്ചു ലോകത്തിൽ ധർമ്മം നിലനിർത്തുന്നതു വിഷ്ണുവാണെന്നു പറയുന്ന പല മന്ത്രങ്ങളേയും ഋഗ്വേദത്തിൽ കാണാം. അതായതു്, മൂന്നു ശക്തികൾവഴിയായിട്ടാണു് ലോകത്തിൽ ധർമ്മത്തിനു് സ്ഥിതിയുണ്ടാവുന്നതെന്നു് സാരം. ഭൗതികലോകത്തിലുള്ള ഈ മൂന്നു ശക്തികളും ഒരുപക്ഷേ, വാതപിത്തകഫങ്ങളാകാം. മാനസികലോകത്തിലുള്ള ഈ മൂന്നുശക്തികളും സത്വരജസ്തമോഗുണങ്ങളാകാനാണു് എളുപ്പം. ഈ തത്വത്തെയാണു് വാമനാവതാരത്തെക്കൊണ്ടു് സൂചിപ്പിക്കുന്നതു്.

(1) "വിഷ്ണോർകർമ്മാണി" (2) "നതേ വിഷ്ണോ" ഋഗ്വേദത്തിലെ ഈ രണ്ടു വൈഷ്ണവമന്ത്രങ്ങളുടെ അർത്ഥങ്ങളെ സൂചിപ്പിച്ചുകൊണ്ടാണു് ഭാഗവതത്തിൽ വാമനാവതാരത്തെ അവസാനിപ്പിക്കുന്നതു്. ഇതിൽനിന്നും ഊഹിക്കേണ്ടതു് പുരാണങ്ങളിലെ വാമദേവാവതാരവും ഋഗ്വേദത്തിലെ വിഷ്ണുവിന്റെ പാദത്രയവിക്ഷേപവും ഒന്നുതന്നെയാണെന്നു് വ്യാ

— വി. കെ. നാരായണഭട്ടതിരി —

സൻ സൂചിപ്പിക്കുന്നു. പാദവിക്ഷേപംകൊണ്ട് മാത്രമല്ല, വിഷ്ണു ലോകത്തെ നിലനിർത്തുന്നത്. രശ്മികളുടെ ഉള്ളിലിരുന്ന് രശ്മികൾവഴിയായി ലോകത്തിന്റെ സ്ഥിതിയുണ്ടാക്കുന്നതു് വിഷ്ണുവാകുന്നു. ശിപിവിഷ്ടൻ എന്ന വിഷ്ണുവിനു് പേരുണ്ടല്ലൊ. "ശിപീഷു രശ്മീഷു ലീനഃ" രശ്മികളിൽ പ്രവേശിച്ചവൻ എന്നാണു ഈ പദത്തിന്റെ അർത്ഥം. വസിഷ്ഠന്റെ മണ്ഡലത്തിൽ "ഭദ്രോ വധൂ ഥിവീമദിതേരസുര്യൈഃ" വിഷ്ണുരശ്മികളെക്കൊണ്ടു് ഭൂമിയെ നിലനിർത്തുന്നു എന്നാണിതിന്റെ അർത്ഥം. പുരാണപ്രസിദ്ധമായ വിഷ്ണുവിന്റെ ലോകസംരക്ഷണം ഉദ്ദേശിച്ചാണെന്നു തോന്നുന്നു. ശംഖചക്രഗദാപദ്മാദികളോടുകൂടിയാണു വിഷ്ണുവിനെ പുരാണങ്ങളിൽ വർണ്ണിക്കാറുള്ളതു്. അത്തരത്തിലുള്ള വർണ്ണനയൊന്നും കണ്ടിട്ടില്ല. വിഷ്ണുവിന്റെ ശംഖചക്രാദികൾക്കും ചില രഹസ്യാർത്ഥങ്ങളുണ്ടെന്നു ഭാഗവതത്തിലെ ദ്വാദശസ്കന്ധത്തിൽ കാണാം. അപ്പയ്യദീക്ഷിതരുടെ വിഷ്ണുസഹസ്രനാമഭാഷ്യത്തിലും കണ്ടിട്ടുണ്ടു്. ചില കല്പനകൾവഴിയായി (സിംബോളിസം) മനുഷ്യഹൃദയത്തെ ഈശ്വരങ്കലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കുവാൻ ഋഷിമാർ പലവിധത്തിലും യത്നിക്കുന്നു. അതുകൊണ്ടു് വേദങ്ങളിലുള്ള കല്പനകളെ മുഴുവൻ പുരാണങ്ങളിലും പുരാണങ്ങളിലുള്ള കല്പനകളെ മുഴുവൻ വേദങ്ങളിലും കണ്ടില്ലെന്നുവരാം. അതുകൊണ്ടാണു് ശംഖചക്രാദികളോടുകൂടി വിഷ്ണുവിനെ പുരാണങ്ങളിൽ കാണുന്നതു്. ദേശം, കാലം, വസ്തുക്കൾ ഇവയെക്കൊണ്ടു് പരിച്ഛേദിക്കപ്പെടാത്തും സർവ്വവ്യാപകവും ആയ യാതൊന്നോ അതാണു് വിഷ്ണുശബ്ദത്തിന്റെ അർത്ഥമെന്നു് ഒക്കണം. പുരാണങ്ങളിൽ വിഷ്ണുവിനെപ്പറ്റി പറയുന്ന പല സംഗതികളേയും വേദങ്ങളിൽ പ്രകാരാന്തരേണ പറയുന്നുണ്ടെന്നു് ഇതുവരെ പറഞ്ഞതിൽനിന്നു് മനസ്സിലാക്കാമല്ലോ. ഇനി ശിവനേപ്പറ്റിയും രണ്ടുവാക്കു പറയട്ടെ.

കൈലാസവാസിയായിട്ടാണല്ലോ ശിവനെപ്പറയാറുള്ളതു്. ശിവൻ കൈലാസപർവ്വതത്തിൽ താമസിക്കുന്നു എന്നുള്ളതുകൊണ്ടു് "ശിവനു് ഗിരീശൻ, ഗിരിശൻ എന്നിങ്ങനെ ചില പേരുകളുണ്ടായി. ഈ പേരുകളുടെ അർത്ഥമെന്തെന്നു നോക്കാം. "ഗിരൌ ശേതേ ഇതിഗിരിശഃ" ഗിരിയിൽ ശയിക്കുന്നവൻ എന്നു സാരം. ഇവിടുക്ക അല്ലെങ്കിൽ ഉള്ളിലാക്കുക എന്നർത്ഥമായ 'ഗൃ' എന്ന ധാതുവിൽനിന്നാണു് ഗിരി ശബ്ദമുണ്ടായിട്ടുള്ളതു്. ബ്രഹ്മതപം ഏതിൽ അന്തർവിചിരിക്കുന്നുവോ അതാണു് ഗിരി എന്നാണു് അപ്പയ്യം വ്യാഖ്യാനിക്കുന്നതു്. വേദവ്യാഖ്യയായി ഗിരിശബ്ദത്തെ വേദത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. അപ്പോൾ ഗിരിയിൽ ശയിക്കുന്നവൻ എന്നുള്ളതിന്റെ അർത്ഥം വേദപ്രതിപാദ്യമായ സച്ചിദാനന്ദസ്വരൂപൻ തന്നെയാണു് ശിവൻ. ശ്രീപാർവ്വതിയുടെ ഒരു പേരാണല്ലോ ഉമ എന്നുള്ളതു്. കേനോപനിഷത്തിൽ ഉമ എന്ന ശബ്ദംകൊണ്ടു മായയെ കാണിക്കുന്നു. ശിവൻ പരബ്രഹ്മവും ഉമ മായയും ആണെന്നു് വന്നുചേരുന്നു ഈ അർത്ഥത്തെ ഉള്ളിൽവെച്ചുകൊണ്ടായിരിക്കണം "ശിവഃശക്ത്യായുക്തഃ" എന്നു് ശിവാനന്ദലഹരിയിൽ ആചാര്യസ്വാമികൾ പ്രയോഗിച്ചതു്. മായാശക്തിയോടുകൂടാതെ ശിവൻ യാതൊന്നുംചെയ്യുവാൻ സാധിക്കയില്ലെന്നാണു് ആചാര്യസ്വാമികൾ ആ ശ്ലോകത്തിനു പറഞ്ഞിട്ടുള്ളതു്. ആത്മജ്ഞാനദാതാവായിട്ടും ശിവനെ പറയാറുണ്ടു്. "ജലാരുദ്രേശം" എന്ന പദംകൊണ്ടു് പരമാനന്ദത്തെ ദാനംചെയ്യുന്നവനാണു് ശിവനെന്നു് ഭാഗവതത്തിൽ കാണാം. ജലാരുദ്രം എന്നാൽ ആനന്ദമാകുന്നു. ഈ ആനന്ദമാണു് ശിവന്റെ ഔഷധം. അതായതു്, സംസാരപരിശ്രമത്തിൽകിടന്നു ദുഃഖമനുഭവിക്കുന്നവരെ ആനന്ദമാകുന്ന ഔഷധം കൊണ്ടു് സംസാരത്തിൽനിന്നു രക്ഷിക്കുന്നവൻ എന്നു സാരം. വിഷ്ണുവിനെയെന്നപോലെ ശിവനേയും സച്ചിദാനന്ദസ്വരൂപനാക്കി പറയുവാൻ വേദം അനുവദിക്കുന്നു. വേറെ ഒരു സംശയംകൂടിയുണ്ടാകാം - ഭാഗവതത്തിൽ രുദ്രനെയല്ലാതെ ശിവനെപ്പറ്റി ഒന്നും പറയുന്നില്ലെന്നാണു് ചിലരുടെ അഭിപ്രായം. വാസ്തവത്തിൽ ശിവനും രുദ്രനും ഒന്നുതന്നെയാണു്. രുദ്രശബ്ദത്തിന്റെ സായണാചാര്യർതന്നെ അനേകം അർത്ഥങ്ങളും ഭാഗവതഭാഷ്യത്തിൽ പറയുന്നുണ്ടു്. "രുതം ദ്രുവയതി ഇതിരുദ്രഃ" എന്നാണു് ഒരർത്ഥം. സംസാരതാപത്തെ ഇല്ലാതാക്കുന്നവനെന്നു സാരം. ദേവതാതത്വനിർണ്ണയത്തിൽ മന്ത്രത്തിന്റെ ഉപയോഗത്തെപ്പറ്റിയും ചിന്തിക്കേണമെന്നു് യാസ്കൻ പറയുന്നു. ശിവക്ഷേത്രങ്ങളിൽ രുദ്രസൂക്തങ്ങളെ ക്കൊണ്ടു് ശിവനെ ഉപാസിക്കാറുണ്ടു്. മാത്രമല്ല നമസ്കാരായ എന്ന പ്രയോഗം യജുർവേദത്തിൽ കാണാം. "രുദ്രം" എന്ന ഭാഗത്തിലാണു് ഈ പ്രയോഗമുള്ളതു്. അതിനാൽ യജുർവേദം വഴിക്കു നോക്കിയാൽ ശിവനും രുദ്രനും ഒന്നാണെന്നു തീരുമാനിക്കാം. ഇന്നത്തെ ശൈവസിദ്ധാന്തങ്ങളിൽ കാണുന്ന വേറെ ചില ഭാഗങ്ങളും ഭാഗവതത്തിലെ രുദ്രസൂക്തം സൂചിപ്പിക്കുന്നുണ്ടു്. അവയെല്ലാം ഉദ്ധരിക്കുവാൻ സാധ്യമല്ല. ഭാഗവതത്തിലെ യുദ്ധങ്ങളെപ്പറ്റിയും രണ്ടുവാക്കു പറയട്ടെ.

ശത്രുക്കളെ ഒടുക്കണം, നാമാവശേഷമാക്കണം — ഇത്തരത്തിലുള്ള പ്രസ്താവനകൾ വേദങ്ങളിൽ കാണാം. വൃത്രൻ മുതലായ പല അസുരന്മാരേയും ഇന്ദ്രൻ മുതലായ ദേവതകൾ വധിച്ചതായും വേറെ ചിലേടത്തു പറയുന്നു. സുദാസ്സ് എന്ന രാജാവു ഒരു ഭാഗത്തും പത്തു രാജാക്കന്മാർ മറെറാരു ഭാഗത്തും ആയ ഒരു യുദ്ധത്തിൽ ഇന്ദ്രവരുണന്മാരുടെ സഹായംകൊണ്ടു സുദാസ്സ് ജയിച്ചുവെന്നു വസിഷ്ഠന്റെ മണ്ഡലത്തിൽ കാണാം. ഇവരുടെ യുദ്ധസന്നാഹത്തേയും മാരകവസ്ത്രങ്ങളേയും ഉണ്ടു്. ഈ സംബന്ധങ്ങളായ ഇത്തരത്തിലുള്ള ആയുധികകളും ഭാഗവതത്തിലുള്ളതിനാൽ അക്കാലത്തു പല യുദ്ധങ്ങളും നടന്നുവെന്നു തോന്നാം. തോന്നുമെന്നു പറഞ്ഞതിനു കാരണമുണ്ടു്. യുദ്ധവാചകങ്ങളായ ശബ്ദങ്ങളെക്കൊണ്ടു യജ്ഞങ്ങളെ പറയാറുണ്ടെന്നു സായണഭാഷ്യത്തിൽ മുൻപറഞ്ഞിട്ടുണ്ടല്ലൊ. ആ നിലയ്ക്കു നോക്കുമ്പോൾ വേദത്തിലെ യുദ്ധം നമ്മുടെതന്നെ തമ്മിലുള്ള ഒരു സംഘട്ടനമായിത്തീരും. ശ്രീകൃഷ്ണൻ ഗീതയെ അർജ്ജുനനു ഉപദേശിച്ചതു യുദ്ധഭൂമിയിൽവെച്ചാണെന്നാണല്ലൊ പറയുന്നതു്. ഗീതയിലെ ഈ യുദ്ധത്തെ മാനസികയുദ്ധമാക്കി മഹാത്മാഗാന്ധിതന്നെ പറഞ്ഞിട്ടുണ്ടു്. കൃഷ്ണോപനിഷത്തിലുള്ള ദേവാസുരയുദ്ധത്തെ ശങ്കരാചാര്യസ്വാമികളും മാനസികയുദ്ധമാക്കി ഭാഷ്യംചെയ്തിരുന്നു. സംസാരമായല്ലാതെ വ്യക്തിപരമായി വേദത്തിൽ യാതൊന്നുമില്ലെന്നാണു് ജൈമിനിയുടെ മതം. ഏവംവിധങ്ങളായ സംഗതികളെപ്പറ്റി ആലോചിക്കുമ്പോൾ വേദത്തിന്റെമുഖ്യോദ്ദേശം മനസ്സിനെ സംസ്കരിക്കയാണെന്നുള്ള വാസ്തവത്തെ മറക്കുന്നരാതെ വേദത്തിലെയുദ്ധങ്ങളെ നമ്മതിന്മകൾതമ്മിലുള്ള സംഘട്ടനമായി ഗണിച്ചുകൊള്ളാം. പലേടത്തുമുള്ള യുദ്ധവർണ്ണനയേക്കിയാലും ബാഹ്യയുദ്ധമല്ലെന്നതോന്നിപ്പോകും. ഒരു ദൃഷ്ടാന്തവും പറയാം.

പൂഷണത്തിൽതല്പരന്മാരായപണികൾ എന്നവർഗ്ഗങ്ങൾ പാപ്പുക്കളേയും മാരകം കൊണ്ടുപോയി ഗ്രഹിയിലിട്ടുപൂട്ടുന്നു. അംഗിരസ്സുകൾ ഇന്ദ്രൻമുതലായദേവതകളുടെ സഹായത്തോടും മന്ത്രോച്ചാരണങ്ങളോടുംകൂടി അവയെ വീണ്ടെടുക്കുന്നു. ഈ ആഖ്യായിക ഭാഗവതത്തിൽ അനേകംപ്രാവശ്യം കാണാം. ഇങ്ങിനെ വീണ്ടെടുക്കുന്നവട്ടത്തിൽ ഒരു ഉക്ഷസ്സ് അവിർഭവിക്കുക, സൂര്യൻ പ്രകാശിക്കുക, നമസ്സല്ലും നശിക്കുക ഇങ്ങിനെ ചില സംഭവങ്ങൾ ഉണ്ടാകുന്നു. ഇതിൽനിന്നു ഒരുകാര്യമാണു് ഊഹിക്കേണ്ടതു്. രാജസതാമസങ്ങളായ സ്വാർത്ഥങ്ങൾതുടങ്ങിയ മനോദോഷങ്ങൾകൊണ്ടു മനസ്സിൽ ലയിച്ചുകിടക്കുന്ന ഈശ്വരാംശം മറഞ്ഞുപോവുന്നു. മന്ത്രസേവകൊണ്ടും ഈശ്വരഭജനംകൊണ്ടും മാരകമനോദോഷങ്ങളെ ഇല്ലാതെയാക്കി ഈശ്വരാംശങ്ങളെ മനസ്സിൽ അല്പാല്പമായി പ്രകാശിപ്പിക്കുക എന്നുള്ളതാണു് ഈ ആഖ്യായികയിലുള്ളതു്. ഗോക്കളെ അടച്ചിരുന്ന ഗുഹയ്ക്കു വിശേഷണമായ "പരിക്ഷന്തം' എന്നൊരു വിശേഷണം വാമദേവന്റെ മണ്ഡലത്തിൽ കാണുന്നു. അതായതു് ഈ ഗുഹ സർവ്വതുമെന്നേ താല്പര്യം. എല്ലാത്തും ഈശ്വരചൈതന്യം ഉണ്ടെന്നാണു ഈ വിശേഷണംകൊണ്ടർത്ഥമാക്കേണ്ടതു്. ഒരു മരക്കുറ്റിയെത്തന്നെ പാന്തൻപ്പൊട്ടിത്തി ഒരു പാത്രമാക്കി സ്വീകരിക്കുന്നതുപോലെ ബ്രഹ്മസന്ത്രംകൊണ്ടു ഗുഹയിലുള്ള പശുക്കളെ സ്വീകരിച്ചു. അയാസ്യൻ എന്ന മഹർഷിയുടെ സൂക്തത്തിലാണു് ഇതു കാണുന്നതു്. മുക്തിനെ പാന്തൻ [illegible] നെ ത്രുപാന്തരപ്പെടുത്തുന്നതാണു് ഇതിന്റെ താല്പര്യം. ഉപനിഷത്തിലെ "സോമം മന്യതേ" എന്നുതുടങ്ങി രണ്ടു ഋക്കുകളുടെ താല്പര്യം താഴെ ചേർക്കുന്നു. സോമമെന്ന ചെടിയുടെ നീരു കുടിച്ചുകഴിയുമ്പോൾ അവർ തങ്ങൾ സോമപാനംചെയ്യുന്നതായി വിചാരിക്കുന്നു. ജ്ഞാനികൾക്കു അറിയുന്ന സോമയെ ആരും പാനംചെയ്യുന്നില്ല; സ്വഭാവങ്ങളായ പ്രവൃത്തികൾക്കൊണ്ടു സൂക്ഷിക്കപ്പെട്ടതും ധർമ്മകർമ്മാരാൽ രക്ഷിക്കപ്പെട്ടതുമായ സോമ ഇടിച്ചുപിഴിയുന്നശബ്ദം കേൾക്കുന്നു. ഇതാണു് അവയുടെ താല്പര്യം. യാഗങ്ങളിൽ ഉപയോഗിക്കുന്ന സോമലത സാമ്പ്രദായത്തെത്തുടർന്നുള്ള സോമദേവന്റെ വിഗ്രഹമാത്രമാണു്. മായാശക്തിയോടുകൂടിയോ അല്ലെങ്കിൽ ആനന്ദസച്ചിദാനന്ദസ്വരൂപനായിട്ടോ ആണു് സോമശബ്ദത്തിന്റെ അർത്ഥം. സോമയെ സേവിക്കുക എന്നതിന്റെ അർത്ഥം ആത്മാവിനെ ഈശ്വരങ്കലർപ്പിക്കുക എന്നുതന്നെയാകുന്നു. സോമപാനംചെയ്ത മാത്രത്തിനായ ഇന്ദ്രൻ പല നന്മകൾ ചെയ്യുന്നുണ്ടെന്നു് വേദങ്ങളിൽ പലേടത്തും കാണാം. എല്ലാറ്റിനേയും ഈശ്വരപ്പണംചെയ്യുന്നവർക്കു് മിത്തായ ഈശ്വരകാരുണ്യം ഉണ്ടാകുമെന്നാണു അതിന്റെ താല്പര്യം. പുത്തിരുപത്തിലുള്ള ഒരു ഈശ്വരാരാധനയാണു് യാഗങ്ങളും. ഇതിൽ അതിൽനിന്നു് ഇല്ലാതെയാക്കുമ്പോൾ അതു് ഈശ്വരോപാസനയായിത്തീരും. ഏകാഗ്രചിത്തനായി ഈശ്വരനെ ധ്യാനിക്കുവാൻ ശക്തിയില്ലാത്തവർക്കു് ആ ശക്തിയുണ്ടാകുവാനുള്ള അഭ്യാസങ്ങളാണു് യാഗങ്ങളെന്നും പറയാം. യാഗങ്ങളിൽ ഉപയോഗിക്കുന്ന മന്ത്രങ്ങളെപ്പറ്റി ചിന്തിച്ചുതുടങ്ങിയാൽ യാഗങ്ങളെന്നതൊരു ബ്രഹ്മോപാസനയായിത്തീരും. സ്വർഗ്ഗമാണു യാഗത്തിന്റെ ഫലം എന്നു പറയാറുണ്ടു്. സ്വ

മെന്നും പറയുന്നതു് ഒരു പ്രത്യേക സ്ഥലമല്ല; സ്വഭാവവിശേഷമാണു് സ്ഥിരം. പ്രവൃത്തികളുടെ തോതനുസരിച്ചു് സ്വർഗ്ഗഫലത്തിനും താരതമ്യമുണ്ടു്. ബ്രഹ്മജ്ഞാനിയുടെ സ്വർഗ്ഗം ബ്രഹ്മപ്രാപ്തിയാകുന്നു. കർമ്മിയുടെ സ്വർഗ്ഗം കർമ്മഭോഗങ്ങളാകും. ധ്യാനത്തിന്റെ ഭേദംകൊണ്ടു് ഏതു കർമ്മത്തിനേയും ഏതു ഫലപ്രാപ്തിക്കും ഹേതുവാക്കാവുന്നതാകും എന്നാണു് ആചാര്യന്മാർ പറയുന്നതു്. മനശ്ശുദ്ധി സമ്പാദിക്കുകയാണു വേദത്തിന്റെ മുഖ്യോദ്ദേശം എന്നു് മനസ്സിൽ ഉറച്ചുകൊണ്ടു് ഈശ്വരവിചാരത്തോടും ചിന്തയോടുംകൂടി [illegible] പരിശുദ്ധിയിൽ സംസ്കൃതഭാഷയിലെ അത്യുത്തമങ്ങളായ ഗ്രന്ഥങ്ങളാണു് വേദങ്ങളെന്നു കാണാം. പ്രാർത്ഥിക്കപ്പെടുന്ന വസ്തുവിനെപ്പറ്റിയും ഒരുവാക്കു പറയാനുണ്ടു്. ബാഹ്യവും ക്ഷുദ്രവും ആയ അർത്ഥങ്ങളെ ഉപേക്ഷിക്കുന്നവയാണു് പ്രായേണ ഋഗ്വേദമന്ത്രങ്ങളും. ബാഹ്യമായ അർത്ഥത്തിൽ ബാഹ്യപദാർത്ഥങ്ങളെ ദേവതകളോടു് അപേക്ഷിക്കുന്നതായി കാണാം. നിരാഡംബരവും ധർമ്മപരവുമായ ജീവിതത്തിനുവേണ്ടിയുള്ള പദാർത്ഥങ്ങളെയാണു് ബാഹ്യാർത്ഥത്തിൽ ദേവതകളോടു് യാചിക്കുവാനുള്ളതു്. ആന്തരമായ അർത്ഥത്തിൽ ആത്മബോധം മുതലായവയെയാണു് പ്രാർത്ഥിക്കുന്നതു കാണുക. ഒരു ഉദാഹരണം പറയട്ടെ:—രുദ്രസ്സു് എന്നാൽ ധനപത്യുയമാകുന്നു. ഇതിനെ പലേടത്തും പ്രാർത്ഥിക്കുന്നുണ്ടു്. ഈ ശബ്ദത്തിന്റെതന്നെ ഭാഗവതത്തിലുള്ള ചില പ്രയോഗങ്ങളും നോക്കാം. ശ്രീശുക ബ്രഹ്മർഷിയുടെ സ്തുതിയിൽ "നിരസ്തസാമ്യാതിശയേന രുദ്രസാ" എന്ന ഒരു പ്രയോഗമുണ്ടു്. അവിടെ ശ്രീധരചക്രവർത്തി രുദ്രസ്സു് എന്നുള്ളതിനു് ഈശ്വരന്റെ ഐശ്വര്യമെന്നു വ്യാഖ്യാനിക്കുന്നു. ഭാഗവതം ചതുർത്ഥസ്കന്ധത്തിലുള്ള "ഭവതാ രുദ്രസംരംഭാം" എന്നുള്ളടത്തു് "സപ്രാണനേതൃത്വേന" എന്നാണു് വ്യാഖ്യാനിച്ചിട്ടുള്ളതു്. രുദ്രസ്സു് എന്നുള്ള ശബ്ദത്തിനുതന്നെ ഭാഗവതത്തിൽ പലേടത്തും അല്പാല്പം അർത്ഥവ്യത്യാസം കാണാം. അപ്പോൾ വേദത്തിലെ രുദ്രസ്സു് എന്ന ശബ്ദത്തെ ബാഹ്യമായും ആന്തരമായും ഉള്ള അർത്ഥത്തിൽ സ്വീകരിക്കുവാൻ വിരോധമില്ല. ഉന്നതമായ ലക്ഷ്യത്തെ മുൻപിൽവച്ചുകൊണ്ടാണു് വേദത്തിലെ ഋഷിമാർ ദേവതകളെ സ്തുതിക്കുന്നതു്. ആദ്ധ്യാത്മചിന്തയിൽ താഴ്ന്നതരക്കാർക്കും ഉയർന്നതരക്കാർക്കും വേണ്ടതെല്ലാം ആവശ്യമുണ്ടെന്നാണു്. അങ്ങിനെ വരുമ്പോൾ ഉപാസകന്റെ നിലയനുസരിച്ചു ശബ്ദങ്ങൾക്കു് അർത്ഥം മാറി സ്വീകരിക്കും. ഋഷിമാരുടെ ഉദ്ദേശത്തെ താഴെ സംഗ്രഹിക്കാം.

സത്യം കണ്ടുപിടിക്കുക അല്ലെങ്കിൽ ആത്മജ്ഞാനം സമ്പാദിക്കുക ഇതാണു് ഋഷിമാരുടെ ഉദ്ദേശം. ആ ഉദ്ദേശത്തിലേക്കുള്ള യാത്രയെ ജീവിതസമരമായി വീക്ഷിക്കാം. ഈ സമരത്തെയാണു വേദത്തിലെ യുദ്ധം. ദൈവത്തിന്റെ സ്വാഭാവികമായ പ്രവർത്തനമാകുന്ന അശുദ്ധിനിഗ്രഹദേവതകളാകുന്നു ഉഷസ്സു്",—ഇവയുടെ സഹായത്തോടുകൂടി അഗ്നിയാകുന്ന ഉത്തമ പ്രാണികളെ മുകളിലേക്കു കൊണ്ടുപോകുന്നു. ഈശ്വരന്റെ ചൈതന്യസ്വരൂപങ്ങളായ ഇന്ദ്രൻ, സൂര്യൻ മുതലായ ദേവതകളുടെ സഹായത്തോടുകൂടി നമ്മെ വീണ്ടും വീണ്ടും മുകളിലേക്കു പോയി അവസാനം സത്യം കണ്ടുപിടിക്കുന്നു. അതോടുകൂടി ഋഷിമാർ കൃതാർത്ഥന്മാരായിത്തീരുന്നു. അർത്ഥവാദം എന്നു പേരായി വേദത്തിലൊരു വിഭാഗമുണ്ടു്. അതിന്റെ തത്പര്യം കണ്ടുപിടിക്കുവാൻ ശാസ്ത്രങ്ങളെന്തെന്നു വേണ്ടവിധത്തിൽ ഗുരുനിയുക്തരായില്ല, എന്നാൽ തുനിഞ്ഞു നോക്കിത്തുടങ്ങിയാൽ അവയിൽ പല രഹസ്യങ്ങളും കണ്ടെത്താം. ഒരു ഉദാഹരണം കാണിച്ചു" ഇതവസാനിപ്പിക്കട്ടെ. സന്ധ്യാവന്ദനമാണു് അതു്.

തൈത്തിരീയാരണ്യകത്തിലാണു് സന്ധ്യാവന്ദനത്തെപ്പറ്റി കാണുന്നതെല്ലാം പറയുന്നതു്. അതിൽ ഇങ്ങിനെയൊരു അർത്ഥവാദമുണ്ടു്:—ചില അസുരന്മാർ ആദിത്യനെന്നറിയുന്നതിനുപോകുന്നു. ഈ അസുരന്മാരെ ഓടിക്കുവാൻ സന്ധ്യാവന്ദനം ചെയ്യുന്ന അർഘ്യത്തിന്റെ സഹായം ആവശ്യമാണു്. അതായതു് സന്ധ്യാവന്ദനംചെയ്യുമ്പോൾ ഈ അസുരന്മാരെല്ലാം പോകുമെന്നു സാരം. ഇതിൽ മഹത്തായ ഒരാശയം ഉൾക്കൊള്ളുന്നു. തേജസ്സു് ജ്ഞാനത്തിന്റെ സ്വരൂപമാകുന്നതുപോലെ തെറ്റിനും പ്രവൃത്തിയുടെ സ്വരൂപമാകുന്നു. വെളിച്ചത്തിനെ പ്രവൃത്തിയാക്കിപ്പറയുന്നു പ്രത്യക്ഷഭൂതമായ സൂര്യനിൽ അർപ്പിക്കുന്നു. അതായതു് സന്ധ്യാവന്ദനമെന്നാൽ പ്രവൃത്തികളെല്ലാം ഈശ്വരാർപ്പണമാക്കുകയെന്നു തുല്യം. നമ്മുടെ മനസ്സിൽ ജ്ഞാനമാകുന്ന സൂര്യൻ ചിലപ്പോഴെല്ലാം ഉദിച്ചുവെന്നുവരാം. അപ്പോഴെല്ലാം അസുരമുതലായ ദോഷങ്ങളുണ്ടാകുന്ന അസുരന്മാർ നമ്മുടെ ജ്ഞാനസൂര്യനെന്നറിയുന്നതിനുപോകുന്നു. സകലത്തേയും ഈശ്വരാർപ്പണംചെയ്യുന്ന വരെൻ ജ്ഞാനോദയത്തെ ഏതൊരു മനോദോഷത്തിനും മലിനപ്പെടുത്തുവാൻ സാധ്യമല്ല. സകലത്തേയും ഈശ്വരാർപ്പണംചെയ്താൽ ആത്മീയപുരോഗതിക്കു യാതൊന്നും തടസ്സമാവുകയില്ല. എന്നുള്ളതാണു് സന്ധ്യാവന്ദനത്തെസ്സംബന്ധിച്ചു് മുമ്പുപറഞ്ഞ അർത്ഥവാദത്തിന്റെ തുല്യം. അർത്ഥവാദങ്ങളെപ്പറ്റി ഇങ്ങിനെ ചിന്തിച്ചുതുടങ്ങിയാൽ അനേകം ഗുഹ്യതത്വങ്ങളെ നമുക്കു കാണാറാകും. ഇതവസാനിപ്പിക്കുന്നതിനുമുമ്പു് ശ്രീ അരവിന്ദഘോഷിന്റെ വൈദികമാർഗ്ഗത്തെപ്പറ്റിയും രണ്ടുവാക്കു പറയട്ടെ.

സാധാരണ പണ്ഡിതന്മാർ വേദാർത്ഥചിന്തയ്ക്കു് അധികം ശ്രമിക്കാറില്ല. അതിനുള്ള മാർഗ്ഗംതന്നെ അടഞ്ഞാണുകിടക്കുന്നതെന്നു പറയാം. ശ്രീ അരവിന്ദഘോഷു് അനേകം ആത്മീയതത്വങ്ങളെ പൊതുജനസമക്ഷം സമർപ്പിച്ചിട്ടുണ്ടു്. അക്കൂട്ടത്തിലൊന്നാണു് ആ മഹാന്റെ വൈദികമാർഗ്ഗം. പാശ്ചാത്യരീതിയായി വേദപണ്ഡിതർ സിദ്ധിച്ചവർ ശ്രീ ഘോഷിന്റെ മാർഗ്ഗത്തെ അത്രയും പ്രശംസിച്ചുകാണുന്നില്ലെന്നു മാത്രമല്ല, ചിലർ അതിനു് വിപരീതമായി അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. എന്നാൽ അരവിന്ദന്റെ വൈദികമാർഗ്ഗം പോലെ നന്നായി വേറെ ഒരു പന്ഥാവു് നമുക്കു ലഭിക്കുവാൻ പ്രയാസമാണു്. പണ്ടു് കേരളീയനായ ശങ്കരാചാര്യരും, ബങ്കാളിയായ കുമാരിലഭട്ടനും വൈദികമാർഗ്ഗത്തെ സുസ്ഥിരപ്പെടുത്തിയപോലെ ഇന്നും ബങ്കാളിയായ അരവിന്ദഘോഷും കേരളീയരായ നമ്മളും വൈദികമാർഗ്ഗത്തെ ഒന്നുകൂടി ഉദ്ധരിക്കുവാൻ



പരസ്പരം സംഭാഷണം നടത്തുന്നതു പരസ്പരധാരണയുളവാക്കുമെന്നു വിശ്വസിക്കുന്ന 12 സഖ്യകലാശാലാ വിദ്യാർത്ഥിവിദ്യാർത്ഥിനികളും കാലിഫോർണിയാ സഖ്യകലാശാലയിൽനിന്നു ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ എന്നീ രാജ്യങ്ങളും സന്ദർശിക്കുന്നതിനു യാത്രതിരിച്ചിരിക്കുന്നു. മൻവരിയിൽ ഇടതുനിന്നു: മാർജിക്രംബ്സ്, കെൻബല്ലാർഡ്, കാർലാമെർണർ, ആൽബർട്ട് ജാൻസൻ, മേരീഹാർഡ്. പിൻവരിയിൽ: ജെയിംസ് മൻസോ, ബക്കിഹെനർ, പാർവാലസ്, ഡാ: റിച്ചാർഡ് പാക്കു (ഇദ്ദേഹമാണു് രക്ഷകർത്താവായി ഇവരെ നയിക്കുന്നതു്), അർമിൻറാ ഡിക്കി, ബോബു് ഹാമിൽട്ടൻ, ജീൻബിസ്സൻ, ബർട്ട് ബ്രൂക്കുവെൽ.

# മഹാകവി പള്ളത്ത്

★

— കെ. സിദ്ധാർത്ഥൻ, പേട്ട —

കൊല്ലവർഷം 1067 കന്നി മാസം 22-ംതിയതി തൃശ്ശിവപേരൂർ പട്ടണത്തിന്റെ കിഴക്കുഭാഗത്തുള്ള 'പള്ളത്ത്' എന്ന ഭവനത്തിൽ ജനിച്ച് കാലത്തിനനുയോജ്യമായവിധത്തിൽ സഹൃദയങ്ങളിൽ ചില മോഹനമുദ്രകൾ പതിപ്പിച്ചുകൊണ്ട് കടന്നുപോയ ഒരു കലാകാരനാണ് എന്റെ



ഗുരുനാഥനായ മഹാകവി പള്ളത്ത് രാമൻ അവർകൾ.

ആ 'പരമപുരുഷശായകൻ' കൈരളിയേടനുയാത്ര പറഞ്ഞിട്ട് ഇതാ ജൂലായ് 29-ംതീയതി മൂന്നുവർഷം തികയുകയാണ്. അദ്ദേഹത്തെ കുറിച്ചുള്ള ചില വിവരങ്ങൾ ശോകനിർഭരമായ ഹൃദയത്തോടുകൂടി ഞാൻ നിങ്ങളുടെ മുമ്പിൽവച്ചുകൊള്ളട്ടെ!

മാധുര്യമുള്ള കവിതകളും മനോഹരങ്ങളായ കഥകളും കൈരളിക്കു കാഴ്ചവച്ചിട്ടാണ് മഹാകവി മൺമറഞ്ഞത്. അദ്ദേഹം തന്റെ പതിനഞ്ചാമത്തെ വയസ്സുമുതൽ കവിത എഴുതുവാൻ തുടങ്ങി എന്നാണറിയപ്പെട്ടുന്നത്. ഗദ്യവും പദ്യവും ഒന്നുപോലെ ഹൃദ്യമായ രീതിയിൽ എഴുതുവാൻ മഹാകവിക്കു സാധിക്കുമായിരുന്നു. ആ മഹാശയന്റെ ശബ്ദശൈലിക്കു ഒരു പ്രത്യേകതയും അവാച്യമായ ഒരാകർഷണശക്തിയും ഉണ്ട്. പദ്യങ്ങളുടെ ഘടനകളിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള പാടവം അന്യാദൃശമാകുന്നു. പൊതുവേ ശബ്ദരീതി സരസകോമളമാണ്. മഹാകവി നിർമ്മിച്ചിട്ടുള്ള 'വിലാസകുമാരി', 'അമൃതപുത്രിനം', 'രാജസ്ഥാനപുഷ്പം' തുടങ്ങിയ ശബ്ദകൃതികളിൽ അതിപ്രധാനമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നതു് അമൃതപുത്രിനം എന്ന ചരിത്രാഖ്യായികയാണ്. സാഹിത്യസരിത്തിന്റെ രമണീയപാർശ്വത്തിൽ പരിലസിക്കുന്ന ഈ കൃതിയിൽ ഭാരതീയന്റെ അഭിമാനത്തെ കവി വേണ്ടവണ്ണം പ്രകടമാക്കിയിട്ടുണ്ട്.

പദ്യകൃതികളിൽ പ്രധാനമായതു് ശ്രീനാരായണഗുരുദേവോദ്ദേശങ്ങളെ പുരസ്കരിച്ചെഴുതിയ 'സത്യകാന്തി'എന്ന മനോഹരകാവ്യമാണ്. ഒരു മിശ്രവിവാഹകഥയാണ് പ്രസ്തുത കൃതിയിലെ ഉള്ളടക്കം. കഥാനായികയായ സുഹാസിനിയുടെ പെരിയാറ്റിൽതീർത്ഥമുള്ള ഇരിപ്പും, നായകനായ ധർമ്മഭടൻ പെരിയാർ കടക്കുമ്പോൾ ആറ്റിൽവീണുപോകുന്ന ആ സമയം സുഹാസിനി അയാളെ രക്ഷപ്പെടുത്തുന്ന ഭാഗങ്ങളും മറ്റും വളരെ നിപുണമായി ചിത്രീകരിച്ചിട്ടുണ്ട്. ശ്രീനാരായണഗുരുദേവനേയും ഇതിൽ ഒരു കഥാപാത്രമാക്കിയിട്ടുണ്ട്.

പാലക്കാട്ട് വിക്ടോറിയാകോളേജിൽ മലയാളം പ്രൊഫസ്സറായിരുന്ന മഹാകവി 1943-ൽ ഉദ്യോഗത്തിൽ നിന്നും പെൻഷൻപറ്റി സ്വദേശമായ തൃശ്ശൂർ താമസമാക്കി.

അദ്ദേഹത്തിന്റെ ഉദ്യോഗജീവിതത്തിനിടയിൽ പല ക്ലേശങ്ങളും നിരാശകളും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. അതായതു് ആറ് ആൺകുഞ്ഞുങ്ങളും അഞ്ചു പെൺകുഞ്ഞുങ്ങളും ഉൾപ്പടെ പതിനൊന്നു സന്താനങ്ങളുണ്ടായിരുന്നതിൽ യുവാവു പ്രാപിക്കുന്ന ഓരോരുത്തരും രണ്ടും മൂന്നും കൊല്ലങ്ങളും തെല്ലുമ്പോൾ മരിച്ചുകൊണ്ടിരുന്നു. ഈ സംഭവത്തിന്റെ തീക്ഷ്ണതയാൽ മഹാകവിയുടെ പ്രാണപ്രേയസിയായ ശ്രീമതി ദേവകിഅമ്മയും എന്നന്നേക്കുമായി അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. മേൽവിവരിച്ച സംഗതി മഹാകവിയുടെ ജീവിതത്തിൽ ഒരു വലിയ വിടവുണ്ടാക്കി എന്നതുതന്നെ പറയാം. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ ഇന്നു ശേഷിക്കുന്നതു് വിവാഹിതയായ ശ്രീമതി ലീലാപള്ളത്തും, അവരുടെ ഇളയവരായ ശ്രീ. പി. ആർ. ചന്ദ്രമോഹൻ, ദിനേശ്, ജയരാജ്, മോഹനദാസ്, പ്രതിപ്കുമാർ എന്നിങ്ങനെ ആറുപേരാണ്.

ദൈനംദിനം അദ്ദേഹം അനുഭവിച്ചുകൊണ്ടിരുന്ന ഈ മനോവേദനയെ ഹൃദയത്തിന്റെ ഒരു ഭാഗത്തു മറച്ചുവച്ചുകൊണ്ടാണ് മഹാകവി തന്റെ സാഹിത്യസേവനത്തെ എത്രയും കൃത്യമായി നിർവ്വഹിച്ചുപോന്നതു്.

"പൊള്ളുംസഹാറയിൽപൂഞ്ചോ-
ലകണ്ടിടാം
മുള്ളുകൾപൊങ്ങുമിൽമലർക്കുലയും"

എന്നു തുടങ്ങുന്ന കവിത അദ്ദേഹത്തിന്റെ സ്വന്തം ജീവിതാനുഭവത്തിൽനിന്നും ഊറിവന്നതുതന്നെ എന്നുള്ളതിൽ സംശയമില്ല

1949-ൽ മഹാകവി തിരുവനന്തപുരത്തുവന്നു് ആദ്യമായി പേട്ടയിലും പിന്നീടു് പുഞ്ചൻചന്തയിൽ റിട്ട: ഡെപ്യൂട്ടി സർജൻ, ഡോക്ടർ രാമസ്വാമിപ്പിള്ളഅവർകളുടെ വകയായ 'ഭക്തിസദൻ' എന്ന കെട്ടിടത്തിലുതാമസിച്ചു. അപ്പോഴാണ് "പുരോഗാമി" എന്ന വാരികയുടെ പത്രാധിപത്വം സ്വീകരിച്ചതു്. തിരുവനന്തപുരത്തെ താമസക്കാലമത്രയും അദ്ദേഹത്തിന്റെ സാഹിത്യപരമായ സംഗതികളുടെ സഹായത്തിനായും മാധവം ഞാനും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. ഒരു പുത്രനേപ്പോലുള്ള സ്നേഹമാണ് ആ വന്ദ്യഗുരുനാഥനു് എന്നോടുകൂടി ഉണ്ടായിരുന്നതു്. ഉദ്ദേശം ഒരു വർഷത്തോളമുണ്ടായിരുന്ന എന്റെ ആസ്സഹവാസത്തിനിടയിൽ ലോകത്തുള്ള പല നല്ല കാര്യങ്ങളും അദ്ദേഹത്തിൽനിന്നും എനിക്കു പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കന്യാകുമാരി, അനന്തവിക്കാ, കോവളം തുടങ്ങിയ പ്രകൃതിരമണീയമായ സ്ഥലങ്ങളിലേക്കുള്ള ഞങ്ങളുടെ യാത്രകൾ എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കുവാനാവാത്തവിധത്തിൽ സുന്ദരമായ പല അനുഭൂതികളേയും കൈവരുത്തിയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ചോർക്കുമ്പോൾ ഹൃദയകമ്പം അങ്ങിനെ ഉതിർന്നുവീഴുകയാണ്.

1950 ജൂലായ് 28-ംതീയതി രാത്രി രണ്ടുമണിയായപ്പോഴേക്കും മഹാകവിക്ക് ഒരു ഹൃദ്രോഗം ഉണ്ടായി. ഉടനെ ഞങ്ങൾ വിദഗ്ദ്ധനായ ഒരു ഡോക്ടറെ വരുത്തി ശുശ്രൂഷിച്ചു. അപ്പോഴാണ് സുഖക്കേടു് രക്തസമ്മർദ്ദമാണെന്നു് അറിഞ്ഞതു്. എന്തിനു ഞാനധികം വിസ്തരിക്കുന്നു. മൂന്നുമണിയായപ്പോഴേക്കും മഹാകവിയുടെ ചലനം എന്നന്നേക്കുമായി നിലച്ചു.....ലോകത്തോടു് അന്ത്യയാത്ര പറഞ്ഞു.....

ആർക്ഷസംസ്കാരത്തിന്റെ ആത്മികപ്രഭാവം ഭൗതികപുരോഗതിയിൽ പരാജയമടയാതിരിക്കുവാൻ സ്ഥിതിസമതാസൃഷ്ടിക്കുള്ള മാർഗ്ഗം കാട്ടിത്തന്നുകൊണ്ട് നടത്തിയ മഹാനായ 'പരമപുരുഷശായകൻ!' അങ്ങു് ഞങ്ങളെ വിട്ടുപിരിഞ്ഞിട്ടു മൂന്നുവർഷം തികയുന്ന ഈ സമയം അങ്ങു് സ്വാമി സത്യവ്രതന്റെ ശവകുടീരത്തെ നോക്കി കൈകൂപ്പിയിരുന്നുകൊണ്ട് സ്നേഹോജ്ജ്വലം വൈദ്യുതകണങ്ങൾ വിതറുന്നതായ കടീരമേനീ! ഉച്ചൈസ്തരം കരിയാലുണർത്തുന്ന യുഗേയുഗേഹം! യുവലോകചൈ-

ഈ വരികളെ സ്മരിച്ചുകൊണ്ട് അങ്ങയുടെ ശവകുടീരത്തെ നോക്കി ഞാൻ കൂപ്പുകൈ അർപ്പിക്കട്ടെ!!

നമസ്കാരം.


## ടെൻസിംഗിന്റെ എണ്ണഛായാപടം

★

എവറസ്റ്റാരോഹകരുടെ ഇടയിലെ ചക്രവർത്തിയായ ടെൻസിംഗ് നോർക്കിയുടെ എണ്ണഛായാപടം ലണ്ടനിലെ ഇന്റർനാഷണൽ സർവീസസ് ക്ലബ്ബിൽവച്ച് മുൻ ഇംഗ്ലീഷുവനിതകം ആലേഖനം ചെയ്യുകൊണ്ടിരിക്കയാണ്. ഛായാപടം കഴിഞ്ഞിട്ടുണിയിലേയ്ക്കു പകർത്തിക്കുന്നതിന് ടെൻസിംഗ് ദിവസേന അരമണിക്കൂർവീതം ഈ വനിതയുടെ മുന്നിൽ ഇരുന്നുകൊടുക്കുന്നുണ്ട്. ലണ്ടനിലെത്തിയശേഷം ഈ വാരസ്മരണീയവീരൻ നല്ലതോതിൽ സമ്പാദിക്കുന്നുണ്ടെന്നു കരണങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

★

പഴക്കംചെയ്യുന്ന

സ്റ്റീൽമടക്കുകസേര രൂ 11/-മാ



ഒന്നാം... പും ... ക്കം ചെ... ന്നതു്... വനം, ... ഫിനി... ലൈ... റി, ക്ലി... ഹോട്ട... ർ, ... ർഡ... തിയേറ്റർ എന്നിവിടങ്ങൾക്കു പ... യതു്. വില കുറച്ചിരിക്കുന്നു. പാ... ഉം ഡലിവറിയും പ്രത്യേകം. വേസ്റ്റേഷൻകൂണിച്ചു് ഓർഡർ ... യ്യുക.

Jai Sree Trading Co
30 Ganendra Mittra Lane
Calcutta - 4.


ശ്രമിക്കേണ്ടതാണ്. അതിനു് ധർമ്മസ്ഥാപനങ്ങളുടേയും ദേവാലയങ്ങളുടേയും സഹായത്തെ അഭ്യർത്ഥിച്ചുകൊണ്ടു് കേരളീയരായ നമ്മളും അതിനു് പരിശ്രമിക്കേണ്ടതാണെന്നു കൂടി പറഞ്ഞു് ഇതു അവസാനിപ്പിക്കുന്നു.

[ഗുരുവായൂരിൽവെച്ചുചേർന്ന 5-ംഹിന്ദുമത സംസ്കാരികസമ്മേളനത്തിലെ പ്രസംഗസംഗ്രഹം].

★

# പതിതപങ്കജത്തെ പ്പറ്റി തകഴി

★



ഡോ. ലൂതർ എച്ച് ഇവാൻസ്. യു നൈറ്റഡ് സ്റ്റേറ്റ്സ് ലൈബ്രേറിയൻ അഫ് കോൺഗ്രസ് ആയിരുന്ന ഇദ്ദേഹത്തെയാണ് സ്മിത്സോണിയൻ ഇൻസ്റ്റിറ്റ്യൂഷന്റെ ബോർഡ് പ്രസിഡന്റായി നിയമിച്ചിരിക്കുന്നത്. 1902-ൽ ജനനം.

തകഴി ഈ ഗ്രന്ഥം എഴുതേണ്ടതായിരുന്നുവെന്നും ഒരു നിരൂപകൻ പതിതപങ്കജം നിരൂപണം ചെയ്തുകൂട്ടത്തിൽ പറയുകയുണ്ടായി. തകഴിയുടെ വ്യക്തിമുദ്ര പലടത്തും പതിപ്പിച്ചിട്ടുണ്ടെങ്കിലും തകഴി പതിതപങ്കജം എഴുതി എന്നു വിശ്വസിക്കാൻവയ്യ എന്നവരെ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. പതിതപങ്കജത്തിന്റെ ആവർത്തിച്ചുള്ള പതിപ്പുകൾ അനുഭവശൂന്യമാണത്രെ.

ഞാൻ ഈ അടുത്തദിവസം പതിതപങ്കജം വായിച്ചുനോക്കി കഴിയുമ്പോഴിടത്തോളം അനൃതം അവലംബിച്ചുകൊണ്ട് അതുകൊണ്ടുനിന്നുകൊണ്ടുതന്നെ പറഞ്ഞിച്ചത്. യാതൊരു മമതയും പാടില്ലെന്നു നിർബന്ധമുണ്ടായിരുന്നു പതിതപങ്കജത്തിനെതിരായ നിരൂപണങ്ങൾക്കു മറുപടി പറയണമെന്നോ എനിക്കുദ്ദേശമില്ല അതിനാവശ്യമില്ലെന്നാണ് എന്റെ വിശ്വാസം.

പതിതപങ്കജം എന്റെ രണ്ടാമത്തെ നോവലാണ്. അതു പതിനേഴു കൊല്ലങ്ങൾക്കുമുമ്പ് എഴുതി. അന്നെനിക്ക് ഇരുപതുവയസ്സുണ്ട്. താമസം തിരുവനന്തപുരത്തു ആയിരുന്നു. പതിതപങ്കജം ആദ്യമായി പുറത്തുവന്നപ്പോൾ അതിന്റെ ജ്യേഷ്ഠസഹോദരനായ തൃക്കുന്നത്തിനു പ്രതിഫലം പുറത്തുവന്നപ്പോഴത്തെപോലെ കുറെ ഒച്ചപ്പാടുണ്ടായി. ഒരു ചണ്ഡാലൻ നാറാക്കുടുക്കുകൊണ്ടു സാഹിത്യകേന്ദ്രത്തിൽ സകല നെറികേടും മുറയും മാനം കടന്നുകയറി തീണ്ടുന്നു എന്നായിരുന്നു ആരോപണം. സഭ്യേതര സാഹിത്യഭാഷയല്ല, നായിക സുചരിതയല്ല, നായകൻ ആദർശശാലിയല്ല, രംഗങ്ങളും സജ്ജനങ്ങളല്ല, പ്രതിപാദ്യവിഷയം തിന്മയാണ്. എന്നും മറ്റും മറ്റും കുടങ്ങി നിരൂപണങ്ങൾ. ഒരിക്കലല്ല, രണ്ടാംപ്രാവശ്യവും ഈ അധമൻ അക്രമം കാട്ടുന്നു. ഇവൻ ഭ്രഷ്ടുള്ളത്തു നളത്തുകയുകയാണ് അടുത്തയാൾ എന്നവരെ പരസ്യമായി പറഞ്ഞു.

അതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ ജീവിതത്തിൽവന്നു. മാനദണ്ഡങ്ങൾതന്നെ മാറിയില്ലേ. ഈ ചരിത്രം ഓർക്കുമ്പോൾ ഒരുരസം തോന്നുന്നുണ്ട്.

ഇന്നാണെങ്കിൽ പതിതപങ്കജവും പ്രതിഫലവും പുറത്തുവന്നാൽ വല്ല കോളുമുണ്ടാകുമോ. പക്ഷേ, ഒന്നു പറയാം. പതിതപങ്കജം ഇന്നു ഞാൻ ആദ്യമായി പ്രസിദ്ധീകരിക്കുകയാണെങ്കിൽ, നിശിതമായ നിരൂപണമുണ്ടാകും. എന്റെ മലയാള ജനത എന്നിൽനിന്നും കൂടുതൽ കനവും കഴമ്പുമുള്ള വകകൾ പ്രതീക്ഷിക്കുന്നുണ്ട്. അവരോടുള്ള എന്റെ കർത്തവ്യം ശരിക്കു നിർവ്വഹിക്കുവാൻ ഞാൻ ശ്രമിക്കുന്നതാണെന്നുള്ള എന്റെ പ്രതിജ്ഞ ആവർത്തിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു.

പതിതപങ്കജത്തിനു കലാപരമായ മുഴുമിപ്പില്ല. ജീവിതത്തിൽനിന്നും അടർത്തി എടുത്ത കുറെ പ്രശ്നങ്ങളും കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ട്. ആ ആവശ്യത്തിനു കുറെ രംഗങ്ങളെ ഞാൻ സൃഷ്ടിച്ചിട്ടുണ്ട്. പതിതപങ്കജത്തിൽ ആ പ്രശ്നങ്ങളല്ലാതെ ജീവിതമുണ്ടോ? പതിതപങ്കജത്തിലെ പാത്രങ്ങളെ ആ പ്രശ്നങ്ങളിൽകൂടിയല്ല ഒരു ജീവിതത്തിലൂടെ നാം കാണാറുണ്ടോ. ഇല്ല, എന്നാണ് എനിക്കു തോന്നുന്നത്.

ഇന്നു അതേ പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാൻ എന്നോടു ആവശ്യപ്പെട്ടാൽ ഞാൻ എന്തു ചെയ്യുമെന്നു ആലോചിച്ചിട്ടുണ്ട്. അപഗ്രഥനരീതിയും ആവിഷ്കരണസമ്പ്രദായവും ഇതായിരിക്കുമോ. ഇല്ല. തീച്ചയായും ഇണവതിയും വിനയനും ഇന്നു കാണുന്നതുപോലെ ആയിരിക്കുകയില്ല. രംഗങ്ങളുമതന്നെയും മാറിയിരിക്കും. ഞാൻ ജീവിതത്തെ ചിത്രപ്പെടുത്തും. മനുഷ്യരെ സൃഷ്ടിക്കും. അപ്പോൾ പ്രശ്നങ്ങളുണ്ടായിരിക്കുമല്ലോ. അങ്ങിനെ ആ പ്രശ്നങ്ങളും കൈകാര്യം ചെയ്യും.

ചുരുക്കത്തിൽ പതിതപങ്കജത്തിനു ജീവിതത്തിന്റെ കനമില്ല. പക്ഷേ കേവലവികാരങ്ങളുടെ പുറത്തുണ്ട്. ആ പുസ്തകത്തിലെ പല രംഗങ്ങളും കടംചായംകൊണ്ടു നിറപകിട്ടുള്ളവയാണ്.

പതിതപങ്കജത്തിലെ പാത്രങ്ങൾ കരയുന്നുണ്ട്. ചിരിക്കുന്നുണ്ട്. സാഹിത്യത്തിലെ ഒരു പുട്ടത്തെക്കുറിക്കുന്നു എന്നു പറഞ്ഞാൽ പലരും നെറ്റിചുളിച്ചേക്കും. അതു ശരിയും പറയേണ്ടതായിട്ടില്ല. അതു ഒരുമാത്യമാണ്. പക്ഷേ, പതിതപങ്കജം എന്റെ സാഹിത്യജീവിതത്തിലെ നിക്ഷേധിക്കാൻ വയ്യാത്ത ഒരു പുട്ടമാണ്.

ഞാൻ ചിലപ്പോഴെല്ലാം ഒന്നു തിരിഞ്ഞുനോക്കാറുണ്ട്. രസത്തിനുവേണ്ടിമാത്രമല്ല, സ്വയം വിമർശനത്തിനുവേണ്ടിക്കൂടി. ആ തിരിഞ്ഞുനോട്ടം വളരെയേറെ പ്രയോജനം ചെയ്യുന്നുമുണ്ട്. എന്റെ പല കുറവുകളും കുറുകുകളും എനിക്കു കണ്ടുപിടിക്കാൻ അങ്ങിനെ കഴിഞ്ഞിട്ടുണ്ട്. എവിടെയെല്ലാം എന്റെ കഴിവു കൂടുതൽ വികസിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം എന്റെ കരുത്തു വാർന്നുപോയിട്ടുണ്ടെന്നും മനസ്സിലാക്കുവാൻ ഈ തിരിഞ്ഞുനോട്ടം നന്നേ പ്രയോജനപ്പെട്ടു. പതിതപങ്കജം എന്റെ ഈ സ്വയം വിമർശനത്തിനു വളരെ ഉപയോഗപ്പെട്ടുന്ന ഒരു ഗ്രന്ഥമാണ്.

കുട്ടനാട്ടിലെ ഒരു തഴ്ന്ന ഭൂടത്തുരം കുടുംബത്തിൽനിന്നും ഒരു യുവാവു് തിരുവനന്തപുരത്തെത്തി. നന്താൻകോട്ടുള്ള ഒരു പഴയ വീടിന്റെ പടിപ്പുരയിൽ ഒരു ചെറിയമുറി ഒരു ഗ്രന്ഥവാടകയ്ക്കെടുത്തു് തന്നത്താൻ അരവച്ചുണ്ണുവാൻ തുടങ്ങി. അയാൾക്കു നിലവിലുള്ള വ്യവസ്ഥിതി ശരിയല്ലെന്നു തോന്നിയിരുന്നു. അയാൾ താമസിച്ചിരുന്ന വീടിന്റെ ചുറ്റുപാടും നല്ല കുടുംബക്കാരികളാണ്. അവർ ചായക്കടയിൽനിന്നും നെല്ലുവാങ്ങിക്കൊണ്ടുവന്നു കുത്തി അരികൊണ്ടുവിറ്റു് ഉപജീവനംകഴിച്ചുവന്നു. അവരുടെ ജീവിതത്തിലെ നിത്യപ്രശ്നങ്ങളും പഠിക്കുവാൻ അയാൾക്കു കഴിഞ്ഞു. അതിന്റെ ഫലമായി തൃക്കുന്നത്തിനു പ്രതിഫലം ജനിച്ചു. ആ ഇരുപത്തുടികുടുംബങ്ങളിൽ പലരേയും പ്രതിഫലത്തിൽകാണാം.

ആ കാലഘട്ടം യഥാർത്ഥത്തിൽ എന്റെ ജീവിതത്തിലെ സുവർണ്ണകാലമായിരുന്നു. കേരളത്തിലെ പരിവർത്തനോന്മുഖമായ ചിന്താഗതിക്കു രൂപംകൊടുത്ത ജ്ഞാനവൃദ്ധൻ ശ്രീ: ഏ. ബാലകൃഷ്ണപിള്ളയുടെ ശിക്ഷണത്തിൻകീഴിൽ ഞാൻ സംഘടനാജീവിതം നയിച്ചതു അന്നാണ്. ഒരു നൃത്തക്കാരി പെണ്ണുമായും എനിക്കു അന്നൊരിക്കൽ പരിചയപ്പെടുവാൻ ഇടയായി. അതിന്റെ ഫലമായി പതിതപങ്കജം ഉണ്ടായി. എന്നാൽ ഞാൻ ഒരു വിനയനെ പരിചയപ്പെട്ടില്ല. ആ നൃത്തക്കാരിപ്പെണ്ണിനെത്തന്നെയും വേണ്ടവിധം പരിചയപ്പെട്ടു എന്നെനിക്കു ബോദ്ധ്യമില്ല. ഒരുകാര്യം എനിക്കു വ്യക്തമായി ഓർമ്മയുണ്ട്. തമിഴിൽ അവരെ എന്നോടു ചോദിച്ചു. എന്നെക്കുറിച്ചു് ഒരു പുസ്തകം എഴുതാമോ. ഞാൻ പുസ്തകമെഴുതി.

എനിക്കു് എതിർക്കുവാനുള്ള അന്യഗ്രമായ വാസനയുണ്ടായിരുന്നു എന്നു പറഞ്ഞല്ലോ. പക്ഷേ ഏതിനെയാണ്, എങ്ങിനെയാണ് എതിർക്കേണ്ടതു് എന്നു എനിക്കു ഒരു ശ്രുവവും ഉണ്ടായിരുന്നില്ല. യുവാവല്ല, ജീവിതത്തിന്റെ ലൈംഗികഭാവത്തിലേക്കു തിരിഞ്ഞുപായി. കുറെ കഥകളും എഴുതി. കുട്ടത്തിൽ പതിതപങ്കജവും. പക്ഷേ പ്രതിഫലത്തിനും പതിതപങ്കജത്തിനും ഒരു പ്രത്യേകതയുണ്ട്. അതിൽ മറ്റു പ്രശ്നങ്ങളുമുണ്ട്.

പതിതപങ്കജത്തിനുശേഷം ഞാൻ വളരെ നല്ലകണക്കിൽ എഴുതാറുണ്ടായിരുന്നു. ഞാൻ ഒന്നു ശ്രുഭേദപ്പെടുവാൻ ഒരുങ്ങുകയായിരുന്നു. പിന്നീടാണ് പരമാർത്ഥങ്ങൾ എഴുതുന്നതു് എട്ടുകൊല്ലങ്ങൾക്കുശേഷം.

എനിക്കു പതിതപങ്കജത്തെക്കുറിച്ചു് ഇതാണഭിപ്രായമെങ്കിലും കലാമർമ്മജ്ഞനായ ആ നിരൂപകന്റെ അഭിപ്രായം മുൻപറഞ്ഞതാണെങ്കിലും പതിതപങ്കജത്തെ ഇഷ്ടപ്പെടുന്നവരെ കുറെ ആളുകളുണ്ട്. പ്രേമത്തിനു വേണ്ടി ഞാനിക്കുന്ന ഒരു സ്ത്രീഹൃദയം അതിലുള്ളതായിരിക്കും അതിനുകാരണം. സാധാരണവായനക്കാരനെ അവസാനംവരെ ഇരുത്തി വായിപ്പിക്കുന്ന എന്തോ അതിലുണ്ടെന്നു ചിലരെല്ലാം പറയുന്നു.

ഇതുമാത്രമാണ് പതിതപങ്കജത്തെക്കുറിച്ചു എനിക്കു പറയുവാനുള്ളതു്. ഇതു നാടകമാക്കാൻ കൊള്ളാമോ എന്നു ചിലർ സൂചിപ്പിക്കുകയും ചോദിച്ചു. നാടകീയമായ പല ഘട്ടങ്ങളും അതിലുണ്ട്. നാടകത്തിന്റെയും നോവലിന്റെയും സങ്കേതങ്ങൾ രണ്ടാണ്. സങ്കല്പിക്കേണ്ടതുതന്നെയും രണ്ടു രീതിയിലാണ്. എങ്കിലും നോവൽ നാടകമാക്കി എഴുതുവാൻ കഴിഞ്ഞേക്കും. കേരളീയരുടെ മുമ്പാകെ പതിതപങ്കജം നാടകമായി അവതരിപ്പിക്കുന്നു.

---

തിരുവനന്തപുരം റേഡിയോനിലയത്തിന്റെ അനുവാദത്തോടുകൂടി.

★

# തെലുങ്കരെപ്പറ്റി

★

— വി. എസ്സ്. കടുങ്ങല്ലൂർ —

വേറാരി ശ്രീ: രാമുലു വിരുദ്ധനായ ആ ദിവസം ഞാനിന്നും വ്യക്തമായോർക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ആന്ധ്രാ സംസ്ഥാനം നടപ്പിലാക്കണമെന്നതും അതിനു വേണ്ടി നടത്തിയ സമരവും ഒന്നും പ്രാധാന്യമർഹിയ്ക്കുന്നവയായിരുന്നില്ല. പക്ഷെ ആ നിർഭാഗ്യകരമായ മരണം അതേത്തുടർന്ന് തെലുങ്കുനാട്ടിലുണ്ടായ സംഭവങ്ങളും മൂലം കൽക്കട്ടയിൽനിന്നും നാട്ടിലേക്കൊന്നു മടങ്ങണമെന്നുണ്ടായിരുന്ന എന്റെ ആഗ്രഹം തൽക്കാലത്തേക്കെന്നു കടിഞ്ഞാണിട്ട നിവൃത്തവാൻ പ്രേരിപ്പിക്കുകതന്നെചെയ്തു. സ്ഥിതിഗതികൾ നേരിട്ടുകാണുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും ടെയിൻ ഗതാഗതം തൽക്കാലത്തേക്കു നിലച്ചിരുന്നതുകൊണ്ട് നിരാശനാകയല്ലാതെ മാർഗ്ഗമില്ലായിരുന്നു.

തെലുങ്കർ ധാരാളമായി താമസിക്കുന്ന ഒരു ഹോട്ടലാണല്ലോ. ഞാനും വേറെ ഒന്നോരണ്ടു മലയാളികളുമൊഴിച്ചാൽ അവിടെ താമസിച്ചിരുന്നവരെല്ലാം തെലുങ്കർതന്നെ. അവരെല്ലാം ഒരോ ആവശ്യംപ്രമാണിച്ചു വന്നിട്ടുള്ളവരാണ്, ചിലർ ഉദ്യോഗം തേടി, മറ്റുചിലർ വിദ്യാഭ്യാസാർത്ഥം ഇനിയും ഒരു ഭൂരിഭാഗം എന്തെങ്കിലും ബിസിനസ്കാര്യങ്ങൾക്കും. കച്ചവടക്കാർ, വ്യവസായശാലകളുടെ ഉല്ലാളന്മാർ, അദ്ധ്യാപകന്മാർ, വിദ്യാർത്ഥികൾ എന്നുവേണ്ട നാനാതരക്കാരുമുണ്ടവിടെ. ഓരോരുത്തർക്കും ഓരോ കാര്യമുണ്ട്. പക്ഷേ എല്ലാവർക്കും കൂടി ഒരു പൊതുകാര്യംകൂടി ഉണ്ടെന്നു ഞാൻ മനസ്സിലാക്കി. ആവേശത്തോടുകൂടി അവർക്കൊന്നും പറയുവാനുണ്ട്; അവർക്കു സ്വന്തമായൊരു പ്രവിശ്യവേണമെന്ന്.

പുലരുന്നതിനുമുമ്പുതന്നെ പത്രവും പ്രതീക്ഷിച്ച് എല്ലാവരും താഴെയെത്തും. പത്രം എത്തേണ്ടതാമസം എല്ലാവരും വട്ടംകൂടുകയായി. ആരെങ്കിലുമൊരാൾ വായിക്കും. മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കും. തുടർന്ന് ആവേശപൂർണ്ണമായ കുറെ വാക്കുമരവും നടക്കും. ഇതായിരുന്നു ശ്രീ രാമുലുവിന്റെ മരണത്തെത്തുടർന്നു കുറെ ദിവസത്തേക്ക് ആ ഹോട്ടലിലെ തെലുങ്കരുടെ പരിപാടി. അവരെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രാധാന്യമേറിയ ഒരു പ്രശ്നമായിരുന്നു അതെന്ന് ഞാൻ മനസ്സിലാക്കി.


തമിഴ്ത്രിപക്ഷത്തിന്റെ ഭരണം മൂലം ആന്ധ്രാദേശം അങ്ങേയറ്റം അവഗണിക്കപ്പെട്ടിരിക്കയാണെന്നും പുരോഗതിയിൽനിന്നും പുരോഗതിയിലേക്കു കുതിച്ചുകയറുന്ന തെലുങ്കുനാട്ട് നാൾക്കുനാൾ അധഃപതനത്തിലേക്കും നിത്യപട്ടിണിയിലേക്കും വഴുതിവീണുകൊണ്ടിരിക്കയാണെന്നും അതെല്ലാം ഒരാഴ്ചത്തെ പോംചൊഴിയുള്ളതു മാത്രമാണെന്നും ഒരു പ്രത്യേക പ്രവിശ്യാരൂപീകരണം മാത്രമാണെന്നും മാത്രം ശിരോദ്ധൃതിയുള്ള വാദഗതികളും ഉന്നയിക്കുന്ന അവസരങ്ങളിൽ ആന്ധ്രാദേശക്കാരായ എന്റെ ചില സ്നേഹിതന്മാരെ ഞാൻ ശക്തിയായി എതിർക്കാറുണ്ട്. കേവലം ബാലിശമെന്നതന്നെയല്ല, ഏറെക്കുറെ രാഷ്ട്രത്തിന്റെ ഏകീകരണത്തിനും പരസ്പരാശ്രയമുള്ള സഹകരണമനോഭാവത്തിനും അത്യന്തം അപകടകരമാകുമെന്നുകൂടിയാണ് ഈ ഭ്രാന്താപ്രവിശ്യാ വാദക്കാരെ ഞാൻ വിമർശിച്ചിട്ടുണ്ട്. പക്ഷേ, ഒന്നൊഴിക്കാതെ മനസ്സിലാക്കുവാൻ കഴിഞ്ഞു; ആ കാര്യത്തെ സംബന്ധിച്ചിടത്തോളം തികച്ചും ആത്മാർത്ഥതയുണ്ട് അവർക്കെന്ന്.

ആ കാര്യത്തിൽ മാത്രമല്ല, മറ്റെല്ലാകാര്യങ്ങളിലും തന്നെ ആത്മാർത്ഥതയുണ്ടവർക്ക്. വളരെ വഴിയും വക്രബുദ്ധിയും അവർക്കത്ര സ്വാധീനമല്ല. തെലുങ്കർ ആകപ്പാടെ നേരെക്കിയാൽ വളരെ ഋജുബുദ്ധികളും സ്നേഹിക്കാൻകൊള്ളാവുന്നവരുമാണ്. പരിശ്രമശീലവും ലളിതമായ ജീവിതരീതിയും അവരെ സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ടതാണ്.

മുൻകോപം അല്പം കൂടുതലാണെങ്കിലും ശുദ്ധാത്മാക്കളാണ് തെലുങ്കർ. ആദ്യമായി ഞാൻ പരിചയപ്പെട്ടന്നതു ഒരു പുരാണമായിട്ടാണ്. അവരുടെ പതുകഴിഞ്ഞ ഒരു റിട്ടയർഡ് റെയിൽവേ ഉദ്യോഗസ്ഥനാണ് അദ്ദേഹം. വാഗ്വൈഖരിയിലും വിശ്രമജീവിതത്തിലും അദ്ദേഹം ഒരു ഹോട്ടൽ മാനേജരായി ജോലിനോക്കുകയാണ്. സംഗതിവശാൽ ഞങ്ങളൊന്നുപിണങ്ങി, കണക്കിൽ അല്പമൊരു പിശകുപറ്റിയതു ചൂണ്ടിക്കാണിച്ചതു് അദ്ദേഹത്തിനു രസിച്ചില്ല. ഞാനും വിട്ടില്ല. ഒടുവിൽ ഭാഗ്യവശാൽ മറ്റുള്ളവർ ഇടപെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഒരു 'ആന്ധ്രാ മലയാളി' സംഘട്ടനംതന്നെ നടക്കുമായിരുന്നു.

മലയാളികളെപ്പറ്റി ആന്ധ്രാക്കാർക്കും അവരെപ്പറ്റി മലയാളികൾക്കും വളരെയൊന്നും അറിയാമെന്നുതോന്നുന്നില്ല. ജീവിതരീതികളിലും, സ്വഭാവവിശേഷങ്ങളിലും തികച്ചും ഭിന്നകോടികളിൽത്തന്നെയാണ് ഇരുകൂട്ടരുടേയും നില. എല്ലാകാര്യങ്ങൾക്കുമുണ്ട് അവർക്കൊരു പ്രത്യേകത. ആന്ധ്രാപ്രദേശത്തെ വിദ്യാഭ്യാസമുള്ളവർതന്നെ ഏറ്റക്കുറെ മനസ്സിലാക്കിവച്ചിരിക്കുന്നതു മലയാളികളെല്ലാം കമ്യൂണിസ്റ്റുകാരാണെന്നും, മലയാളിക്കരയിലെ ശരിയായ വിവരമൊന്നും അവർക്കറിഞ്ഞുകൂടാ. മലയാളികളും മറ്റെല്ലാനാടുകളിലും ധാരാളമായി ഉണ്ടെങ്കിലും തെലുങ്കുനാട്ടിൽ പ്രായേണ കുറവാണ്. വ്യാവസായികമായും മറ്റുതരത്തിലും കുറേയുമായ പുരോഗതി ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലെല്ലാംതന്നെ മലയാളികളും എത്തിച്ചേർന്നിട്ടുണ്ട്. അപ്പോളും സ്വാഭാവികമായിത്തന്നെ ഒരു പ്രധാനസ്ഥലമായ വിശാഖപട്ടണത്തിലോ അതുപോലെതന്നെ ഒരു വിദ്യാഭ്യാസകേന്ദ്രമായ വാൾട്ടറിയിലോ കുറെ മലയാളികളെ കണ്ടെന്നുവരാം. എങ്കിലും പ്രായേണ തെലുങ്കരും മലയാളികളുമായുള്ള ബന്ധം മറ്റുനാട്ടുകാരുമായുള്ളതിനേക്കാൾ തുച്ഛമെന്നുതോന്നുമ്പോഴും നിസ്സാരമെന്നുപറയാം.

പരസ്പരം ബന്ധം ഉണ്ടെങ്കിൽതന്നെയും ഇരുകൂട്ടരെയും വ്യക്തമായി വേർതിരിച്ചുകാണിക്കുവാൻ കഴിയുന്ന വൈരുദ്ധ്യങ്ങളും പലതും ശ്രദ്ധേയമാണ്. മലയാളികളെസംബന്ധിച്ചിടത്തോളം ശ്രദ്ധിയുടെ അന്തസ്സും അവരുടെ ഒരു പ്രത്യേകതതന്നെയാണ്. കള്ളിയും വൃത്തിയായി വസ്ത്രധാരണംചെയ്യുന്നതും മറ്റെ



നൂയാക്കുനഗരത്തിലെ "അംബരചുംബികൾ". നൂയാക്കിന്റെ 300-ാമതു വാർഷികം ആഘോഷിക്കപ്പെടുകയാണിപ്പോൾ. അതു ഒരു നഗരമായി പ്രഖ്യാപിക്കപ്പെട്ട 1653-ൽ നൂ ആംസ്റ്റർഡാം എന്നറിയപ്പെട്ടിരുന്നതു്. ഡച്ചുകാരുടെ വക ഒരു ഗ്രാമമായിരുന്ന അതു്. ജനസംഖ്യ അന്നത്തെ 800-ൽനിന്നു ഇപ്പോൾ 80 ലക്ഷമായിരിക്കുകയാണ്. 1664-ൽ ഇംഗ്ലീഷുകാധിപത്യത്തിലായപ്പോഴാണ് നൂയാക്ക് എന്നു പുതുതായി നാമകരണംചെയ്യപ്പെട്ടതു്.

യു. എസ്-ലെ ഏറ്റവും വലിയ നഗരമായ നൂയാക്കിൽ 75 വർഗ്ഗക്കാരോളം അധിവസിക്കുന്നു. അമേരിക്കയുടെ സാമ്പത്തികകേന്ദ്രവുമിതാണ്. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനവും നൂയാക്കുതന്നെ.

തൊക്കെ വിഷമങ്ങളുണ്ടെങ്കിലും മടക്കാത്തവരാണ് മലയാളികൾ. ഒരു പക്ഷെ കേരളത്തിൽ അങ്ങോളമിങ്ങോളം ഒരിരുത്തിന്റെ ക്രൂരതയിൽ വശംകെട്ടുകഴിയുന്ന പലരും അങ്ങനെയല്ലെന്നു പറഞ്ഞേക്കാം. പക്ഷെ ഒരുകാര്യം നിഷേധിക്കാനാവില്ല. ഒരുനേരമെങ്കിലും കുളിക്കണമെന്നും അൽപം പൗത്തയായി നടക്കണമെന്നും ആഗ്രഹിക്കുന്നവരും അതിനുവേണ്ടി കഴിവതുസരിച്ചു ശ്രമിക്കുന്നവരുമാണ് മലയാളികൾ; പൂർണ്ണ എല്ലവരുമതന്നെ.


മറുനാടൻമലയാളികളുണ്ടെങ്കിൽ മലനാട്ടിലേതിനേക്കാൾ തികച്ചും ഭിന്നമായിരിക്കുന്നുണ്ട് സ്ഥിതികാര്യങ്ങൾ. മലനാടിന്റെ അന്തസ്സും അഭിമാനവും നിലനിർത്തുന്നകാര്യത്തിൽ അവർ ഒട്ടുംതന്നെ അശ്രദ്ധകാണിക്കാറില്ല. ശുചിത്വബോധത്തിലും അഭിമാനകരമായി മറ്റുള്ളവരോടു ണങ്ങിജീവിക്കുന്നതിലും അവർ ആരുടേയും പിന്നിലല്ല.

ആസ്ഥാനനാടകമനം പടർന്നുപിടിച്ചുകാണുന്ന ദാരിദ്ര്യവും ജലക്ഷാമവും ഒരുപക്ഷെ അവരുടെ താല്പര്യമില്ലാത്ത ജീവിതരീതികളെയും ബാധിച്ചിരിക്കാം. പരിഷ്കാരം പിടികൂടുന്നതു് സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വളർച്ചയോടൊന്നിച്ചാണെങ്കിൽ തെലുങ്കുനാട്ടിലെ അനേകലക്ഷം ഗ്രാമീണരുടെ ജീവിതരീതികളും മാറണമെങ്കിൽ ഇനിയും കുറേ വർഷങ്ങൾകൂടി കഴിയേണ്ടതായിവന്നേക്കാം. തികച്ചും അപ്രകൃതമെന്നുതോന്നാവുന്ന വേഷവും കാലത്തിന്റെ മുന്നേറ്റത്തിൽ സ്ഥാനമൊഴിഞ്ഞുകൊടുത്തിട്ടില്ലാത്ത വിഭിഷകളും ആകപ്പാടെ ശുചിത്വബോധമില്ലാത്ത പെരുമാറ്റങ്ങളും എല്ലാംകൂടെയുംകൂടുമ്പോൾ സാധാരണക്കാരായ തെലുങ്കരെപ്പറ്റി നമുക്കു് ഒരവജ്ഞതന്നെ തോന്നിയേക്കാം.

കൂടിയടുക്കുമ്പോൾ ഇന്നും മലയാളികളെപ്പോലെ മറുനാട്ടുകാരെ കാണാൻ വിഷമംതന്നെ. സൂക്ഷ്മത്തിൽ ഉള്ള ഒരു കൂലികൊണ്ടു തെലുങ്കൻ കായംകാണുമ്പോൾ മലയാളികൾക്കു് അല്പം വ്യത്യാസപ്പെടുത്തുന്നതുവേണം അതു്. എണ്ണത്തച്ചുകൂലിയെന്നതു് ഒരുപക്ഷെ തെലുങ്കർക്കു് അത്ഭുതകരമായ ഒരു സംഗതിയായിരിക്കും. ഒരിക്കൽ 'എന്റെ ഒരു സ്നേഹിതൻ—അതേപക്ഷം ഒരു തെലുങ്കനും ഒരു ക്രൈസ്തവനും ഹൈന്ദവനുമാണ്'—ചോദിക്കുകയുണ്ടായി; എണ്ണത്തച്ചുകൂലിയാൽ ആ എണ്ണയെല്ലാം വൃഥാനഷ്ടപ്പെടുത്തുകയല്ലെയെന്നതെന്നു്. അതിനേക്കാൾ കൂലികഴിഞ്ഞു എണ്ണതേയ്ക്കുകയുള്ളൂ. ഈ കാര്യങ്ങളെല്ലാം വളരെ നിസ്സാരങ്ങളെന്നു തോന്നിയേക്കാമെങ്കിലും ആകപ്പാടെയുള്ള ഒരു രീതി മനസ്സിലാക്കുന്നതിനു സഹായിക്കുകതന്നെ ചെയ്യും

ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ തെലുങ്കരിൽ പ്രകടമായി കാണുന്ന രണ്ടു പ്രത്യേകഗുണങ്ങളും ഹൃദയശുദ്ധിയും ഉച്ചുബുദ്ധിയും നമ്മെ ആകർഷിക്കാതിരിക്കില്ല. അല്പം ഇടുങ്ങിയ മനഃസ്ഥിതിയോ അല്ലെങ്കിൽ സങ്കല്പം അഹന്തയോ അവരിൽ കണ്ടെന്നുവരാം. പക്ഷേ അവർ ശ്രദ്ധാന്മാരാണ്. തികച്ചും സ്നേഹിക്കാൻകൊള്ളാവുന്നവരുമാണ്.

പുതിയ സംസ്ഥാനസൃഷ്ടി ഏതാണ്ടു് ഒരുണർവ്വ് ആകെക്കൂടി ഉണ്ടാക്കിയിട്ടുണ്ട്. നല്ല പ്രയത്നശീലമാണു് തെലുങ്കർക്കു് ഇപ്പോൾ ഒരു ആത്മവിശ്വാസംകൂടി കൈവന്നിരിക്കുന്നു. അവരുടെ ഇടയിൽതന്നെ സവർണ്ണരും അവർണ്ണരും തമ്മിൽ അല്പം മാത്സര്യമുണ്ടോയെന്നു സംശയം. അവർണ്ണരെ അകറ്റിനിർത്തുവാനുള്ള ശ്രമം സവർണ്ണർ ഉപേക്ഷിക്കുന്നുവെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. ആന്ധ്രാസംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണംതന്നെ ഏതാണ്ടൊരു സവർണ്ണസംഘടിതശ്രമം മാത്രമായിരുന്നെന്നും അവർണ്ണർ പ്രായേണ അക്കാര്യങ്ങളിലെല്ലാം അത്രയധികമൊന്നും ചില തെലുങ്കുസ്നേഹിതന്മാർതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. അവർണ്ണസവർണ്ണമാത്സര്യത്തിൽ മദ്രാസിൽ ബലകക്ഷിയായി ചില കഥകളും പറഞ്ഞതായി കേൾക്കുന്നു. പക്ഷെ ഇതൊന്നുംതന്നെ പുരോഗതിക്കു തടസ്സമായി നിൽക്കുമെന്നു വിചാരിക്കേണ്ടതില്ല. വളരെക്കാലമായി ആഗ്രഹിച്ചുകൊണ്ടിരുന്നതും അനേകം വത്സരങ്ങളായി പ്രക്ഷോഭണം സംഘടിപ്പിച്ചുകൊണ്ടിരുന്നതും അവസാനമായി ശ്രീ: പോറ്റി ശ്രീ: രാമുലു ജീവൻ ബലികഴിച്ചതും, തെലുങ്കരെ സംബന്ധിച്ചിടത്തോളം, അവരുടെ ജീവൽപ്രശ്നമായ ആന്ധ്രാസംസ്ഥാനസൃഷ്ടിക്കുവേണ്ടിയായിരുന്നു. അതു് ഒരു യഥാർത്ഥ്യമായിത്തീർന്നപ്പോൾ അവർ ആ സംസ്ഥാനത്തിനും അവിടത്തെ നാട്ടുകാർക്കും നാം ഭദ്രമുകൾ നേരുക.



ജാൺ ആഡംസ് — അമേരിക്കൻ ഐക്യനാട്ടുകളുടെ രണ്ടാമത്തെ പ്രസിഡന്റായിരുന്ന (1796—1800) പ്രസിഡന്റ് ആഡംസ് വാഷിംഗ്ടന്റെ ഭരണകാലത്തു രണ്ടുപ്രാവശ്യം വൈസ്പ്രസിഡന്റ് ആയിരുന്ന ദേഹമാണ്.



വാഷിംഗ്ടണിലെ UTW ഉദ്യോഗസ്ഥന്മാരുമായി ഇൻഡ്യയിൽനിന്നു വന്ന ഒരു ലേബർ മാനേജ്മെന്റ് പ്രതിനിധിസംഘം ചർച്ചകൾ നടത്തുന്നു. റിസർച്ച് ഡയറക്ടർ ഫ്രാങ്ക് ഗോർമന്റെ നേതൃത്വത്തിലായിരുന്നു ചർച്ചകൾ നടത്തപ്പെട്ടതു്. ഇരിക്കുന്നവർ, മി. ക്ലൈനർട്ടും (സെക്രട്ടറി ട്രഷറർ), മി: വാലെന്റൈൻ (പ്രസിഡന്റ്)യുമാണ്. നിൽക്കുന്നു: എച്ചു്. എം. ഘോഷ് (അസി. ലേബർ കമ്മിഷണർ; പശ്ചിമബംഗാൾ), സി. ആർ. ചന്ദ്രശേഖർ (അസി. സെക്രട്ടറി, ആൾ ഇൻഡ്യാ ഓർഗനൈസേഷൻ ഓഫ് ഇൻഡസ്ട്രിയൽ എംപ്ലോയീസ്), ലിയോനാർഡ് സാൻഡ്മാൻ (യു. എസ്. ലേബർഡിപ്പാർട്ടുമെന്റ്), ബി. എൻ. ഡാറാർ (പ്ലാനിംഗ് കമ്മിഷൻ), മി: ഗോർമൻ, എം. എം. മേത്ത, വിനായക കൽക്കർണി (ലേബർ ഫെഡറേഷൻ), കെ. ശ്രീനിവാസൻ (മിൽ ഓണേഴ്സ് അസോസ്യേഷൻ).




— തകഴി കെ. രാമവാര്യർ

12-12-1128—18-12-1128

27-7-1953—2-8-1953

അശ്വതി — ബുദ്ധിശൂന്യമായ പ്രവർത്തിമൂലം പാരസ്പരവിരുദ്ധമായ സംഗതികൾ വന്നുകൂടും. പുതിയസ്ഥാനം ആദായമാർഗ്ഗത്തിനു പറ്റിയതുമായ ഉദ്യോഗത്തിൽ ചിന്തിച്ചുറയ്ക്കും. ചിലരുടെ സംഘചർച്ചകൾ നഷ്ടത്തിനിടവരുത്തും. കഴുത്തുകിടന്ന കാര്യങ്ങൾ ശരിപ്പെടുത്തും. ചില എഴുത്തുകുത്തുകൾ ഗുണംചെയ്യും.

ഭരണി — ലാഭനഷ്ടങ്ങളെ അവഗണിച്ചും ഏറ്റെടുത്ത കാര്യം പൂർത്തീകരിക്കും. ആത്മാർത്ഥമായ സ്നേഹം നഷ്ടത്തിനിടവരുത്തും. ആശ്രിതരെ സഹായിക്കും. മാനസികമായ സുഖം കുറയും. വിഷമം വർദ്ധിക്കും.

കാർത്തിക — പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ ക്ലേശിക്കും. പണക്കഴപ്പം പരിഹരിക്കപ്പെടും. എതിരാളികളുടെ പ്രവർത്തനം ഗുണകരമായി പരിണമിക്കും. ചുമതലകളും ചലനവും ഉണ്ടാകും. സുഖത്തിനു പണം ചെലവിടും.

രോഹിണി — ഗുരുകാര്യത്തിനുവേണ്ടി നല്ലപോലെ യത്നിക്കും. അധികൃതരുമായി മല്ലിടും. പ്രയാസമേറിയ കാര്യങ്ങളും ഔത്സുക്യംകൊണ്ടും വശ്യതയും പരിശ്രമംകൊണ്ടും സാധിതപ്രായമാക്കുവാൻ കഴിയും. സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാകും.

മകയിരം — അഭിലാഷങ്ങൾക്കു നിവൃത്തിയും പുരോഗതിയും ലഭിക്കും. പണം എത്രവന്നാലും ആവശ്യത്തിനു മതിയാകാതിരിക്കും. ഏതുവിധമായാലും കാര്യങ്ങൾക്കു കുഴപ്പം തട്ടുകയില്ല. ഭരണീയരുടെ പെരുമാറ്റത്തിൽ വൈരൂപ്യം ഉണ്ടാകും.

തിരുവാതിര — സ്വാർത്ഥത എവിടെയും പ്രത്യക്ഷപ്പെടുത്തും. വിവാദഹേതുകൾ ഉണ്ടാകും. കഴിഞ്ഞ കാര്യത്തെപ്പറ്റി ചിന്തിച്ചു കണ്ണിരൊപ്പിടും. സാമൂഹ്യചിന്ത പുരോഗതിക്കു ഗുണകരമായിത്തീരും. ഗുണബാഹ്യത കൂടിവരും.

പുണർതം — ആശ്രിതരുടെ പെരുമാറ്റത്തിൽ അസംതൃപ്തിയുളവാകും. അനിവാരിതങ്ങളായ ആവശ്യങ്ങൾക്കു പണം തികയാതെ വന്നുകൂടും. ചുമതലകളും നിർവ്വേറുവാൻ വിഷമംതട്ടും. ശ്രീഭോഷം കോപിക്കും.

പൂയം — അനന്യസാധാരണമായ നിമിത്തമോ സഹപ്രവർത്തകർ നിമിത്തമോ ധനവും ദുഷ്കീർത്തിയും ഉണ്ടാകും. പ്രവർത്തനപുരോഗതിക്കു ചില പ്രതിബന്ധശക്തികളും പ്രത്യക്ഷപ്പെടും. ഗൾഹസ്ഥ്യസുഖം കുറയും. അധികൃതർ ദ്വേഷിക്കും.

ആയില്യം — ചില കാര്യങ്ങളും ഒഴുക്കിനിർക്കുവാൻ മതിയാകും. കഴഞ്ഞ കാര്യങ്ങൾക്കു സമാധാനമുണ്ടാകും. പ്രബലവ്യക്തികളുമായി സഹകരിക്കും. നിയതമായ പരിപാടികളിൽ ഏർപ്പെടും. ക്ലേശകരമായ വാർത്ത ശ്രവിക്കും.

മകം — അമിതവ്യയങ്ങളും വന്നുകൊണ്ടിരിക്കും. നിവർത്തിമാർഗ്ഗങ്ങളും തെളിയും. കോപംനിമിത്തം അഹിതമായ വാക്കുകളുണ്ടാകും. മംഗളകർമ്മത്തെക്കുറിച്ചു് ആലോചിക്കും. സജ്ജനങ്ങളിൽ ചിലർ ശത്രുക്കളാകും.

പൂരം — അല്പം ചില ലാഭമോ ആദായമാർഗ്ഗമോ ലഭിക്കും. ഗുണകരമായ ഒരു പരിവർത്തനം ലഭിക്കും. സഹപ്രവർത്തകർമൂലം അപമാനവും അപജയവും സംഭവിക്കും. സന്താനങ്ങൾക്കു് ശരീരസുഖം കുറയും.

ഉത്രം — സ്വകാര്യവ്യക്തികളുമായുള്ള കൂട്ടുകെട്ടും സഹായവും ക്ലേശത്തിനിടവരുത്തും. സ്ഥാനവ്യതിയാനമോ നഷ്ടമോ ഉണ്ടാകും. പതനഭീതിക്കിടയുണ്ടു്. ധനത്തിന്റെ അഭാവം കാര്യവിളംബമുണ്ടാക്കും.

അത്തം — കൂട്ടുചേർന്നുള്ള സംഗതികളിൽ നഷ്ടമുണ്ടാകും. ചില വിപത്തുകളും വലയംചെയ്യും. വായുക്ഷോഭിക്കും. ക്ഷതമോ കരുക്കളോ പിടിപെടും. ഉന്നതന്മാരുമായി ക്രയവിക്രയം ലഭിക്കും. ക്രയവിക്രയഗുണം ലഭിക്കും.

ചിത്തിര — ചുമതലകളിൽ കുഴപ്പം വളരും. ഒരു മാനസികസംഘർഷം ഉടയാഞ്ചെയ്യും. ഭരണീയരുമായി അഭിപ്രായഭിന്നതയുണ്ടാകും. ഉന്നതന്മാരുമായി അടുത്ത ചില സമ്പർക്കങ്ങൾക്കിടവരും. ഉദരസുഖം കുറയും.

ചോതി — കൂട്ടുകച്ചവടത്തിൽ വിശ്വസിക്കയും സഹായിക്കയും ചെയ്യുന്നതിനിമിത്തം ചില കുഴപ്പങ്ങളും ഉണ്ടാകും. ധനപരമായ കാര്യങ്ങളിൽ മനസ്സു ചൂടുപിടിക്കും. പുതിയ സ്ഥാനം സ്വീകരിക്കും വ്യാപാരത്തിൽ ഉഴപ്പിലെത്തും. വാഹനംനിമിത്തം നഷ്ടം സംഭവിക്കും.

വിശാഖം — സ്വതന്ത്രമായ ബുദ്ധിവിശേഷത്താൽ വിഷമതകളും അകലും. വക്രതയിൽക്കൂടിയുള്ള പ്രവൃത്തിയിൽനിന്നു നിവൃത്തിക്കിടവരുത്തും. കാർഷികമായ നഷ്ടങ്ങളും മനോപീഡയുളവാക്കും. അവിചാരിതമായ ഭാഗ്യോദയലാഭക്കേടിനു നിമിത്തമാകും.

അനിഴം — അലസത പല കാര്യത്തിനും കുഴപ്പമുണ്ടാക്കും. പാഴ്വ്യയവും പരാധീനതയും പരതന്ത്രതകളും കൊണ്ടു കഴയും. അധികൃതർ സഹായിക്കും. സ്വകുടുംബവഴക്കത്തിൽ ഭീതനാകും. പണി ചുമ ഇവയുണ്ടാകും.

തൃക്കേട്ട — രാഷ്ട്രീയകാര്യങ്ങളിൽ മുതലെടുപ്പാൻ തുനിയും. സ്വാഭിപ്രായത്തിൽനിന്നും വ്യതിചലിക്കയില്ല. ബുദ്ധിപരവും വിവേകപൂർവ്വമായ പ്രവൃത്തി വിജയത്തേയും പ്രശസ്തിയേയും വളർത്തും.

മൂലം — മോഹനസപ്പണങ്ങളും പലതും നിർവ്വിഘ്നം നടപ്പിലാകും. വ്യാപാരം അധഃപതിക്കും. ശത്രുക്കൾ കൂടും. അപകടമായ ചില സന്ദർഭങ്ങളും ഈശ്വരാധീനതയാൽ നീങ്ങും. ദേശീയകാര്യത്തിൽ ശ്രദ്ധപതിക്കും. പുതിയ സഹായികളുണ്ടാകും. അടുത്തിരുന്നവർ അകലും.

പൂരാടം — വൈക്ലബ്യമുണ്ടാക്കുന്ന കാര്യങ്ങളിൽ ചാടും. ആശ്രിതരെ പ്രീതിപ്പെടുത്തും. വരുമാനങ്ങളുടെ പ്രതീക്ഷ നിരാശയിൽ എത്തും. ഗുരുജനാരിഷ്ടതയുണ്ടാകും— വിശ്രമമില്ലാത്ത ജോലികളാൽ ക്ലേശംവർദ്ധിക്കും.

ഉത്രാടം — പരിവർത്തനംമൂലം ഭയവും ക്ലേശവും വ്യയവുമുണ്ടാകും. ശരീരത്തിനും മനസ്സിനും ക്ഷീണംതട്ടും. മനസ്സിനെ ചൂടുപിടിപ്പിക്കുന്ന കാര്യങ്ങളും വലയംചെയ്യും. ഉദ്ദിച്ച കൂട്ടുകെട്ടുകളും അപമാനതയെ വരുത്തിവെയ്ക്കും.

തിരുവോണം — അഭ്യാസനത്തിനു തക്ക പ്രയോജനം കണ്ടെത്തുകയില്ല. നിത്യനൈമിത്യാദികാര്യങ്ങൾക്കുപോലും മുട്ടുതട്ടും. കടം വർദ്ധിക്കും. ദ്രവ്യനേരത്തിലും സൽക്കാരത്തിലും മനസ്സു പതിയും. ദുഷ്കാലത്താൽ പലവിനയും പിണയും.

അവിട്ടം — വിഷമതകളും വർദ്ധിക്കും. ധനവിഷയത്തിൽ തെരുതെരും. കായികമായും മാനസികമായും സുഖം കുറയും. വ്യവസായത്തിനു മന്ദതയുണ്ടാകും. സന്താനങ്ങളുടെ ഹിതം പാലിപ്പാൻ വൈമുഖ്യം കൊള്ളും.

ചതയം — വ്യവഹാരവ്യവസ്ഥാപിതകാര്യത്തിൽ സമാധാനംപുലർത്തും. കാര്യങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കും. വരുമാനത്തിനു് ഉടവുതട്ടും. കളത്രചിന്ത മനസ്സിനെ പീഡിപ്പിക്കും. ആവശ്യമില്ലാത്ത കാര്യത്തിൽ ചാടും.

പൂരുരുട്ടാതി — സ്വകുടുംബനിർവ്വഹണത്തിൽ പരുരുഷപ്രകടമാകും. പണക്കഴപ്പും നേരുകേടിനിടവരുത്തും. കാർഷികകാര്യത്തിൽ നിരാശയുണ്ടാകും. പുതിയ മൈത്രികൾക്കിടയുണ്ടു്. സമ്മേളനത്തിൽ പങ്കെടുക്കും.

ഉത്രട്ടാതി — ബന്ധുക്കളാലും അധികൃതരാലും പല നന്മകളും ലഭിക്കും. അഭീഷ്ടങ്ങൾ സാധിക്കും. വരുമാനം കൂടുതലായുണ്ടാകും. സുഖം കൂടുതലായി ലഭിക്കും. സന്താനങ്ങൾ ഉദ്യോഗകാര്യശ്രമമുണ്ടു്.

രേവതി — ഏതുകാര്യത്തിലും വൈര്യം പൊന്തിനിൽക്കും. മുന്നോറാതെ പ്രേരിതനാകും. ലേഖനഗുണം പ്രശസ്തി ഇവ വരും. കഴിഞ്ഞകാര്യങ്ങളിൽനിന്നും കൂടുതലായി ആദായം ഉണ്ടാകും. പുരോഗതിക്കുവേണ്ടി ചിലകാര്യങ്ങളിൽ ഇടപെടും.

★

## തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലർ

### ബി രു ദ ർ

അയ്യങ്കൊല്ലത്തിലെ രിക്കുന്ന കാമൺവെൽത്തിലെ സർവ്വകലാശാലാകോൺഗ്രസ് ജൂലൈ 13-നു തീയതി കേംബ്രിഡ്ജിൽവച്ചാരംഭിച്ചിരിക്കുന്നു. കാമൺവെൽത്തുകളിൽനിന്നു നൂറോളം സർവ്വകലാശാലാമേധാവികളുണ്ടു് ഇതിൽ പങ്കെടുക്കുന്നതു്. കൂടാതെ അമേരിക്കൻ സർവകലാശാലകളുടെ ധാരാളം പ്രസിദ്ധന്മാരും യോഗത്തിൽ പങ്കെടുക്കുന്നുണ്ടു്.

സമ്മേളനമാരംഭിക്കുന്നതിനു് ഒരാഴ്ചമുമ്പു് സർവകാര്യസംഭാഷണങ്ങൾക്കായി ഡ്യൂറാം എന്ന സ്ഥലത്തുവച്ചു് ഈ സർവ്വകലാശാലാമേധാവികൾ യോഗം ചേർന്നു. സംഭാഷണങ്ങളിൽ പങ്കെടുത്തിരുന്ന പ്രശസ്തരായ അഞ്ചു വ്യക്തികൾക്കു് ഡ്യൂറാം സർവ്വകലാശാലക്കാർ ഡോക്ടർ ഓഫ് സിവിൽ ലോസ് എന്ന ബഹുമതി ബിരുദം നൽകുകയുണ്ടായി. അതിലൊരാൾ തിരുവിതാംകൂർസർവ്വകലാശാലയുടെ വൈസ് ചാൻസലറായ ഡോ: രാ സ്വാമിമുതലിയാരാണു്.

★

FOR NEW WATCHES, CLOCKS and PENS
REPAIRS also
Sales & Service
KRISHNAN NAIR'S WATCH Co
TRICHUR-ERNAKULAM & QUILON

# തകർന്ന സ്വപ്നം



[ഇസബെല്ലാ എന്ന ഇംഗ്ലീഷ് കൃതിയെ ആശ്രയിച്ചു സ്വതന്ത്രമായി രചിച്ച ഒരു ഗാനശില്പം.]

— കോന്നിയൂർ ആർ. നരേന്ദ്രനാഥ്
ബി. എസ്സ്സി. ബി. എൽ. —

കരളുകളലിയിക്കുമ്മേക്കിക്കുടി
കവനത്തിൻതളത്തിൽ നിമ്നഗകൂടി !
വനമുല്ലപ്പൂതേൻതുള്ളിക്കൊപ്പുഞ്ചിരിതൂകി
വനകന്യമാരൊക്കെക്കേളിയിൽപ്പൂകി !
നീഹാരംനിങ്ങി വെളിച്ചത്തിൽമുങ്ങും
നീലമലകളിൽ നിത്യനടഭംഗി !
പാഴായനിലമാകെ ഹരിതാഭമായി
നീവാരംനിറയുന്ന പാടങ്ങളായി !
പുളകങ്ങൾപൂക്കളായ് തെളിയുന്നകാലം
പുലിനംകളിത്തട്ടായ് മാറേണ്ടകാലം !
പോരുവിൻപോരുവിൻ തളംചവിട്ടി-
ച്ചേരുവിൻചേരുവിൻ കേളികളാടാൻ !

ഒരു പക്ഷി:—

ആകവേമനോഹരമക്കാലമഗ്രാമത്തിൽ
രംഗകേളികൾപൊങ്ങും വസന്തോത്സവമാടി !
തിങ്ങിയകുതൂഹലതരംഗം കുമുദത്തെ
ഭംഗിയിൽരമിപ്പിച്ചു പോരവേയൊരുദിനം,
മാധവസന്ദർശനം നേടിനാം മണിത്തേരിൽ
മംഗലസപ്തസ്വരങ്ങളിലെത്തുമപ്പൂവമ്പനെ !...

[പച്ചിലച്ചാർത്തുകൾ കാറിലനങ്ങുന്ന ശബ്ദപശ്ചാത്തലം.]

ഗാനം:

കുമുദം:—

വരമെന്നെ തരാനിങ്ങു വരുന്നായക!...
പുഷ്പശരമോഹന !

1. പ്രണയത്താൽ വിവശനാൻ
തവ ബാഹുവിൽ—വേഗം
പ്രേമിനി സമംചേർക്കൂ-
വരൂ മന്മഥ ! (വരമെന്നെ...)

2. മണിമഞ്ചമൊരുക്കിഞാൻ—
മണിമേടയിൽ—പോരൂ
പ്രണയത്തിൻ സുഖമേകാൻ
വരൂ മോഹന ! (വരമെന്നെ)

3. മമഹൃത്തിൽ മണിദീപ-
പ്രഭചിന്തുവാൻ—നിത്യം
മലർമാല അണിയിക്കാം-
വരൂ മാധവാ ! (വരമെന്നെ)

4. ഒളിവീശിത്തെളിയിക്കൂ—
മനോമണ്ഡലം—പൊങ്ങും
ശരൽക്കാല ശശിപോലെ-
മനോനായക. (വരമെന്നെ)

രണ്ടു പക്ഷികളും ചേർന്ന്:—

തരങ്ങളാം തിങ്ങുന്ന നീലവാനം
തുടുക്കുന്ന ശോഭയിൽ മുങ്ങിമുങ്ങി
വടാമലരുകളാം തിങ്കിനിൽക്കും
വരാറാവാടിയിലേകനായി
ദീപാവലികളുലെങ്ങുമെങ്ങും
ദീപ്തിചെരിയുമാ മാളികയിൽ
കാമിനിതന്നുടെ വെൺമുറിയിൽ
നീണ്ടുനിഴലുകളാം നോക്കിനോക്കി
നിസ്സാരശാവിരശനായി
നിരക്കുന്നായ് മാധവൻ രംഗലോലൻ !

* * *

ഗാനം:

മാധവൻ:—

വരുമോസഖി, നീ വനിയിൽ
വരനാരീ നീ വരുമോ ?

1. മുഗ്ദ്ധാനുരാഗ പ്രതിബിംബത്താൽ
ബുദ്ധ്ബുദമീഞാൻ മോഹനനായി... (വരു
2. മദിരോത്സവമീനാളിൽ നമ്മെ
മതിവരുവോളം ശ്ലേഷിച്ചീടാൻ... (വരു
3. മതിനേർമുഖി നീ വരുമോയിവനെ
മണിവരനായി മാറാൻ മന്നിൽ... (വരു
4. മോഹവിമോഹനമെൻമതിപുൽകാൻ
മോഹനഗാമിനി വിരവോടരികിൽ... (വരു
5. മലിനാംബരമീ ജീവിതമെന്നാൽ
മലിനതമാറി പുതുമകളണിയും. (വരു

* * *

ഒരു പക്ഷി:—

അങ്ങിനെ മോഹനരങ്ങുവർ രണ്ടുപേർ
തിങ്ങുംപ്രതീക്ഷയിവശരായേറാറും !
തങ്ങളിൽതിങ്ങിടും രംഗമധുരസം
തമ്മിൽപകരുവാൻ വെമ്പിനിന്നീടവേ !
തോട്ടത്തിലുത്തമപുഷ്പങ്ങളിക്കുവാൻ
പോകുംകുമുദമുയർത്തുന്ന ശിഞ്ജിതം
മന്മഥനേകുന്ന സന്ദേശമെന്നപോൽ
മാധവൻ കണ്ണിനാനന്ദവാണിയായ് !
തങ്കക്കിനാപൂപോലുള്ള മണിമേട-
തന്നിൽവിതാനിച്ച വെൺമുറിതന്നിലായ്
താനാറാമരനേറ മേനിനിനച്ചുകൊ-
ണ്ടോമലർമനം നിന്നു വികാരവിവശയായ് !
തമ്മിൽതഴുകുന്ന നോട്ടത്തിലായിരം
സമ്മോഹസന്ദേശസാരം പകർന്നവർ !
തങ്ങളിൽകാണുന്ന നേരത്തിരുവരും-
താങ്ങാത്തചാഞ്ചല്യമാർന്നു നിന്നിട്ടും !

[സ്ത്രീകളുടെ ചിരികളുടെയും മറ്റും ശബ്ദങ്ങളും അതു ക്രമേണ നിൽക്കുമ്പോലും]

ഗായകസംഘം:—

ആനന്ദംകണിയേകും കാലമായ്—പര
മാനന്ദം മുടിചൂടും കാലമായ്.....

1. കനികൊയ്യാൻ പാടത്തിൽ-
നേരമായ്—പുന്നെൽ
മണിമേടനിന്നിനിപ്പോകണം... (ആനന്ദം)
2. കനിവാർന്നകാലത്തിൻ-
മുത്തുപോൽ—മിന്നും
കനിയാകെത്തേടുവാൻപോകണം...
(ആനന്ദം)
3. കുളിവഞ്ചികേറിയക്കരയിലിൽ—കൊച്ച
തീരകളിൽ തത്തിക്കളിക്കണം... (ആനന്ദം)
4. അണിയായിപ്പാടിടനെത്തിടാം—രംഗ
മണിയുന്നിലാവിലീ രാവിതിൽ... (ആനന്ദം)
5. കണവന്റെ കണ്ണിലെത്തണം—മോദ
മണിനാദമാകുമിക്കേളികൾ... (ആനന്ദം)

* * *

[വിദൂരതയിൽ മംഗലശബ്ദങ്ങളുടെ പ്രതിധ്വനി]

ഒരു പക്ഷി:—

അന്നൊരന്തിയിലങ്ങവർ
പൊന്നശോകത്തിൻ ചോട്ടിലായ്

---

(പലവിധ പക്ഷികളുടെ ശബ്ദകോലാഹല പശ്ചാത്തലം.)

കറെ പക്ഷികളും:—

നീലനിറമൊത്തോരംബരം ചുംബിക്കാൻ
ചേലെഴുന്നിയുമീ വന്മരത്തിൻ
തായയിലീവിധം ദീനയായ് മേവുമീ
കാതരനേതുയാളുരുതാനോ ?
അല്ലല്ലകാണുന്നതെന്തുതാനാർദ്രമീ
രത്നല്ലിടിഞ്ഞിട്ടൊരു കൽത്തറയോ ?
ചേലൊത്തപുഷ്പത്താൽ തീർത്തൊരുമാലയും
തോരകപോലൊരു കൈത്തിരിയും,
വാടാമലരുകളച്ചെരുതാലത്തിൽ
നേടുമിപ്പൂജാരിയാരുതാനോ ?

രണ്ടു പക്ഷികളും:—

കുമുദമൊരുകേളതിലകം മഹിതയവും പക്ഷേ
കനകമതിൽ മുഴുകിയിന്നീ കണ്ണുനിരായ് മാറി.

മാറാ പക്ഷികളും:—

നാരുണ്യംമൊട്ടിട്ടു നിൽക്കേണ്ടമേനിയിൽ
താങ്ങാത്തദീനതയെന്തുകൊണ്ടോ ?
പല്ലവതുല്യം തുടുത്തു തിളങ്ങേണ്ട
പേലവച്ചുണ്ടിലീ ശോകഭാരം ?
മായുന്നവർമഴവില്ലുപോലെന്തുവാനും
മായുന്നുമായുന്നീ ചില്ലികളിൽ ?
സത്യപ്രപഞ്ചം തെളിഞ്ഞുവിളങ്ങേണ്ട
നേത്രങ്ങളെന്തിനു ശോകമൂകം ?

ഒരു പക്ഷി:—

അതുലസുഖസമൃദ്ധമാകുമീ ഗ്രാമവും
അതിലളിതരായൊരാ ഗ്രാമീണബാലരും
പരമദയനിയമാശോകാന്തനാടകം
പരിചിലവർചൊല്ലുവേ കേട്ടുഞാനന്തിയിൽ:—
പണ്ടൊരുപണ്ടേ പ്രതാപപരത്തിടം
പ്രാകാരമെന്നപോൽ പൊങ്ങും പ്രഭാഗ്രം.
ശൈശവ്യദേവിതൻ വീണസ്വനം സദാ
തിങ്ങുംതരംഗമുതിർക്കുന്ന പാൽക്കടൽ.
ആരമ്യഹൃത്തിലാനന്ദലക്ഷ്മിയായ്
ആരോഹണംചെയ്ത ദേവിയിദ്ദേവത !
ആശംസചെയ്യുകാണ്ടപ്പൊഴും നിൽക്കുമാ-
സേവകസംഘവും സ്നേഹിതവൃന്ദവും
ആശകളേറും പുലത്തിക്കൊട്ടാരവാൻ
ആശയംകാക്കുന്ന സോദരർ രണ്ടുപേർ
ആലസ്യമശേഷ ജീവിതംസോദരി-
ക്കായ്കുമ്മത്താലതളിയന്നദിനം !

മാറാരു പക്ഷി:—

ഞൻപാന്ഥവത്സല്യമുത്തിയാമമ്മതൻ
ഉമ്മവച്ചുമ്മവച്ചോമനിക്കും വിധം
വൻപെഴുംകാലം കുമുദത്തിനങ്ങൊരു
തങ്കക്കിനാപോൽ താരുണ്യരേകവേ
കാര്യപ്രതീക്ഷകളം മൊട്ടിട്ടുനിൽക്കുന്ന
കല്പദ്രുമംപോലെ ശോഭിച്ചു മോഹനി !

രണ്ടു പക്ഷികളും ചേർന്ന്:—

ഉദയംതോറും കുമുദത്തിൻ
ഹൃദയം കാമൃത കൈക്കൊണ്ടു
ഉയിരുമെയ്യും മാറോറീ-
ട്ടുയരുകയായ് നവരാഗപങ്കം !

* * *

[ജനാരവവും ഉത്സാഹപ്രകടനങ്ങളും, അതു ക്രമേണ നിലയ്ക്കുമ്പോലും]

ഗായകസംഘം:—

മരമായമരമാകെ മലരുകളംചൂടി
മാനത്തിൻമുറ്റത്തു നീഡജംപാടി !

മംഗലാശ്ലേഷബാഷ്പരായ്
മുങ്ങിയാനന്ദ ശംഭായിൽ !
മുത്തണി മുലത്തട്ടിലായ്
മുത്തമേകിയക്കാമുകൻ !
വാനകേളികളിക്കിളി
ത്തുവിപൊന്നരങ്ങളിൽ !
പുഷ്പരം നിതംബത്തിലും-
പുഷ്പബാഷ്പക്കണങ്ങളോടേ
രോമഹർഷ വിവശയായ്
മേനിതെല്ലു തളർന്നുപോയ് !

ഗാനം:

മാധവൻ: —

ആലസ്യമേൽക്കരുതെന്റെ തങ്കം
പൂരിതമായെന്നരംഗസ്ഥലം !

കുമുദം: —

ജീവിതസായൂജ്യ മണ്ഡപത്തിൽ
ഭാവുകമെത്തിയിന്നീപ്രിധത്തിൽ !

മാധവൻ: —

ഭാവിയിലെൻമനിക്കോവിലിൽ നീ
മൂർത്തിയായിത്തെളിച്ചുമേകീ !

കുമുദം: —

പൂതനമോദം തളത്തുനിത്യം
പൂവണിത്തൂപ്പോലെന്റെ ചിത്തം !

മാധവൻ: —

ഭംഗുരം നീ തെളിച്ചമർത്തും
ഭാസുരമായെൻ കർമ്മമാർഗ്ഗം !

കുമുദം: —

ചൊല്ലുന്നതാനിനി നൃത്തമാടാം
വല്ലരിതോൽക്കുന്ന ശോഭയോടെ !

മാധവൻ: —

ഉല്ലാസമോടെഞാൻ പാടിടാമീ
ഹല്ലീസരാഗത്തിൻ ഗീതകങ്ങൾ !

രണ്ടുപേരും കൂടി: —

ആനന്ദമാനന്ദമെങ്ങുമെങ്ങും
സാനന്ദരശ്മിതരംഗമെങ്ങും !

* * *

ഒരു പക്ഷി: —

അവരുടെ സങ്കല്പജീവിതമെന്നായ്
അനഭിനമങ്ങിനെ ശാന്തമൊഴുകി.
കുമുദത്തിൻസോദരരക്ഷകേട്ട
കുപിതരായ്വൻചതിക്കായൊരുമ്പെട്ട !
അനാഥമപ്രേമത്തിടമ്പിന്റെ നെഞ്ചിൽ
അവരങ്ങൊരായുധം ചേക്കാനൊരുങ്ങി.
മനിച്ചുവേട്ടയ്യനായ്ക്കോപ്പുകളും കെട്ടി
മാധവനേടൊത്തു പോയൊരുകാട്ടിൽ
വന്മലക്കോട്ടകം ചുറ്റും നിറഞ്ഞു
തിങ്ങുന്നവന്മരക്കൂട്ടത്തിലെത്തി.
ചൊവ്വംകരുണയില്ലാതവരൊറ്റ-
വെട്ടാൽ കെട്ടിത്തിനജീവനെക്കൊണ്ടു !
മാധവനങ്ങിനെ മണ്ണിൽ ലയിച്ചു
മരുലോകരാരുമറിയാത്ത ദിക്കിൽ !
മാങ്ങാത്തപാപം പുറത്തെങ്ങുമക്കും
തോന്നാത്തമട്ടിലപ്പാപികൾ പോന്നു.
സത്യംവളരാത്ത മാനസരങ്ങു-
കൃത്യമായ്ക്കാനൊരു കഥചൊല്ലി !:—

സഹോദരന്മാർ: —

മാധവനത്യാവശ്യക്കാര്യമായ് മദനാട്ടിൽ
പോയമാണൊരുപക്ഷേ യെത്തുവാൻ
(വൈകിപ്പോകാം.

മാലൊഴിഞ്ഞിനിനിന്റെ മംഗല്യംനടത്തണം
മാരനെപ്പോലെ പുഷ്പചൂതനിങ്ങെഴുന്നള്ളും.
ഓമനേ!നിൻജീവിതമാകവേ തെളിയിക്കാൻ
താവകസഹോദരർ ചൊല്ലുന്നതെല്ലാം ചെയ്യൂ !

ഒരു പക്ഷി: —

അവരുചൊന്നൊരു ദിനമാമക്കഥ
അവളുനേരൊന്നാച്ചു കാത്തിടിനാൻ.
വഴിതന്നുറ്റുനോക്കിടാരേം വരുന്നതാ-
സുഖകുണ്ഡലുടൻചെന്നു നോക്കിട്ടും
വിരവിലംബരം നോക്കിനോക്കിസ്വയം
വിമലനന്നതിക്കായിട്ടു നേർന്നിടും !
ചെറിയകാറ്റേമെന്നിയാവതിലിൽ
ചെറുകയെന്നു തുടഞ്ഞാൽ മതിയവൾ,
മനമുണർത്തിയ കാമുകനെത്തിയാ-
കനകവാതുക്കൽ നഷ്ടതയോത്തിടാം.
ഇതുവിധമവൾ നിമ്മിച്ച ഭാവനാ-
സൃതരംഗങ്ങളിങ്ങനെ പോകുന്നായ്.
ഒരുകൊടുംരാത്രി മദ്ധ്യത്തിലോമലേ
ഒരുവാതുമ്പലിൻ ശബ്ദം ശ്രവിക്കയാൾ
അരുണമായുള്ള നേത്രങ്ങൾമെല്ലെയാ-
നൊരുവിധത്തിൽ ഉറക്കുനോക്കിടവേ
ഇരുളലങ്ങാം കട്ടിലിൻതൊട്ടുകൊ-
ണ്ടിരുളപൂണ്ടങ്ങു മാധവൻനിൽക്കയായ് !
അതിരുകാണാത്ത വേദന തിങ്ങിയോ-
രധരമൊട്ടെന്നനഞ്ചി പതുക്കവേ
അവളുവിസ്മൃതകയായ് നിൽക്കവേ
അതുപറഞ്ഞുതൻ ശോകോദ്ഗമം കഥ:—

മാധവന്റെ രൂപം: —

അതുലേ!ഞാനിന്നാ വിജനഭൂവിൽ
അതിരില്ലാതുള്ളോരഴലിൽ മുങ്ങി
അകലെയീടേതൻ റാണിയാം നിൻ
അകാരഭംഗികളോർത്തുനിത്യം
ആഹതനായിലേകനായി
ആശാപാശരശ്മികൾ കാത്തിരിപ്പു.
ഉത്സുകമാമെലേ! നീയതെല്ലാ-
മനുസ്മൃതമാത്മാവിനാസ്വയോടെ !
ഉടകമായെങ്കിനിൻ നേത്രബിന്ദു
ഉടയത്തൊടുപ്പമുണർന്നു നീക്കൻ.
അതിനായിനിയെന്നു നാഴികയും
അമലേ!യുടാസീനമാക്കിടൊല്ലേ !.....

* * *

രണ്ടു പക്ഷികളും: —

അതുപറഞ്ഞുതൻ മറഞ്ഞവൻരൂപം-
നിറഞ്ഞൊരാസ്മരയെങ്ങും
ഒരുങ്ങിയപ്പോഴെ വനത്തിലേക്കവൾ
പരന്റെ ചാരത്തണയാൻ.....
പുലച്ചു യിലവളിവിടെയീമര-
ച്ചുവട്ടിലെത്തിക്കഴിഞ്ഞും
തുടിത്തകണ്ണിൽനിന്നനഘമാകുമാ-
തുഷാരബിന്ദുക്കളെങ്ങും
പതിച്ചുപോയെങ്ങും കനത്തസ്നേഹത്തി-
ലുതിർത്ത മണികുംപോലെ !

ഗാനം:

കുമുദം: —

കരുണയാറലോകമേ തൻ
കരളൊന്നു കേണിടാം—ഈ
ഇരുളിലിന്നു വാണിടാം.....

1. കദനമുകിൽ മാലയിന്നെൻ
വദനമാകെ മൂടവേ..... (കരുണ)
2. വിജനദേശത്തിവിടെയെന്നും
മദനനാഥ തോഴിയായ്..... (കരുണ)

# കുതിരപ്പന്തയം

★

— എഴുമറ്റൂർ കരുണാകരൻ —

ചരിത്രംതെളിവിന്റെ കൈയിൽനിന്നടർത്തി
പ്പിടിച്ചിന്നാറ്റിന്റെ വിസ്തൃതസംമ്യേ-
ഏറെയു,ണ്ടവയെല്ലാമപ്പുറത്തരംഭിച്ചു ഞാനും
പേകമാംനിരപ്പാം നീണ്ടപാതയിൽക്കൂടി,
ഇരുളും വെളിച്ചവുമിരുമ്പിപ്രവഹിക്കു-
മിരുപകൽകൾകഥനം കാലത്തെപ്പറ്റിയോർത്തു
പായുന്നുപട്ടുകുറ്റൻ പന്തയക്കുതിരപോൽ.
വ്യത്യസ്തസ്വഭാവങ്ങളുൾക്കൊള്ളും വ്യക്തികളിതു-
ന്നതുന്നതസുസ്ഥിര മേഖലകളിൽക്കൂടി,
കുതിയിൽകൊട്ടുംകുറിൻവേഗവും പോറി,തെല്ലു
മിമ്പുള്ളുതുമുന്നോട്ടുഞ്ഞുകുതിക്കുമ്പോൾ,
പാതയിൽപതിയുന്ന കാലടിപ്പാടുകൾ,ഞാൻ
മാനവൻ? അവനെറയിചിരിയും തുരഗത്തിൻ,
വായിൽനിന്നുച്ചക്ലേശം തുപ്പിയവെള്ളപ്പത
വായുവിൽചിന്നിച്ചിന്നിവീണുപറിയുന്നുവും.
കാണുവാൻകഴിയാത്ത വേഗത്തിൽകുതിച്ചതു
പായവേകളുമടിയിളക്കും പൊടിച്ചാത്താൽ,
തെളിവാറുമുറിക്കാണുന്നു പിന്നിട്ടതാം
വഴികൾ,അതിനെ നാം ഭൂതമെന്നോതീടുന്നു.
ആണ്ടുകളുസംഖ്യങ്ങൾ താണ്ടിവന്നിവിടെത്തി
വീണ്ടുമിതെങ്ങോട്ടേയ്ക്കോ കുതിക്കാൻകൊ-
(തിക്കുന്നു
എന്തിനായെവിടെച്ചെന്നെത്തുവാനായിട്ടാരീ
പന്തയംനടത്തുന്നെന്നാരിവിലുരുത്തക്കും
വിസ്മയംകുതിരിട്ടകണ്ണുമായ് നക്ഷത്രങ്ങ-
ളെത്രനേരമായ്നോക്കിനിശ്ചലം വിഹായസ്സിൽ
എന്തിനാ,യെവിടെച്ചെന്നെത്തുവാനായിട്ടണീ
പ്പന്തയം? ആരാനതിനന്തരം പറയുവാൻ?...

---

(അവകാശം)

★

---

3. വിജയാർത്ഥം തെളിയുവോളം
കദനമേറും വാഴുവാൻ..... (കരുണ)

ഒരു പക്ഷി: —

ഇങ്ങനെയീക്കുമുദമെന്നു കണ്ണുനീർകയത്തിൽ
മുങ്ങിയിന്നിവനന്തരത്തിൻ പോട്ടിലിങ്ങിരിപ്പു.
മധികവും മധുരമുദ്ദമദകരം പ്രേമം
ചതിവിലേവം ചാമ്പലായശേഷമുള്ളുരൂപം !...

# പോയൻറ്സ്മേൻ

— എ. ബാലകൃഷ്ണൻ —

## പൊടുകേട്ടു

"പന്ത്രണ്ടര"……

സ്റ്റേഷൻമാസ്റ്റർ തന്നെകണ്ടിട്ടില്ലെന്ന ഭാവത്തിൽ, കണ്ടൻ പതുങ്ങിപ്പതുങ്ങി സ്റ്റേഷനകത്തേയ്ക്ക് കാലെടുത്തുകുത്തി ചുമരിൽ വെച്ചിരിക്കുന്ന ക്ലോക്കിൽ ഏറുകണ്ണിട്ടുനോക്കി മന്ത്രിച്ചു.

"കണ്ടനെന്തേവൈകി?"

ഒക്കപ്പാഞ്ഞ് ഒരടി. കണ്ടൻ അല്പം ഞെട്ടുകതിരുന്നില്ല. മാപ്പു ചോദിക്കുന്നമട്ടിൽ അവൻ മാസ്റ്ററുടെനേരെ മുഖംതിരിച്ചപ്പോഴേക്കും അദ്ദേഹമിരുന്ന ഊഞ്ഞാലൂഞ്ഞാടി ചിരിക്കുന്നു.

കണ്ടൻ വിചാരിച്ചു: "ഈ നശിച്ച ക്ലോക്കും കാട്ടേണ്ടവനാണ്."

അവൻ മാസ്റ്ററെ മനസ്സുകൊണ്ടു വാഴ്ത്തി.

"എന്തൊരു നല്ലമനുഷ്യൻ!"

"കുട്ടിക്കുരുപനി. തൊടങ്ങിട്ടിന്നപത്തായി. ഒരു കൊഴപ്പൊല്യ."

കണ്ടൻ പറഞ്ഞുതുടങ്ങി: അപ്പോഴും അവന്റെ കണ്ണുകളും നിറയുന്നുണ്ടായിരുന്നു. ഒച്ച തൊണ്ടയിലേയ്ക്കിറങ്ങി നേർത്തുപോകുകയും.

മാസ്റ്റർ പിന്നെയൊന്നും ചോദിച്ചില്ല. അദ്ദേഹം തന്റെ ജോലികളിലേക്കു തിരിഞ്ഞതുപോലെ കാണപ്പെട്ടു.

കണ്ടൻ ആ സ്റ്റേഷനിലെ ഒരു പോയൻറ്സ്മേനാണ്. അവനെക്കൂടാതെ രണ്ടുപേർകൂടിയുണ്ട്.

കണ്ടൻ ആ സ്റ്റേഷനിൽവന്നിട്ട് ഒരുമാസമേ ആയിട്ടുള്ളൂ. അവനു ഭാര്യയും ഒരു കുട്ടിയുമുണ്ട്. രണ്ടു വയസ്സായ ഒരാൺകുഞ്ഞ്.

ഇട്ടുമിക്കുട്ടുസ്സായി ഓട്ടമേത്തെ മൂന്നു ചെക്കൽപ്പൊത്തുകളും സ്റ്റേഷന്റെ പിന്നിൽ കാറ്റുപിടിച്ചുറങ്ങുന്നുണ്ട്. കണ്ടനും കുട്ടികളും അവിടെ പാർക്കുന്നു. വിശ്രമത്തിനെത്തിയിട്ടുള്ള ആ കുടുംബങ്ങൾക്ക് അതൊരു വലിയ തണലായിരുന്നു.

ജനവാസം ഇല്ലാത്ത ഒരു മലമ്പ്രദേശം. മലയിടുക്കിൽ സ്റ്റേഷനിരിക്കുന്നു. ചുറ്റും മലകൾ കോട്ടകെട്ടിക്കിടക്കുകയാണ്. അവയുടെ ഉച്ചികളിൽ ഉരുക്കൻ പാറക്കൂമ്പാരങ്ങൾ. പണ്ടെപ്പോഴോ പടുത്തുയർത്തിയിരുന്ന വൻ കോട്ടകളും. കുത്തിയൊലിച്ചുചാടുന്ന കാട്ടാറുകളുടെ ഇരമ്പൽ എപ്പോഴും കേൾക്കാം. കാട്ടാന, പുലി കരടി, കാട്ടുപോത്ത് മുതലായ മൃഗങ്ങൾ ആ കാടുകളെ ഇരുൾക്കിക്കൊണ്ടിരുന്നു. ഒരുതരം കാട്ടുമരുതിക്കാരാണ് അവിടെ കൂടുപാർക്കുന്നവർ. ഈട്ടി, തേക്ക്, തമ്പകം എന്നീ തടികൾ അവിടെനിന്നും റെയിൽവഴി രാജ്യത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നു. അതിനുവേണ്ടിമാത്രമാണ് ആ സ്റ്റേഷൻ.

പന്ത്രണ്ടരമൈൽ ദൂരമുണ്ട് ടണലിലേക്ക്. തീവണ്ടിയേ വാഹനമുള്ളൂ. അതും രണ്ടെണ്ണം. മാറാവണ്ടികൾ അവിടെ നങ്കൂരമിടുകയില്ല. 'എക്സ്പ്രസ്സും' 'മെയിലും' പ്രധാനപ്പെട്ട പാസഞ്ചർട്രെയിനുകളും ആ മലയോരങ്ങളെ വിറപ്പിച്ച് കടന്നുകളയുന്നു.

ഒരുദിവസം ഡ്യൂട്ടിയില്ലാത്ത സമയംനോക്കി കണ്ടൻ കുട്ടിയെ എടുത്തുകൊണ്ട് പട്ടണത്തിൽ പോയി. ഒരു ഡോക്ടറെ കണ്ടു.

"മലമ്പനി"

കണ്ടൻ മിണ്ടാട്ടം മുട്ടിയിരുന്നുപോയി. അവന്റെ മുഖത്തെ ചോര വാറിയിരുന്നു. ഡോക്ടർ കൊടുത്ത മരുന്നുംവാങ്ങിച്ച് കുട്ടിയെ തോളിലിട്ടുകൊണ്ട് അവൻ നടന്നു; എന്തൊക്കെയോ ദുസ്വപ്നങ്ങൾ കണ്ടുകൊണ്ട്. വണ്ടിയിൽ കയറിയതും കമ്പാർട്ടുമെന്റിൽ എത്തിയതുമൊന്നും അവനോർമ്മയില്ലായിരുന്നു.

അതിനുശേഷം ഇന്നു പത്തുദിവസമായിരിക്കുന്നു. പനി കുറയുന്നില്ല. ഒരു മലയാളിനെപ്പോലെ അരുകുട്ടിയെ വിഴുങ്ങുകയാണ്.

നിരാശാചിന്തകളുമായി കണ്ടൻ ആ പ്ലാറ്റ്ഫോമിൽ മുറിച്ചുനടന്നു. ഇടയ്ക്കു അവിടെ കിടക്കുന്ന സിമൻറുബഞ്ചിൽ ഒന്നു കുത്തിയിരിക്കും. ശരീരത്തിനു പാകമല്ലാതെ അയഞ്ഞുകിടക്കുന്ന തുകിലുമതിരിയുള്ള കാക്കിക്കുപ്പായവും ട്രൗസറിലും തലയൊടിച്ചുവിട്ട കണ്ണുകളിലും. മനസ്സു കുട്ടിയുടെ അടുക്കലാണ്. അവൻ എഴുന്നേൽക്കും. ഇരിപ്പുറയ്ക്കുന്നില്ല. എന്നിട്ട് ചെവി വട്ടംപിടിക്കും. കമ്പാർട്ടുമെന്റുകളിൽനിന്നും വല്ല അനക്കവും കേൾക്കുന്നുണ്ടോ. എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ അറിയും. തൊട്ടടുത്തിരിക്കുന്നവർ കുട്ടിക്കാരനാണല്ലോ. അങ്ങനെ കണ്ടൻ സമാധാനിക്കും.

പെട്ടെന്നവന്റെ ശ്രദ്ധയെ കൊളുത്തിവലിച്ചുകൊണ്ട് സ്റ്റേഷനകത്തുനിന്നും രണ്ടാമത്തെ മണിയടികേട്ടു.

വണ്ടി ബ്ലോക്കാവുന്നു.

കണ്ടൻ സ്റ്റേഷനകത്തേയ്ക്കുകയറി.

"543 പാസഞ്ചർ" സ്റ്റേഷൻമാസ്റ്റർ പറഞ്ഞു. കണ്ടൻ യാത്രക്കാരെ അറിയിക്കാനുള്ള പുറത്തെ മണിയടിച്ചു:

അല്പനേരത്തിനുശേഷം മൂന്നാമത്തെ മണിയും മുഴങ്ങി. പച്ചക്കൊടിയുമായി കണ്ടൻ പ്ലാറ്റ്ഫോമിന്റെ അറ്റത്തുചെന്നുനിന്നു. ഗാർഡ് തന്റെ കമ്പാർട്ടുമെന്റിൽനിന്നും പുറത്തേയ്ക്കു തലനീട്ടി. അതു് അവന്റെ യൂണിഫോമിൽപ്പെട്ടതാണ്. ആപ്പീസർമാരാരെങ്കിലും വണ്ടിയിൽ വന്നപ്പോൾ അവൻ കരുതി. ചുമന്നതും പച്ചയുമായ രണ്ടു കൊടികളും തെരുത്തു കക്ഷത്തിൽവെച്ച് റെയിൽപാളങ്ങളുടെ താക്കോലെടുത്തു കണ്ടൻ പുറത്തേക്കിറങ്ങി. വണ്ടി 'വാങ്ങി' അയയ്ക്കുന്നതിനെപ്പറ്റി മാസ്റ്റർ പറഞ്ഞ കാര്യങ്ങളും അവൻ ആ പോക്കിൽ മുളിക്കേൾക്കുന്നുണ്ടായിരുന്നു. അതെല്ലാം അവൻ മനസ്സിലാക്കിയോ?

അതിനിടയ്ക്ക് കണ്ടൻ ഒന്നു കമ്പാർട്ടുമെന്റിലേയ്ക്കു ചെന്നു. വാസ്തവത്തിൽ അവന്റെ കാലുകൾ അങ്ങോട്ടുതിരിഞ്ഞുപോയതാണു്.

അവന്റെ ഭാര്യ ഇരുനൂറുകണ്ണിരൊഴുക്കുന്നു. കുട്ടി അവളുടെ മടിയിൽ തളർന്നു മയങ്ങിക്കിടക്കുകയാണ്.

കണ്ടൻ മരവിച്ചുനിന്നുപോയി. ആ കാഴ്ച താങ്ങാനാവുന്നില്ല. ഓമ്മയിൽ എന്തോ തട്ടി, അവൻ പുറത്തേക്കിറങ്ങി.

സിഗ്നൽപോസ്റ്റുകൾ കൊലമരംപോലെ അകലെ ഉയർന്നുനില്പുണ്ട്. സിഗ്നൽതാഴ്ന്നാണ്. അവൻ പിടഞ്ഞുനടന്നു. വണ്ടി വൈകിയാലോ.

ആ മലയോരങ്ങളെ കുലുക്കി വിറപ്പിച്ചുകൊണ്ട് ആ വണ്ടി കടന്നുപോയി.

അങ്ങനെ ഒന്നല്ല. നാലു പാസഞ്ചറും രണ്ടു ഗുഡ്സും തെക്കോട്ടും, വടക്കോട്ടുംകൂടി ഇനി ഒരു ഗുഡ്സുകൂടിയുണ്ട്. അതും പോയാലേ കണ്ടന്റെ ഡ്യൂട്ടി അവസാനിക്കൂ. മണിക്കൂർ ഒന്നു കഴിയണം. സമയം നീങ്ങുന്നുമില്ല.

ഗുഡ്സ വണ്ടിയാണ്. സമയക്ലിപ്തമൊന്നുമില്ല. മണിക്കൂറുകളോളം തന്നെ വൈകിക്കുമെന്നില്ല. അങ്ങനെയാണെങ്കിലോ? കണ്ടൻ അസ്വസ്ഥനായി ചിന്തയുടങ്ങി. എല്ലാം പിടിയുംവിടുന്നതുപോലെ. അടുത്തു നാലഞ്ചുകെട്ടുകളും, മുളംകുട്ടിലടയ്ക്കപ്പെട്ട രണ്ടുമൂന്നു മൃഗങ്ങളും, മൂന്നാലു മൺകൂനകളും കൂപ്പികളിലെന്തോ നിറച്ച് മർമ്മംകൊണ്ടുള്ള അടപ്പുകളും ഇട്ടിരിക്കുന്നു. അവർ ഉറക്കെ ഉറക്കെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്ന ആ വിജനതയിലെ മനുഷ്യശബ്ദവും അതുമാത്രമായിരുന്നു.

കണ്ടൻ കാക്കിനിറത്തിലുള്ള ഒരു വട്ടത്തൊപ്പിയെടുത്തു് തലയിൽ കമഴ്ത്തി. അതു് അവന്റെ യൂണിഫോമിൽപ്പെട്ടതാണ്. ആപ്പീസർമാരാരെങ്കിലും വണ്ടിയിൽ വന്നപ്പെട്ടാലോ അവൻ കരുതി. ചുമന്നതും പച്ചയുമായ രണ്ടു കൊടികളും തെരുത്തു കക്ഷത്തിൽവെച്ചു റെയിൽപാളങ്ങളുടെ താക്കോലെടുത്തു കണ്ടൻ പുറത്തേക്കിറങ്ങി. വണ്ടി 'വാങ്ങി' അയയ്ക്കുന്നതിനെപ്പറ്റി മാസ്റ്റർ പറഞ്ഞ കാര്യങ്ങളും അവൻ ആ പോക്കിൽ മുളിക്കേൾക്കുന്നുണ്ടായിരുന്നു. അതെല്ലാം അവൻ മനസ്സിലാക്കിയോ?

അതിനിടയ്ക്ക് കണ്ടൻ ഒന്നു കമ്പാർട്ടുമെന്റിലേയ്ക്കു ചെന്നു. വാസ്തവത്തിൽ അവന്റെ കാലുകൾ അങ്ങോട്ടുതിരിഞ്ഞുപോയതാണു്.

അവന്റെ ഭാര്യ ഇരുനൂറുകണ്ണീ

ച്ചിട്ടെന്നപോലെ കണ്ടൻ പച്ച
ാ"നൽ ഉയർത്തിക്കാട്ടി. എഞ്ചിൻ
കോട്ടുനീങ്ങി; നിറഞ്ഞ മുന്നു വാ
നകളെ ലക്ഷ്യമാക്കിക്കൊണ്ട് ക
ൻ 'കൂപ്പീംഗ്" ഇടാൻ തയാറായി
ന്നു.

ഇരുട്ടിൽ ഒരു ഭീകരജന്തു ചീറി
രണ്ടു ഇഴഞ്ഞുവരുന്നു. എഞ്ചി
നോക്കിനിന്നപ്പോൾ കണ്ടൻ തോ
ി. പക്ഷേ, അവൻ ഭയപ്പെട്ടില്ല.
തിനെ പിടിച്ചു തളയ്ക്കുവാൻ അ
നരങ്ങിനില്ക്കുകയാണ്. മകനെ
റിച്ചുള്ള ചിന്ത അതിലും വലുതു
യുവനെ കണ്ടപ്പോൾ കണ്ടനെ ശക്തനാക്കി
രുന്നു.

എഞ്ചിൻ പയ്യെപ്പയ്യെവന്നു ആട്ടു
ത വാഗണിൽ മുട്ടിയതും 'കൂപ്പീം
' ഇട്ടതും ഒന്നച്ച കഴിഞ്ഞു. എ
ിട്ട് കണ്ടൻ അതിന്റെ പിരി നല്ല
ണ്ണം മുറുക്കി.

"പൈപ്പുമാറ്റിയോ?" മാസ്റ്റർ വി
ച്ചുചോദിച്ചു. അദ്ദേഹം പുറകിൽ
ന്ന മറ്റു രണ്ടു വാഗണുകളുടെ കൂ
ീംഗ് പരിശോധിക്കുകയായിരുന്നു.
കണ്ടൻ അക്കാര്യം മറന്നിരുന്നു.
ാക്കേപം' പൈപ്പുകൂടം ഓടിപ്പിച്ചു.
വന്റെ പണികൂടം ഓരോന്നും മാ
ർ പ്രത്യേകം സൃഷ്ടിച്ചുകൊണ്ടിരു
ു. ജോലികൾക്കിടയിൽ അവൻ
നന്തധീനനായിപോകുന്നു. കുട്ടി
യക്കുറിച്ചോർത്ത് അവൻ വെപ്രാള
പ്പെടുകയാണു്. അദ്ദേഹം ഓടിച്ചു.
എഞ്ചിൻ മൂന്നുവാഗണുകളോടുകൂടി
ന്നതെത്തെ ലെയിനിലേക്കു കൊണ്ടു
രപ്പെട്ടു. മാസ്റ്ററുടെ 'സിഗ്നൽ'
സരിച്ചു അതു പതുക്കെനീങ്ങി. കു
ൻ ഹുക്കുസ് വണ്ടിയുടെ തല
ൽ കൂപ്പീംഗ് ഇടാൻ കാത്തുനിന്നു.
ു പണി കൂടിയേ ഉള്ളൂ. തീർന്നു.
വന്റെ ഉള്ളിൽ തിടുക്കവും പരി
രവും വർദ്ധിച്ചു. കാലുകൾ ഉറച്ചു
ുന്നില്ല. ശരീരമാകെ വിറ
ുന്നു.

എഞ്ചിനും വാഗണുകളും ഇഴഞ്ഞി
ഞ്ഞു അടുത്തുകൊണ്ടിരുന്നു. അതു
ട്ടാറായി. എന്നിട്ടും കണ്ടനുനേരം
ഒക്കിപ്പോകുന്നു. അവന്റെ നാ
ും തൊണ്ടയും വരളുന്നു. ഉച്ചയ്ക്കു
ടങ്ങിയ വേലയാണു്. ഒരുതുള്ളി
വെള്ളംപോലും ഇറക്കിയിട്ടില്ല. അ
ന്നവേണ്ട, കുടിക്കാൻ സാധിക്ക
ുന്നില്ല. കുഞ്ഞിന്റെ രോഗമെന്നു
ാറയുന്നെങ്കിൽ!.....

അവൻ ആ നില്പിൽ കപർട്ടേർ
ിലേക്കു നോക്കി. ഇരുട്ടു! ഇരു
ട്ടുതന്നെ!! അനാവൃതമായിട്ടില്ല.

നേരത്തെ കണ്ടവെളിച്ചം? അതെ
ിടെ? അതെവിടെപ്പോയി? അവ
ന്റെ കണ്ണുകൾ ആ ഇരുട്ടിലെങ്ങും
ക്കില്ലാതെ ഓടിനടന്നു. കാണു
ുന്നില്ല. അടിവയറ്റിലൊരു കത്തൽ.
ുള്ളിൽ സംഭ്രമം ഇരച്ചുകയറി.

"കൂപ്പീംഗ് കൂപ്പീംഗ്"

ഛഃ ഛഃ ഛഃ.....

സ്റ്റേഷൻമാസ്റ്ററുടെ ആജ്ഞയും,
ുടൻ വാഗണുകൾ കൂട്ടിമുട്ടിയ ശബ്ദ
പരമ്പരയും ബഹളവും തമ്മിലിടി
ച്ചു. ചക്രങ്ങളുരഞ്ഞുരഞ്ഞു ചങ്ങല
കൾ കിലുങ്ങി. അതു വാഗൺ നിര
യിളകി കമ്പക്കെട്ടുകൾ പൊട്ടിത്തെ
റിക്കുന്നപോലെ ഇരുമ്പിന്റെ ആഘാ
തച്ചുയിൽ അന്തരീക്ഷം മാറ്റൊലി
ക്കൊണ്ടു. അതിനിടയിൽ 'ഹയ്യോ'
എന്നൊരു പതറിയ വിളിയും.

സ്റ്റേഷൻമാസ്റ്റർ പരിഭ്രമിച്ചു. ഒരു
വിസിൽ നാട്ടിയൂതി. 'ഡെയ്ഞ്ചർ
സിഗ്നൽ' കാണിച്ചു. എഞ്ചിൻ
നിശ്ചലമായി. കണ്ടൻ നിന്നിരുന്ന
സ്ഥലത്തേക്കു അദ്ദേഹം ചാടി. പി
ന്നാലെ ഡ്രൈവറും, ഫയർമാനും,
ഗാർഡും.

ചതഞ്ഞരഞ്ഞ രക്തം തുറിച്ചുചാ
ടിയ ഒരു ശരീരം ആ ഇരുമ്പുകൂമ്പാ
രത്തിനിടയിൽ കിടക്കുന്നു. അടുത്തുതന്നെ
ചില്ലുകളുടഞ്ഞുതകർന്ന ഒരു സിഗ്നൽ
ലാമ്പും....

★

## ചിത്രജാതകം


തനിയേതന്നെ ജാതകഫലങ്ങളും
നോക്കി അറിയുന്നതിനു സൗകര്യപ്ര
ദമായവിധത്തിൽ തയാറാക്കിയിരി
ക്കുന്ന ഒരു ജ്യോതിഷഗ്രന്ഥം. ഇതിൽ
132 ചിത്രങ്ങളും, അതതു ചിത്രത്തി
ന്റെ ഫലങ്ങളും ലളിതമായ മലയാ
ളത്തിൽ വിവരിച്ചിട്ടുണ്ട്.

വില രൂ: 1.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.



വൈ. എം. സി. എ-യിലെ സംക്ലേനക്ലബ്ബ് ടേബിൾ ടെന്നിസ് ടൂർണ്ണമെൻറിൽ ഡബിൾക്രൗൺ വിജയിനിയായ സുൽത്താനായ്ക്കു കേന്ദ്രമന്ത്രി ശ്രീ. കെ. സി. നെഹ്റു സമ്മാനം നൽകുന്നു.



അകാലർച്ചക്രവർത്തിയുടെ അരമനയിൽ ആഗ്രാ എ. ഐ. സി. സി സമ്മേളനത്തിൽ സംബന്ധിച്ചശേഷം പ്രധാനമന്ത്രി നെഹ്റു ചരിത്രപ്രസിദ്ധമായ ഫത്തേപ്പൂർ സിക്രി സന്ദർശിക്കുകയുണ്ടായി. പണ്ഡിതജി അകാലർച്ചക്രവർത്തി നീതിന്യായനിർവ്വഹണം നടത്തിവന്ന ദിവാനീഖാസിന്റെ മുമ്പിൽ.

# സിഫിലിസിന്റെ "സിൽബന്ധികൾ"

## ഗൊണോറിയയും ഷാങ്കറോയ്ഡും

— പി. കെ. ബാലകൃഷ്ണൻ, ചേലക്കര —

"വയ്യ", എനിക്കൊരു സംശയവുമില്ല. ഗൊണോറിയ കരച്ചു കഴിഞ്ഞാൽ സിഫിലിസായി മാറും.

ആ സുഹൃത്തു പറഞ്ഞു. സ്നീലമ്പടനെന്നു പറഞ്ഞുകൂടെങ്കിലും യേശുദയങ്ങളും അപരിചിതമല്ല ആ യുവാവിന്. പത്താംക്ലാസ്സ് പാസ്സായിട്ടുണ്ട്; രണ്ടു വൻനഗരങ്ങളിൽ താമസിച്ചിട്ടുണ്ട്; രതിജന്യരോഗങ്ങളും വരുതിരിപ്പാൻ ഒരു മൻകരുതലായി പെൻസിലിൻ കുത്തിവെച്ചിട്ടുമുണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ വാക്ക് പ്രമാണികമായി പല രുമെടുത്തുക്കും.

പലർക്കുമുണ്ടാം സംശയം "ഗൊണോറിയയും സിഫിലിസും ഒന്നുതന്നെയല്ലെ?"

കഴിഞ്ഞ നൂറാണ്ടിൽ ഡോക്ടർമാർ കൂടി അങ്ങിനെ വിശ്വസിച്ചിരുന്നു. ജോൺഹണ്ടർ എന്ന ഇംഗ്ലീഷ് വൈദ്യപ്രമുഖനാണ് ഈ സംശയം 'ശാസ്ത്രീയ'മാക്കിയതു്. അദ്ദേഹം ധീരമായൊരു പരീക്ഷണം നടത്തി. ഒരു ഗൊണോറിയാ (ചലംപോക്ക്) രോഗിയുടെ ചലം സ്വശരീരത്തിൽ കുത്തിവെച്ചു. അദ്ദേഹത്തിനു ഗൊണോറിയ പിടിപെട്ടു; കൂടെ സിഫിലിസും. അദ്ദേഹം 1767-ൽ പ്രഖ്യാപിച്ചു: "ഗൊണോറിയയും സിഫിലിസും ഒന്നാണ്". ഗൊണോറിയയുടെ ചലമെടുത്ത രോഗിക്ക് സിഫിലിസും കൂടിയുണ്ടായിരുന്നതു് അദ്ദേഹമറിഞ്ഞിരുന്നില്ല.

ഒരു നൂറാണ്ടോളം ഈ ആശയക്കുഴപ്പം വൈദ്യലോകത്തു നിലനിന്നു. പിന്നിട് ഫിലിപ്പിനിക്കാർഡ് എന്ന അമേരിക്കൻ ഡാക്ടർ പാരീസ്സിൽവച്ചു് പല കുത്തിവെയ്പുകളും നടത്തി ഗൊണോറിയയും സിഫിലിസും രണ്ടു രോഗങ്ങളാണെന്ന് തെളിയിച്ചു. ആൽബർട്ട് നിസർ അതിനുശേഷം രോഗമുണ്ടാക്കുന്ന അണുജീവിയെ കണ്ടുപിടിച്ചു. അദ്ദേഹം അതിനു "ഗോണോകോക്കസ്" എന്നു പേരിട്ടു.

### രോഗകാരണം: "ഗോണോകോക്കസ്"

ശക്തയേറിയ ഒരു സൂക്ഷ്മദർശിനിയിൽകൂടി കാണാൻ കഴിയുന്നൊരു അണുജീവിയാണ് ഗോണോകോക്കസ്. അങ്ങിനെ കാണുമ്പോൾ അതു് കാപ്പിക്കുരുവിന്റെ പരന്നഭാഗം പോലെയിരിക്കും. ഇരുപ്പും ഇല്ലും തായും ശരീരത്തിന്റെ പുറത്തിൽ കൂടുതലായും ഇതു് ചത്തുപോകുന്നു. സോപ്പു കലക്കിയ വെള്ളവും അതിനെ കൊല്ലുന്നു.

### പലതരം ഗോണോകോക്കസ്

ഗോണോകോക്കസ് തന്നെ പലതരമുണ്ട്. ചിലവ 105°F (ശരീരത്തിന്റെ സാധാരണ ചൂട് 98.4°F) ചൂടിൽ കുറച്ചുനേരംവെച്ചാൽ ചത്തുപോകുന്നു. മറ്റു ചിലവ 106-ഉം 107-ഉം ഡിഗ്രി ചൂടിൽ പല മണിക്കൂറുകളും വച്ചാലെ ചാകുകയുള്ളു.

ഈ വിവരംവെച്ച് രോഗിക്ക് ഉപ്പുചികിത്സ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. രോഗിയുടെ ശരീരത്തിലുള്ള ഗൊണോകോക്കസ് അഞ്ചു എത്ര ഡിഗ്രി ചൂടിലാണ് ചാകുക എന്നു പരീക്ഷിക്കുക. എന്നാട്ട രോഗിയെ ചൂടേല്പിച്ചു ശരീരം അത്ര ഡിഗ്രി ചൂട് പിടിപ്പിക്കുക. അപ്പോൾ രോഗാണുക്കൾ ചത്തുപോകും. പക്ഷെ ഈ ചികിത്സയുള്ള ചിലവൃകാരണം അതു് സാധാരണമായി പരീക്ഷിക്കപ്പെട്ടിട്ടില്ല.

### പകർച്ച

ഇരുപ്പുവും ശരീരത്തിനേതിനെങ്കിലും കടുത്ത ചൂടും ഉണ്ടെങ്കിലെ രോഗാണുവിന് ജീവിക്കുവാൻ പാടുള്ളു. ജനനേന്ദ്രിയങ്ങളിലെയും കണ്ണിലെയും മൃദുലചർമ്മങ്ങളും രോഗാണുവിന് വളരെ പഥ്യമാണ്. ശരീരത്തിന്റെ ചർമ്മത്തിൽ ഇവയ്ക്കുപുറമെ രോഗാണുവിന് ജീവിക്കുവാൻ കഴിയുന്നതു ഗുദഭാഗത്തിൽ മാത്രമാണ്. തന്മൂലം രോഗം പകരുന്നതു; ഏതാണ്ടെല്ലാം ലൈംഗികവേഴ്ച, സുരതത്തിലൂടെയാണ്.

### ബാലികാബാലന്മാരിൽ

ബാലികാബാലന്മാർക്ക് ഈ രോഗം പിടിപെടുകാണുന്നുണ്ട്. രോഗം ബാധിച്ച മുതിർന്നവർ കാമികസംതൃപ്തിക്ക് കുട്ടികളെ ഉപയോഗിക്കുമ്പോഴാണ് കുട്ടികൾക്കു് ഇതുണ്ടാകുന്നതു്. പിന്നിട് കുട്ടികൾ തമ്മിൽ തമ്മിൽ ഏർപ്പെടുന്ന കാമികലീലകളിലൂടെ അതു പകരുന്നു. വീട്ടിൽ രോഗമുള്ള ഒരാൾ ഉപയോഗിച്ച തോർത്തോ മറ്റോ ഉടനെതന്നെ കുട്ടികൾ ഉപയോഗിക്കുമ്പോഴും അവർക്ക് രോഗം പകരാം.

ജനനേന്ദ്രിയ-മൂത്രാശയഭാഗങ്ങളിലുള്ള മൃദുലചർമ്മങ്ങളിൽ പലതരത്തിലും രോഗാണുക്കൾ പാർപ്പിടിച്ചുപെരുകുന്നു. അപ്പോൾ ചൂടുനീറ്റവും ചലനവുമുണ്ടാകുന്നു.

### ആദ്യലക്ഷണം— പുരുഷന്മാരിൽ

മൂത്രമൊഴിക്കുമ്പോൾ ഒരു ചൂടുനീറ്റവും അനുഭവപ്പെടുക. രോഗി ശ്രമിച്ചാൽ മൂത്രനാളത്തിൽകൂടി ഒന്നോ രണ്ടോ തുള്ളി ചലം ഞെക്കി പുറത്തുവരുത്തുവാനും കഴിയും. ഈ ചലത്തിൽ ആയിരക്കണക്കിന് രോഗാണുക്കളുണ്ട്. അവ മറ്റുള്ളവർക്ക് രോഗം പകർത്തും. രോഗിയുടെതന്നെ കണ്ണിലൊ ഗുദഭാഗത്തിലൊ രോഗം പകർത്തുന്നതും ഇവയ്ക്കു കഴിയും. ചികിത്സയൊന്നും ചെയ്യാതിരിക്കുകയും. രോഗി മദ്യവും കാമികോത്തേജനവും ശീലിക്കുതിരിക്കുകയും ചെയ്താൽ ഈ ചലംപോക്ക് രണ്ടുമൂന്നാഴ്ച നിലനിൽക്കും. ആദ്യത്തെ ആഴ്ചയിരിക്കും. അധികം ചലം. പിന്നീടതു കുറഞ്ഞുവരുന്നു. ദിവസം കഴിയുന്തോറും അതു 'മൂക്കിനീര്' പോലെയായി വരികയുംചെയ്യും.

രോഗം പിടിപെടുമ്പോൾ കാമികോത്തേജനത്തിനു ഇടകൊടുക്കുകയോ സംയോഗത്തിലേർപ്പെടുകയോ, മദ്യം കഴിക്കുകയോ, മൂത്രസഞ്ചി നിറഞ്ഞിരിക്കുമ്പോൾ കഠിനാദ്ധ്വാനം ചെയ്കയോ ചെയ്താൽ രോഗം മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കും. മൂത്രാശയത്തിന്നടുത്തുള്ള പുരുഷഗ്രന്ഥി (പ്രോസ്റ്റേറ്റ് ഗ്ലാൻഡ്). ശുക്ലാശയങ്ങൾ, ശുക്ലവാഹിനികൾ എന്നിവയിലേക്ക് രോഗം പകരുന്നു. അവിടെ ചൂടുനീറ്റവും ചലമുണ്ടാകലും തുടങ്ങുന്നു. അവയിൽ പ്രത്യേകിച്ച് ശുക്ലവാഹിനികളിൽ രണ്ടെണ്ണമാണുണ്ടായുള്ളതു് കൂടെ പുരുഷബീജങ്ങൾക്കു കടന്നുപോകുവാൻ സാധ്യമല്ലാതെ വരുന്നു. ഇതു് രണ്ടു ശുക്ലവാഹിനികളിലും സംഭവിച്ചാൽ പുരുഷന്റെ പുത്രോല്പാദനശക്തി എന്നേക്കുമായി നഷ്ടപ്പെടും.

### സ്ത്രീകളിൽ

സ്ത്രീകളിലും മൂത്രനാളത്തിൽ ചൂടുനീറ്റവും ചലവുമുണ്ടാകുന്നു. പുരുഷന്മാരെപ്പോലെ, മൂത്രമൊഴിക്കുമ്പോൾ നീറ്റം അനുഭവപ്പെടും. അന്തർഭിതമായ ജനനേന്ദ്രിയഭാഗങ്ങളിലുള്ള — ഗർഭപാത്രമടക്കം — വിവിധ മൃദുലചർമ്മങ്ങളിലും ഗ്രന്ഥികളിലും രോഗം ബാധിക്കുന്നു. ഇവയിൽനിന്നു വിസർജ്ജിക്കപ്പെടുന്ന ചലം ഭഗദ്വാരത്തിൽനിന്നു ധാരാളമായി വിസർജ്ജനവും. രോഗം അധികമാകുമ്പോൾ, ചൂടുനീറ്റംകാരണം മൂത്രം കൂടുതൽ വേണംപോലെ കഴിക്കുന്നതുകൂടി വേണ്ടപോലെ കഴിക്കുകയില്ല.

രോഗിക്കറിയാൻകഴിയുന്ന ലക്ഷണങ്ങളും ഉണ്ടായിട്ടില്ലെന്നും വരാം. ആ സ്ത്രീ കാമികോത്തേജനത്തിനു ഇടകൊടുക്കാതിരിക്കയും, സംയോഗത്തിലേർപ്പെടാതിരിക്കയും മദ്യം കഴിക്കാതിരിക്കയും ചെയ്താൽ അവളുടെ രോഗം, പല മാസങ്ങൾകൊണ്ടോ ചികിത്സകൂടാതെതന്നെ സുഖപ്പെടുക്കും. എങ്കിലും ഈ മാസങ്ങളത്രയും അവളുടെകൂടെ സംയോഗത്തിലേർപ്പെടുന്ന പുരുഷന്മാർക്ക് രോഗം പിടിപെടുന്നു. ചികിത്സിക്കാതെ പല കേസുകളിൽ രോഗം ഭേദപ്പെടുന്നതിനു മുമ്പുതന്നെ രോഗിയുടെ പുരുഷന്മാരെക്കൊണ്ടും കൊലതാമസം ചികിത്സിപ്പിക്കുന്നു.

സ്ത്രീകളിൽ രോഗം വളരെ മാസങ്ങൾ പാഠിപ്പിടിച്ചുകിടക്കുന്നു. ഇങ്ങനെ ലക്ഷണങ്ങളിൽ നേരിയ ഒരു വെള്ളപോക്കു് അവരിൽ കണ്ടേക്കാമെന്നുമായി, അതുണ്ടായില്ലെന്നും വരാം. എങ്കിലും രോഗാണുക്കൾ ജനനേന്ദ്രിയഭാഗങ്ങളിൽ പാഠിപ്പിടിച്ചുകിടക്കുന്നു.

### ഒരിക്കൽ ഭേദമായാൽ പിന്നെരോഗംപിടിപെടില്ലേ

ഇപ്പറഞ്ഞ സ്ത്രീകളെ അവരിലുള്ള തരം രോഗങ്ങൾ ആക്രമിക്കുകയില്ല എന്നുള്ളതു് യഥാർത്ഥത്തിൽ രോഗം പിടിപെടായ്കയല്ല. അവരുടെ ശരീരം അത്തരം രോഗാണുക്കളെ വെച്ചുപൊറുപ്പിക്കുവാൻ പാടില്ലാതിരിക്കുന്നുവെന്നുമാത്രം. ഭർത്താക്കന്മാർക്ക് രോഗം പിടിപെട്ടുകിടക്കുന്നതിരിക്കട്ടെ. ഭർത്താവിനു സുഖപ്പെടുത്തിയോഴൊക്കെ ഭാര്യ പിന്നീടും രോഗാണുക്കളെ പകർത്തുന്നു. അങ്ങിനെ കാലാന്തരത്തിൽ അത്തരം രോഗാണുക്കളെ അയാളെ ഉപദ്രവിക്കാതാക്കുന്നു. രോഗലക്ഷണങ്ങളൊന്നും കാണാതെ അവർ മാസങ്ങളും കഴിച്ചുകൂട്ടും. എങ്കിലും അവരിലൊരാൾ മൂന്നാമതൊരാളിലേക്കു സംയോഗത്തിലേർപ്പെടുമ്പോൾ മൂന്നാമത്തെയാൾക്ക് കഠിനമായ ഗൊണോറിയ ബാധിക്കും.

പുരുഷന്മാരിൽരോഗലക്ഷണം അധികമുള്ളതുകൊണ്ടും രോഗം ആദ്യം കണ്ടുപിടിപെടുകയുംചെയ്യുന്നതുകൊണ്ടും രോഗം ആദ്യം ചികിത്സിക്കുന്നതു പുരുഷന്മാരെയാണ്. ഭർത്താവിനെ ചികിത്സിപ്പിച്ചുകഴിഞ്ഞാൽ ഭാര്യയുടെ ശരീരത്തിൽ ഏതുകാലത്തും രോഗാണുക്കളുണ്ടാകും. ചികിത്സിപ്പിക്കുന്നതിനു മുമ്പുതന്നെ അയാളുടെ ശരീരത്തിൽനിന്നു രോഗാണുക്കൾ ഭാര്യയിലേക്കു പകർന്നുകഴിഞ്ഞിരിക്കും. ഭർത്താവു് പിന്നെ ചികിത്സിപ്പിച്ചില്ല. ആറുമാസം കഴിഞ്ഞയാൾ വീണ്ടും കല്യാണം കഴിച്ചു. നാലുദിവസം കഴിഞ്ഞു് നവവധുവിന് രോഗം കഠിനമായി ബാധിച്ചു. മൂന്നുദിവസത്തിനുശേഷം ഭർത്താവിനു

# ഞാനൊരു ഭർത്താവായിരുന്നെങ്കിൽ

★

— കെ. സരസ്വതിഅമ്മ —

ഈ പേരിൽ, അതും സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേകപരിപാടിയിൽ, ഒരു ലഘുപ്രഭാഷണം ഞാൻ ചെയ്യാൻ തുടങ്ങുന്നതിൽ നിങ്ങൾ അത്ഭുതപ്പെടുകയാണ് അല്ലേ? ആ അത്ഭുതം അടിസ്ഥാനമില്ലാത്തതല്ല. നല്ല ഭർത്താവിന്റെ ലക്ഷണങ്ങളെപ്പറ്റി നിശ്ചിക്കാനോ നിർദ്ദേശിക്കാനോ ആണ് അർഹതയും അധികാരവും എന്ന് നിങ്ങൾ പറയും. അതു ചോദിക്കാനുണ്ടോ അതിന്റെ ഒന്നാമതോ അനുഭവിച്ചറിഞ്ഞ ഒരു ഭാര്യയല്ലാതെ മറ്റാരാണ് എന്നാവും നിങ്ങളുടെ ഉത്തരം. എന്റെ അഭിപ്രായവും അതുതന്നെ. അനുഭവത്തിൽനിന്നു ഉണ്ടാകുന്ന അഭിപ്രായത്തിനാണല്ലോ വില കല്പിക്കേണ്ടതു എന്ന്. പിന്നെ ഒരു സംഗതിയുണ്ട്. പരസ്യമായ അഭിപ്രായപ്രകടനം രഹസ്യമായ ഗൃഹകലഹത്തിനു വഴിതെളിച്ചേക്കാം. റേഡിയോനിലയത്തിലെ പ്രക്ഷേപണം സ്വന്തം നിലയത്തിൽ ഒരു പ്രക്ഷോഭണത്തിലും അവസാനിച്ചേക്കാം. പക്ഷേ ലേഖനങ്ങൾ എഴുതുകയും പ്രസംഗം ചെയ്യുകയും ചെയ്യുന്ന പല ഭാര്യമാരുടെയും പേരുകൾ അതാതു കലകളിൽ പരിചയം ഉള്ള ഭർത്താക്കന്മാരുടെ തുലികാനാമങ്ങൾ അയിരിക്കുമെന്ന പഠിച്ചിലിൽ എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ ഇതൊന്നും ഭയപ്പെടാനില്ല.

എന്നാലും ഞാനുമുമ്പേയും ഈ ഒരു ശല്യവുമില്ലല്ലോ. പണ്ടാരാണ്ടോ പറഞ്ഞതുപോലെ, നമുക്കോ ചേതമില്ല, പലർക്കും ഒരു രസവുമായി എന്ന നിലയാണ്. ഒരു ലോക്കോയുടെ യിൽ പങ്കെടുക്കുന്നവരേക്കാളും അതു നോക്കിനിൽക്കുന്നവരാണ് കൂടുതൽ രസിക്കുന്നതു എന്നു ശ്രീ വിവേകാനന്ദൻ പറഞ്ഞിട്ടുള്ളതു ശരിയാണെങ്കിൽ എന്റെ അർഹത കൂടുന്നതേയുള്ളൂതാനും.

സത്യം പറയട്ടെ. എന്റെ സംശയം ഇതൊന്നുമല്ല. എന്റെ കഥകളിലെ പ്രത്യേകതയായി ആരോപിക്കപ്പെട്ടിട്ടുള്ള പുരുഷവിദ്വേഷം പുറത്തുവിടാൻ കഥകൾക്കുപോലും പുതിയൊരു ചാൽകൂടെ സൃഷ്ടിച്ചെടുത്തിതന്നിരിക്കുകയല്ലേ. അല്ലാതെ വെറും ഈ പത്തുമിന്നിട്ടുകൊണ്ട് ഭർത്താക്കന്മാരെ മനസാന്തരപ്പെടുത്തിക്കളയാംഎന്ന് ആരെങ്കിലും വ്യാമോഹിക്കുമോ? ഇതുപോലും കാലത്തിനു വിടുന്നു പുരാണകഥകളിൽപോലും ഒരൊറ്റ ശ്രീരാമനല്ലേ ഉണ്ടായിട്ടുള്ളൂ?

ആ ശ്രീരാമന്റെ കാര്യംതന്നെ എടുക്കാം. ബഹുഭാര്യാത്വം വൻതോതിൽ നിലവിലിരുന്നകാലത്തു് ഏകപത്നീവ്രതം അനുഷ്ഠിച്ച ശ്രീരാമൻ അന്നത്തെ പുരുഷവർഗ്ഗത്തിന്റെ കണ്ണിൽ ഒരു വിപ്ലവകാരിയോ പരിഷ്കർത്താവോ ആയിരുന്നിരിക്കുമെന്നു് എനിക്കു തോന്നിയിട്ടുണ്ടു്. പക്ഷേ അക്കാരണത്താൽതന്നെ ഏതു ദേശത്തും കാലത്തും ഉള്ള സ്ത്രീകൾ അദ്ദേഹത്തെ ഒരനുദ്ദേശ്യകുതിയായിട്ടും കരുതും. നിങ്ങൾ ആ വാക്കു് പ്രത്യേകം ശ്രദ്ധിച്ചോ, ഏകപത്നീവ്രതമെന്ന വാക്കു്? അതൊരു വ്രതമാണു്. ബ്രഹ്മചര്യത്തിന്റെ നേരേ താഴത്തെ ഒരു തപശ്ചര്യയായിട്ടാണു്, അല്ലാതെ യഥാർത്ഥമായ തൃസുഖത്തിന്റെ നിദാനമായിട്ടല്ല, ഏകപത്നീവ്രതം കണക്കാക്കപ്പെട്ടിരുന്നതെന്നു തോന്നുന്നു. പക്ഷെ അങ്ങനെ ജീവിച്ചിട്ടും വനവാസമൊക്കെകഴിഞ്ഞു് ഒടുവിൽ നാട്ടിൽവന്നു് രാജാവായി സുഖിച്ചുപ്പോൾ ചെയ്തതെന്താണു്? സ്വന്തം സൽപേരു് നിലനിർത്താൻവേണ്ടി സീതയെ തൃജിച്ചതോ പോകട്ടെ. ഹിംസ്രജന്തുക്കൾനിറഞ്ഞ കൊടുംകാട്ടിൽതന്നെ കൊണ്ടുതള്ളണമായിരുന്നോ? ഒരു മുന്നറിവുംകൊടുക്കാതെ അവളുടെ നിസ്സഹായരൂപം സങ്കല്പിച്ചു കൊടുക്കാനെന്നുഭാവത്തിൽ കൊടുവരത്തിൽനിന്നു അകാറിയതുതന്നെ എത്ര കടുപ്പമായിപ്പോയി? അതുകൊണ്ടല്ലേ 'പൂരുഷൻതൻദിവൃതയ്യു പൂർത്തിയില്ലെ'ന്നും 'കരിമുള്ളിസുയ്യുനിലും സുഖമോന്നെന്നുമറയും ശ്രീരാമന്റെ കുലസ്ഥാപകൻവരെയുള്ളവരെ മഹാകവി കലികേറി ചീത്തപറഞ്ഞതു്?

ദാമ്പത്യദുഃഖിയ്ക്കു് പ്രസിദ്ധിനേടിയ ശ്രീരാമന്റെ കഥ ഇതായിരിക്കെ ബാക്കി പുരാണപുരുഷന്മാരേപ്പറ്റി പറയാതിരിക്കുകയല്ലേ ഭേദം? സത്യനിഷ്ഠയിൽ അനശ്വരകീർത്തിമാനായിത്തീർന്ന ഹരിശ്ചന്ദ്രൻ സ്വന്തം സാഹസികമായ വാഗ്ദാനത്തിന്റെ ഫലമായി സഹധർമ്മിണിയെ വിറ്റു കുത്തുമാറി സത്യംപാലിച്ചു. ധർമ്മനിഷ്ഠയ്ക്കു് നിദർശനമായ ധർമ്മപുത്രൻ ചൂതുകളിയിൽചെന്നപ്പെട്ടു് ഭാര്യയെ പണയംവെച്ചു് അവകാശമെല്ലാം നഷ്ടപ്പെടുത്തിയതിനുശേഷം ഭാര്യയുടെ വസ്ത്രാക്ഷേപത്തിനു കൂട്ടുനിന്നതിനെപ്പറ്റി പറയുന്നതിൽ എന്തർത്ഥം? ഇതിനെല്ലാം പുറമേ ഇവരുടെയെല്ലാം ഭാര്യമാർ ഭർത്താക്കന്മാരുടെ ഈ ദുർവൃത്തികളെപ്പറ്റി എന്തുപറഞ്ഞു എന്നുകൂടി അറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. ഇവരുടെയെല്ലാം ഭാര്യമാർ ഭർത്താക്കന്മാരുടെ ഈ ദുർവൃത്തികളെപ്പറ്റി എന്തുപറഞ്ഞു എന്നുകൂടി അറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. ഇവരുടെയെല്ലാം ഭാര്യമാർ ഭർത്താക്കന്മാരുടെ ഈ ദുർവൃത്തികളെപ്പറ്റി എന്തുപറഞ്ഞു എന്നുകൂടി അറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്.

പരസ്യമായ അപമാനത്തിനിടയാക്കി. ഭാര്യയെ സംബന്ധിച്ച് ഒരു വസ്തുതമസ്ഥന്റെ മനോഭാവമേ ഇവക്കൊക്കെ മുള്ളൂ എന്നതാണും ഇതു കണ്ടാൽ. നമ്മുടെ ഇതിഹാസങ്ങളെ പൊതുവേ ബഹുഭാര്യാത്വം പ്രോത്സാഹിപ്പിക്കുന്നവരായി സൃഷ്ടിച്ച മനഃശാസ്ത്രജ്ഞർ സ്വന്തമായും അക്കാര്യത്തിൽ തീരെ പിന്നോക്കമായിരുന്നില്ലെന്നാണ് ഫ്രിത്രം തെളിയിക്കുന്നത്. അയിരുന്നില്ല എന്ന ഭൂതകാലമാണ്, അല്ലാതെ വർത്തമാനകാലം അല്ലേ അല്ല ഞാനുദ്ദേശിക്കുന്നത്) അന്തഃപുരത്തിന്റെ ജനസംഖ്യ കൂട്ടുന്നതനുസരിച്ച് അന്തസ്സും കൂടുമെന്നായിരുന്നോ എന്തോ അന്നത്തെ ധാരണ. ഇന്ന് അതൊക്കെ പോയി; ഏകപത്നീവ്രതക്കാരെപ്പറ്റിയുള്ള ഭീരുപരിഷയും. എങ്കിലും മഹാഭാരതം ബുദ്ധിജീവിയെത്തൊടുത്ത രാമബാണമാണ് എന്ന് സന്തോഷത്തോടെ പ്രഖ്യാപിക്കാൻ ശ്രീമാൻ അഭിമാനപൂർവം പറഞ്ഞതുപോലെ അഭിമാനിക്കാൻ സാധിക്കുന്നവരും അതുതരിമാനമായിക്കരുതുന്നവരും ഇന്ന് എത്രപേരുണ്ടാവും?

മുഖവുരയിങ്ങനെ നീട്ടിനീട്ടിക്കൊണ്ടുപോയി വിഷയത്തിൽനിന്നകലുകയാണ്, അല്ലേ? ഇപ്പുന്ന സമ്മതിച്ചേക്കാം, ഇതു ഞാൻ മനഃപൂർവം ചെയ്യുകയാണ്. കാരണമോ? ഞാൻ ഒരു പുരുഷനായിരുന്നെങ്കിൽ എന്ന് എഴുതാൻ എളുപ്പമുണ്ട്. പലതു നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമായ മനുഷ്യജീവിതത്തിൽ ഒരു തടവുപുള്ളിക്കു കിട്ടുന്ന കഠിനതടവുപോലെയാണ് മനുഷ്യജീവിതം കിട്ടുന്ന സ്ത്രീജന്മം. ഇതു വെറും അക്കരപ്പച്ചയായിരിക്കാം. എന്നാലും ഒരു പുരുഷനായി സങ്കല്പിക്കുമ്പോൾപോലും എന്തൊരു ലഘുചിന്തയും അനാവശ്യമാണ് അനുഭവപ്പെടുന്നത്! പരസ്യമായങ്ങനെ സങ്കല്പിക്കാൻ സ്വമേധയാ തുനിയുമായിരുന്നില്ലാത്ത ഞാൻ ഇങ്ങനെയൊരു സന്ദർഭം കിട്ടിയതിൽ സന്തോഷിക്കയും പ്രയോജനപ്പെടുത്തുകയും ചെയ്തെന്നേ. അവിടെയും ഭാര്യയും എന്നെ അനുഗ്രഹിച്ചിട്ടില്ല എന്നല്ലാതെന്തു പറയാൻ?

വെറും ഒരു പുരുഷനെന്ന നിലയിൽ സ്ത്രീസ്വാതന്ത്ര്യത്തെയും സമത്വത്തെയും സ്വാഗതംചെയ്യുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതൊട്ടും വിഷമമല്ല; പലപ്പോഴും അതൊരു സുഖകരമായ കാര്യമാണെന്നതാണും. കാരണം നിങ്ങൾക്കൊഴിക്കാം. പക്ഷെ ഭർത്താവിന്റെ നിലയിലായാലോ? ഇതുകൂടിക്ഷികളും ഇരുമുഖധികം വിട്ടുവീഴ്ച ചെയ്യേണ്ട ബന്ധം ദമ്പതിമാരും പോലെ വേറെയുണ്ടോ? ഭാര്യയെന്ന വാക്കിന്റെ അർത്ഥംതന്നെ ഭരിക്കപ്പെടുവും ആനന്ദവുമല്ലേ ഭാര്യത്വത്തിന്റെ നവവും എന്നായിരിക്കെ ഈ ജനാധിപത്യയുഗത്തിലായതുകൂടി എത്രത്തോളം സ്വാതന്ത്ര്യം കൊടുക്കാനൊക്കും? എത്ര സമത്വം അവർക്കൊട്ടുക്കാനൊക്കും? തരക്കേട് അവരുടെ അഭിപ്രായത്തിൽ ആ ആനന്ദം മട്ട് എന്നുവച്ചാൽ സ്ത്രീകളുടെ അല്ല; പി



ന്നെയോ നമ്മുടെ, അതായത് പുരുഷന്മാരുടെ. (ഞാനിപ്പോൾ തല്ലുകൊള്ളുന്നതിനുള്ള വകുപ്പുണ്ടാക്കുകയാണല്ലോ) അതെ നമ്മുടെമാത്രം തൊട്ടു പരമ്പരാഗതമായി പകർന്നുകിട്ടിയിട്ടുള്ള ആചാരക്രമങ്ങളും, അന്ധവിശ്വാസങ്ങളും, മനഃശാസ്ത്രകൃത്രിമങ്ങളും എന്നിവയൊക്കെക്കൂടെ കെട്ടിയുറപ്പിച്ചിട്ടുള്ള കോട്ടകൊത്തളങ്ങളും അത്രയേറെ ഇടിച്ചുനിരത്തുന്നതുമോ? കെട്ടിയുറപ്പിച്ചതു സ്വാർത്ഥപ്രേരിതരായ നമ്മൾ; ഇടിച്ചുനിരത്തുന്നതു് അസ്വതന്ത്രകളായ അബലകൾ.

ഒന്നാലോചിച്ചുനോക്കൂ, നമ്മുടെ ഭാര്യമാരുപ്പെടെയുള്ള സ്ത്രീകളുപ്പറ്റി എന്തൊക്കെയാണ് നാം പറയുന്നു? കണ്ണിരൊഴുക്കി കാര്യം കാണാനും അസൂയകൊണ്ട് അയൽപ്പക്കങ്ങളെ ഭ്രഷ്ടിക്കുന്നതിനും മുട്ടുവിക്കരുതാത്തിൽ മുങ്ങിനശിക്കാനും മാത്രമാണ് സ്ത്രീകൾക്കു വാസനയെന്ന നാം പറയുമ്പോൾ, അവരുള്ള പരിതഃസ്ഥിതി നാമന്നെ സൃഷ്ടിച്ചുകൊടുത്തതു്, കണ്ണീരൊഴുക്കാനും ബുദ്ധിശക്തി വികസിപ്പിക്കാനും നാം അവരെ അനുവദിച്ചിട്ടില്ലെന്നല്ല അതൊരുപക്ഷേ അവരുടെ ശരണിക്കുകൂടിപ്പെയ്യു എന്നേക്കണ്ടാം. സ്ത്രീയിൽ വൈകാരിതജീവിതം പരിധിയില്ലാതെ വളത്തി അവളുടെ ബുദ്ധിയേയും ഹൃദയമാക്കിമാറ്റാൻ ശ്രമിച്ച നാം പാവയെന്നും കളിക്കോപ്പെന്നും പുരിക്കുന്നതിനർത്ഥമുണ്ടോ? ആ ഹൃദയമൃദുലതയും, നിസ്സഹായതയും, ബ്രഹ്മമായ വിചാരിച്ചുൽക്കുടി വായടപ്പിക്കാൻ വ്യാഖ്യാത്ത വർത്തമാനവും സ്നേഹപൂർവമായ കളിയാക്കൽകൊണ്ടു, നാമിന്നും പരോക്ഷമായി പ്രോത്സാഹിപ്പിക്കയല്ല ചെയ്യുന്നത്?

എൻറെ അഭിപ്രായം പറയുകയാണെങ്കിൽ ഈ സ്വഭാവവിശേഷങ്ങളും കാമുകിയിൽ അനുകർഷകയും നവവധുവിൽ ആകർഷകവും അല്ല കഴിഞ്ഞു് അനാകർഷകവും ആയിട്ടായിരിക്കും കാണുക. അച്ഛനമ്മമാരുടെ സംരക്ഷണയിൽ കഴിയുന്ന കാലത്തു് അവൾക്കു് കൊഞ്ചാനും കൂകിക്കാനുമേ അറിയൂ എന്ന നിലയായാലും എനിക്കൊരു നഷ്ടവുമില്ല. മധുവിധുകാലത്തു് സർവം മറന്നു ആനന്ദിക്കുകമാത്രമാണ് പണി എന്നാണല്ലോ വയ്പു്. എന്നാലതുപോലും ഒരിക്കലും നാണം തീരാതെ ചിണുങ്ങിച്ചിണുങ്ങി നിൽക്കുന്ന പെണ്ണിനെ എനിക്കിഷ്ടമാകയില്ല.

ഇവടെ ഒരുകാര്യം പറയട്ടെ. ലൈംഗികമായ ആനന്ദത്തിന്റെ അളവു കൂടുതൽ പ്രേമത്തിന്റെ ആനന്ദവുമല്ലേ ദാമ്പത്യത്തിന്റെ മാർഗ്ഗവും ലക്ഷ്യവും എന്നു ചിലർ ചോദിച്ചേക്കാം. അവരോടു ഞാനെന്തു തിരിക്കുന്നില്ല. ഒരാളിന്റെ വിഷം മറ്റൊരാളിനു് അമൃതാകാം. എന്റെ അഭിപ്രായത്തിൽ ആ ആനന്ദം മട്ട് ഇപ്പോഴും. ബുദ്ധിയെ പട്ടിണിയിട്ട് വൈകാരികതയിൽ മാത്രം നിറച്ച് മനുഷ്യനെ ഉണർവുള്ള ജീവിയാക്കാനെന്നാക്കും!

ഈ പാരമ്പര്യത്തിൽനിന്നും ഒന്നിനെ ഉൾക്കൊള്ളാനും തൻറേടവും ലോകപരിചയവും വിശാലവീക്ഷണവും വിജ്ഞാനപ്രേമവുമുള്ള ഒരു ജീവിതസഖിയായാണെനിക്കിഷ്ടം. മാധവിക്കുട്ടിയപ്പോലെ ഒരു ഭാര്യയുണ്ടായിരുന്നു് അതിമനോഹരമല്ല? പി. ജി. വോഡ്ഹൗസിന്റെ പ്രസിദ്ധകഥാപാത്രമായ ജീവസ്സനോളം വൈദഗ്ധ്യവും വിപരീതബുദ്ധിയുമുള്ള ഭാര്യയെ ഒരുകാലത്തു ജീവിതത്തിലെ ബുദ്ധിമുട്ടെല്ലാമകറ്റുമെന്നു? ഇന്നത്തെപ്പോലെ ലൈബ്രറിയിൽ ഓടിനടക്കണ്ട, ആപത്തുകളെ ഭയപ്പെടേണ്ട. ഇതൊന്നുകൂടിപ്പറയേണ്ടല്ലോ, ഞാൻ തെക്കൻ ആഫ്രിക്കയിലെ മഹാനഗരങ്ങളിലെ വർണ്ണവിവേചനത്തെയും തുടങ്ങി രാഷ്ട്രീയം, അന്തരാഷ്ട്രീയം, ആയ ഗഹനവിഷയങ്ങളിൽ ചൂഴ്കയിരിക്കയോ, അവിടെക്കൊണ്ടിട്ടിലെ മലമുകളിലെ മഞ്ഞുപ്പിഞ്ചുമലയുടെ മാഹാത്മ്യം വിസ്തരിക്കാൻ വരികയോ ചെയ്തു. കമ്മ്യൂണിസത്തിന്റെ മാറിയെങ്കിലും അടിസ്ഥാനതത്ത്വങ്ങളിൽ അധിഷ്ഠിതമായ ലാഭത്തിനുമായിരിക്കുമെന്നു കരുതുക.

എന്നുവച്ച് ഗൗരവപൂർണ്ണമായ കാര്യങ്ങളെക്കുറിച്ചുമാത്രമേ ഭാര്യയുടെ അന്തരീക്ഷമായിരിക്കയില്ല വീട്ടിലെപ്പോഴും. കാര്യഗൗരവത്തിനിടയ്ക്കും കൊച്ചുകളി, കഠിനദുഃഖത്തിലും ചിലനേരങ്ങളിൽ, ഹൃദയഭാരം കുറയ്ക്കുന്നതിനുപകരിക്കുന്ന പൊട്ടിച്ചിരികൾ. ചിലപ്പോൾ ശ്വാസംമുട്ടുകയല്ലേ? പിന്നെ, ഇക്കൂട്ടുകാരുടെ മാത്രം ഒരു ഭാഷ തുപ്പിപ്പിടിക്കുകയുള്ളൂ എന്ന സംഗതി അതിനെന്തു. കൂടെക്കൂടെ ഓമനേ തങ്കമേ എന്നൊക്കെ വിളിച്ചു വാത്സല്യപ്പിച്ചുകയും, അയ്യപോരാ? അല്ലെങ്കിൽ ചിലകഥകളിൽ കാണുമ്പോലെ 'ഞാനൊരു യന്ത്രമല്ല, പൂട്ടുള്ള മാംസവും തുടിക്കുന്ന ഹൃദയവും തിളയ്ക്കുന്ന രക്തവും ഉള്ള ഒരു മനുഷ്യജീവനാണ്' എന്നും മറ്റും ഒരേഴുത്തെഴുതിവച്ചിട്ട്, അങ്ങനെയിരിക്കുമ്പോഴൊരുദിവസം വല്ല സ്നേഹിതന്റെയുകൂടെ അവിടം ചാടിപ്പോയാലോ.


പിന്നെയും ചിലതു ഞാൻ ചെയ്യും. നല്ല നല്ല സിനിമകൾ, മറ്റു കലാപ്രദർശനങ്ങൾ, കലാപ്രകടനങ്ങൾ, മഹാരഥന്മാരെ ഇതിനൊക്കെ ഞാനവളെ കൊണ്ടുപോകും. പക്ഷെ ആറാട്ട് അമ്പലങ്ങളിലെ ഉത്സവം എന്നു തുടങ്ങി ആൾക്കൂട്ടമുണ്ടാകുന്നിടത്തൊക്കെ പ്രദർശിപ്പിക്കാൻ പോകുന്ന പതിവു് ഞാൻ പ്രോത്സാഹിപ്പിക്കയില്ല. ഞാൻ തിരഞ്ഞെടുക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഭാര്യ അതാഗ്രഹിക്കയില്ല എന്നുവച്ചാൽ അതുപോലെ. ആരെങ്കിലുടയിലും മറ്റു ഭർത്താക്കന്മാരെ കൊണ്ടുകളയുന്നതിന്റെ ഇരട്ടി പണം മിച്ചംവച്ചു ഞാനൊരു നല്ല ലൈബ്രറിയുണ്ടാക്കിക്കൊടുക്കും. വീട്ടിൽ പിന്നെ ഭാര്യാപരതന്ത്രനിന്നും സൈവറുടെ സെക്രട്ടറിയുടെ ദ്വിഭാഷത്തിലേക്കു വഴുതിപ്പോകാതെ സൂക്ഷിക്കണമെന്നേയുള്ളൂ.

അതെ, ഇങ്ങനെ എന്റെ അഭിരുചിക്കും അഭിപ്രായഗതിക്കും യോജിച്ചുപോകുന്ന ഒരു മധുവിനെ കിട്ടിയെന്നു വയ്ക്കുക. ഇനിപ്പറയാമല്ലോ, ശ്രീരാമനെ തോല്പിക്കുന്ന ഏകപത്നീവ്രതമായിരിക്കും എനിക്ക്', തീച്ചു്. നിങ്ങളും നെറ്റി ചുളിക്കുകയാണ് അല്ലേ? ചുണ്ടുകളിൽ പുഞ്ചിരിയും പൊടിയുന്നുണ്ടല്ലോ. മിശ്ര തടവി ഇങ്ങനെ പുച്ഛസമത്തുന്നതെന്തിനാണ്? ഭർത്താവിന്റെ ഒന്നാമത്തെ ഗുണമായി ഇതു ഞാനെടുത്തെടുത്തു പറയുന്നതിനു കാരണമുണ്ട്. ഭർത്തൃപ്രേമം വിജയിച്ചുപോവുന്നതാണ് ഭാര്യാത്വത്തിലെ ഏറ്റവും ഉത്സാഹമായ വേദന എന്നതു ഞാൻ കണ്ടിടത്തോളം മനസ്സിലാക്കിയിട്ടുള്ളതു്. ഇതിനേക്കാൾ കഷ്ടമായി ഒന്നുണ്ട്—എന്തെന്നു മനസ്സിലായില്ലേ? ഒരിദ്ദും. സ്നേഹത്തെ വെറുപ്പും വിദ്വേഷവുമാക്കി മാറ്റുന്ന വിധം, ലജ്ജകൊണ്ടു മധുരവാക്കു പറയാൻ വയ്യാത്ത നായിനെക്കൊണ്ടു കോപത്താൽ കൊള്ളിവാക്കു പറയിക്കുന്ന പിശാചു്. പക്ഷേ ആരോഗ്യമുണ്ടെങ്കിൽ പണിയെടുത്തു ഇതിനെ മിക്കവാറും തടുത്തുനിത്താം. പണിത്തിരക്കിനിടയിൽ പരസ്ത്രീകളെപ്പറ്റി വിചാരിക്കാൻ നേരം കിട്ടില്ലെന്നൊരു ഗുണവുമുണ്ട്. പിന്നെ, ഭർത്താവിന്റെ കഴിവിന്നപ്പുറമുള്ള വിഷമകരമായ പ്രസന്നതയോടെ സഹിക്കുന്ന ഭാര്യയാണെങ്കിൽ എന്തൊരൈശ്വര്യം?


ഇങ്ങനത്തെ ഭാര്യമാരുണ്ടോ എന്നാണെ നിങ്ങളുടെ നോട്ടത്തിന്റെ അർത്ഥം, അല്ലേ? എനിക്കതു മനസ്സിലാവുന്നു. നമ്മുടെ പങ്കു് നാം ശരിക്കു നിർവഹിക്കുക, അപ്പോൾ മറ്റേ ഭാഗവും ശരിപ്പെടാതെ നിവൃത്തിയില്ലെന്നും വിശ്വസിക്കുക. അല്ലാതെ എസ്. പി. സി. എ-യുടെ മാതൃകയിൽ എസ്. പി. സി. എച്ച്. (Society for the prevention of Cruelty to Husbands) എന്നൊരു സംഘടനയുണ്ടാക്കി ഏതോ ഒരു ദേശത്തെ പുരുഷവർഗ്ഗം അധഃപതിച്ചുപോലെയാവരുതു് നാം. എന്തു പറയുന്നു?


---

തിരുവനന്തപുരം റേഡിയോ നിലയത്തിൽനിന്നും പ്രക്ഷേപണം ചെയ്തതു്.




കന്നാർ ഡാം ശബരിമലക്ഷേത്രത്തിലെ ആവശ്യത്തിനുള്ള ജലം ഈ ഡാമിൽ സംഭരിച്ചിരിക്കുന്നു. ക്ഷേത്രത്തിലേയ്ക്ക് ഈ ഡാമിൽനിന്നും ജലം ലഭിച്ചു തുടങ്ങിയിരിക്കുന്നു.






സോവിയറ്റ് യൂണിയൻ സന്ദർശി
ആരോഗ്യമന്ത്രി
താഴെ ഇടത്തു്—ന്യൂഡെൽഹിയിലെ
നൽ കഥാച്ചിറൽ ഫോറം യു. എസ്.
ണാസല്ക്കാരം നൽകിയ അവസരത്തിൽ
മി. കുമാരസ്വാമി, ജന. കെ. എം. കാ
എൽ റാഡി, മി. ജഞ്ജു് ആലൻ എ
ഉദ്യോഗസ്ഥന്മാരുംകൂടി സാവ്രാഷ്ട്രികകാര്യ
താഴെ വലത്തു്—രാജസ്ഥാൻ മുഖ്യമ
ലെ പാത്തിമജമ്മൻ സ്ഥാനപതി ഡ
നപതി ബറൂട്ടു് പലാഞ്ഞിലിയുമൊത്തു



ം ഇന്ത്യയിൽ തിരിച്ചെത്തിയ
ി അമൃതകോർ.
ർവൃഷൻ ക്ലബ്ബിൽവച്ച ഇൻറർനാഷ
ി മി. ജഡ്ജ്ജ് ആലത്ത ഒരു സ്വീകര
യിലെ സിലോൺ ഹൈക്കമ്മിഷണർ
ഇാക്കി പ്രതിപുരുഷൻ മി. സലീം
മറെറാരു അമേരിക്കൻ എംബാസി
ാറി ചച്ചുകളം നടത്തുകയുണ്ടായി.
ം ജയനാരായൻവ്യാസ് ഇന്ത്യയി
ലംമേയറും നെതർലൻസ് സ്ഥാന



ഇന്ത്യാഗവൺമെൻറ കൃഷിവകുപ്പുമന്ത്രി ഡാ: പഞ്ചാബാവു ദേശമുക്ക് സിംലായിൽവച്ച്
വനമഹോത്സവവാരത്തിൽ ഒരു ആപ്പിൾമരം നടുന്നു.



# സോഷ്യലിസ്റ്റ് റീയലിസത്തിന്റെ പുതുമാർഗം



> "റഷ്യയിലും ചൈനയിലുമുണ്ടായ ക്രമാധികമായ അഭിവൃദ്ധിയെപ്പറ്റി കൊട്ടിഘോഷിക്കുന്നവരെല്ലാം നമ്മുടെ ജനതയുടെ നിഷ്ക്രിയാത്മകമായ നൈരാശ്യബോധത്തെയും അനാശാസ്യമായ അലസ്യത്തെയുംപറ്റി ശബ്ദിക്കാത്തതു മഹാകഷ്ടമാകുന്നു. സ്വതന്ത്രഭാരതത്തിന്റെ അഭിവൃദ്ധിക്കു വിഘാതമായി നില്ക്കുന്ന പ്രധാനഹേതുക്കളിലൊന്നു സാമാന്യജനതയ്ക്കിടയിൽ രചനാത്മകമായ ഒരു മനോഭാവംപോലും വളർന്നുകാണാത്തതത്രെ.

— സി. പി. ശ്രീധരൻ —

ക്ലാസിക്കൽ റീയലിസം, നാച്ചറൽറീയലിസം, ക്രിറ്റിക്കൽറീയലിസം, റവല്യൂഷനറിറീയലിസം മുതലായ വിപ്ലവപ്രസ്ഥാനങ്ങളെയെല്ലാം പുറകിൽ തള്ളിമാറ്റിയ നവീന കലാപ്രവർത്തനത്തിലെ ഏറ്റവും പുരോഗമനാത്മകമായ ഒരു കലാപ്രസ്ഥാനമായിട്ടാണ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ആവിർഭാവം. അനേകമനേകം സംവത്സരങ്ങളായി സാമൂഹ്യ സമ്പത്തികാസമത്വങ്ങളാൽ നരകയാതനകളനുഭവിക്കുന്ന നല്ലൊരു ശതമാനം ഒരു പുതിയ സാമൂഹ്യഘടനയുടെ പ്രത്യേക ഘോടകമായ ഈ ഒരു നവചേതനയെ അനുഭവിച്ചുവരികയാണ്. അതിനെ പരികല്പിക്കുന്ന, അതിനെ സംബന്ധിപ്പിക്കുന്ന, അതിനെ സംരക്ഷിക്കുന്ന, ഒരു സാഹിത്യപ്രസ്ഥാനമാണ് സോഷ്യലിസ്റ്റ് റിയലിസം. "പുതിയതിന്റെ വരവറിയിക്കുന്നതിന്റെ, വസന്തത്തിന്റെ ഭാവനാദൃശ്യങ്ങളായ ബാഹ്യരേഖകളെ വരച്ചുകാട്ടുന്നതാണ് കലാകാരന്റെ മുമ്പത്തെയിൽനിന്നാണ്" സോഷ്യലിസ്റ്റ് റിയലിസം രൂപംപൂണ്ടത്.

## സോഷ്യലിസ്റ്റ് റീയലിസത്തിന്റെ ഉത്ഭവം

മാർക്സിസത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് പ്രായോഗികമായ ഒരു സോഷ്യലിസ്റ്റ് റവല്യൂഷനറി സമുദായവ്യവസ്ഥ കെട്ടിപ്പടുക്കുവാനുള്ള ശാസ്ത്രീയപദ്ധതി കൈവന്നത്. മനുഷ്യപ്രയത്നങ്ങളെ മുഴുവനുമഭഗ്രഥിച്ചുപഠിക്കുവാനും, ഒരു സോഷ്യലിസ്റ്റ് റവല്യൂഷനറി വിപ്ലവത്തിന്റെ പശ്ചാത്തലമൊരുക്കുന്നതിൽ അവയെ മുഴുവൻ സജ്ജീകരിച്ചുനിർത്തുവാനും പ്രയോജകീഭവിക്കുന്ന ഒരു സിദ്ധാന്തമാണ് വൈരുദ്ധ്യാധിഷ്ഠിതചരിത്ര ഭൗതികവാദം. ഇന്നത്തെ സാമൂഹ്യജീവിതയാഥാർത്ഥ്യങ്ങളെ സാകല്യേന പരികർത്തിയിൽ മാത്രംപോരാ, അവയെ മാർക്സിസ്റ്റ് റവീക്ഷണഗതിയിൽക്കൂടി നിത്യസംഘർഷനടത്തുന്ന രണ്ടു സമ്പത്തികവർഗ്ഗങ്ങളായി തരംതിരിച്ചുകാണിച്ച വർഗ്ഗസമരത്തിൽ കൂടി വെക്കുന്ന സമ്പ്രദായത്തിൽ പരികർത്തണമെന്നതത്രെ സോഷ്യലിസ്റ്റ് റീയലിസത്തിന്റെ തത്ത്വം. ഒരു സോഷ്യലിസ്റ്റ് റസമൂഹ്യഘടന നടപ്പിൽവരുത്തുന്നതിനു പ്രാരംഭമായി മുതലാളിവർഗ്ഗത്തോടുനടത്തുന്ന വർഗ്ഗസമരത്തിനു തൊഴിലാളികർഷകജനവിഭാഗത്തെ അണിനിരത്തുവാനുള്ള പ്രേരണാശക്തി നൽകുകയാണ് സോഷ്യലിസ്റ്റ് റീയലിസത്തിന്റെ ഉദ്ദേശം. അതിനാൽ ആദർശപ്രധാനങ്ങളായ ക്ലാസിസിസത്തെയും റൊമാന്റിസിസത്തെയും നിരാകരിച്ച യാഥാർത്ഥ്യപ്രധാനമായ റീയലിസം വീണ്ടും മൈഡിയലിസത്തിലേക്കു തിരിച്ചുപോവുകയാണെന്നു കാണാം. അതിലെ മൈഡിയലിസം (ആദർശാത്മകത) സോഷ്യലിസ്റ്റ് റ സമൂഹ്യവ്യവസ്ഥയാണ്. അപ്പോൾ സോഷ്യലിസ്റ്റ് റീയലിസം മനുഷ്യജീവിതത്തെ ചരിത്രഭൗതിക വാദത്തിലധിഷ്ഠിതമായ വർഗ്ഗസമരത്തിന്നനുയോജ്യമായ വിധത്തിൽ പരികല്പിച്ചിരിക്കുന്നു. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള മനുഷ്യപ്രയത്നങ്ങളെ മുന്നോട്ടുള്ള ഗതിയിൽ വിടുകയാണ്. ജീർണ്ണമായ പഴയവ്യവസ്ഥകളെ നിർമ്മാർജ്ജനംചെയ്യുന്ന (Distructive) നശീകരണഭാഗം: സോഷ്യലിസം നിർമ്മിച്ചയത്തുന്ന (Constructive) നിർമ്മാണയുഗം: അതിനെസംരക്ഷിക്കുന്ന (Protective) സംരക്ഷകഭാഗം. സോഷ്യലിസ്റ്റ് റീയലിസത്തിലും ഈ മൂന്നുകാലഘട്ടങ്ങളുടെ പ്രത്യക്ഷമായ രൂപഭേദങ്ങൾ കാണാൻ പ്രയാസമില്ല. സോവ്യറ്റുറഷ്യയാണ് പ്രഥമമായി ഭൂതൊഴിലാളിവിപ്ലവംനടത്തി സോഷ്യലിസ്റ്റ് റവ്യവസ്ഥ കെട്ടിപ്പടുത്തത്. റഷ്യയിലെ വിപ്ലവം വിജയസമാപ്തിമാകുന്നതുവരെയുണ്ടായ ബൃഹത്പ്രകൃതങ്ങളായ കലാസൃഷ്ടികളും, ഭോഗംസ്റ്റോയി, സംസ്റ്റോവയ്സ്കി, ടർജനീവ്, ഗോർക്കി, മയക്കോവസ്കി മുതലായവരുടെ പ്രഗത്ഭകലാസൃഷ്ടികളെല്ലാം, സോഷ്യലിസ്റ്റ് റവിപ്ലവത്തിന്റെ പശ്ചാത്തലമൊരുക്കുന്നതിനും, ജീർണ്ണമായ പഴയ സാമൂഹ്യവ്യവസ്ഥയെ നിർമ്മൂലനം ചെയ്യുന്നതിനും ബോധപൂർവ്വം പ്രചാരവേലചെയ്യുന്നവയാണ്. അവയെല്ലാംതന്നെ സോഷ്യലിസ്റ്റ് റീയലിസത്തിന്റെ സംഹാരാത്മകഘട്ടത്തെ പ്രതിനിധാനംചെയ്യുന്നവയാണ്. ഗോർക്കിയുടെ അമ്മ അതിനു മകുടംചാർത്തുന്നു.

## സൃഷ്ടിപരമായ കാലഘട്ടം

വിപ്ലവകാരികൾ അധികാരം പിടിച്ചുതോട്ടുടി ഒരു സോഷ്യലിസ്റ്റ് റഷ്യ കെട്ടിപ്പടുക്കുവാൻ നടത്തിയ ഇതിഹാസോചിതമായമഹാപ്രയത്നങ്ങളോടൊപ്പമാണ്, അവയെപകർത്തിയും വളർത്തിയുമാണ്, രചനാത്മകമായ സോഷ്യലിസ്റ്റ് റീയലിസം അഭിവൃദ്ധി പ്രാപിച്ചത്. രാഷ്ട്രനിർമ്മാണപരമായ ഈ ബഹുജനപ്രസ്ഥാനത്തിന്റെ ആവേശകരമായ മുന്നേറ്റത്തെപ്പറ്റി വിപ്ലവാനന്തരകാലഘട്ടത്തിൽ ഗ്ലാദ്കോവ് എന്ന ഗ്രന്ഥകർത്താവ് വികാരവായ്പോടെ രേഖപ്പെടുത്തുകയാണ്: 'General impression is one of progress, a visible progress; building building all the time, everywhere even out in the deserts, and in the wild lonliness in the steppes' (പ്രത്യക്ഷമായ പുരോഗതിയെപ്പറ്റിയെപ്പൊഴുവിൽധരിക്കുന്നുള്ള. എല്ലാസമയവും,എല്ലായിടത്തും, മരുഭൂമിയിലും ഏകാന്തഭീകരങ്ങളായ സ്റ്റെപ്പ്സുവനാന്തരങ്ങളിലും നിർമ്മാണം,നിർമ്മാണമെന്നുകേൾക്കാമെന്നുള്ള) ഈ അത്യുജ്ജ്വലശൂപൂർവ്വമായ അഭ്യുദയശക്തിയെയുണർത്തിയുണ്ട് സാഹിത്യവും സാമൂഹ്യപുരോഗതിയും നിജീവമോ നിശ്ചലമോ ആവുകയില്ലെന്നും അതിനു സോഷ്യലിസ്റ്റ് റസമുദായത്തെ സംരക്ഷിക്കുന്നുള്ള ബാധ്യത എന്നും വന്നുചേരുമെന്നും. രണ്ടാംലോകയുദ്ധത്തിന്റെ ഭീഷണിയിൽനിന്നു സോഷ്യലിസ്റ്റ് റരാഷ്ട്രത്തെ സംരക്ഷിക്കുവാൻ ആത്മത്യാഗപൂരസ്സരമായ സന്നദ്ധത പ്രകടിപ്പിക്കുന്നതിനും സാഹിത്യകാരന്മാർ ജനങ്ങൾക്കാഹ്വാനംനൽകി. വെൻസ്ലാവിച്ച് ഇവാനോവ് തന്റെ രാഷ്ട്രനിർമ്മാണപ്രസ്ഥാനത്തിനുംവേണ്ടുന്നതുകാത്ത കലാശില്പങ്ങൾക്കു നിർബന്ധപൂർവം നിരോധനം തന്നെ നൽകുകയുണ്ടായി. ഫൈസോൽഗ്രോവിന്റെ 'സിമൽക്', വാലെറിൻകടേവിന്റെ 'കാലത്തിന്റെ മുന്നേറ്റം', ബോറിസ്പാവിൻനീക്കിന്റെ 'ഭോഗംഗനേടി കാസ്സിയൻകടലിൽ വീഴുന്നു' മുതലായ പ്രസ്ഥാനങ്ങളും സാമാന്യജനതയുടെ പുരോഗമകരങ്ങളായ ദേശീയപുനർനിർമ്മാണപരിശ്രമങ്ങൾക്കു മുമ്പിൽ കൊടിപിടിക്കുന്നവയാണ്; നിർമ്മാണപരമായ സോഷ്യലിസ്റ്റ് റീയലിസത്തിന്റെ ഉത്തമമാതൃകകളാണ്; ചിത്രകലാപ്രസ്ഥാനംപോലും ദേശാഭിവൃദ്ധികരങ്ങളായ മനുഷ്യപ്രയത്നങ്ങളുടെ മഹാപ്രവാഹങ്ങളെ ഉൾക്കൊണ്ടിരുന്നു. അഭിനിതീയകലാകാരനായ ജെറാസിമോവിന്റെ A State breeding farm, സംഗ്രാഹകന്റെ Women working in a parachute factory മുതലായ വിഖ്യാതചിത്രങ്ങളും സംഗ്രാഹികമായ കരകൗശലംകൊണ്ടു ജനക്ഷേമകരങ്ങളായ നിർമ്മാണമഹാസന്ധാനങ്ങളെ പ്രതിഫലിപ്പിക്കുന്നു. റഷ്യൻനിരൂപകന്മാരുടെ ഭാഷയിൽ പറഞ്ഞാൽ 'മഹത്തായ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ വീരസ്വപ്നങ്ങളെപ്പറ്റിയുള്ള വീരേതിഹാസങ്ങളാണവ.'

## സംരക്ഷകഭാഗം

ബൂർഷ്വാശാലികളായ നിരൂപകന്മാർ ഇവിടെ ഒരു പ്രധാന ചോദ്യമുന്നയിക്കുകയുണ്ടായി. വിരുദ്ധവർഗ്ഗങ്ങളുടെ സംഘട്ടനത്തിൽനിന്നായിരുന്നു മനുഷ്യന്റെ സാമൂഹ്യപുരോഗതിയുണ്ടായതെങ്കിൽ, ആ സാമൂഹ്യപുരോഗതിയുടെ ഒരൈരൂപടക്കുടിച്ചുകൊണ്ടാണ് സാഹിത്യകലാപ്രസ്ഥാനങ്ങളും വളർന്നുവന്നതെങ്കിൽ, വർഗ്ഗരഹിതമായ ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുത്തുകഴിഞ്ഞാൽ വർഗ്ഗസംഘട്ടനങ്ങളില്ലാതെപോവുകയും തന്മൂലം സാമൂഹ്യപുരോഗതിയുടെ വഴിമുടങ്ങുകയുമുണ്ടാവില്ലേ? സോഷ്യലിസ്റ്റ് റീയലിസ്റ്റ് സാഹിത്യം നിജീവമായിപ്പോവുകയില്ലേ? ഒരു സോഷ്യലിസ്റ്റ് റസമുദായത്തിന്നപ്പുറത്തേയ്ക്കു മനുഷ്യനുവരോഗമില്ലാതാക്കുന്നില്ല; പുരോഗതിയുടെ അന്തിമസങ്കേതമാണ് കമ്യൂണിസമെന്ന മഹാപടിതത്തെ സോഷ്യലിസ്റ്റ് റനിരൂപകന്മാർ ദുഃസ്വപ്നത്തിൽ പോലും നിനച്ചിരുന്നില്ല. സാഹിത്യവും സാമൂഹ്യപുരോഗതിയും നിജീവമോ നിശ്ചലമോ ആവുകയില്ലെന്നും അതിനു സോഷ്യലിസ്റ്റ് റസമുദായത്തെ സംരക്ഷിക്കുന്നുള്ള ബാധ്യത എന്നും വന്നുചേരുമെന്നും. രണ്ടാംലോകയുദ്ധത്തിന്റെ ഭീഷണിയിൽനിന്നു സോഷ്യലിസ്റ്റ് റരാഷ്ട്രത്തെ സംരക്ഷിക്കുവാൻ ആത്മത്യാഗപൂരസ്സരമായ സന്നദ്ധത പ്രകടിപ്പിക്കുന്നതിനും സാഹിത്യകാരന്മാർ ജനങ്ങൾക്കാഹ്വാനംനൽകി. വെൻസ്ലാവിച്ച് ഇവാനോവ്

ിയുടെ 'മഴവില്ല്'' എന്ന സ്റ്റോലി
മാനാർഹമായ നോവൽ, ചൂക
സന്യത്തെ ശ്ലോരിഫൈചെയ്യു
ംറവാർട്ട് ക്യറിയുടെ Live
ം മുതലായ ചിത്രങ്ങളും ശോക
യുദ്ധത്തിൽനിന്ന റഷ്യയെ വിജ
ക്കുന്നതിനുള്ള മഹത്തായ ആ
ങ്ങളാകുന്നു. സ്റ്റെയിൻബെക്ക്,
ഹെമിംഗ്വേ' മുതലായ ആധുനിക
ിത്യകാരന്മാർ സോഷ്യലി
ംഷ്ംറത്തെ ഗ്രസിക്കാൻ വാ
ിനിൽക്കുന്ന അമേരിക്കയുടെ
ജനകീയവിദേഷത്തിന്റെ
ക്കെട്ട് മറിച്ചുവിടുന്നവയാണ്.
യല്ലാം സോവ്യറഷ്യയിലെ
ിയലിസ്റ്റ് റീയലിസത്തിന്റെ
ഷകരശ്രമയെ പ്രതിനിധീകരി

## ാഷ്യലിസ്റ്റ് റീയലിസം ഇന്ത്യയിൽ

ർതീയസാഹിത്യങ്ങളിൽ സോ
സ്റ്റ് റീയലിസം ഒരു പ്രസ്ഥാന
നിലയിൽ ആവിർഭവിക്കുന്നേ
നമ്മുടെനാട്ടിൽ റഷ്യൻ റീയ
ത്തെയും പ്രാപിച്ചുവെങ്കിലും മാർ
ത്തിന്റെ ദൃഷ്ടിയിൽ ഒരു വർഗ്ഗ
ം സംഭവിച്ചിട്ടില്ല. അതിനാ
നിർമ്മാണാത്മകമായ ബഹുജന
ാനം വളർത്തേണ്ട സാഹിത്യം
സമര പശ്ചാത്തലമെരുക്കുന്ന
ജാഗരൂകമായിരിക്കുകയാണ്.
ാഷ്യലിസ്റ്റ് റീയലിസത്തിന്റെ പ്ര
ലട്ടമായ മുതലാളിത്തസാമൂഹ്യ
നയെ സംഹരിക്കുകയെന്നോട
രുമേ ഇവിടത്തെ സോഷ്യലി
റീയലിസം വളർന്കഴിഞ്ഞിട്ടില്ല.
ഭാസ്കരന്റെ 'വയലാർ ഗർജ്ജി
ം', പുലയജീവിതത്തെ ചിത്രിക
ന്ന കെ. എൻ. എഴുത്തച്ഛന്റെ
ിഞ്ഞത' തകഴിയുടെ 'രണ്ടിടങ്ങ
മുതലായ ധാരാളം കൃതികളും ഇ
ന ഭാഗരണങ്ങളായെടുത്തുകാണി
ാവുന്നതാണ്. നിർമ്മാണത്തിന്റെ
സംരക്ഷണത്തിനേറെയുമായ മ
രണ്ട് ദശാവിശേഷങ്ങളും മലയാ
ത്തിൽ മുഴച്ചുകപോലും ചെയ്തി
ല്ല.

സോഷ്യലിസ്റ്റ് റീയലിസം സാ
ിയുമായ, അഭിവൃദ്ധിപ്പെട്ടതേണ്ട
ിയ ഒരു പുരോഗമനപ്രസ്ഥാനമാ
ാണ് ഇത്തരമൊരു സന്ദേഹമുദി
ാൻ സോഷ്യലിസത്തിനു അടുത്ത
ാലത്തുണ്ടായ ആശ്ചര്യാത്പ്രത്യാഘാ
ങ്ങളും കാരണമുണ്ടാക്കിയിരിക്കുന്നു.
റഷ്യൻ റത്തിന്റെ പ്രത്യേക പരി
സ്ഥിതികളിൽ ജനിച്ചുവളർന്ന ഒരു
ലതി ഭിന്നപ്രകൃതിയായ മറെറാരു
ാജ്യത്തിലും പ്രയോഗികമാകുകയെ
ില്ല. റഷ്യയുടെ സാഹചര്യമല്ല
ൂരോരത്തിനുള്ളത്. സോഷ്യ
സ്റ്റ് റീയലിസത്തിന്റെ അടി
ാനം ചരിത്രത്തിനു മാർക്സ്
ിയ ഭൌതികവ്യാഖ്യാനവും
സമരസിദ്ധാന്തവുമാകുന്നു. ഇത
ാന്തറാണ്ടിൽ ഭൌതികശാസ്ത്ര
ത്തിനുണ്ടായ അഭിലഷിതാധികമായ
അഭിവൃദ്ധി, ഭൌതികവാദവും വർഗ്ഗ
സമരസിദ്ധാന്തവും കേവലം നിരാ
ധാരമാണെന്ന സംശയരഹിതമായി
തെളിയിച്ചിരിക്കുന്നു. വർഗ്ഗമത്സരം
കത്തിവെയ്ക്കുന്നതു സാമൂഹ്യപുരോഗ
തിക്കാരോഗകരമല്ലെന്നും, പരിണാ
മതത്വപ്രകാരം നൈസർഗ്ഗികമായി
ത്തന്നെ മനുഷ്യപ്രകൃതിയിൽനിന്നു
തിരോഭവിച്ചുകൊണ്ടിരിക്കുന്ന മത്സര
മനോഭാവം പുനഃപ്രതിഷ്ഠിക്കുന്നതു
അശാസ്ത്രീയമാണെന്നും ഭൌതിക
വിജ്ഞാനീയങ്ങളും പ്രഖ്യാപിക്കുന്നു
ണ്ട്. സ്നേഹം, സഹകരണം. ത്യാ
ം മുതലായ ശ്രേഷ്ഠഗുണങ്ങളാണ്
മനുഷ്യപുരോഗതിയുടെ നിയാമക
ശക്തികളായിരുന്നതെന്നും, സഹകര
ണത്തിലും പരസ്പരസഹായത്തിലും,
ഭ്രാതൃതയിലുമധിഷ്ഠിതമായ ഒരു ത
ത്വപദ്ധതിക്കേ മാനവപുരോഗതി
യെ മെരുലികമായി സാധ്യമാക്കാൻ
സാധിക്കയുള്ളുവെന്നും പ്രസിദ്ധ
ശാസ്ത്രജ്ഞരും ചിന്തകരും ഏകകണ്ഠ
മായഭിപ്രായപ്പെട്ടുകയാണ്. ഭൌ
തികശാസ്ത്രത്തിന്റെതായ പ്രസ്തുത നി
ഗമനോപജ്ഞാനങ്ങളെ നിഷേധിക്കു
ന്നതു പുരോഗമനേച്ഛുക്കളായ നമുക്ക
നല്ലതല്ലല്ലോ. മാത്രമല്ല, ഇവിടെ
ഒരു വർഗ്ഗസമരം അനിവാര്യമാണെ
ന്നതേന്നുമില്ല. അധികാരിവർഗ്ഗം
സ്വേച്ഛാധിപത്യ മാർഗ്ഗങ്ങളുപയോ
ഗിക്കുന്നുവെങ്കിൽ ഒരു പ്രത്യക്ഷസമ
രം അപരിഹാര്യമാണ്. ബ്രിട്ടീഷു
ഭരണത്തോടൊരു പ്രത്യക്ഷയുദ്ധം
ഒഴിച്ചുകൂടാത്തതായിരുന്നു. ആ സമ
രത്തെപ്പോലും ശാസ്ത്രീയമായ സ്നേഹ
ത്തിലും സഹകരണത്തിലുമധിഷ്ഠിത
മായ ഒരു പ്രത്യയശാസ്ത്രമുപയോഗി
ച്ചാണ് നാം നടത്തിവന്നതു്. വർഗ്ഗ
രഹിതസമുദായം കെട്ടിപ്പടുക്കുകയെ
ന്ന നമ്മുടെ പരമലക്ഷ്യപ്രാപ്തിക്കു
വർഗ്ഗസമരം അപരിഹാര്യമല്ലെന്ന
തെന്നു. കാരണം ഇവിടെ നിലവി
വർഗ്ഗത്തിന്നധികാരം പ്രാപിക്കുവാൻ
നിവാര്യമായ പരിപൂർണ്ണപ്രാധിപ
ത്യവ്യവസ്ഥയാണ് നിലവിലുള്ളതു്.
കൂടാതെ, അതിൽകൂടി നിലവിലെ
വർഗ്ഗത്തിനു തങ്ങളുടെതത്പരസംരക്ഷി
തമായ നടപ്പിൽ വരുത്താൻ കഴിയുകയില്ല
ല്ലെങ്കിൽതന്നെ, നമുക്കു സ്നേഹത്തിലും
പരസ്പരസഹകരണത്തിലും അടിയുറ
ച്ച പ്രായോഗികമായ ഒരു പ്രത്യയ
ശാസ്ത്രം കൈവശമുണ്ടെന്നതും. മാർക്സി
ന്റെ സോഷ്യലിസത്തിനുപകരം
ചികിത്സാരീക്ഷണാത്മകമായ ഗാന്ധിയൻ
സോഷ്യലിസമുണ്ട്. മാർക്സിയൻ
സോഷ്യലിസത്തിന്റെ അടിസ്ഥാനപ്ര
ങ്ങളായ വൈരുദ്ധ്യാധിഷ്ഠിത ചരിത്ര
ഭൌതികവാദവും വർഗ്ഗമത്സര
സിദ്ധാന്തവും അശാസ്ത്രീയവും സാമൂ
ഹ്യപുരോഗതിക്കു് അനാരോഗ്യകര
വുമാണെന്ന നവീനഗവേഷണങ്ങൾ
തെളിയിച്ചിരിക്കെ അതൊരിക്കലും
ഒരു പരിഷ്കൃതകാലഘട്ടത്തിന്നനു
ഗുണമല്ല. വർഗ്ഗസമരം അനിവാര്യ
മായ ഒരാവശ്യമല്ലെന്നും കണ്ടു. അ
ഥവാ അവ സ്വീകരിച്ചാൽതന്നെ
മനുഷ്യന്റെ ഭൌതികപുരോഗതിക്കു
ല്ലാതെ, ആത്മീയവും മാനസികവുമാ
യ പ്രബുദ്ധതയ്ക്കു, മനുഷ്യന്റെ
സമഗ്രപുരോഗതിക്കു സോഷ്യലി
സ്റ്റ് റീയലിസം പര്യാപ്തമാകു
യില്ല. ഒരു സുരക്ഷിതമായ സോ
ഷ്യലിസ്റ്റ് രാഷ്ട്രത്തിൽ ഉയർന്നുസലമാ
യ പുരോഗതിയും മൈതന്യധന്യമാ
യ സാഹിത്യവും ഉണ്ടാകയുമില്ല.

മഹാത്മജിയുടെ പ്രത്യയശാസ്ത്രാധി
ഷ്ഠിതമായ സാഹിത്യപ്രസ്ഥാനത്തിന
പ്രസ്തുത അപൂർണ്ണതകളൊന്നുമുണ്ടെ
ന്നഭിപ്രായമില്ല. മനുഷ്യസാമൂഹ്യജീ
വിതത്തിന്റെ സമഗ്രവളർത്തിനു സ
ഹായകമാണെന്ന ശാസ്ത്രസമ്മതി
സിദ്ധിച്ച സ്നേഹത്തിലും സഹകരണ
ത്തിലും അഹിംസയിലുമടിസ്ഥാനമു
റപ്പിച്ച ഒരു സമൂഹ്യരൂപവത്കരണ മനു
ഷ്യന്റെ ഭൌതികാഭിവൃദ്ധിയോടൊ
പ്പംതന്നെ ആത്മീയശ്രേയസ്സിനേയും
ലക്ഷ്യംവെക്കുന്ന, സാർവ്വത്രികമനുഷ്യ
ന്റെ സമഗ്രപുരോഗതിയെ ഉന്നം
വെക്കുന്ന, ഗാന്ധിയൻപ്രത്യയശാസ്ത്ര
നുമായ ഒരു സാഹിത്യപ്രസ്ഥാന
മാണ് നമുക്കംഗീകാര്യമായിട്ടുള്ളതു്.
സോഷ്യലിസ്റ്റ് റീയലിസത്തിനു മ
റെറാരു പേരാര്യമുള്ളതു് അതു മനു
ഷ്യന്റെ ഭൌതികപരിതഃസ്ഥിതിയിൽ
പരിവർത്തനമുണ്ടാക്കുന്നതു രാഷ്ട്രീയ
പ്രവർത്തനത്തിനു ശക്തി കൂട്ടിക്കൊ
ണ്ടാണ്. തന്മൂലം രാഷ്ട്രീയപ്രവർത്ത
കരെപ്പോലെ സാഹിത്യകാരന്മാർക്ക
പ്രാമാണ്യം ലഭിക്കുന്നില്ലെന്ന മാത്രമ
ല്ല, രാഷ്ട്രീയസംഘടനയുടെ ആജ്ഞാ
നുവർത്തികളായിത്തീരേണ്ടതായും വരു
ന്നു. ഗാന്ധിയൻ പ്രത്യയശാസ്ത്രനു
സാരിയായ സാഹിത്യപ്രസ്ഥാനത്തി
നും രാഷ്ട്രീയപ്രവർത്തനത്തിനും ചൂട
പിടിക്കാതെയും, രാഷ്ട്രീയകക്ഷികളെ
സമാശ്രയിക്കാതെയും ഈ പരിവർത്ത
നം സാധിക്കാമെന്നതു ഒരു പ്രത്യേക
മഹത്വമാകുന്നു. ഗാന്ധിയനാദർ
ങ്ങളും പരിതഃസ്ഥിതിയിൽപരിവർത്ത
നമുണ്ടാക്കി മനുഷ്യനെ നന്നാക്കാ
നല്ല, മനുഷ്യന്റെ മാനസികപ
രിവർത്തനം സാധിച്ചു പരിസര
ത്തെ നന്നാക്കുന്നതേശ്രേഷ്ഠമുള്ളവയാ
കുന്നു. സാഹിത്യകാരന്റെ പരി
വർത്തനസംരംഭങ്ങളും ഏവിടെയും
എപ്പോഴും മനുഷ്യാന്തർമ്മണ്ഡലങ്ങ
ളായ മനസ്സിലും ഹൃദയത്തിലുമാണ്
നടന്നുവരുന്നതു്. അതിനാൽ സാ
ഹിത്യകാരനു നേരിട്ടു മാനസികമാ
റാറുണ്ടാക്കാൻ സാധ്യതയുണ്ട്.

സോഷ്യലിസ്റ്റ് റീയലിസത്തിന്റെ
ഈ നവീനശാഖയെ പുരസ്കരിച്ചുപ
റഞ്ഞാൽനമുക്കു നശീകരണാത്മകമാവ
ശ്യമില്ല. നിർമ്മാണത്തിന്റെ അനശ്വ
രമായ മഹാദർശനങ്ങളെ മുറുകെപ്പിടിക്കു
യാണെനമുടെ അടിയന്തിരകർത്തവ്യം.
സാമൂഹ്യഭാവസുന്ദരമായ ഒരു നവീന
മാനവസമുദായത്തിന്റെ സൃഷ്ടിക
ർമ്മത്തോടുകൂടി ജീർണ്ണമായ സാമൂഹ്യ
വ്യവസ്ഥകൾ സ്വാഭാവികമായിത്ത
ന്നെ മണ്ണടിയാതെ നിവർത്തിയില്ല.

റഷ്യയിലും ചൈനയിലുമുണ്ടായ ക്ര
ാധികമായ അഭിവൃദ്ധിയെപ്പറ്റി
കൊട്ടിഘോഷിക്കുന്നവർ നമ്മുടെ
ജനതയുടെ നഷ്ടപ്രായമായ
നൈഷ്ഠുര്യബോധത്തെയും അനാശാ
സ്യമായ ആലസ്യത്തെയുംപറ്റി ശ
ബ്ദിക്കുന്നതു കഷ്ടമാകുന്നു. സ്വതന്ത്ര
ഭാരതത്തിന്റെ അഭിവൃദ്ധിക്കുവിഘാ
തമായിനില്ക്കുന്ന പ്രധാന ഹേതുക്കളി
ലൊന്നു സാമൂഹ്യജനതയ്ക്കിടയിൽ
രചനാത്മകമായ ഒരു മനോഭാവം
പോലും വളർന്കാണാത്തതത്രെ. ജ
നതയുടെ ശുഷ്കപ്രായമായ കർമ്മശക്തി
യെ ചൈതന്യസമുജ്ജ്വലമാക്കുവാൻ
സാഹിത്യകാരന്മാരും മനഃപൂർവ്വം
ചെയ്തിട്ടില്ല. സന്നിശ്ചമായ ഈ കു
ലഘട്ടത്തിന്റെ കയ്യുംപിടിച്ചു ധീര
മായി മുന്നോട്ടു നയിക്കുവാനുള്ള മഹ
ത്തായ കർത്തവ്യം നിർവ്വഹിക്കുന്നതിൽ
ദേശകേന്ദ്രരായ സാഹിത്യകാരന്മാർ
പരാജയപ്പെടാതിരിക്കട്ടെ. ഭാഗ്യ
വശാലവർക്ക് മുമ്പിൽ ആത്മപ്രബോധ
കമായ ചില മഹനീയസംഭവങ്ങളും,
നിർമ്മാണപരമായ ഐതിഹാസിക
സംഭങ്ങളും നടക്കുവാൻ തുടങ്ങിയിരി
ക്കുകയാണ്. ഒരു ജനകീയപ്രസ്ഥാ
നമായി വളർന്കഴിഞ്ഞ ഭ്രാന്തനയ
ജ്ഞത്തെ വിജയിപ്പിക്കുന്നതിനെക്കാളും
കഴിവുള്ളതു് സാഹിത്യകാരന്മാർക്കത്രെ.
ഭ്രാന്തി മുഴുവൻ നിശ്ശേഷവർഗ്ഗം പിടിച്ചു
ടക്കി വിഭജിക്കുകയല്ല, ഭൂവുടമയുടെ
മനഃപരിവർത്തനംവരുത്തി കർഷക
ക്ക് വിതരണം ചെയ്യിക്കുകയത്രെ ഭ്രാ
ന്തനയജ്ഞത്തിന്റെ സ്വഭാവം. അ
തിൽ രാഷ്ട്രീയപ്രവർത്തകനെക്കാളും
ക്ഷണവേഗത്തിൽ സാഹിത്യകാര
ന്റെ മാന്ത്രികവിദ്യകളാൽ മനഃ
പരിവർത്തനം സാധിക്കുന്നതു്,
വർഗ്ഗരഹിതസമുദായം കെട്ടിപ്പടു
ക്കാൻ സാധിക്കുന്നതുമാണ്. അ
തിനു രാഷ്ട്രീയ സംഘടനകളെ
ആശ്രയിക്കാതെ നമ്മുടെ സാഹി
ത്യകാരന്മാർക്ക് പ്രവർത്തിക്കാവുന്ന
താകുന്നു. നമുക്കതിനെ വേണമെ
ങ്കിൽ ഗാന്ധിയൻ സോഷ്യലിസ്റ്റ റീ
യലിസമെന്നു വിളിക്കാം. സി.
മാധവൻപിള്ളയുടെ 'പത്മരാഗം',
പാലാ നാരായണൻനായരുടെ 'നി
ഷ്ഠാനൻ', മഹാകവി കുഞ്ഞിരാമൻ
നായർ, വെണ്ണിക്കുളം, ഇടശ്ശേരി,
വി. വി. കെ. മുതലായവരുടെ ചില
കവിതകളും, ഭാസ്കരമേനോൻ, കിട്ട
ണ്ണി മുതലായവരുടെ ചില കഥകളും
ഇതിനു മാതൃകകളായെടുക്കാം. ഭ്രാന്ത
നയജ്ഞത്തെ പുരസ്കരിച്ചു ധീരോദാ
ത്തങ്ങളായ കവിതകളും ശങ്കരക്കു
റുപ്പും ഇടശ്ശേരിയും വള്ളത്തോളും ര
ചിച്ചിട്ടുണ്ട്.

''അണ്ണാവമാവചെറേകന്നു;
(മേഘങ്ങളും
തണ്ണീർചൊരിഞ്ഞുയിർകൊള്ളിപ്പു
(മന്നിനെ
നിങ്ങളും വയൽക്കുഞ്ഞുമൊട്ടൊട്ടു
(നൽകിയും-
ലെങ്ങുസുഭിക്ഷംവളർത്താകുംവലർ

.....

അല്ല രാമൂത്തകാലാലികന്നും തൻറെ
നൽത്തലകൊയ്യുവാനേകിയ രാജ്യമേ

എത്രമേലാദരിക്കേണ്ടനീ, ക്ഷുദ്രശര-
ക്കിഞ്ഞിരികഞ്ഞിയിരക്കുമീയുംഗിനെ?

ഹാദീനബന്ധുവ മീയർഷചരൃൻറെ
ത്രിദാനയജ്ഞത്തിനെത്തംശചൈയ്യ-
(തിൻ

ഭംഗമേ ക്കൈകൻമടിക്കുകിൽ മറൈന്തു
മാറ്റുവരമൻറെനാടല്ലയോരളം"

എന്ന വള്ളത്തോളിൻറെ കലീനവും
ശാലീനവുമായ മധുരാഹ്വാനത്തെ
മാനിക്കാത്ത കേരളീയരുണ്ടാകുമോ?
ക്ഷോഭപരവശത്തോടെ ജി. ശങ്ക
രക്കുറുപ്പ പാടുകയാണ്.

"നീതിയുടെമഹോന്നതശ്രീതിരളം
(തിരുമുമ്പിൽ
നീതിമുകം നാളെനിന്നവിറക്കേണ്ട-
(ക്രിൽ,
ത്രീതിയുടെതുടിയിൽ പ്രീതിഭമം-
(സുഖജസ-
ഗീതികളുൽമയങ്ങുന്നഭംഗുവാന്മാരെ
.....
മലകളെപ്പാറകളെത്തകത്തുടച്ചുര-
കൈക-
ലുകടലിനെയ ജ്ഞതകേപ്പിച്ചുകൈ
(കം,
ഉലകിലെ കൃത്രിമമം നിമ്നോന്നത-
(സ്ഥിതികളെ
യുലയ്ക്കുവാൻ, തുടയ്ക്കുവാൻ, നീളുക-
(യായി.
ഒരുനവവാമനാവതാരമുണ്ടായ"-
(കേട്ടില്ലയീ?
പരമപാവനനായ വിനോബഭാവെ-
ആരിലൊരുഭാഗം ധനമാറിലൊരുഭാ
(ശംനിലം
ക്രിയലുമക്കൈകളിൽ കനിഞ്ഞേപ്പി-
(പ്പിൻ!"

എന്നിത്യാദി ഗംഭീരകാവ്യകാഹളധ്വ
നികളം ഒരു ശുഭോദർക്കമായ ഭാവിയു
ടെ സൂചനകളത്രെ. ഈ പുതിയ
സോഷ്യലിസ്റ്റാദർശലിസത്തെ ഒരു
ജ്വലമായ പരീക്ഷണത്തിനു വിധേ
യമാക്കുവാൻ നമ്മുടെ ഉത്ഥാനശീല
രായ കവികളും, കാഹികളും നോവ
ലെഴുത്തുകാരും, നാടകകൃത്തുക്കളും മു
മ്പോട്ടുവരികയാണെങ്കിൽ അതുത്തര
കരമായ ഒരു സത്വരപരിവർത്ത
നംവരുത്തി ചിരകാലപ്രതീക്ഷിതമാ
യ നമ്മുടെ മനോഹരലക്ഷ്യത്തെ
സാക്ഷാൽക്കരിക്കാവുന്നതാണ്. മാ
ത്രമല്ല നടതളർന്നുകിടക്കുന്ന നമ്മുടെ
സാഹിത്യപ്രസ്ഥാനങ്ങൾക്കെല്ലാം ഉ
ന്മേഷവത്തായ ആത്മോജ്ജീവനംനേ
ടാൻ അതിൻറെ മഹൽസ്പർശകളെ
പ്രയോജനപ്പെടുത്തുവുന്നതുമത്രെ.





## ചെറുകഥ

# മണ്ണും വെള്ളവും

★

— എ. പി. ബാലൻ —

ആട്ടിപ്പിന്നിക്കെ കുനിഞ്ഞുനി
ന്നകൊണ്ട് ശിരോവസ്ത്രം ചുമലിലെ
ടുത്തിട്ടശേഷം മീലി ഒരു കപ്പയെ
യെടുത്ത് മെല്ലെ കുടിക്കുവാൻ ആ
രംഭിച്ചു. പുറത്തുടിന്നടിച്ച മേൽപ്പു
രയിൽ മഴ ഗംഭീരമായി വർഷിച്ചു
കൊണ്ടിരുന്നു. അതങ്ങിനെ ഉഗ്രശ
യോടെ അനസ്യൂതമായി വർഷിക്കുവാ
ൻതുടങ്ങിയിട്ട് മൂന്നുദിവസമായി. ക
ഴിഞ്ഞ അമ്പതുവർഷങ്ങളിലുമായി
അങ്ങിനെയൊരു പേമാരിക്ക് അ
ന്നാട്ടുകാരാരും ദൃക്സാക്ഷികളായി
രുന്നിട്ടില്ല. അതവരിൽ ഭീതിയും
ആശങ്കയുമുളവാക്കി.

"നിങ്ങളുടെവീട് ഉപേക്ഷിക്കുക" എ
ന്നവരുടെ അയൽക്കാരികൾ കേണ
പേക്ഷിച്ചു. "ഇനിയുമിവിടെ തമ
സിക്കുന്നത് ആപത്തിനെ ക്ഷണിച്ചു
വരുത്തലാണ്. നിങ്ങളുടെ ഏറ്റവും
പിന്നിലുണ്ടല്ലോ മല. മണ്ണ് വീണേയ്ക്കും."

പക്ഷെ മീലി ഒരു വ്യത്യസ്തയായി
രുന്നു. ഇത്തരം ദുഷ്കരങ്ങളും പലതും
കണ്ടിട്ടുള്ള അവർ ഈ നിസ്സാരസ്ത്രീ
കളുടെ ഉപദേശംകേട്ട് ഭയപ്പെട്ടുമാ
യിരുന്നില്ല.

എന്തെങ്കിലുമൊരു തീരുമാനത്തി
ലെത്തിച്ചേരാൻ അവർ ഒരിടത്തിരു
ന്നു ചിന്തിച്ചു. അങ്ങകലെയിരിക്കു
ന്ന നേപ്പാളിൽനിന്നും വ്യത്യസ്തനായ അ
വളുടെ ഭർത്താവ് യൌവനയുക്തയാ
യ അവളെ ഈ ഗ്രാമത്തിലേയ്ക്കുതന
യിച്ചു. അതു് അയാളം തൻറെ സ്വ
ന്തംകൈകൊണ്ടു നിർമ്മിച്ചതാണ്. മ
ലയുടെ സമീപം ഉറപ്പുള്ള മരങ്ങളം
കൊണ്ടുണ്ടാക്കിയ നല്ലൊരു
വീടാണത്. അതിന്നടുത്തുതന്നെ
അവരിരുവരും ഉരുളക്കിഴങ്ങും കാ
ബേജും കൃഷിചെയ്തിരുന്നു. ആ വ്യവ
സായ ഡാർജ്ജിലിങ്ങിൽ സാമാന്യം ന
ല്ലൊരുദ്യോഗം ഉണ്ടായിരുന്നതുകൊ
ണ്ടു് അവർ സുഖമായികഴിഞ്ഞുകൂടി.
എല്ലാറ്റിലും നല്ലവ്യത്തിയും സൂക്ഷ്മ
തയും പാലിച്ചിരുന്ന അവർ ഉരുനല്ല
ഭാര്യയായിരുന്നു. ഗ്രീഷ്മകാലത്തു് ഒരു
ദിവസം അയാം ദിവംഗതനായി.

അയാളുടെ വിയോഗത്തിനുശേ
ഷം അവളെ ആരും ഇഷ്ടപ്പെട്ടിരു
ന്നില്ല; കാരണം, ഒരാം മരിച്ചപ്പോ
ം മറ്റൊരാളെ കണ്ടെത്തുന്നതിന്നു
മുമ്പൊരിക്കലും അനുഭവപ്പെ
ട്ടിട്ടില്ലാത്ത ഒരു പ്രത്യേകസ്നേഹം അ
ക്കായുവാവിനോടു് തോന്നിയി
രുന്നു. അവൻറെ ഭാര്യ ഒരു ചെറുപ്പക്കാ
രിയായിരുന്നിട്ടുകൂടി, മറ്റൊരു
കിടാവിനെ ഒരിക്കലും നോക്കു
കയോ ലാളിക്കുകയോ ചെയ്യാതെ തന്നെ സ്നേഹിച്ചു
അവനെ അവൾ ഇഷ്ടപ്പെട്ടു.
മറിഞ്ഞുകൂടാത്ത, നിഷ്കളങ്ക
നായ ഒരുബാലൻ— അവനെ അവ
ളുടെ മനുഷ്യനാക്കിത്തീർത്തു. തികച്ചു
കൊള്ളാൻമാത്രമെ അവരുണ്ടായി
രുന്നുള്ളു; അപ്പോഴേയ്ക്കും അ
ല്പൊരസ്വസ്ഥത പടർന്നുപിടിക്കു
കയും അവളുടെ ഗൃഹഭരണത്തെത്തന്നെ
പിടിച്ചുലയ്ക്കുകയും ചെയ്തു. വളരെ കാലമായി
വൻ സംസാരിച്ചിരുന്നതുള്ളു; ഗ്രാ
മത്തിനിന്നുപണംകൂടാതെ ആഹാ
രവും, വളരെ നീണ്ടമണിക്കൂ
റുകളും അകലെയെങ്ങുനിന്നോ
ക്കെയും. എന്നിട്ടും അവൻറെ ഭ
സ്ഥതയിൽനിന്നും മാറാളുവരുത്തു
ന്നതിനുവേണ്ടി എന്തോ
സ്റ്റിലാക്കുവാൻ അവൾക്കു കഴി
ഞ്ഞില്ല. അതിനെപ്പറ്റി അവ
വനോടെന്തെങ്കിലും ആരാഞ്ഞിട്ടില്ല.
വൻ അവളോടുപറയുന്നതു
അവൾ കാത്തുനിന്നു.

അവസാനം, ഒരുരാത്രി അതു
ഭവിച്ചു. വീട്ടിലേക്കു തിരിച്ചുപോ
വാൻ അവൻ തീച്ചപ്പെടുത്തി
ന്നു. സഹോദരത്തിലേക്കു പോ
കണമെങ്കിൽ അഭിവാഞ്ഛ മറ്റൊന്നിനെ
ക്കുമുപരിയായി അവനെ അസ്വ
സ്ഥപ്പെടുത്തിക്കൊണ്ടിരുന്നു. അ
തിദിനം ശക്തിമത്തായി വളർന്നു
ണ്ടേയിരുന്നു. പക്ഷെ, അവൾ
അവനെ അനുഗമിക്കണം; അ
സ്വസ്ഥത കുടുംബത്തിലേക്കു തി
രികെകൊണ്ടുപോകണം. അതായി
രുന്നു അവൻറെ ആഗ്രഹം. ആ രാ
ത്രിമുഴുവനും എന്തുചെയ്യണമെന്നു ചി
ന്തിച്ചും ആരാഞ്ഞും അവൾ കി
ടന്നു. പുലർവേളയ്ക്കുമുമ്പു് അവളൊരു
തീരുമാനത്തിലെത്തി. അവൾ പോ
കുന്നില്ല, അയാൾക്കു് പുഴകിയതു
പോലെ അവൾക്കു് നൂതനവുമായ ആസ്വാ
സവും അവൾക്കു തമ്മിൽ
സാമ്യമായിരിക്കയില്ലെ? അ
വൾക്കവനെ നഷ്ടപ്പെടുത്തു
ന്നതിനേക്കാം. അവൾക്കു് അവ
വീടു് നഷ്ടപ്പെട്ടു് അജ്ഞാതമാ
ഒരുദേശത്തു് അപരിചിതയാ
ഴിയേണ്ടിവരും. ഇല്ല, അവ
നുടു് ഇതുതന്നെയാണു്. ഇ
ആഹാരദിത്തിനും, അല്ലലിനു
നത്തിനും, മരണത്തിനും അ
സാക്ഷിയായിരുന്നിട്ടുണ്ടു്; ഇ
അവൾ ഗൃഹസ്ഥയാണു്; ഇ
ത്തന്നെ അവൾക്കു മരിക്കണം.
തുകൊണ്ടു് അവനെ പൊയ്ക്കൊ
വാൻ അവൾ അനുവദിച്ചു.
നയായി അവൾ ജീവിച്ചു;
അവളെ ഒരു വ്യത്യയായി ശ്രദ്ധി
പ്പെടുത്തി. അവൾ അസംതൃപ്ത
യിരുന്നില്ല; കാരണം ആ വീടു



ശുചിത്വമുള്ള അടുക്കള—ഡൽഹിസ്റ്റേറ്റിലെ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പത്നി മിസ്സിസ് ചൗധരി പോലീസ് സൈന്യത്തിലെ അംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നു. പോലീസുദേഹത്തിന്റെ ഗൃഹത്തിലെ ശുചിത്വമുള്ള അടുക്കളയിലാണ മിസ്സിസ് ചൗധരിയെ കാണുന്നതു്.



ലോകസമാധാനസമ്മേളനം—ബൂഡപെസ്റ്റിൽ നടന്ന ലോകസമാധാനകൗൺസിൽ പ്രഥമയോഗം. ഇൻഡ്യയിലെ പ്രതിനിധികളായ അനിൽ ബിശ്വാസും ഓംകാർനാഥ് തക്കോരും.

ടുത്തതന്നെയായിരുന്നു. ഇപ്പോൾ രെല്ലാം അവളോടു് പറയുക ന്. "വീടു് വിട്ടേയ്ക്കുക! വീടു് വിക്ക!" വിഡ്ഢികൾ! അവൾക്കെ ന ആരുസംരക്ഷിക്കും? സർവ്വസ പെട്ടു് ചതഞ്ഞു മരിക്കുകയുംചെയ്യു. കല്ലും മണ്ണും വാരിലിന്നെതിരെ ഉ ണ്ടായിരുന്നതിനാൽ അതു തുറക്കാൻ സാധിക്കാതിരുന്നതുകൊണ്ടു് എന്തു ചെയ്യണമെന്നുള്ള നിശ്ചയമുണ്ടാ യിരുന്നില്ല. ഒടുക്കം ഒരു കുട്ടി ഒരു ദ്വാരത്തിൽക്കൂടി വീട്ടിനുള്ളിൽ കയ റി രണ്ടു ശിശുക്കളെ ജീവനോടെ പു റത്തു കൊണ്ടുവന്നു. പിന്നീടു് അ ഗ്നിശമനസംഘക്കാർ അവരുടെ പ്രവർത്തനങ്ങളുടെ ഫലമായി മണ്ണു് മാറ്റിയപ്പോൾ അമ്മയുടേയും, വേറെ രണ്ടു പിഞ്ചുപൈതങ്ങളുടേയും മൃതദേഹങ്ങൾ പുറത്തെടുത്തുകൊണ്ടുവന്നു. മുറിവു് പറ്റിയവരെ അവർ പട്ടണത്തിലുള്ള ആശുപത്രിയിലേക്കു കൊണ്ടുപോയി. അങ്ങനെ കൃഷിചെയ്തുകൊണ്ടിരുന്ന പിതാവു് ഈ ദുരന്തം. ഉച്ചയ്ക്കുശേഷം മലയുടെ ഒരു ഭാഗം ഇടിഞ്ഞു തകരുകയും, അടുക്കളയിൽ ആഹാരം പാകംചെയ്തുകൊണ്ടിരുന്ന മാതാവു് മണ്ണിന്നടിയിൽപെട്ടു് ചതഞ്ഞു മരിക്കുകയുംചെയ്തു. കല്ലും മണ്ണും വാരിലിന്നെതിരെ ഉണ്ടായിരുന്നതിനാൽ അതു തുറക്കാൻ സാധിക്കാതിരുന്നതുകൊണ്ടു് എന്തു ചെയ്യണമെന്നുള്ള നിശ്ചയമുണ്ടായിരുന്നില്ല. ഒടുക്കം ഒരു കുട്ടി ഒരു ദ്വാരത്തിൽക്കൂടി വീട്ടിനുള്ളിൽ കയറി രണ്ടു ശിശുക്കളെ ജീവനോടെ പുറത്തു കൊണ്ടുവന്നു. പിന്നീടു് അഗ്നിശമനസംഘക്കാർ അവരുടെ പ്രവർത്തനങ്ങളുടെ ഫലമായി മണ്ണു് മാറ്റിയപ്പോൾ അമ്മയുടേയും, വേറെ രണ്ടു പിഞ്ചുപൈതങ്ങളുടേയും മൃതദേഹങ്ങൾ പുറത്തെടുത്തുകൊണ്ടുവന്നു. മുറിവു് പറ്റിയവരെ അവർ പട്ടണത്തിലുള്ള ആശുപത്രിയിലേക്കു കൊണ്ടുപോയി. അങ്ങനെ കൃഷിചെയ്തുകൊണ്ടിരുന്ന പിതാവു് ഈ ദുരന്തവുത്താന്തമറിഞ്ഞു് മടങ്ങിവന്നു് വ്യസനത്താൽ ഉന്മത്തനെപ്പോലെയായിത്തീർന്നു് അവശം കണ്ടിരുന്നു. ആ പൊളിഞ്ഞ വീട്ടിൽ അവശേഷിച്ചിരുന്ന വസ്തുക്കൾ എടുക്കുവാനുംകൂടി അയാൾ പോയിരുന്നില്ല. ആഹാരപദാർത്ഥങ്ങൾ സൂക്ഷിച്ചിരുന്ന ഒരു കൊട്ടയും, പാകംചെയ്യാനുള്ള ചില പാത്രങ്ങളും, ഒരു ബേസിനും അവിടെ കണ്ടിരുന്നതു് അവൾ മാത്രം.

അടുത്തദിവസം മറ്റൊരുവീട്ടിലും അതേസംഭവം ആവർത്തിക്കപ്പെട്ടിരുന്നു. മണ്ണു് വീഴുന്നതിനു മുൻപു് ഒരു ബാലിക മറ്റുള്ളവരെ രക്ഷപ്പെടുത്തുന്നതിനു് അവരെ വിളിച്ചുകൊണ്ടു് പുറത്തേക്കോടി. പക്ഷെ, അവർ അല്പം വൈകിപ്പോയിരുന്നതിനാൽ കൂട്ടത്തോടെ ചതഞ്ഞുടങ്ങുകയും അവശേഷിച്ചിരുന്ന ഒരു കുട്ടി മണ്ണിൽനിന്നു, "ജീതെ, നീയെന്നെ രക്ഷപ്പെടുത്തുകയില്ല! ജീതെ, എന്നെ രക്ഷിക്കില്ല!" എന്നു നിലവിളിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. കനത്ത മണ്ണിക്കുകീഴിൽ അവനങ്ങിനെ വിലപിച്ചുകൊണ്ടിരുന്നെങ്കിലും അവനെ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. കാരണം, രാത്രി അന്ധകാരമയമായിരുന്നതുമാത്രമല്ല, അവനെ രക്ഷിയ്ക്കുന്നവരെല്ലാം ചളിയിൽ വളരെ ആഴത്തിൽ താഴ്ന്നുപോകയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ അവരെല്ലാം അവൻ അങ്ങിനെ ജീവനോടെ മരിക്കുന്നതു നോക്കിക്കണ്ടു.

മിലി വിറകൊണ്ടു. പെട്ടെന്നവൾ താൻ ക്ഷീണിക്കുന്നതായും വിശപ്പായുന്നതായും അവൾക്കുതോന്നി. അവളുടെ വായിൽ മണ്ണിന്റെ രുചി അനുഭവപ്പെട്ട താഴെയുള്ള വാതിൽക്കൽ ഒരു സ്ത്രീയുടെ കറുത്തരൂപം പ്രത്യക്ഷമായി.

"മീലി, വരൂ. നിന്റെ സാമാനങ്ങളെല്ലാം എടുത്തോളൂ. ഇന്നുരാത്രി നീ ഞങ്ങളോടൊപ്പം താമസിക്കുക. ഇവിടെ വലിയ ആപത്തുണ്ടു്."

മീലി ഗർജ്ജിച്ചു. "ഇല്ലാ ഞാനിവടെനിന്നെഴുന്നേയ്ക്കുമില്ല. എന്റെവീടു് വീഴുന്നെങ്കിൽ, ഞാനും അതോടൊപ്പം മൺമറയട്ടെ. എന്നെ വിട്ടേയ്ക്കുക!"

* * *

അന്നുരാത്രി അവൾക്കുറങ്ങാൻ കഴിഞ്ഞില്ല. മഴയുടെ ഗർജ്ജനം ശ്രദ്ധിച്ചുകൊണ്ടേവേല കിടന്നു. അതിനൊരുമാറ്റമില്ല. അതവളെകൊല്ലും! അതു് അവരെ എല്ലാം കൊന്നൊടുക്കും. അവൾ പ്രാർത്ഥിക്കാൻതുടങ്ങി. രാത്രിയുടെ അന്ത്യയാമത്തിൽ ഇടിയുടെ നേരിയൊരു മുഴക്കംകേട്ടതായവളോർത്തു. ഒരു നിമിഷംകൊണ്ടു് അതെന്താണന്നവളറിഞ്ഞു—മല ഇടിഞ്ഞുവീഴുകയായിരുന്നു. മണ്ണു് അവളുടെവീട്ടിൽ വന്നുവീഴാൻ ആരംഭിച്ചപ്പോൾ ഭീതിയാൽ അവൾ പരിഭ്രാന്തയായി. അവൾ ചുമരുകളെ ഛിന്നഭിന്നമാക്കിക്കൊണ്ടു് പുറത്തേക്കുചാടി. അവൾ ഓടിയതു് ഏതുവഴിക്കാണെന്നു് അവൾക്കുതന്നെ അറിഞ്ഞുകൂടാ. അവൾ ഓടിക്കൊണ്ടിരുന്നു. ഓടിക്കൊണ്ടിരുന്നു. ഓടിക്കൊണ്ടിരുന്നു. അവൾ ഓടിയതു് ഏതുവഴിക്കാണെന്നു് അവൾക്കുതന്നെ അറിഞ്ഞുകൂടാ. അവൾ ഓടിക്കൊണ്ടിരുന്നു. ഓടിക്കൊണ്ടിരുന്നു. ഓടിക്കൊണ്ടിരുന്നു.

# ഹിന്ദി പത്രസാഹിത്യത്തിലെ ധ്രുവനക്ഷത്രം

★

— എൻ. ഈ. വിശ്വനാഥയ്യർ എം. എ. —

വളരെനാളുകൊല്ലങ്ങൾക്കുമുൻപു് അന്നത്തെ വഞ്ചിയൂർ മൈസൂരായ ശ്രീമൂലം ബിൽഡിംഗ്സിന്റെ വിശാലമായ പ്രാംഗണത്തിൽ സമസ്ത കേരളസാഹിത്യപരിഷത്തിന്റെവാർഷികയോഗം കൂടിയിരിക്കുകയായിരുന്നു. ഒന്നാംപന്തിയിലുള്ള സകല സാഹിത്യകാരന്മാരുമുണ്ടു്. ആ യോഗത്തിൽവച്ചു് സഭാവാസികളെല്ലാം വളരെ ഹൃദയംകവിഞ്ഞ സന്തോഷത്തോടുകൂടി കൈയടിച്ചനുമോദിച്ച ഒരു സംഭവമാണെനിക്കു് ഓർമ്മവരുന്നതു്. കൈരളീദേവിക്കു് ശബ്ദതാരാവലി കാഴ്ചവച്ച ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയവർകൾക്കു പരിക്ഷത്തിന്റെവക ഒരു സ്വർണ്ണമുദ്ര സമ്മാനിച്ച പ്രസ്തുത സംഭവം ഹൃദയത്തിൽനിന്നു മായ്ഞ്ഞുപോകേണ്ട സുസാധ്യമല്ല. ശബ്ദതാരാവലിക്കും മറ്റു സ്ഥാപനങ്ങൾക്കും പണ്ഡിതന്മാരുടെ സമിതികൾക്കും ബോർഡുകൾക്കും നിമിത്തമായ പ്രയത്നിച്ചുൽത്തന്നെയും ഉജ്ജ്വലമായ മഹാനിർണ്ണയനിർമ്മാണം ഒരു കൊച്ചുമനുഷ്യൻ തന്റെ ചെറിയവീട്ടിൽ കുത്തിയിരുന്നു നിർവ്വഹിച്ചു—സമർത്ഥമായിത്തന്നെ നിർവ്വഹിച്ചുവെന്നതു് അത്ഭുതാവഹമല്ലേ? ശ്രീ: പത്മനാഭപിള്ളയെപ്പോലെ പരിശ്രമശാലിയായ ഒരു സാഹിത്യപണ്ഡിതൻ ഒരുദ്ദേശ്യത്തിലുമുണ്ടായിട്ടില്ലാത്തവിധമാണ് ഇന്നു നാം സാഹിത്യരംഗങ്ങളിൽ കാണുന്ന മനംകവരുന്ന പൂന്തൊത്തുകളും മധുരഫലങ്ങളും. ഈ നിലയ്ക്കു ഹിന്ദിസാഹിത്യത്തിനു്, വിശിഷ്യ ശബ്ദസാഹിത്യത്തിൻ അഴകും മോടിയും വരുത്തിയും തന്റെ ശിഷ്യന്മാരായ പുതിയ എഴുത്തുകാരെ ശാസിച്ചും തലോടിയും ആജീവനാന്തം സാഹിത്യവൃവസായംചെയ്യുവന്ന ആചാര്യ മഹാവീരപ്രസാദ് ദ്വിവേദിജിയെ ആർക്കു മറക്കാൻസാധിക്കും.

വിക്രമവർഷം 1921-ൽ (1864 A. D.) ഉത്തരപ്രദേശത്തെ റായ്ബറൈലിജില്ലയിൽ ദ്വിവേദിജി ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ റാം സഹായ് ദരിദ്രനായിരുന്നു. മഹാവീർദേവനോടുള്ള പ്രത്യേകഭക്തിനിമിത്തം റാംസഹായ് മകനെ മഹാവീർസഹായ് എന്നു പേരിട്ടു. സ്കൂളിൽചേർത്ത അവസരത്തിൽ പിശകായി മഹാവീർപ്രസാദ് എന്നു പേരുചേർത്തതു പിന്നീടു സ്ഥിരമായിത്തീർന്നു. നാട്ടിൻപുറത്തുള്ള ചെറിയസ്കൂളിൽ പഠിച്ചതിനുശേഷം മഹാവീർപ്രസാദ് റായ് ബറൈലിയിലെ ജില്ലാഇംഗ്ലീഷ് സ്കൂളിൽ ചേർന്നു. ക്ലേശങ്ങളുടെ ഒരു നീണ്ട ചങ്ങലയായിരുന്നസ്കൂൾജീവിതദിവസങ്ങൾ. പതിമൂന്നുവയസ്സുമാത്രം പ്രായമുള്ളപ്പോൾ ദിനംപ്രതി പതിനെട്ടുനാഴിക പഠിക്കാൻ നടക്കേണ്ടിവരികയെന്നതു് ഇന്നു് ആലോചിക്കാൻപോലും വയ്യ. വിദ്യാഭ്യാസം ഏതാണ്ടു സ്കൂൾഫൈനൽവരെയായപ്പോൾ അദ്ദേഹത്തിനു റയിൽവേയിൽ 15 രൂപാ ശമ്പളത്തിലൊരുദ്യോഗം ലഭിച്ചു. അദ്ദേഹം 5 രൂപാ വീട്ടിലേക്കയയ്ക്കുകയും 5 രൂപാ ഗൃഹശുശ്രൂഷകനെടുക്കുകയും ചെയ്തിട്ടു ബാക്കി 5 രൂപാകൊണ്ടു തന്റെ ചിലവു കഴിച്ചുവന്നവരെ അദ്ദേഹത്തിന്റെ ജിജ്ഞാസ!

റയിൽവേഡിപ്പാർട്ടുമെന്റിൽ പല പട്ടണങ്ങളിലായി അദ്ദേഹം ജോലിനോക്കി. ഉദ്യോഗക്കയറ്റമനുസരിച്ചു് പിന്നിട്ട ഹെഡ് ടെലിഗ്രാഫ് ഇൻസ്പെക്ടർ, ട്രാഫിക് ഇൻസ്പെക്ടർ തുടങ്ങിയ സ്ഥാനങ്ങളും വഹിക്കുന്നതിനിടയായി. പക്ഷേ; മേലധികാരികളായ യൂറോപ്യന്മാരുടെ അഹങ്കാരവും അനീതിയുംനിമിത്തം അദ്ദേഹത്തിനു വളരെ മനക്ലേശം നേരിട്ടു. തന്നിമിത്തം ഒട്ടു ക്ഷമലില്ലാതെ അദ്ദേഹം ഉദ്യോഗം രാജിവച്ചു. രാജിവയ്ക്കുമ്പോൾ അദ്ദേഹത്തിനു പ്രതിമാസം 150 രൂപാ ശമ്പളമുണ്ടായിരുന്നു. പലരും രാജി പിൻവലിക്കാൻ പ്രേരിപ്പിച്ചിട്ടും അദ്ദേഹം വകവച്ചില്ല. അദ്ദേഹത്തിന്റെ സഹധർമ്മിണിക്കും ഇതിലുപരിയായ ദുഃഖമുണ്ടായില്ല. അങ്ങനെ ആത്മധൈര്യമായ ഉദ്യോഗമുപേക്ഷിച്ചു് ദ്വിവേദിജി സാഹിത്യരംഗത്തു പ്രവേശിച്ചു. എം. ഡി. 1903-ൽ ദ്വിവേദിജി 'സരസ്വതി' മാസികയുടെ (അലഹബാദ്) സാരഥ്യമേറ്റു. പത്രാധിപരുടെ തിരക്കിനിടയിൽ രസാവഹമായ ഒരു സംഭവമുണ്ടു്. സരസ്വതി മാസിക നടത്തിവരുന്ന ഇന്ത്യൻപ്രസ്സ് ഒരു ഹിന്ദി പാഠപുസ്തകം പ്രസിദ്ധപ്പെടുത്തി. ദ്വിവേദിജി പുസ്തകം വായിച്ചു് അതിലെ സകല തെറ്റുകളും അടയാളപ്പെടുത്തി പ്രസ്സുടമസ്ഥനായ ശ്രീയുക്തനു തിരിച്ചുകൊടുത്തു. അതുകണ്ടപ്പോൾ ശ്രീയുക്തൻ ദ്വിവേദിജിയുടെ സാമർത്ഥ്യത്തെ വളരെ ബഹുമാനംതോന്നി. ആ അവസരത്തിൽ, സന്ദർഭവശൽ, ശ്യാമസുന്ദരദാസ്ജി സരസ്വതിയുടെ പത്രാധിപസ്ഥാനം ഉപേക്ഷിച്ചുപോയിരുന്നു. ശ്രീയുക്തൻ ഒട്ടുംതാമസിയാതെ ദ്വിവേദിജിയോടു മാസികയേറ്റെടുക്കുന്നതിനപേക്ഷിക്കുകയും ദ്വിവേദിജി സസന്തോഷം പത്രാധിപത്യം സ്വീകരിക്കുകയുംചെയ്തു. ഈ സംഭവം സരസ്വതീമാസികയുടെ ചരിത്രത്തിൽ— ഹിന്ദിസാഹിത്യചരിത്രത്തിൽതന്നെയും — മുഖ്യമായി കണക്കാക്കപ്പെടുന്നു.

ദ്വിവേദിജി 'സരസ്വതി'യുടെ പത്രാധിപത്യമേറ്റെടുത്തകാലത്തെ ഹിന്ദിശബ്ദസാഹിത്യം വളരെ പ്രശസ്തമായിരുന്നില്ല. ഇന്നു സംസാരിക്കുന്ന 'ഖഡീബോലി'യിൽ ശബ്ദഗ്രന്ഥങ്ങളും കുറെയെല്ലാമുണ്ടായിരുന്നതല്ലാതെ ശാസ്ത്രീയമായോ, സാഹിത്യസംബന്ധമായോ ഉത്തമശബ്ദകൃതികളും രചിക്കപ്പെട്ടിട്ടില്ലായിരുന്നു. അക്കാലത്തെ ദ്വിവേദിജിയുടെ രംഗപ്രവേശം. അദ്ദേഹം 'ഖഡീബോലി'യുടെ പരമഭക്തനും 'വ്രജഭാഷാ' കവിതയുടെ വലിയ മമതയില്ലാത്തയാളുമായിരുന്നു. വിശിഷ്യ ശബ്ദത്തിനു ഖഡീബോലിമാത്രമേ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നുള്ളൂ. അതിനാൽ സരസ്വതീമാസികയിൽ ദ്വിവേദിജി ഖഡീബോലിയിലെഴുതിയ ലേഖനങ്ങളും കവിതകളുംമാത്രം പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഖഡീബോലിയിലെഴുതുന്നവരുടെസംഖ്യ പ്രാരംഭദശയിൽ ചുരുക്കമായിരുന്നു. പലപ്പോഴും മാസികയുടെ പേജുകൾ നിറയ്ക്കുവാൻ അദ്ദേഹം സ്വയം പല പേരുവച്ചു നക്കളെഴുതിയിരുന്നു. എഴുത്തുല്ലത്തെഴുതിയില്ല, ഖഡീബോലിയും ആശയങ്ങളും കുറവായിട്ടു്. മറാഠി, ഗുജറാത്തി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിലെ സാഹിത്യംപഠിച്ച പുതിയ പത്രാധിപർ മാസികയേറ്റെടുത്തതുമുതൽ അതിന്റെ ഉള്ളടക്കം പണ്ടത്തേക്കാൾ പരിഷ്കൃതമായിത്തുടങ്ങി. അതിന്റെ ഭംഗിയും കൂടി. തനിയെഴുതുന്നതിനെല്ലാം ബുദ്ധിമുട്ടും ക്ലേശങ്ങളും നേരിട്ടുതുടങ്ങിയതുകൊണ്ടു് ദ്വിവേദിജി കയുടെ പ്രസിദ്ധീകരണത്തിൽ ശ്രദ്ധാശൈഥില്യം കാണിച്ചില്ല. കൃത്യസമയത്തുതന്നെ മാസിക പുറപ്പെടുവിക്കുക, മുടങ്ങിപ്പോകുന്ന മാസികകളുടെ തല്പരന്മാരുടെ സംശയങ്ങൾക്കു തക്കതായ ലാഭനഷ്ടം വകവയ്ക്കാതെ വായനക്കാരുടെ നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുക തുടങ്ങിയ ന്യായമാർഗ്ഗങ്ങളിൽനിന്നും വ്യതിചലിക്കാതിരിക്കുകയും ചെയ്തതുകൊണ്ടു നാലുദിക്കുകളിൽനിന്നും ദ്വിവേദിജി പത്രാധിപത്യം നിർത്തിച്ചതു്. പത്രാധിപത്യമേറ്റെടുത്ത ആദ്യത്തെക്കൊല്ലം രണ്ടോ മൂന്നോ ലക്കങ്ങൾ നിശ്ചിതദിവസങ്ങൾക്കുള്ളിൽവന്നതൊഴിച്ചു നിർത്തിയാൽ ഇടയ്ക്കിടയ്ക്കു കൃത്യസമയത്തു മാസിക പുറപ്പെടാതിരുന്നിട്ടില്ല. സരസ്വതിയെ അനുകരിച്ചു തുടങ്ങിയ മറ്റു പല മാസികകളും ഇടയ്ക്കുവച്ചു നിന്നുപോയെങ്കിലും സരസ്വതി ഒരിക്കലും മുടങ്ങാതെതന്നെ പ്രസിദ്ധീകൃതമായിത്തുടർന്നു. അന്നു പ്രസിദ്ധീകരണത്തിലുണ്ടായിരുന്ന പത്രമാസികയുടെ പേരെടുത്ത പത്രങ്ങളുടെ പേർ പത്രത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതിനാലും ദ്വിവേദിജിയുടെ പത്രാധിപസ്ഥാനം ഉപേക്ഷിച്ചുപോയിരുന്നു. ശ്യാമസുന്ദരദാസ്ജി സരസ്വത

# ഒരു നൈജീരിയൻ രാഷ്ട്രത്തിന്റെ പ്രസവവേദന

★

ഉത്തരനൈജീരിയയിൽ ഈയിടെയുണ്ടായ അസ്വാസ്ഥ്യങ്ങളെക്കുറിച്ച് ലണ്ടനിലെ ഏക നേമിസ്റ്റ് വാരികയുടെ ലേഖകനെഴുതിയ ഒരു വിവരണമാണ് ചുവടെ ചേർക്കുന്നത്:-

ഈയിടെ കാനേനെൽത്തലുണ്ടായ ലഹള ഒരു ലഹളയേ അല്ല. യാതൊരർത്ഥത്തിലും അധികാരികൾ കെട്ടിച്ചമച്ച ഒരു ജനകീയപ്രകടനമായിരുന്നില്ല അത്. തമ്മിൽത്തമ്മിൽ നടത്തിയ ഒരഭ്യന്തരസമരമായിരുന്നു അത്. അവിടെ കല്പോലെ ജനൽകമ്പിയാടികൾ തല്ലിപ്പൊളിക്കലോ മറ്റോ നടന്നില്ല. പ്രധാനമായ യാഥാർത്ഥ്യങ്ങൾ ഇവയാണെന്നുപറയുന്നതുകൊണ്ടുതന്നെ നൈജീരിയ സ്വയംഭരണത്തിനു പക്വമല്ലെന്നു ബോധ്യപ്പെടുത്താനാണെന്നും മറ്റൊരർത്ഥത്തിൽ ബ്രിട്ടീഷ് വടക്കിനെ വേർപെടുത്താനുള്ള ഉപായമാണെന്നും എല്ലാം അവർ പറയുന്നുണ്ട്. ഒരുപക്ഷേ നമുക്കുതന്നെ നൈജീരിയൻ ചരിത്രപുസ്തകങ്ങൾ ഇങ്ങനെയെല്ലാം കള്ളികളെ പഠിപ്പിക്കുകയായിരിക്കും.

## മി: അവലോവോവിന്റെ സമരം

ലഹളയുണ്ടായ അവസരം ഒരു യോഗം നടത്താൻ നിശ്ചയിച്ചിരുന്ന സമയമായിരുന്നു. 'ഓവ്സ്റ്റേൺ ആക്കങ്ഗ്രൂപ്പ് പാർട്ടി' എന്നപേരിൽ അറിയപ്പെടുന്ന ഉത്തരനൈജീരിയയിലെ ഒരു രാഷ്ട്രീയകക്ഷി വർഗ്ഗത്തലവന്മാരുടെകീഴിൽ നടത്തുന്ന ഇപ്പോഴത്തെ ഭരണസമ്പ്രദായം തകർക്കുന്നതിനു ശ്രമിച്ചുവരികയാണ്; അതിലേക്കു നടത്താൻനിശ്ചയിച്ചിരുന്ന ഒരു പ്രചരണയോഗത്തിലാണ് ലഹള പൊട്ടിപ്പുറപ്പെട്ടതു്.

ഈ പ്രചരണത്തിന്റെ നേതാവ് ആഫ്രിക്കയിലെ സമർത്ഥനായ ഒരഭിഭാഷകനാണ്. അദ്ദേഹമാണ് മി: അവലോവോ. ഒരു ബിസ്മാർക്കിയൻരാഷ്ട്രീയനേതാവായിത്തീർന്നുകൊണ്ടിരിക്കുന്ന ഇദ്ദേഹം ഇടവിട്ട് ബ്രിട്ടീഷുകാരെയും ഉത്തരനൈജീരിയൻ ഭരണാധികാരികളെയും കുറ്റപ്പെടുത്തുന്നു. ഈ ലഹളയുണ്ടാക്കിയതു അദ്ദേഹത്തിനെതിരായ പാർട്ടിയല്ല, അദ്ദേഹവും ഡോ: അസിവിക്കിയുംകൂടി ജനങ്ങൾക്കുണ്ടായ അമർഷം ബ്രിട്ടീഷുകാരുടെനേർക്കു തിരിച്ചുവിടാൻ ശ്രമിക്കുകയാണ്. ഒരഭ്യന്തരയുദ്ധത്തിന്റെയും ഒരുപക്ഷേ കൊളോണിയൽ സ്വാതന്ത്ര്യസമരത്തിന്റെയും വക്കിൽനിൽക്കുന്ന നൈജീരിയയിൽ മുക്കാൽമുക്കിലും സമാധാനത്തിനു വേണ്ടി പ്രവൃത്തിക്കുന്നുള്ളൂ. മുക്കാൽ പിടിച്ചു ഈ നില കുറെനാളത്തേക്കുകൂടി തുടർന്നുപോയേക്കാം. കാരണം കിരീടധാരണജൂബിലിയും ബ്രിട്ടീഷ് വിജ്ഞാനോത്സവം വളരുന്നതിനെതുടർന്നുള്ള പ്രകോപനമെന്ന നിലയിൽ സഹായകമായിട്ടുണ്ട്.

## ലണ്ടൻ സംഭാഷണം

ഈ പശ്ചാത്തലങ്ങളെ ആസ്പദിച്ചാണ് നൈജീരിയയെസംബന്ധിച്ചു സംഭാഷണം അവിടെവച്ചു നടത്തുന്നതെന്നു ലണ്ടനിലേക്കു മാറ്റപ്പെട്ടതു്. സംഭാഷണങ്ങൾ എങ്ങനെയുള്ളതായിരിക്കണമെന്നു കൊളോണിയൽ സെക്രട്ടറിയുടെ പ്രയോഗനത്തിൽ വിവരിച്ചിട്ടില്ലെങ്കിലും അദ്ദേഹം അഭിപ്രായസമർപ്പണത്തിനു എല്ലാവരെയും ക്ഷണിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു തത്ത്വത്തിലുള്ള സ്വയംഭരണം 1956-നോടടുത്തു നൽകുമെന്നു ബ്രിട്ടൻ ഉറപ്പുകൊടുക്കാനിടയുണ്ട്. ഭ

---

ഡോക്ടർ' ബിരുദം കൊടുപ്പിക്കണമെന്നു പലർക്കും മോഹമുണ്ടായിരുന്നു. പക്ഷേ, ദിവേജി തന്റെയൊരു പ്രസംഗംകൊണ്ട് അന്നത്തെ വൈസ്ചാൻസലർ മർഡോക്കിനെ വിയെ അപ്രീതിപ്പെടുത്തിയതിനാൽ ആയതു സാധിച്ചില്ല. ആരെയും വകവയ്ക്കാതെ സ്പഷ്ടവക്താവായി കഴിഞ്ഞിരുന്നതിനാൽ ദിവേജിജി പലരേയും ശത്രുക്കളാക്കിയിരുന്നു. വളരെക്കാലം കാശി നാഗരീപ്രചാരിണീസഭയുടെ കെട്ടിടത്തിൽ പ്രവേശിക്കപോലും ചെയ്തിരുന്നില്ലത്രേ. ആത്മാഭിമാനം പലപ്പോഴും അദ്ദേഹത്തിന് ക്ലേശങ്ങളുണ്ടാക്കി. കുറെക്കാലം അദ്ദേഹം ഗ്രാമത്തിൽ ഓണററി മുൻസിഫായും, പഞ്ചായത്തു ജഡ്ജിയായും നീതിതന്നെ നിർവ്വഹിച്ചു. നൃത്തനിഷ്ഠയും ആത്മാഭിമാനവും അന്നം അദ്ദേഹത്തിന്റെ സഹചാരികളായിരുന്നു. വളരെ ക്ലേശങ്ങളനുഭവിച്ചുകൊണ്ട് 1938 ഡിസംബർ 21-ാംതിയതി പ്രഭാതത്തിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ആ ജീവിതം ഹൃദയവേദനകളുടെ ഒരു തീച്ചൂളയായിരുന്നു. പക്ഷേ അതു ലക്ഷ്യമറിഞ്ഞില്ല. സംഹിതാസേവനം മാത്രം ധ്രുതമായിക്കഴിച്ച ആ ഗ്രന്ഥകാരൻ ഹിന്ദി സാഹിത്യക്ഷേത്രത്തിൽ വളരെയധികം അനേവാസികൾ ഇന്നുണ്ട്. അദ്ദേഹത്തിന്റെ 17 കൊല്ലത്തെ പത്രാധിപത്യം ഹിന്ദി സാഹിത്യത്തിൽ 'ദിവേദിയുഗ' എന്നതന്നെ മുദ്രിതമായിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ അനശ്വരയശസ്സ് ഹിന്ദി ലേഖകന്മാരും വിദ്യാർത്ഥികളും എന്നും പാടിക്കൊണ്ടിരിക്കുകയുംചെയ്യും.

★

പേരു നോക്കാതെ ലേഖനംമാത്രം നോക്കുകയായിരുന്ന അദ്ദേഹത്തിന്റെ നയം. ഈ ലേഖനങ്ങളും അവയുടെ കയ്യെഴുത്തുപ്രതികളുമെല്ലാം കാശി നാഗരീപ്രചാരിണീസഭയുടെ കയ്യെഴുത്തുഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മൈമിലിശരണഗുപ്തയുടെ ആദ്യത്തെ കവിത ദിവേദിജി തള്ളിക്കളഞ്ഞുവത്രെ. രണ്ടാമത്തെ കവിതതന്നെയും പരിഷ്കരിച്ചുമാത്രമാണ് പ്രസിദ്ധപ്പെടുത്തിയതു്. പക്ഷേ, ലേഖനം സ്വീകരിക്കാത്തപക്ഷം അദ്ദേഹം ലേഖകനെ ആശ്വസിപ്പിക്കാനായി ഒന്നാരണ്ടു വാക്യങ്ങളെങ്കിലുമെഴുതിയയയ്ക്കുക പതിവായിരുന്നു. ഈ ചെറിയ വാക്യങ്ങൾ എഴുത്തുകാരിക്ക് നിരാശയുടെ പകരം ഉത്സാഹവും അവജ്ഞയുടെ പകരം ബഹുമാനവും നൽകിവന്നു. പുസ്തകനിരൂപണവും അദ്ദേഹം സൂക്ഷിച്ചുചെയ്തിരുന്നു.

1903 മുതൽ 1920 വരെ 17 കൊല്ലക്കാലം 'വിശ്വകുടുംബത്തെ' കാശികയുടെ പ്രസംഗത്തിലേപ്പോലെ ദിവേദിജി വളരെയധികമെഴുതി. കവിതയിലും നാടകരചനയിലും കഥാരചനയിലും അദ്ദേഹത്തിനഭിരുചിയും കഴിവുമുണ്ടായിരുന്നു എങ്കിലും 'ആദർശഭംഗം' രചിക്കുന്നതിനും ഗ്രന്ഥങ്ങൾ എഴുതുകയെന്നതിനുമാണ് കൂടുതൽ സമയം അദ്ദേഹം വിനിയോഗിച്ചതു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ പാഠപുസ്തകങ്ങളും മാതൃഭാഷതിച്ച മലയാളശൈലിയെ പുഷ്ടിപ്പെടുത്തിയപോലെ ദിവേദിജി പല പുസ്തകങ്ങളും ലേഖനങ്ങളുമെഴുതിയും എഴുതിച്ചും ഹിന്ദിഭാഷയെ പുഷ്ടിപ്പെടുത്തി. ശ്രമം ഇക്കാര്യത്തിൽ പതിന്മടങ്ങിനാൽ മഹാകവിയാകാനോ ശ്രേഷ്ഠകൃതികളെഴുതാനോ പറയപ്പെടാവുന്ന മാദൃസഹിതൃഗ്രന്ഥങ്ങളെഴുതാനോ അദ്ദേഹത്തിനു അവസരംലഭിച്ചില്ല.

1920-ൽ സരസ്വതീമാസികയിൽനിന്നു വിരമിച്ചതിനുശേഷമുള്ള 18 കൊല്ലത്തെ ജീവിതം അത്ര സുഖാവഹമല്ലായിരുന്നു. ആദ്യമായി ഗ്രന്ഥാലയത്തെ പല പ്രസിദ്ധീകരണശാലകളെയും കമ്പളിപ്പിച്ചും, 'നക്കപ്പിച്ച'യെഴുതിച്ചും കാശിനാഗരീപ്രചാരിണീസഭയിൽ ഇതുയും സേവനം ഇംഗ്ലണ്ടിലോ, ഫ്രാൻസിലോമറോ ആയിരുന്നെങ്കിൽ അദ്ദേഹത്തിന് 'സർ' സ്ഥാനവും ജീവിതമുഴുവനും പെൻഷനും മറ്റും കിട്ടിപ്പോയേനെ. വ്യക്തിപരമായും കുടുംബസംബന്ധമായുമുള്ള ഇദ്ദേഹത്തിന്റെ അവസാനജീവിതം വളരെ ദുഃഖപൂർണ്ണമായിരുന്നുവെന്നു പറഞ്ഞാൽ അതിശയോക്തിയില്ലതന്നെ. 1931 ജനുവരിമാസത്തിൽ കാശിയിലെ നാഗരീപ്രചാരിണീസഭ അദ്ദേഹത്തിനു നൈരഭിനന്ദനപത്രം സമർപ്പിച്ചതിനുപുറമേ 1933-ൽ ഒരഭിനന്ദനഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. അദ്ദേഹത്തിനു കാശി സംസ്കൃതപാഠശാലയുടെ വകയായി 'മഹാമഹോപാധ്യായ' എന്ന ബഹുമതിയും ലഭിച്ചിരുന്നു.

ക്ഷിണജെർമ്മനിയിലെ ബ്രിട്ടൻറെ പിടിയിൽനിന്നും നിർദ്ദോഷം വിമുക്തമാകുന്നതിനുവേണ്ടി വടക്കൻജെർമ്മനിയിലെ തൊഴിലാളികൾ നടത്തിയ പോരാട്ടത്തിൽ ഒരു പ്രധാന സംഭവമായിരുന്നു ഹാംബർഗ്ഗിലെ തൊഴിലാളികളുടെ ഉജ്ജ്വലമായ പോരാട്ടം. ഈ പോരാട്ടത്തിൽ ഹാംബർഗ്ഗിലെ തൊഴിലാളികൾ ഒരു പൊതുപണിമുടക്കിനു നേതൃത്വം കൊടുത്തു. ഈ പണിമുടക്കിനെ തകർക്കുന്നതിനുവേണ്ടി ബ്രിട്ടീഷ് പട്ടാളം ഹാംബർഗ്ഗിലെ തൊഴിലാളികളുടെ നേരെ വെടിവെച്ചു. ഈ വെടിവെപ്പിൽ അനേകം തൊഴിലാളികൾ കൊല്ലപ്പെടുകയും മുറിവേൽക്കുകയും ചെയ്തു. ഈ പോരാട്ടത്തിൽ ഹാംബർഗ്ഗിലെ തൊഴിലാളികൾ പരാജയപ്പെടുകയാണുണ്ടായത്. ഈ പരാജയത്തിനുശേഷം തൊഴിലാളികൾ ഒരു പുതിയ തന്ത്രം സ്വീകരിച്ചു. അതായത് ഒരു പൊതുപണിമുടക്കിനു പകരം ഒരു പൊതുപണിമുടക്കിനുള്ള അവസരം ഉണ്ടാക്കിയെടുക്കുകയും പണിമുടക്കിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയുമായിരുന്നു. ഈ തന്ത്രം ഹാംബർഗ്ഗിലെ തൊഴിലാളികൾക്ക് വളരെ പ്രയോജനകരമായിരുന്നു.

സംഭവഗതികളുടെ നിയന്ത്രണം തങ്ങളുടെ കൈവശം വരുത്തുന്നതിനുള്ള ബ്രിട്ടൻറെ ശ്രമത്തിനെതിരായിട്ടാണ് ജെർമ്മൻ തൊഴിലാളികൾ ഈ പോരാട്ടം നടത്തിയത്. ഈ പോരാട്ടത്തിൽ തൊഴിലാളികൾ പരാജയപ്പെടുകയാണുണ്ടായതെങ്കിലും ഈ പോരാട്ടം ഉത്തരജെർമ്മനിയിലെ തൊഴിലാളികളുടെ ഐക്യത്തിനും ഉത്തരജെർമ്മനിയിലെ തൊഴിലാളികളുടെ ഐക്യത്തിനും ഉപകരിക്കുകയുണ്ടായി.


# കിഴക്കെ ബർലിനിലെ ലഹളകൾ



ജർമ്മനിയിലെ റഷ്യൻമേഖലയിലെ ലഹളാസ്ഥലത്തെ ഒരു ചിത്രം. ജൂൺ 17-നു സമാരംഭിച്ച ലഹളയുമായി ബന്ധപ്പെട്ടിരുന്നു കിഴക്കെ ജർമ്മൻ നഗരങ്ങളിൽ സോവ്യറ്റ് ടാങ്കുകൾ റോന്തുചുറ്റിക്കൊണ്ടിരുന്നു. കല്ലും കട്ടയും വടിതടികളും സ്വതന്ത്രമായുള്ള ഒരുവശത്തും, സോവ്യറ്റ് സൈനികർ മറുഭാഗത്തും നിന്നുകൊണ്ടുള്ള ഒരു പോരായിരുന്നു നടന്നതെന്നാണ് പറയപ്പെടുന്നത്.



ബ്രാൻഡൻബർഗ്ഗ് ഗേറ്റ് എന്ന സ്ഥലത്തു ജർമ്മൻ സിവിലിയന്മാർ ഒരു സോവ്യറ്റ് പതാക കത്തിയെരിക്കുന്ന ചിത്രം. കമ്മ്യൂണിസ്റ്റ്കാർ സൈനികനിയമം ഏർപ്പെടുത്തുകയും ടാങ്കുകൾ അയയ്ക്കുകയുംചെയ്താണ് ലഹളകൾ അടക്കുകയുണ്ടായത്.



ലീപ്സിഗർപ്ലാറ്റ്സിൽ ലഹളയുടെ ആദ്യദിവസം രണ്ട് കിഴക്കെ ബർലിൻകാർ സോവ്യറ്റ് ടാങ്കിനു കല്ലെറിയുന്നു. ആദ്യദിവസത്തിനു ശേഷവും ലഹള പൂർണ്ണമായി ശമിച്ചില്ലെന്നാണ് ഒരു കമ്മ്യൂണിസ്റ്റ് വക്താവു് പ്രസ്താവിച്ചുകണ്ടത്.




## *ബാലചിത്രകലാപ്രദർശനം
### കൊല്ലം

★

നീണ്ടനിവൻനില്ക്കുന്ന കൊല്ലം ഗവണ്മെൻറ് ഹൈസ്കൂൾകെട്ടിടത്തിന്റെ മുൻവശത്തു് വിവിധ രംഗങ്ങളിലെ വിവിധവർണ്ണമാർന്ന പതാകകളും പാറിപ്പറക്കുന്നുണ്ടായിരുന്നു. ആ കൊടികളും ഐക്യം, സഹകരണം, സാഹോദര്യം എന്നിവയുടെ വിജ്ഞാപകമാം എന്റെ ഹൃദയത്തിൽ പതിച്ചു.

ഞാൻ പ്രദർശനഹാളിലേയ്ക്കു കയറി. സ്കൗട്ടസംഘം സുന്ദരൻകരെ നിയന്ത്രിച്ചുകൊണ്ടിരുന്നു. ഞാൻ ആദ്യമായി കണ്ട ചിത്രം തിരു-കൊച്ചി രാജപ്രമുഖൻ തിരുമനസ്സിനേതായിരുന്നു. ചിത്രങ്ങളും കടലാസിൽ വരച്ചു് ഭിത്തിയിൽ ഒട്ടിച്ചിരുന്നു.

ബാലികാബാലന്മാർ വരച്ച സീനറികളും കൊച്ചുകൊച്ചു പടങ്ങളും മറ്റും വളരെ ആകർഷകമായിരുന്നു. ഭാരതത്തിലെ മികച്ച സിനിമാതാരങ്ങളുടെ ചിത്രങ്ങളും പിഞ്ചുകരങ്ങളാൽ ഭംഗിയായി വരയ്ക്കപ്പെട്ടിരുന്നു.

അടുത്ത മുറിയിൽ "യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഫർമേഷൻലൈബ്രറി"യുടെ വക ഫോട്ടോക്കളായിരുന്നു. അവയിൽ "പൊസഫിക്കോസ്റ്റ് ഹൈവേ", റോഡിപ്പുഷ്പങ്ങളും തുടങ്ങിയവ ഭാവനയ്ക്കു് ഇക്കിളി കൂട്ടുന്നുണ്ടു്.

ഇന്ദിരാദേവിയുടേയും രാമചന്ദ്രൻനായരുടെയുംവകയായി 500-ൽപരം തീപ്പെട്ടിപ്പടങ്ങളും ശേഖരിച്ചിരുന്നതു് കൗതുകം ജനിപ്പിക്കുന്നതായിരുന്നു. അവർ നമ്മുടെ അതിരറ്റ അഭിനന്ദനം അർഹിക്കുന്നുണ്ടു്. കൃഷ്ണൻകുട്ടിനായരുടെ "ഫ്രീഹാൻഡ്സ്" മനംകവരുന്നതായിരുന്നു. ആ സഹോദരനു് എന്റെ ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ!

വിദേശീയചിത്രങ്ങളും 10-ാം ക്ലാസ്സിപ്പിള്ളേരുടെ വകയായിരുന്നു എന്നാൽ പ്രാദേശികചിത്രങ്ങളും 90-ാം വിദേശീയചിത്രങ്ങളെക്കാളും സ്വാഭാവികതയുള്ളവയായിരുന്നു. പലരും പ്രകൃതിസൗന്ദര്യത്തെ ചിത്രീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ഭാരതീയ ബാലികാബാലന്മാരുടെ ചിത്രങ്ങളും ഒന്നിന്റെയുംപിന്നിൽ നിൽക്കേണ്ടുന്നവയല്ലെന്നോർക്കുമ്പോൾ എനിക്കു പുളകംകൊള്ളുന്നു.

ഏറ്റവും നല്ലചിത്രങ്ങൾതന്നെ 1000-ൽപരം ഉണ്ടായിരുന്നു. യഥാസ്ഥകല, അതായതു് സൃഷ്ടിയിലുള്ള പാടവം ഓരോപടവും ഉറപ്പുകൂട്ടുന്നുണ്ടു്. ലോകത്തിനു ശാശ്വതശാന്തിനൽകുവാൻ അവതരിച്ച ക്രിസ്തുഭഗവാൻ, ശ്രീബുദ്ധദേവൻ തുടങ്ങിയവരുടെ ചിത്രങ്ങളും തേജസ്സുള്ളവയായിരുന്നു.

മഹാത്മജി, നെഹ്റു, സ്റ്റാലിൻ, ചർച്ചിൽ, ഐസൻഹോവർ തുടങ്ങിയ ആധുനികലോകനേതാക്കളുടെ പടങ്ങളും പരിശോധന അർഹിക്കുന്നുണ്ടു്.

മിക്കചിത്രങ്ങളും ജീവിതത്തിന്റെ ഓരോവശങ്ങളെ ഉറപ്പുകൂട്ടുന്നവയായിരുന്നു, ബാലമനസ്സിൽനിന്നും നിരംകുശമായി നിർഗ്ഗമിച്ച ഈ ഭാവനകളും ചുറുചുറുപാടിനെ ചിത്രീകരിക്കുന്നവയായിരുന്നു.

പൂന്തോട്ടങ്ങളും, കുന്നുകളും, മലകളും, നെൽപാടങ്ങളും, വൃക്ഷങ്ങളും, കുടിലുകളും, ചന്തസ്ഥലങ്ങളും, തൊഴിലുകളും തുടങ്ങി പലതും രേഖകളും വർണ്ണങ്ങളുംമൂലം കുഞ്ഞുങ്ങൾ പ്രദർശിപ്പിച്ചു.

കലയുടെ ധർമ്മം മനോവികാസവും തദാസ്വാദനമായ ഹൃദയാനന്ദവുമാണല്ലോ! അതു നമ്മുടെ ബാലകലാപ്രദർശനം പരിപൂർണ്ണമായി നിർവ്വഹിക്കുന്നുണ്ടു്.

കുട്ടികളുടെ ഒരു കലാപ്രദർശനം കൊല്ലത്തു നടത്തിയ മാന്യന്മാർക്കു എന്റെ കൂപ്പുകൈ! നല്ലനല്ല പടങ്ങളും അയച്ചു പ്രദർശനം വിജയിപ്പിച്ച സഹോദരർക്കും ഒന്നുകൂടി എന്റെ അഭിവന്ദനങ്ങൾ! ഭാരതകലകൾ നീണാൾ വിജയിക്കട്ടെ!

ജയ് ഹിന്ദ്!

വൈ. തോമസ് അംഗനമ്പർ 60
കിളികൊല്ലൂർ

---

* താമസിച്ചുപോയതിനാൽ കഴിഞ്ഞതലക്കത്തിൽ ചേർക്കുന്നതിനിടയായില്ല.

—*—

## ചെറുകഥ

### പേനും മൂട്ടയും

ഒരു രാജാവിന്റെ പട്ടുകിടക്കയിൽ ഒരു ക്രാപ്പേൻ സുഖമായി താമസിച്ചിരുന്നു. അങ്ങനെ ഇരിക്കേ ഒരുദിവസം ഒരു മൂട്ട അവിടെ വിരുന്നുകാരനായി ചെന്നുചേർന്നു. പേൻ ഇങ്ങനെ ചോദിച്ചു.

പേൻ—നിങ്ങളും ആരാണു്? ഇപ്പോഴും എവിടെനിന്നു വരുന്നു?

മൂട്ട—ഞാൻ ഒരു മൂട്ടയാണു്. ഞാൻ വേറൊരുകട്ടിലിൽനിന്നു വരികയാണു്.

പേൻ സ്നേഹിതാ! ഇനി താങ്കളും എന്റെകൂടപ്പോകുന്നു.

മൂട്ട—എനിക്കു് ഇവിടെ കുറച്ചു നാളും താമസിക്കുവാൻ മോഹമുണ്ടു്. ഇന്നു് ഇവിടെ നിങ്ങളുടെന്നിച്ചു താമസിക്കുവാൻ അനുവദിക്കുമോ?

പേൻ ഇല്ല; മഹാരാജാവിന്റെ പള്ളിമെത്തയിൽ ഇരിക്കാൻ അനുവദിക്കയില്ല.

മൂട്ട—കുട്ടുകാരാ! ഒരുതുള്ളി ചോര കുടിച്ചിട്ടു് നാളെ രാവിലെതന്നെ പൊയ്ക്കൊള്ളാം.

പേൻ—കൊള്ളാം. അങ്ങനെയാണെങ്കിൽ ഇന്നുരാത്രി ഇവിടെ താമസിക്കൂ! രാവിലെ കടന്നാൽ മതി.

ആ രാത്രി മൂട്ടയുടെ കടിയേറ്റ രാജാവു് ഞെട്ടി ഉണർന്നു കാവൽക്കാരനെ വിളിച്ചു. ബഹളംകേട്ട മൂട്ട കടന്നുകളഞ്ഞു. കാവൽക്കാരൻ നോക്കിയപ്പോൾ പേൻപോകുന്നതുകണ്ടു. ഉടൻതന്നെ അതിനെ ഞെരിച്ചുകൊന്നുകളഞ്ഞു.

സ്വഭാവം അറിയാതെ ഒരുത്തനെ കൂട്ടുപിടിക്കരുതു്.

കെ. ലക്ഷ്മണൻപിള്ള
(അ: ന: 1379)

★

## ജീവകാരുണ്യം

അസ്സീസി എന്ന പേരോടുകൂടിയ മഹാനായ ഒരു മഹർഷി ഉണ്ടായിരുന്നു. അദ്ദേഹം സർവ്വ ജീവജാലങ്ങളേയും ഒന്നുപോലെ സ്നേഹിച്ചിരുന്നു. കൊടിയ ചെന്നായ്ക്കളെപോലും അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാതികളായി.

അദ്ദേഹം ഒരുദിവസം ഒരു തടാകത്തിൽക്കൂടി വഞ്ചിയാത്രചെയ്യുകയായിരുന്നു. ഒരു മുക്കുവൻ അദ്ദേഹത്തിന് മെഴുപ്പും കൊഴുപ്പുമുള്ള ഒരു കരിമീൻ സമ്മാനിച്ചു. മഹർഷിയുടെ അന്നത്തെ ആഹാരം കേമമാകട്ടെ എന്നു വിചാരിച്ചാണ് മുക്കുവൻ അങ്ങനെ ചെയ്തതു്.

മഹർഷി അതിനെ 'സഹോദരാ' എന്നുവിളിച്ചു തലോടിയശേഷം ആ തടാകത്തിൽ വിട്ടു. ഇങ്ങിനെയാണു് മഹാന്മാരുടെ ജീവകാരുണ്യം.

എൻ. ശോഭിനംഥൻപിള്ള (1500)

—*—

## സപ്പുത്തിന്റെ ഉപകാരസ്മരണ

ഒരു കാട്ടിൽ ഒരു പുനത്തിൽ ഒരു പാമ്പും അതിന്റെ കുഞ്ഞുങ്ങളും താമസിച്ചിരുന്നു. അടുത്തുള്ള ഒരു വള്ളിക്കുടിലിൽ ഒരു വേടനും അവന്റെ ഭാര്യയും കുഞ്ഞുങ്ങളും താമസിച്ചിരുന്നു. വേടൻ ദിവസവും പാമ്പിനു് ഒരു വലിയ ഉരുള ചോറുകൊണ്ടുക്കൊടുക്കുക പതിവായിരുന്നു. ഒരു ദിവസം വേടൻ അവിടില്ലാതിരുന്നപ്പോൾ വേടന്റെ ഒരു കുഞ്ഞു് മുളത്തിൽനിന്നും പുറത്തിൽവന്ന ഒരു പാമ്പിൻകുഞ്ഞിനെ കല്ലെടുത്തെറിഞ്ഞുകൊന്നു. ഇതു വലിയപാമ്പുകണ്ടു. എന്നിട്ടും വേടന്റെ കുഞ്ഞിനെ ഒന്നും ഉപദ്രവിക്കാതെ അതു് തന്റെ മാളത്തിൽ കയറിപ്പോയി. വേടൻ ദിവസപ്രതിവിനു് ചോറുകൊണ്ടുക്കൊടുത്തു. പാമ്പു് ചോറുതൊട്ടില്ല. അവിടെനടന്ന സംഭവം പിന്നീടാണു് വേടനറിഞ്ഞതു്. അപ്പോഴേത്തന്നെ വേടൻ സർപ്പത്തിനോടു ക്ഷമായാചനംചെയ്തു. ഉടനെ പാമ്പുവന്നു ചോറുതിന്നു. അതിൽ പിന്നീടു് പാമ്പും വേടനും പണ്ടത്തെപ്പോലെ സൗഹാർദ്ദമായും സന്തോഷമായും താമസിച്ചു.

ബി. രാധാദേവിത്തങ്കച്ചി,
അംഗനമ്പർ 1130

★

## മധുരസംഭാഷണം

ഒരു ദിവസം ഒരു രാജാവു് അദ്ദേഹത്തിന്റെ മന്ത്രിയോടും സേവകനോടുംകൂടി നായാട്ടിനു പുറപ്പെട്ടു. വളരെ ദൂരം സഞ്ചരിച്ചശേഷം അവർ ഒരു വനത്തിൽ അകപ്പെട്ടു. രാജാവിനു് വലിയ ദാഹംആയി. രാജാവു് തന്റെ സേവകനെ വിളിച്ചു കുറെ വെള്ളം കൊണ്ടുവരുന്നതിനു് കല്പന കൊടുത്തു. അല്പം ദൂരത്തായി കണ്ണുകാണാൻ പാടില്ലാത്ത ഒരു സന്യാസി താമസിച്ചിരുന്നു. സേവകൻ സന്യാസിയുടെ അടുക്കൽചെന്നു് പറഞ്ഞു: —"എടോ, അന്ധാ, നിന്റെ പക്കൽ ജലം ഉണ്ടെങ്കിൽ കുറച്ചു തരുമോ?"

സന്യാസി ഞാൻ നീചന്മാർക്കു ജലം കൊടുക്കുകയില്ല, പോകുക.

സേവകൻ രാജാവിന്റെ അടുക്കൽചെന്നു് സന്യാസി വളരെ ദുഷ്ടനായതിനാൽ ജലം തരുന്നില്ല എന്നു പറഞ്ഞു. ഉടൻ രാജാവു് മന്ത്രിയെ വിളിച്ചു് വെള്ളം കൊണ്ടുവരുവാൻ

പറഞ്ഞു. മന്ത്രി സന്യാസിയുടെ അടുക്കൽചെന്നു. "അല്ലയോ അന്ധ സഹോദരാ, കുറച്ചുജലം തന്നാലും."

സന്യാസി—നീ മന്ത്രിയായിട്ട് എന്തു ഫലം? ഞാൻ ജലം തരുകയില്ല.

മന്ത്രിയും വെറുംകയ്യോടെ മടങ്ങി. പിന്നീട് രാജാവ് ആശ്രമത്തിൽ പോയി. സന്യാസിയോട്—മഹാത്മാജി, ഭയമായി എനിക്ക് കുറച്ചു ജലം തന്നാലും.

സന്യാസി—രാജാ, അവിടുന്ന് ഇരുന്നാലും) ഞാൻ ജലം കൊണ്ടുവരാം.

രാജാവ്—ദയവുചെയ്ത് തങ്കരും ഇതു പറഞ്ഞാലും. അവിടത്തേക്ക് കണ്ണുകാണാൻ പാടില്ലല്ലോ. പിന്നെ രാജാവാണെന്നും മുനുവനായാലും മന്ത്രിയാണെന്നും എങ്ങിനെ മനസ്സിലായി?

സന്യാസി—"എടോ അന്ധാ" എന്ന വിളികേട്ടപ്പോൾ വന്നതു സേവകനാണെന്നു മനസ്സിലായി. മന്ത്രിയുടെ വാക്ക് സേവകനേക്കാൾനിന്നും ഭേദമായിരുന്ന അവിടത്തെ വാക്ക് ആദരവുനിറഞ്ഞതായിരുന്നു. അതുകൊണ്ടു ഞാൻ അവിടന്ന രാജാവാണെന്നു മനസ്സിലാക്കി.

ഒരു മനുഷ്യൻ എത്രമാത്രം ശ്രേഷ്ഠനായിരിക്കുന്നുവോ അത്രമാത്രം അവനെറ വാക്കിൽ ആദരവും വണക്കവും ഉണ്ടായിരിക്കും.

എ. പി, രാധാദേവി
വയസ്സ് 11 അംഗനമ്പർ 1449.

★

## ഹാത്തിം

വളരെക്കാലം മുൻപ് ഇറാനിൽ 'ഹാത്തിം' എന്ന പേരായ ഒരു ധനികനുണ്ടായിരുന്നു. വിത്തംകൊണ്ടു മാത്രമല്ല വിദ്യകൊണ്ടും, വിനയാദി സൽഗുണങ്ങൾകൊണ്ടും അദ്ദേഹം വിഖ്യതനുമായിരുന്നു. അതിനാൽ ആ നാട്ടുകാരെല്ലാവരും അദ്ദേഹത്തെ അതിരാവു ആദരിച്ചുവന്നു.

ഒരുദിവസം അദ്ദേഹം സായാഹ്നസവാരിക്കായി പട്ടണത്തിലേയ്ക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അദ്ദേഹം തന്റെ ഒരു സ്നേഹിതനെ കണ്ടുമുട്ടി. അവർ പല കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. ഒടുവിൽ ആ സ്നേഹിതൻ അദ്ദേഹത്തോടിങ്ങനെ ചോദിച്ചു. "സ്നേഹിതാ, ഈ രാജ്യത്തു് അങ്ങയേക്കാൾ ധനമുള്ളവർ മാറാരെങ്കിലുമുണ്ടോ?"

ഹാത്തിം—ഉണ്ട്.

സ്നേഹിതൻ—ആരാണത്? അദ്ദേഹത്തിന്റെ നാമധേയമെവിടെ?

ഹാത്തിം—പറയാം. ഒരു ദിവസം ഞാൻ എന്റെ നാട്ടുകാക്കെല്ലാം വക്കും ചതുർവിധവിഭവങ്ങളോടുകൂടിയ ഒരു സദ്യ നൽകുകയുണ്ടായി. അനേകമാളുകളും ആ സദ്യയിൽ പങ്കെടുത്തു. സദ്യ നടന്നുകൊണ്ടിരിക്കവേ അതിനെക്കുറിച്ചു ജനങ്ങളുടെ അഭിപ്രായമറിയുവാനായി ഞാൻ വേഷപ്രച്ഛന്നനായി എന്റെ ഭവനത്തിൽനിന്നും പുറത്തിറങ്ങി. കുറേദൂരം പോയപ്പോൾ ഒരാൾ ഒരിടത്തുനിന്നു വിറകുവെട്ടുന്നതുകണ്ടു. ഞാൻ അയാളെ സമീപിച്ചിട്ടിങ്ങനെ ചോദിച്ചു: "ധനവാനും ധർമ്മിഷ്ഠനുമായ ഹാത്തിമിന്റെ ഭവനത്തിൽ ഇന്നു വിവേസമൃദ്ധമായ സദ്യ നടക്കുന്നുണ്ടെന്നുള്ള വിവരം നിങ്ങളും അറിഞ്ഞില്ലേ? നിങ്ങളും ആ സദ്യയ്ക്കു പോകുന്നില്ലേ?

"എനിക്കിപ്പോൾ പ്രയത്നം ചെയ്യുവാനുള്ള കഴിവുണ്ടു" അയാളും പറഞ്ഞു. "ആ സ്ഥിതിക്കു ഹാത്തിമിന്റെ മുൻപിൽ കൈകെട്ടിനിൽക്കേണ്ട ആവശ്യമെന്താണു? സ്വപ്രയത്നംകൊണ്ടു ജീവിതം നയിക്കുന്നതുപോലെ സുഖവും സംതൃപ്തിയും മറ്റൊരുവിധത്തിലും ഉണ്ടാകയില്ലെന്നുള്ളതു തീച്ചയാണു". അതിനാൽ ഞാൻ സദ്യയ്ക്കു പോകുന്നില്ല."

കുറച്ചുനേരത്തെ മൌനത്തിനുശേഷം 'ഹാത്തിം' തുടർന്നു "സ്നേഹിതാ, പരാശ്രയം കൂടാതെയും, പരദ്രോഹം ചെയ്യാതെയും സ്വപ്രയത്നംകൊണ്ടു ജീവിതം സുഖമായി നയിക്കുന്നവൻ തന്നെ യഥാർത്ഥത്തിൽ വലിയ ധനികൻ എന്നു ഞാൻ തീച്ചയാക്കി."

'ഹാത്തിം' പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നു അദ്ദേഹത്തിന്റെ സ്നേഹിതൻ സമ്മതിക്കുകയും അവർ അവരവരുടെ വഴിക്കു പിരിഞ്ഞുപോകുകയുംചെയ്തു.

എൻ. ശങ്കരനാരായണൻപോറ്റി,
കോട്ടയ്ക്കൽ. (192)

★

## മൌനത്തിന്റെ മാഹാത്മ്യം

മുന്നു പുണ്യശാലികളായ മഹർഷിമാർ സ്വർഗ്ഗലോകത്തേയ്ക്കു പോകുകയായിരുന്നു. പോകുന്നവഴിക്കു ഗന്ധർവൻ ഒരു പാന്ഥനെ കൊത്തിയെടുത്തുകൊണ്ടു ആകാശത്തിൽ പറക്കുന്നതു അവർ കണ്ടു. അവരിൽ ഒന്നാമൻ ആ കാഴ്ച കണ്ടു വ്യസനിച്ചു ഇങ്ങനെ പറഞ്ഞു: "പാവപ്പെട്ട പാന്ഥൻ"; അരനിമിഷത്തിൽ അതിന്റെ കഥകഴിയും. ഈ പക്ഷിക്കു വേറെ ഒന്നും ലോകത്തിൽ ഭക്ഷിക്കുവാൻ ദൈവം സൃഷ്ടിച്ചിട്ടില്ലയോ? എന്തിനു വെറുതെ ഈ പ്രാണിയെ കൊല്ലുന്നു? കഷ്ടം! ഇതിന്റെ ജന്മം ഇങ്ങനെ ആയിപ്പോയല്ലോ!" ഈ വാക്കുകൾ ഉച്ചരിച്ചതും ആ മഹർഷി പെട്ടെന്നു താഴെ ഭൂമിയിലേയ്ക്കു വീണതും ഒന്നിച്ചു കഴിഞ്ഞു. അതുകണ്ടു രണ്ടാമത്തെ മഹർഷി ക്രുദ്ധനാകാതെ ഇപ്രകാരം അതിനു സമാധാനം കല്പിച്ചു: "അങ്ങനെ വരട്ടെ! പാമ്പു പാവവും ഗരുഡൻ അസത്തുംപോലും! ഇതിനാൽ പറിച്ചതുകൊണ്ടു എന്തുഫലം? ആ വിഷജന്തു ഏതു സാധുക്കളെ കടിച്ചുകൊന്നിരിക്കുന്നു? അതിനു ഇപ്പോഴെങ്കിലും ജീവാവസാനം വന്നുത്തിയ ഗരുഡനെയാണു ഈ ഏർപ്പാടു ചെയ്തു പക്ഷി! അല്ലെങ്കിൽ അതിനു ഈ ജന്മം കിട്ടുമോ? ഇങ്ങനെ ലോകന്നിനു ഉപകാരം ചെയ്യുവാൻ സാധിക്കുമോ? ഒരിക്കലുമില്ല." ഇതുയും പറഞ്ഞു മുടൻതന്നെ അദ്ദേഹവും ഭൂമിയിൽ വീണു. മൂന്നാമൻ ഈ സംഭവങ്ങളും എല്ലാം നോക്കി ഈശ്വരനെ തൊഴുതുകൊണ്ടു വണക്കത്തോടുകൂടി ഇങ്ങനെ വിചാരിച്ചു: "ദൈവത്തിന്റെ വൈഭവം അത്ഭുതകരം? പ്രപഞ്ചത്തിൽ നാം കാണുന്ന വിശേഷങ്ങളിൽ ഇന്നതു ന്യായമെന്നും ഇന്നതു അന്യായമെന്നും വേർതിരിച്ചുപറയുന്നതിനു നമുക്ക് ശക്തി ഉണ്ടോ? ഭഗവാൻ ഗരുഡനേയും സർപ്പത്തേയും എന്തുദ്ദേശത്തോടുകൂടി സൃഷ്ടിച്ചിരിക്കുന്നു എന്നു ആർക്കു നിശ്ചയിക്കാം? കാണുന്നവ കണ്ടുകൊണ്ടും ചെയ്യേണ്ടവ ചെയ്തുകൊണ്ടും വിനയത്തോടും ഭക്തിയോടും ജീവിതം നയിക്കുന്നതല്ലയോ മനുഷ്യന്റെ ധർമ്മം?" മൌനിയായ ആ മഹർഷിയാതൊരു വിഘ്നവുംകൂടാതെ സ്വർഗ്ഗലോകത്തിൽ ചെന്നുചേർന്നു.

കുമാരി ഡി. രാധ, (നം. 1240)

★

## കുട്ടിച്ചേച്ചിക്കുള്ള കത്തുകൾ

സ്നേഹമയിയായ കുട്ടിച്ചേച്ചി,

ഞങ്ങളുടെ പഞ്ചായത്തിലെ തിരഞ്ഞെടുപ്പ് ജൂൺ 29-ാംതീയതി നടന്നു. ഞങ്ങളുടെ വാർഡിൽ കുറുൺ ഗ്രസ് വിജയിയായി.

വനമഹോത്സവത്തെപ്പറ്റി ഞാൻ പത്രംമുഖേന അറിഞ്ഞു. ഞങ്ങളുടെ വീട്ടുമുൻപിൽ ഞാനൊരു മാവിൻതൈ നട്ടു. ഞങ്ങളുടെ അയൽവാസികളായ മാവു് ഒൻപതുബാലന്മാരെക്കൊണ്ടും ഞാൻ പൂക്ഷത്തെ കലം നടുവിപ്പിച്ചു.

എന്നു്,
ചേച്ചിയുടെ കൊച്ചനുജൻ,
എൻ. ഗോപിനാഥൻപിള്ള,
അം: നം. 1500.

★

പ്രിയപ്പെട്ട ചേച്ചി,

ചേച്ചി, എനിക്കൊരു സന്തോഷവർത്തമാനം പറയാനുണ്ടു്. ഞാൻ ഫെബ്രുവരി 17-ാംനു (ആണെന്നാണോർമ്മ) എറണാകുളത്തുള്ള Lotus Club-ൽവച്ചു് Dance അരങ്ങേറ്റം ചെയ്തു. Shadow Gopinath ആണു് എന്റെ വന്ദ്യഗുരുനാഥൻ. ഞാൻ ഇപ്പോഴും Dance പഠിക്കുന്നുണ്ടു്. മുന്നാംസമയായി പറയാതിരുന്നതിൽ ചേച്ചിക്കു് പരിഭവം തോന്നുകയില്ലെന്നു വിശ്വസിക്കുന്നു.

ഞാൻ ഇപ്പോൾ School Final Class-ൽ ആണു് പഠിക്കുന്നതു്. ഞങ്ങളുടെ School-ൽ Radio വച്ചു




'എന്താ ഇതു സൂക്ഷിച്ചുനോക്കുന്നതു?'
പി. ജി. രാധാകൃഷ്ണൻനായർ, (9)

ഞങ്ങൾ പാട്ടുകേട്ടു. ഞങ്ങൾക്കിപ്പോൾ Head-Master ഇല്ല. കുട്ടിച്ചേച്ചിക്കു സുഖംതന്നെയല്ലേ! എനിക്കു സുഖംതന്നെ.

എന്നു്, കുമാരി മാധുരീലത,
അംഗനമ്പർ 18.

★

പത്രാധിപക്കു്,

സർ, എനിക്കു ഒരു ജിജ്ഞാസ. ഗ്രന്ഥകർത്താവും, പ്രസാധകന്മാരും, പുസ്തകവും തമ്മിലുള്ള ബന്ധം എന്താണെന്നു എന്നെ ഈ പംക്തിമുഖേന മനസ്സിലാക്കിത്തരണം.

എന്നു്,
എൻ. ഗോപിനാഥൻപിള്ള (1500)

★

## കടംകഥകൾ

1) കാള കുറിയതും പാണ്ഡിത്തമുള്ളതു.
2) മേലാറെപ്പോയതും പാണ്ഡിത്തമുള്ളതു.
3. കീഴാറെപോയതും പാണ്ഡിത്തമുള്ളതു.
4) അയ്യംനിറഞ്ഞിയതും പാണ്ഡിത്തമുള്ളതു
5) മുറംനിറഞ്ഞിയതും പാണ്ഡിത്തമുള്ളതു.
6) തല്ലിപ്പരത്തിയതും പാണ്ഡിത്തമുള്ളതു.




7) തല്ലാതെപരത്തിയതും പാണ്ഡിത്തട്ട.

8) ചെത്താതെക്കർമ്മിച്ചതും പാണ്ഡിത്തട്ട.

9) ചെത്തിക്കർമ്മിച്ചതും പാണ്ഡിത്തട്ട.

10) കരിക്കിട്ടിച്ചതും പാണ്ഡിത്തട്ട.

ഉത്തരം

(1) ചങ്കു, (2) വള്ളം, (3) മുതല, (4) ത്രമ്പാ, (5) പൂല്, (6) പപ്പടകം, (7) വട്ടയില, (8) മുള്ള്, (9) അലക്, (10) ചെണ്ട.

കെ. വി. കോശി (1262)

★

1) കൊക്കിരിക്കെ കളംവാറി.

2) ചത്തകാള വടിയെടുക്കുമ്പോലും ഓടും.

3) ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി.

4) കാളകിടക്കും കയറോടും.

5) ഒരെരുത്തുനിറച്ചു വെള്ളക്കാള.

ഉത്തരങ്ങൾ

1. നിലവിളക്ക്, 2 വള്ളം, 3. പേൻ, 4. മത്തങ്ങാ, 5. പല്ലുകാ.

കെ. എൽ. ചന്ദ്രകുമാരി
വയസ്സ് 10.

★

1. മനം പൂക്കുംമുമ്പെ, ഭ്രമി വിയക്കുംമുമ്പെ ഉണങ്ങിയമരം ഉണങ്ങിയമരത്തോട് ചേരുംമുമ്പെ വന്നെത്തിയാൽ അത്തായം നൽകാം.

2. കറുത്ത പാറയ്ക്കു വെളുത്ത വേര്.

3. ഓട്ടംകുതിര ചാട്ടംകുതിര വെള്ളം കാണുമ്പോൾ നിൽക്കും കുതിര.

ഉത്തരങ്ങൾ

1. നക്ഷത്രം ഉദിക്കുംമുമ്പെ, മഞ്ഞു വീഴുംമുമ്പെ, കതകടയ്ക്കുംമുമ്പെ വന്നെത്തിയാൽ അത്തായം നൽകാം.

2. ആനക്കൊമ്പ്. 3. ചെരുപ്പ്.

പി. ഒ. വർഗീസ്, മാവേലിക്കര.

★

1) കറുത്തിരുണ്ടവൻ കണ്ണുരണ്ടുള്ളവൻ കടിച്ചാൽ രണ്ടുമുറി.

2) കാനകനാറി പൂത്തുകടംപാടി.

3) കൊച്ചുമുറത്തുചെല്ലുകുത്തുന്നു.

4) അകത്തു തിരിതെറുത്തു പുറത്തു മുട്ടയിട്ടു.

5) കാട്ടിൽ പട്ടംപൂടിഇരിക്കുന്നു.

ഉത്തരങ്ങൾ

1. പാക്കുവെട്ടി, 2. സൂര്യോദയം, 3. നെറ്റിക്കു ചന്ദനംതൊട്ടുക, 4. കുരുമുളക്, 5. പിറത്തിച്ചക്ക.

കുമാരി രാധ, (അ: നം: 31)

1) വെട്ടിയകാറി കിളിക്കുംകാലം പൊന്നിട്ടകത്തി പണയംതരാം.

2 നാക്കുനാല്, നടകാലുപത്തു, മൂക്കുമൂന്നു, മുഖത്തുകണ്ണു

3) ചുറവും ചുറവും പട്ടംചുറ്റി വയറുംതള്ളിച്ചിരിക്കുന്നു ഞാനൊരുവിദേശിയാണ്. എന്നെ ഉപദ്രവിക്കുന്നവർ തുനേകരയും.

4) ആറ്റിൽ തുടം തുടം അമ്പഴങ്ങാ.

ഉത്തരങ്ങൾ

1. പൊക്കിൾ, 2. നിലംപൂട്ടുന്നതു 3. ഉള്ളി, 4. കഴുക്കോലു വെള്ളത്തിലിടുന്നതു.

പി. വി. രാമനക്കുട്ടൻനായർ.
വടക്കൻവെളിയനാട്.

★

1. 1000 കണ്ണുണ്ടു് ദേവേന്ദ്രനല്ല ദിവസവും മുങ്ങിക്കളിക്കും എന്നാൽ ബ്രഹ്മനുമല്ല.

2. 4-വശവും ചതുരപ്പെട്ടി നടക്കു് മഞ്ഞുകൊണ്ടോടും കുതിരപ്പെട്ടി.

3. റോലെട്ടി പന്തിരായിരംകടം.

4. ആയിരം കാളയ്ക്കു് ഒരു അരഞ്ഞാണം.

5. കാളകിടക്കും കയറോടും.

6. കയ്യുംകാഞ്ഞിരമല്ല, മുള്ളും ണ്ടു് മുറിയ്ക്കുല്ല.

ഉത്തരം

1. വല. 2 അമ്മിക്കല്ലു്. 3. ചൊട്ടപൊട്ടൽ. 4. പൂല്. 5. മത്തങ്ങ. 6. പാവയ്ക്ക.

എസ്. ബാലകൃഷ്ണവാര്യർ
(അ: നം: 1433)

★

1) പുറം മാർബിൾപോലെ നിറം പാലുപോലെ തൊലി പട്ടുപോലെ അകം ഉറവിപോലെ ഉള്ളു് സപ്പോട്ട അപ്പിൾപോലെ.

ഉത്തരം

മുട്ട.

അംബികാദേവി (അ: നം: 865)

★

## ചോദ്യം

ചോ: – സൂര്യനെ പൂട്ട കുട്ടന്നതിനേറയും ഓട്ടപാത്രങ്ങൾക്കു് ക്ലാവു കുട്ടന്നതിനേറയും കാരണം ഒറ വാചകത്തിൽ പറയുക.

ഉ—1. മഴക്കാറില്ലത്തതുകൊണ്ടു്.

കെ. ഭാസ്കരിക്കുട്ടി
(അ: നം: 1528)

★



പി. ജി. രാധാകൃഷ്ണൻനായർ, കിള്ളികൊല്ലൂർ (നം: 9)

കടത്തുകാരൻ



കെ. എസ്. നാരായണൻ. (180)

## ചിരിക്കാൻമാത്രം

ഗുരുദേവ്

1. ഒരു രോഗിയോട്.

ഡാക്ടർ—"ഇപ്പോൾ തലവേദന എങ്ങനെ ഇരിക്കുന്നു? ഭേദമുണ്ടോ?"

രോഗി "ഒരു ഭേദവുമില്ല ഡാക്ടർ."

ഡാക്ടർ—"ഞാൻ പറഞ്ഞതുപോലെ ജന്നലും വാതലും തുറന്നിട്ടാണോ ഇന്നലെ ഉറങ്ങിയതു?"

രോഗി—"അതേ, ഡാക്ടർ."

ഡാക്ടർ—"എന്നാൽ തലവേദന പോകുന്നതല്ലോ."

രോഗി—"വാതലും ജന്നലും തുറന്നിട്ട് ഉറങ്ങിയതിനാൽ തലവേദനയല്ല പോയതു"; എന്റെ ടൈംപീസാണു".

* * *

2. എഴുത്തു രജിസ്റ്റർചെയ്യാൻചെന്ന ആളിനോട് പോസ്റ്റ്മാസ്റ്റർ—"നിങ്ങളുടെ എഴുത്തിനു ഭാരക്കൂടുതലായതിനാൽ രണ്ടണ സ്റ്റാമ്പുകൂടി ഒട്ടിക്കണം."

എഴുത്തു രജിസ്റ്റർചെയ്യാൻചെന്ന ആളും—"ഇനിയും ഇതിൽ സ്റ്റാമ്പ് ഒട്ടിച്ചാൽ ഭാരം കൂടുകയേ ഉള്ളല്ലോ"

* * * *

3. അദ്ധ്യാപകൻ ഒരു കുട്ടിയോടു്—"അക്ബർ സിംഹാസനാരോഹണം ചെയ്തതിന്റെശേഷം ആദ്യമായി ചെയ്തതെന്തു?"

കുട്ടി—"സിംഹാസനാരോഹണം ചെയ്തതിന്റെശേഷം ആദ്യമായി അമ്മയോടു്—"അമ്മേ ഞാനിനി വൈകുന്നേരം കുരങ്ങിനെ കാണാൻ കാട്ടിലേംബാവിൽ പോകുന്നുണ്ടു്. അമ്മ വരുന്നുണ്ടോ?"

അമ്മ—കുരങ്ങിനെ കാണാൻ കാട്ടിലേംബാവിൽ പോകണ്ടകുഞ്ഞേ. നിന്റെ അമ്മാവി നാളെ ഇവിടെ വരും.

എൻ. ശങ്കരനാരായണൻപോറ്റി, കോട്ടയം, (192)



എ. ശ്രീധരൻ, അഴീക്കോടു്.
വയസ്സു് 14.

## എന്റെ പേർ പറയുക?

എല്ലിലുള്ള ഞാൻ, പല്ലിലില്ല; വടിയിലുള്ളഞാൻ, മടിയിലില്ല; മറവിലുള്ളഞാൻ, വെളിച്ചത്തിലില്ല; പോസ്റ്റിലുള്ളഞാൻ, അഞ്ചലിലില്ല. എന്നെയും മനുഷ്യർ കീഴടക്കി.

ഉ—എവറെസ്റ്റ്.


എം. കെ. രാധാകൃഷ്ണക്കുറുപ്പ് അംഗനമ്പർ (846)

## ഒരു കണക്കു്

കുറേ കിളികളും പറന്നുവന്നു ഒരു താമരപ്പൊയ്കയിൽ താമരയിലകളിന്മേൽ ഒരു കിളിവീതംഇരുന്നു. അപ്പോൾ ഒരു കിളിക്കിരിക്കാൻ സ്ഥലമില്ലായിരുന്നു. അവ ഇളകിപ്പറന്നു് ഇലകളിന്മേൽ രണ്ടുവീതംഇരുന്നു. അപ്പോൾ ഒരില ശിഷ്ടമായി. ഇലയെത്ര കിളിയെത്ര?

ഇല 3. കിളി 4.

എൻ. ഗോപിനാഥപിള്ള പെരിങ്ങിലിപ്പുറം (1500)



# ഗ്രന്ഥവിഹാരം

## സ്ത്രീഹൃദയം

ഗ്രന്ഥകർത്താ: എ എസ്സ്. പഞ്ചാപകേശയ്യർ
എ എ ഐ. സി. എസ്സ്. ബാർഅറ്റ്ലാ.
പരിഭാഷകൻ, കെ എൻ. ദാമോദരൻനായർ,
പ്രകാശകന്മാർ: ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.
വില രൂ 1 ണ .

ശ്രീ എ എസ്സ്. പി. അയ്യരുടെ നാമം ഇതിനകം കേരളീയർക്കു സുപരിചിതമായിക്കഴിഞ്ഞിട്ടുണ്ടു്. സമുന്നതമായ പരീക്ഷായോഗ്യതയും ഉദ്യോഗമണ്ഡലത്തിലുള്ള ഉത്കൃഷ്ടപദവിയും അദ്ദേഹത്തെ പ്രത്യേകപരിഗണനാർഹനാക്കുന്നുണ്ടെങ്കിലും നമ്മുടെ സ്മരണയിൽ ആ യശോവിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരുന്നതു സാഹിത്യസേവനങ്ങളിലൂടെയാണു്. സാഹിത്യം തൽക്കാല രസാനുഭൂതിക്കു മാത്രമുള്ളതല്ലെന്നും, ഹൃദയാവർജ്ജകമായ അതിന്റെ പ്രേരണാപ്രഭാവങ്ങൾക്കു സചേതസ്സുകളെ അഭ്യുദയനിശ്രേയസ്സുരമാക്കുന്നതിനു സംഘടിക്കുമെന്നുമുള്ള പരമ്പരാവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന അപൂർവം ചില കലാകൃത്തുക്കളിൽ ശ്രീ അയ്യരെ അഗ്രസ്ഥാനീയനായി നമുക്കു ദർശിക്കാൻ സാധിക്കുന്നു. അങ്ങനെ സംഭവിച്ചതുകൊണ്ടു വികാരോത്തേജകമായ കഥാശരീരത്തിൽ തെല്ലൊന്നു ശാന്തപ്പെട്ടുപോയിട്ടുണ്ടെന്നു വരാം. ഉദ്ബോധനോപകരണമായ അതിന്റെ സഫലതയിൽ ആരും സംശയിക്കേണ്ടതായില്ല.

സ്ത്രീഹൃദയം എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ കഥാസമാഹാരത്തിൽ പന്ത്രണ്ടു ചെറുകഥകളുൾപ്പെട്ടിരുന്നു. ഇന്നത്തെ അനേകം ലിറ്റിപ്പസിദ്ധീകരണങ്ങളിൽ പ്രകാശിതമാകാറുള്ള ചെറുകഥകളുടെ ആകാരപരിമിതിയെ പ്രമാണമാക്കി സങ്കല്പിക്കപ്പെട്ടിരിക്കുന്നവിധത്തിലുള്ള ഇവയുടെ ആകാരം. ഒരു ചെറുനോവൽ വായിക്കുന്നതിനുള്ള മനസ്സാന്നിധ്യത്തോടുകൂടിവേണം ഇതിലെ ഓരോ കഥയും അനുവാചകൻ സമീപിക്കേണ്ടതു്. യശോദയുടെ പ്രേമരാണ ഇതിലെ ആദ്യകഥ. ഇക്കാലത്തു പണം അടിച്ചുവാരാനുള്ള ഒരു ഞെങ്ക വിദ്യയായി കണ്ടുപിടിച്ചിരിക്കുന്ന കാമശാസ്ത്രവ്യാപാരത്തിന്റെ ആഘാതമാണു ഇതിലെ പ്രതിപാദ്യം. നിരുത്തരവാദികളും അടിച്ചിറക്കിവിടുന്ന ലൈംഗികശാസ്ത്രങ്ങളെ പ്രമാണമാക്കി വിശ്വസിച്ചു അപഥസഞ്ചാരത്തിൽ പെട്ടുന്നവർ ഇന്നു പലരാണു്. അതിന്റെ ദുഷ്ടവും കഷ്ടവുമായ ഫലങ്ങളും മാറാരോഗങ്ങളുമായി ശരീരത്തിൽ മുദ്രകുത്തി ജീവിതനരകം അനുഭവിക്കയാണവരിൽ പലരും. മർത്ത്യവിഗ്രഹം നാനാരോഗത്തിനുള്ളതല്ലെന്നും ജീവിതസഖിയായി വരിക്കപ്പെട്ടുന്ന ധർമ്മദാരങ്ങളുടെ എന്നും ഭിന്നിക്കാതുള്ള "പതിപ്രണയമധികപുണ്യത്തിനാലേ ലഭിക്കു" കയുള്ളുവെന്നും സരസമായി ഉപദേശിക്കയാണു് ആ കഥയുടെ ഉദ്ദേശ്യം. ഒരു

സ്ത്രീയുടെ മാതൃതാഭിലാഷപൂർത്തിക്കുള്ള വെമ്പൽ ഭർത്താവിനെക്കൊണ്ടു ശിശുമോഷണംവരെ ചെയ്യിക്കുന്നതായിട്ടണ് അടുത്ത കഥ. മനുഷ്യാഭിലാഷത്തിനെ പലപ്പോഴും തെരിച്ചുതടുന്ന ദൈവനിശ്ചയത്തിന്റെ മുൻപിൽ ആ സംഘർഷം ചൂളിപ്പോകുന്നു. തക്ഷിണേന്ത്യയിലെ ജീവിതഗ്രന്ഥങ്ങളിൽനിന്നു എടുത്തിട്ടുള്ളതുകൊണ്ടു ഇതിലെ കഥാപാത്രങ്ങളിൽ പലരും നമ്മുടെ പരിചയപരിധിയിലെ ഓരോ വ്യക്തികളാണെന്ന പ്രതീതി ജനിപ്പിക്കയാണുചെയ്യുന്നതു്. ആധുനികമായ അവലോകനവും സർഗ്ഗചാതുരിയുമാണ് ഈ കഥാശരീരത്തിൽ ഏറിയകൂറും. ഒരു യക്ഷികഥയ്ക്കുള്ള വിലക്ഷണതയും ഭീകരതയുംകൊണ്ടു അപ്രധൃഷ്യമായി തോന്നുമെങ്കിലും കുട്ടംബശാപം എന്ന കഥാപ്രത്യേക സങ്കല്പംകൊണ്ടു ഇതിലെ പ്രഥമഗണനീയത അർഹിക്കുന്നതായി തോന്നുന്നു. അവലംബഗ്രന്ഥത്തിലെ ആശയസരസതയെ ലളിതമായി മലയാളത്തിൽ വെളിപ്പെടുത്തിക്കൊടുക്കണമെന്ന ഉദ്ദേശ്യമാണു് പരിഭാഷകന പ്രധാനമായുള്ളതെന്നു ഈ ഗ്രന്ഥത്തിലെ പലഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ട്. അവയുടെ ആത്മഗ്രഹണസമർത്ഥവുമായ വിവർത്തകന്റെ ഭാഷാരീതി ആ പ്രസ്ഥാനത്തിൽ വിജയപ്രഖ്യാപനംചെയ്യുന്നു. ഇംഗ്ലീഷ്ശൈലിയിലായിപ്പോയ ചില മലയാളവാചകങ്ങളും പരിഭാഷകന്റെ നിസ്സർക്ഷക്കുറവിനെന്നേക്കു ചൂണ്ടുവിരൽ നീട്ടുന്നുവെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

★

# മുദ്ധരാഗം

★

വിവർത്തകൻ,
മേനാക്കയ്മൾ
വാസുദേവൻഉണ്ണിത്താൻ

മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.

വില രൂ. 3.

വിശ്വമഹാകവി ടാഗോറിന്റെ "ക്ക്" എന്ന വിശ്രുതമായ നോവലിന്റെ വിവർത്തനമാണ് ഈ മുദ്ധരാഗം. നെയ്തകോംഗം എന്ന പേരിൽ ഈ പ്രസിദ്ധ ഗ്രന്ഥത്തിനു് ഒരു ഭാഷാന്തരവാദം ഉണ്ടെന്നുള്ളതായി കേട്ടിട്ടുണ്ട്. ഈ മുദ്ധരാഗത്തിന്റെ ആദ്യപകിപ്പ് രണ്ടു ഭാഗങ്ങളാക്കി വായനക്കാരുടെ കണ്ണുകഴപ്പിക്കാതെ ഈ ഗ്രന്ഥശാലക്കാർതന്നെ പ്രസിദ്ധീകരണം ചെയ്തിരുന്നതാണ്. മലയാളത്തിൽ കാച്ചുകാലങ്ങൾക്കുമുൻപു് നോവലുകൾക്കു നവ്യശബ്ദകാവ്യം എന്ന പേർ കൊടുക്കാറുണ്ടായിരുന്നു. ഈ വിശേഷണത്തിനു് അവ എത്രകണ്ടു സമർഹമാകുന്നുവെന്നു ഇവിടെ പരിശോധിക്കുന്നില്ല. എന്നാൽ ടാഗോറിനെപ്പോലെയുള്ള ഒരു മഹാകവിയുടെ പദ്യനിബന്ധനമായാലും ഗദ്യപ്രബന്ധമായാലും അതു കാവ്യത്തിൽനിന്നു ഒരിക്കലും ഭിന്നമായിരിക്കുന്നില്ല. ഈ മുദ്ധരാഗം തന്നെ അതിനു നല്ലൊരു തെളിവാണ്. ബംഗാളിലെ സാമൂഹ്യജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഇതിലെ കഥാവസ്തുവിനു അത്രമാത്രം വിലയുള്ളതുകൊണ്ടായിരിക്കുമില്ല കഥാഹംഭനത്തിൽ നമുക്കു മഹാകവിയെ ദർശിക്കാൻ സാധിക്കയില്ല. അതിന്റെ ചെറുകഥകൾക്കുള്ള അനന്യദൃശമായ ഏകാഗ്രത ഈ വിശ്രുതകൃതിയെ വിശേഷിപ്പിച്ചിരിക്കുന്നുമില്ല. എന്നാൽ പ്രകൃതിവർണ്ണന സംശയം ഔഴുക്കുന്ന നാട്ടിന്റെ സൂക്ഷ്മപ്രകർഷം മനുഷ്യപ്രകൃതിയുടെ സൂസൂക്ഷ്മനിരീക്ഷണം ഇവ ആ കാവ്യഭാവനാപരിപാകബുദ്ധിയിൽ പരിണതിപ്രാപിച്ചിരിക്കയാണിതിൽ. ആ ആത്മാന്വിഷ്കരണാനന്ദാനുഭൂതി മുദ്ദലവികാരതന്ത്രികളെ അനുക്രമമിട്ടി പാഠ്യപ്രമൈകൃതിയിൽ പരമതിരാഗമുള്ള സുഖത്തിൽ വിലയംകൊള്ളിക്കുന്നു ടാഗോർസംഹിതൃത്തിന്റെ അസുലഭസൗഹൃദം ഇതിൽ ആകണ്ഠം ആസ്വദിക്കാൻസാധിക്കും. പരിഭാഷകനായ ശ്രീ: വാസുദേവൻഉണ്ണിത്താൻ സ്വതന്ത്രമൈദുഷ്യപ്രഭാവത്തെയാണ് പ്രധാനമാക്കിയിട്ടുള്ളതെന്നു തോന്നുന്നു. മലയാളികളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ മൂലഗ്രന്ഥം വായിച്ചിട്ടുള്ളവരായിരിക്കും. മലയാളമാത്രയായ വായനക്കാർക്കാണ് പിന്നെ തർജ്ജമയുടെ ആവശ്യം. അവർക്ക് നിഘണ്ടുവിന്റെ സഹായം കൂടാതെ ഇതിലെ പല പദങ്ങളുടെയും അർത്ഥം മനസ്സിലാകുമോ എന്ന കാര്യം സംശയമാണ്. ഈ രണ്ടാം പതിപ്പിലെങ്കിലും ആ കണ്ടകങ്ങളെ കുറച്ചൊക്കെ ഒഴിവാക്കാമായിരുന്നു.

★

# ഭക്തിസാമ്രാജ്യം

★

ഗ്രന്ഥകർത്താ,
എം. രാജരാജവർമ്മ, എം. ഏ. ബി. എൽ.
ബി. വി. ബുക്ക്ഡിപ്പോ
തിരുവനന്തപുരം
വി: രൂ. 1 അ: 4

ആക്സ്ഫോർഡ്. വിശ്വവിദ്യാപീഠത്തിൽവച്ചു മഹാകവി രവീന്ദ്രനാഥടാഗോർചെയ്ത മതപ്രസംഗപരമ്പരകളിൽനിന്നും അശോകവനികാന്യായേന സംഗ്രഹിച്ചതാണ് ഈ ഭക്തിസാമ്രാജ്യം. വിശ്വമഹാകവിയുടെ പ്രഭാഷണം, അതിനെ മലയാളത്തിലാക്കിയതാണെങ്കിൽ, പണ്ഡിതമൂർദ്ധന്യനും അദ്വിതീയവ്യക്തിപ്രഭാവനും ചരിത്രപ്രസിദ്ധനുമായ ശ്രീ: എം. രാജരാജവർമ്മ, ഒരു ഗ്രന്ഥത്തിനും ഇതിൽപരം ഒരു സംസ്കൃതം സിദ്ധിക്കാനില്ലെന്നാണ് എന്റെ വിനീതമായ വിശ്വാസം. ഭക്തിസാമ്രാജ്യത്തിന്റെ പശ്ചാത്തലസൃഷ്ടി പാശ്ചാത്യമായ വീക്ഷണഗതിയെ അടിസ്ഥാനമാക്കിയാണെന്നു വേണം പറയുവാൻ. "ഇവളൃഷൻ" ഉൽക്കർഷോന്മുഖമെന്നും അപകർഷോന്മുഖമെന്നുമുള്ള രണ്ടു സംഘാതപക്ഷങ്ങൾ ഉണ്ട്. പരിണാമം അപകർഷോന്മുഖമാണെന്ന വിശ്വസിക്കുന്നവരാണ് ഭാരതത്തിൽ ഏറിയകൂറും. കൃതയുഗത്രേതാദികളായി വിഭജിച്ചിരിക്കുന്ന യുഗപ്രമാണങ്ങളിൽ മനുഷ്യികമായ അപകർഷോന്മുഖത ദർശിക്കാൻ സാധിക്കും. ശിലായുഗത്തിൽനിന്നും ആറാംയുഗത്തിലേക്ക് അനുക്രമം പരിവർത്തനംചെയ്യപ്പെട്ടയാണ് പാശ്ചാത്യചിന്താഗതി. ഇവയുടെ ക്രമംകെട്ടമായ ചർച്ചയ്ക്കു ഇവിടെസ്ഥാനമില്ല. എന്നാൽ ഒരുകാര്യം തീർച്ചതന്നെ. നാലാംയുഗമൂർത്തിയുടെ ഭരണത്തെപ്പറ്റി പൗരാണികന്മാരുടെ ദീർഘദർശനം അക്ഷരശഃ അനുഭവപ്പെടുന്നുവെന്നതിൽ ആശ്ചര്യം വിസമ്മതിക്കുമെന്നുതോന്നുന്നില്ല. ഭക്തിയേപ്പറ്റിയാണെങ്കിൽ ആകോലം നിജബീജസന്തതി എന്നതുടങ്ങുന്ന ബഹുവിധ ദുഷ്ടാന്തങ്ങളെ ഒരു ശ്ലോകത്തിലുള്ളിലൊതുക്കി ശങ്കരാചാര്യഭഗവൽപാദർ വെളിപ്പെടുത്തിക്കഴിഞ്ഞതാണ്. ശ്രീനാരദഭക്തിസൂത്രം ഭക്തിയുടെ സ്വഭാവം എന്തെന്നു ഗ്രഹിപ്പിക്കുന്നു. ഭക്തിയേപ്രാപ്തിന്റെ അനന്യദൃശമായ ചൈതന്യം ഉല്ലാസസംവാഹത്തിൽ ഭഗ്നമുഖത്തിൽനിന്നു നിർഗ്ഗളിച്ചു പുളകോദ്ഗമപ്രസരമുളവാക്കുന്നുണ്ട്. ഇങ്ങനെ വിവിധകക്ഷ്യകളിലായി നിലകൊള്ളുന്ന ഭക്തിസാമ്രാജ്യങ്ങളെ ദർശിച്ചിട്ടുള്ളവർക്ക് ഈ ഭക്തിസാമ്രാജ്യം മുഴുവൻ നടന്നനേഷിച്ചാലും അതിൽകൂടുതലായൊന്നും കണ്ടെത്താൻപോകുന്നില്ല. ആ പന്ഥാവു പണ്ഡിതന്മാർക്കുമാത്രം സ്വാധീനമെന്നകാര്യം ഇവിടെ വിസ്മരിക്കുന്നില്ല അല്പാത്മാക്കളായവർക്ക് ഭക്തിയുടെ സ്ഥൂലബോധത്തിനും ആ ബോധാചരണത്താൽ പരമാനന്ദപ്രാപ്തിക്കും വേണ്ട പ്രചോദനവും പ്രബോധനവും നൽകുന്ന ഭക്തിസാമ്രാജ്യം മോക്ഷസാധനമായി വിലപ്പെട്ടതന്നെചെയ്യുന്നു.

—സി. എം. പി.

—o—

## കൈപ്പറ്റി

**അങ്കുരങ്ങൾ** —
ഗ്രന്ഥകർത്താ,
വി. കൃഷ്ണൻനമ്പൂതിരി, തിരുവല്ല.
പേജ് 39 വില 8-ണ.

**മരിയഗൊരേറ്റി**
(ഒരു ഖണ്ഡകാവ്യം) —
ഗ്രന്ഥകർത്താ പി. ജി. എം. ടാസ്.
പേജ് 30 വില 6-ണ.

**പുലരിപ്പൂക്കൾ** —
ഗ്രന്ഥകർത്താ, പൈനാപ്പള്ളി നാരായണൻനായർ, മാഞ്ഞൂർ. പേജ് 62 വില രൂപ 1.

**മാത്തോമാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ല** —
ഗ്രന്ഥകർത്താ,
തിരുവങ്ങാട് സി. കൃഷ്ണക്കുറുപ്പ്.
പേജ് 52 വില അണ 10.

**മണൽത്തരികൾ**
രണ്ടാംപതിപ്പ് —
ഗ്രന്ഥകർത്താ ജോസ് ജെ. ചാലങ്ങാടി, അരുണാബുക്സ്റ്റാൾ, ആലപ്പുഴ. പേജ് 170 വില രൂപാ 1-ണ: 8.

**അവരുടെ വിജയം**
(ഗദ്യനാടകം) —
ഗ്രന്ഥകർത്താ,
പൂജപ്പുര കൃഷ്ണൻനായർ. പേജ് 124 വില രൂപ 1.

**നാടിന്റെ നാദം** —
ഗ്രന്ഥകർത്താ, വയലാർ രാമവർമ്മ.
പ്രസാധകർ, അരുണാബുക്സ്റ്റാൾ, ആലപ്പുഴ. പേജ് 77 വി: 12-ണ.

**വിഭ്രതികലശം**
(ഖണ്ഡകാവ്യം) —
ഗ്രന്ഥകർത്താ,
വാരനാട്ട കെ. പി ശാസ്ത്രികൾ
പേജ് 32 വില രൂ: 1-ണ: 4.

**ശ്രീമുകുന്ദവിജയം** (ആട്ടക്കഥ)
ഗ്രന്ഥകർത്താ, വിദ്വാൻ കെ. വിശ്വനാഥൻആചാരി, പണ്ഡിറവ്
ഈ. എച്ച്. സ്ക്കൂൾ, ചവറ.
പേജ് 24 വില ണ: 8.

**1929-ലെ നിങ്ങളുടെ നക്ഷത്രഫലങ്ങൾ** —
ഗ്രന്ഥകർത്താ, പണ്ഡിറവ് ജയറാം.
പ്രസാധകന്മാർ, പ്രതാപ് പബ്ലിഷിംഗ്ഹൗസ്, കൊച്ചിൽ 2.
പേജ് 35. വില അണ 5.

—o—

# ഗുരുവായൂർ ദേവസ്വംവക പ്രസിദ്ധീകരണങ്ങൾ

—o—

| | പേജ് | വില | ണ: |
|---|---|---|---|
| ആദ്ധ്യാത്മികജീവിതം | 59 | ,, | 8 |
| ബലവും ധർമ്മവും | 44 | ,, | ,, |
| ധർമ്മാധാരകന്മാർ | 62 | ,, | ,, |
| സംസ്കാരപ്പേണം | 54 | ,, | ,, |
| Renaissance of Culture | പേജ് 23. | വില | അണ 8. |

★

(2-ംപേജിൽനിന്നു തുടർച്ച)

ക്കുന്ന ഒരു വിപ്ലവനിത 1858-ൽ ഗ്വാളിയറിൽവെച്ചുണ്ടായ യുദ്ധത്തിൽ ബ്രിട്ടീഷുപട്ടാളത്തോടു ധീരധീരം സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതി വീരസ്വർഗ്ഗം വരിച്ച ലക്ഷ്മിഭായിയുടെ ജീവിതത്തെ ആസ്പദമാക്കിയാണ് ഈ ചരിത്രപ്രധാനമായ ചലച്ചിത്രം നിർമ്മിച്ചിരിക്കുന്നത്. പക്ഷേ ത്വാൻസിറാണിയെക്കുറിച്ചുള്ള ബാഹ്യമനോഭാവങ്ങളും വർദ്ധിപ്പിക്കുന്നതിനോ പ്രേക്ഷകരെ ആവേശഭരിതരാക്കുന്നതിനോ ഈ ചിത്രം സഹായിക്കുന്നില്ല. വികാരത്തിനു ചൂടുപിടിപ്പിക്കുന്ന രംഗങ്ങളും കാവ്യാത്മകങ്ങളും മുഷിവുകൂടാതെ ആസ്വദിക്കാൻ കൊള്ളാവുന്ന ഒരു സുന്ദരകലാസൃഷ്ടിയായ്ത്തീരുവാൻ ത്വാൻസീ-കീ-റാണി. കണ്ണിനു കൌതുകം ജനിപ്പിക്കുന്നതിലുപരി ഹൃദയത്തിലേക്കു ഇറങ്ങിച്ചെന്ന് പ്രേക്ഷകമനസ്സുകളെ സംഭവങ്ങളോടും കഥയിൽ സജീവമായി ചിന്തിക്കുവിച്ചിട്ടില്ല. ത്വാൻസീ-കീ-റാണി രണഭൂമിയിൽവെച്ച് മാരകമായ ക്ഷതം സംഭവിക്കുന്ന രംഗത്തുപോലും പ്രേക്ഷകഹൃദയങ്ങളെ ചലിപ്പിക്കുന്നതിനു കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ മറ്റു രംഗങ്ങളെക്കുറിച്ചു പ്രത്യേകിച്ചു പരാമർശിക്കേണ്ട ആവശ്യമില്ലല്ലോ. സാങ്കേതികമായി ചിത്രം ഒരു വിജയമാണെന്നു നിസ്സംശയം പ്രഖ്യാപിക്കാവുന്നതാണെങ്കിലും സഹൃദയത്വം സമ്മതിക്കാതിരിക്കയില്ല. പക്ഷേ സാങ്കേതികവിജയം മാത്രം വരിച്ചുകൊണ്ട് ഒരു ചിത്രം അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേർന്നതായി പരിഗണിക്കാൻ പാടില്ലല്ലോ.

രാജ്യാവകാശി ഇല്ലാതായപ്പോൾ ത്വാൻസിയിലെ റാണി ലക്ഷ്മിഭായി തന്റെ അകന്ന ഒരു ബന്ധുവായ വാസുദേവനവൽക്കരുടെ പുത്രനായ അഞ്ചു വയസ്സുള്ള ആനന്ദറാവുവിനെ ദത്തെടുത്തു. ബ്രിട്ടീഷുകാർ ഈ ദത്തെടുപ്പ് അംഗീകരിച്ചില്ല. ബ്രിട്ടീഷുകാരുടെ ആജ്ഞയ്ക്കു വിധേയരാകുന്നതിനു വിസമ്മതിച്ചതിനാൽ അവർ റാണിയുടെ എല്ലാ അവകാശങ്ങളേയും നിഷേധിക്കയുണ്ടായി. 1857-ൽ ഇന്ത്യയിൽ ശിപായിലഹള പൊട്ടിപുറപ്പെട്ടു. ലക്ഷ്മീഭായിയും തന്റെ സൈന്യങ്ങളെ സംഘടിപ്പിച്ച് സ്വാതന്ത്ര്യസമരത്തിനു സന്നദ്ധയായി. സദാശിവറാവുവിന്റെ ചതിപ്രയോഗത്തിൽ ബ്രിട്ടീഷ് സൈന്യങ്ങളും കോട്ടയ്ക്കുള്ളിൽ പ്രവേശിച്ച് റാണി നിർഭയം ശത്രുക്കളോടു പൊരുതി. രണഭൂമിയിൽവെച്ച് റാണിക്കു മരണകരമായവിധത്തിൽ ക്ഷതം സംഭവിച്ചു. റാണിയെ വഹിച്ചിരുന്ന പടക്കുതിര തത്സമയം അവരെ ശങ്കർ എന്ന സന്യാസിയുടെ ആശ്രമത്തിൽ കൊണ്ടുചെന്നു. എത്തിക്കുന്നു. റാണി അവിടെവച്ച് മരണമടയുകയും ചെയ്യുന്നു. ശങ്കർ ആശ്രമത്തിനു തീകൊളുത്തി ആ മൃതശരീരത്തെ ഭസ്മീകരിക്കുന്നു. ഇതത്രെ കഥയുടെ ചുരുക്കം.

ചരിത്രസംഭവങ്ങളിൽനിന്ന് അല്പം ചില വ്യതിയാനങ്ങളെല്ലാം വരുത്തിയാണ് കഥയെ വെള്ളിത്തിരയിലേക്കു പകർത്തിയിരിക്കുന്നത്. പക്ഷേ കഥയിൽ വരുത്തിയ വ്യതിയാനങ്ങളും ചിത്രത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിന് അശേഷം പ്രയോജനപ്പെട്ടിട്ടുമില്ല. ഈ ചിത്രത്തിന്റെ നിർമ്മാതാക്കൾക്ക് ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റും പ്രദർശിപ്പിക്കേണ്ട ആവശ്യമുണ്ട്. വെള്ളക്കാരുടെ അക്രമങ്ങളും അഴിമതികളും അനീതികളും യഥാർത്ഥമായ രീതിയിൽ ചിത്രത്തിൽ പ്രകടിപ്പിച്ചാൽ അതിനു പാശ്ചാത്യരാജ്യങ്ങളിൽ പ്രദർശനാനുമതി ലഭിക്കയുമില്ലല്ലോ. പരമാർത്ഥത്തിൽ നിർമ്മാതാക്കൾക്കും വെള്ളക്കാരെ കരിതേക്കാതെ യോദ്ധാക്കളാക്കി, ചിത്രീകരിക്കുന്നതിനു തുനിഞ്ഞതാണ് ചിത്രത്തെ നിർജ്ജീവമാക്കിയത്. ഷോറാബ് മോഡിയുടെ ഈ പ്രവൃത്തിയെ ദേശാഭിമാനികളായ ഭാരതീയർ ശ്ലാഘിക്കുമെന്നും തോന്നുന്നില്ല. മോറോപന്തിന്റെ മകളായ മനുഭായിയുടെ ധീരോദാത്തത കാണിക്കുവാൻ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സംഭവങ്ങൾക്ക് തന്മയത്വം ലഭിക്കാതെപോയിട്ടുണ്ട്. കേവലം ഒൽപവയസ്സുള്ള മനുവിനു പൂർണ്ണയുവതിയുടെ മനോവികാരങ്ങൾ കഴിയാവോളം ശങ്കുമായി പ്രേമമുണ്ടെന്നുകാണിക്കുന്നതും ഔചിത്യത്തിനു ചേർന്നതല്ല. വിവാഹത്തിനു ശേഷം അവസാനരംഗത്തിൽ യുദ്ധം ചെയ്യുന്നതിനുമുൻപുള്ള കാലംവരെ യുള്ള റാണിയുടെ ജീവിതം വേണ്ടത്തെളിവോടും മിഴിവോടും പ്രദർശിപ്പിച്ചിട്ടുമില്ല. പണ്ഡിറ്റ് നെഹ്രു, ആർ. ഡബ്ലിയുടെ സ്ക്രീൻപ്ലേരചനയിലും പറയത്തക്ക വൈദഗ്ധ്യമൊന്നും ദർശനമായിട്ടില്ല.

ത്വാൻസീ-കീ റാണിയുടെ ഭാഗം അഭിനയിക്കുവാൻ മെഹത്താബിനെ തിരഞ്ഞെടുത്തതാണ് ഡയറക്ടർക്കു പറ്റിയ ഏറ്റവും വലിയ പ്രമാദവും. വീരരസം അഭിനയിക്കുന്നതിനുള്ള കഴിവോ കരുത്തോ മെഹത്താബിനില്ല ശരീരികമായ ആകർഷണീയതയും ആ നടിക്ക് ലഭിക്കാതെപോയിട്ടുണ്ട്. ഒരു വീരനായികയായി അഭിനയിച്ച ശോഭിക്കുവാൻ കഴിയുമെന്നുള്ള മറ്റൊരു നടിയെ തിരഞ്ഞെടുക്കേണ്ടതായിരുന്നു. ഇരുകരങ്ങളിലും വാൾധരിച്ചുകൊണ്ട് യുദ്ധരംഗത്തിൽ മെഹത്താബ് പടവെട്ടുന്നതുകാണുമ്പോൾ പ്രേക്ഷകർക്ക് ആ നടിയോടു സഹതാപമാണുതോന്നുന്നത്. വികാരനിർഭരയായിട്ടും വീരോചിതയായിട്ടും ആ നടി രണരംഗത്തിലും മിഴിവോടുകൂടി അഭിനയിച്ചിട്ടില്ല. രാജഗുരുവിന്റെ ഭാഗം ഷോറാബ് മോഡി സ്വതുർഹമായിഅഭിനയിച്ചിട്ടുണ്ട്. മുബാറക് (രാജാഗംഗാധരറാവു) ഉല്ലാസ് (ശ്രീമാൻ) റാംസിംഗ് (സദാശിവറാവു) സപ്രു (ജനറൽ സർ ഹ്യൂറോസ്) അനിൽകിഷോർ (ലഫ്റ്റനന്റ് ഹെൻഡിഡഗ്കർ) തുടങ്ങിയവർ പതിവുസ്വഭാവമനുസരിച്ച് അഭിനയിച്ചു വിജയംവരിച്ചിട്ടുണ്ട്. ഈ ചിത്രത്തിൽ അനവധി നടീനടന്മാർ അഭിനയിച്ചിട്ടുണ്ട്. എണ്ണമില്ലാത്ത ആ നടീനടന്മാരെക്കുറിച്ച് പരാമർശനം നടത്തുക സാധ്യവുമല്ലല്ലോ.

സംഭാഷണരചന, പൊതുവേ നാടകീയമായിട്ടുണ്ട്. ഗാനങ്ങൾക്കു വലിയ പ്രാധാന്യം നൽകിയിട്ടില്ല. രണ്ടു ഗാനങ്ങൾമാത്രം ശ്രോതാക്കളെ ആകർഷിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഇത്തരംഗങ്ങളിൽ കഥകളിരീതിയും ഒരനുഷ്ഠാനമാർഗ്ഗം സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇത്തരംവിധാനം ആസ്വാദ്യകരമായിട്ടില്ല വിലക്കിയ രംഗസംവിധാനങ്ങളും ചിത്രത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നുണ്ട്. കൃത്രിമമായി നിർമ്മിച്ച ത്വാൻസിറാണിയുടെ കോട്ടയുടെ ഭീമമായ രൂപകല്പനയും ചിലവഴിച്ചിട്ടുണ്ട്. മറ്റൊരു ചിത്രത്തിനും ഇതുവരെയും ഒരുകോട്ട നിർമ്മിച്ചിട്ടുള്ളതായി അറിവില്ല. പക്ഷേ ആ കോട്ടയുടെ തീപിടിക്കുന്ന ഭാഗംമാത്രം പ്രദർശിപ്പിച്ചിരുന്നെങ്കിൽ കുറച്ചുകൂടി വിജയംവരിക്കുമായിരുന്നു. തടിയും മുളയും മറ്റും എർത്തുവീഴുന്നതു നഗരമാണ് പ്രദർശിപ്പിച്ചപ്പോൾ കോട്ടയുടെ കൃത്രിമത്വം പ്രേക്ഷകർക്ക് മനസ്സിലാക്കുന്നതിനു സന്ദർഭംലഭിച്ചിട്ടുണ്ട്. അതു ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കാതെ നിവൃത്തിയുമില്ല. അതുപോലെതന്നെ ബ്രിട്ടീഷ് സൈന്യങ്ങളും ഏണിചാരി കോട്ടയിൽകടക്കുന്ന രംഗങ്ങൾക്ക് ഒരു യുദ്ധരംഗത്തിന്റെ പ്രതീതി ലഭിച്ചിട്ടുമില്ല. ചിത്രത്തിന്റെ ഡയറക്ഷനിൽ വലിയ ന്യൂനതകൾ സംഭവിച്ചിട്ടില്ല. സാങ്കേതികവശങ്ങളെല്ലാം മെച്ചമായിട്ടുണ്ട്. ചുരുക്കത്തിൽ കാണാൻകൊള്ളാവുന്ന ഒരു നല്ലചിത്രമാണ് ത്വാൻസീ—കീ—റാണി.

—o—


H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

## നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ചു യൌവനം നിലനിൽക്കുന്നതിനു സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

# ധന്വന്തരംശതലേഹ്യം

ഉപയോഗിക്കുക. ഇതു പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഏതുരോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സ്ശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്ക് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

## ധന്വന്തരിവൈദ്യശാല, H. O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറ്റിങ്ങൽ
4. ഇട്ടിപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കാഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തകഴി
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

# വാർത്തകൾ

★

പ്രസിദ്ധ സിനിമാനടിയായ മധുബാലയും പ്രൊഡ്യൂസറായ ശ്രീ: ബി. എൻ. സർക്കാരും പങ്കാളികളായിച്ചേർന്ന്ശരച്ചന്ദ്രചാറ്റർജിയുടെ'വിവാഹബന്ധം'' എന്ന നോവലിനെ ആസ്പദമാക്കി ഒരു ചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിരിക്കുന്നു. മധുരാലയായിരിക്കും ചിത്രത്തിൽ നായികയുടെഭാഗം അഭിനയിക്കുന്നത്. സംവിധാനം ഹേമചന്ദ്രർ നിർവ്വഹിക്കും.

* * *

ഒരു സ്വഭാവനടനെന്നനിലയിൽ പോരെടുത്തിട്ടുള്ള ജീവൻ ''ടയി ഫോയിഡ്'' രോഗത്താൽ ശയ്യാവലംബിയായി കഴിയുന്നു. ഒരുമാസക്കാലത്തേക്ക് തന്നെക്കൊണ്ട് ചലച്ചിത്രാഭിനയം സാധ്യമല്ലെന്നു ജീവൻ കരാർചെയ്തിട്ടുള്ള നിർമ്മാതാക്കളെ ധരിപ്പിച്ചിട്ടുമുണ്ട്.

* * *

മി: ഏ. ജെ. പട്ടീലിന്റെ മൂന്നു ചിത്രങ്ങളും വെനീസ്സിലെ അന്തർദ്ദേശീയചലച്ചിത്രമഹോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിനു തെരഞ്ഞെടുത്തിരിക്കുന്നു. പട്ടീലും ചലച്ചിത്രമഹോത്സവത്തിൽ സംബന്ധിക്കുന്നതാണ്.

* * *

ജർമ്മനിയിലെ ഹാൻസ് ആൽബിൻകയനിക്കർ നിർമ്മിക്കുന്ന ''ദി ലേഡീപ്രിസിഡന്റ് ആഫ് ഗൊവാണ'' എന്ന ചിത്രത്തിനുവേണ്ടി മൈസൂരിലെ ചില പ്രകൃതിരംഗങ്ങൾ ഷൂട്ടുചെയ്തിരിക്കുന്നു. പ്രസ്തുത കമ്പനിക്കാർ നിർമ്മിക്കുന്ന ''സ്റ്റാഴ്സ് ഓവർ കൊളംബോ'' എന്ന മറ്റൊരുചിത്രത്തിനുവേണ്ടി സിലോണിലെ ചില രംഗങ്ങളും ഷൂട്ടുചെയ്തുകഴിഞ്ഞു. ഈ രണ്ടുവർണ്ണചിത്രങ്ങളും ജർമ്മനിയിൽ നവംബർമാസത്തിൽ റിലീസ്ചെയ്യുന്നതാണ്.

* * *

ബാലാജിഭണ്ഡേക്കർ കൊൽഹാപ്പൂരിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു ഹിന്ദിചലച്ചിത്രത്തിൽ നായികയായി അഭിനയിക്കുന്നത് പ്രസിദ്ധ പിന്നണിഗായികയായ ലതാമങ്കേഷ്കറാണ്. ഭണ്ഡേക്കർതന്നെയാണ് ഈ ചിത്രത്തിനു കഥ എഴുതിയിരിക്കുന്നത്. ചിത്രം സംഗീതപ്രധാനമായിരിക്കും.

* * *

''ചാലീസ്ബാബാ-ഏക്-ചോർ'' എന്നപേരിൽ ഒരു ഹിന്ദിചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭജോലികൾ കാർഡിനിയൽ ആരംഭിച്ചിരിക്കുന്നു. ഐ. എസ്. ജോഹറാണ് ഈ ചിത്രത്തിനു കഥ എഴുതിയിരിക്കുന്നത്.

* * *

ബോംബെയിലെ മഹാലക്ഷ്മിസ്റ്റുഡിയോയിൽ ''ചാന്ദനി ചൗക്'' എന്ന ഹിന്ദിചലച്ചിത്രത്തിന്റെ മുഹൂർത്തകർമ്മം നിർവ്വഹിച്ചിരിക്കുന്നു. മീനകുമാരി, കുമാർ, ജീവൻ, സ്മൃതി വിശ്വാസ്, ആഗാ, യശോധരഖട്ജു, പ്രതിമാദേവി രമേശ്തക്കർ തുടങ്ങിയ പ്രഗൽഭതാരങ്ങളാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്. യഥാസ്ഥിതികനായ നവാബിന്റെ പുത്രി ഒരു പാവപ്പെട്ടവനെ പ്രേമിക്കുന്നതാണ് കഥയുടെ മർമ്മം. മുസ്ലീമുകളുടെ സാമൂഹ്യികാചാരവിധികൾ ഈ കഥയിൽക്കൂടി ചൂണ്ടിക്കാണിക്കുന്നതാണ്. ബി. ആർ. ചൊപ്രയാണ് സംവിധാനം ഐ. എസ്. ജോഹർ സ്ക്രീൻപ്ലേ രചിച്ചിരിക്കുന്നു.

* * *

പ്രൊഡ്യൂസർ ഏ ആർ. കർദാറാണ് ''ജീവൻജ്യോതി'' എന്ന ചിത്രം എഡിറ്റുചെയ്യുന്നത്. മഹേഷ് കൗളാണ് സംവിധാനംചെയ്യുന്നത്. ക്ഷമ്മികപൂർ, ചാന്ദ്ബുസ്മാനി, ശശികല തുടങ്ങിയ താരങ്ങൾ അഭിനയിക്കുന്ന ഈ ചിത്രം ബോംബെയിലെ ലബർട്ടിതീയേറ്ററിൽ ആഗസ്റ്റ് ഏഴാംതീയതി റിലീസ്ചെയ്യുന്നതാണ്.

* * *

പൂനായിലെ നവചിത്രാഫിലിംസ് ഡക്കാൺസ്റ്റുഡിയോയിൽ ''ബോലാവിത്ധ്വനി'' എന്നൊരു മറാത്തി ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. സുധീപഡ്കോണ്ട് ഈ ചിത്രത്തിന്റെ ഗാനങ്ങളും രചിക്കുന്നത്. രാജാ പരഞ്ജപ്, ജി. ഡി. മധുൾക്കർ, രാജാ ഗോസവി, കെ. നരോയൻകെയിൽ, ഇന്ദിരാചിറ്റ്നീസ് തുടങ്ങിയ താരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

ശങ്കർപിക്ചേഴ്സിന്റെ ''ലജ്വന്തി'' എന്ന ചിത്രത്തിൽ കരൺദിവാൻ, രൂപമാല തുടങ്ങിയവർ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

* * *

ആജ് പ്രൊഡക്ഷൻസിന്റെ ''ജോഗ്ബിയാഗ്'' എന്ന ചിത്രം ഇന്ദ്രപുരിസ്റ്റുഡിയോയിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ചിത്രത്തിന്റെ കഥ എഴുതിയത് ആശാപൂർണ്ണാദേവിയാണ്. ചിത്രം പിനാകിമുക്കർജി സംവിധാനംചെയ്യുന്നു. ഛബ്രി വിശ്വാസ്, നിതീഷ മുക്കർജി, സുലഭാമുക്കർജി തുടങ്ങിയ താരങ്ങൾ അഭിനയിക്കുന്നു. സംഗീതം രാജൻ സക്കാർ.

* * *

ബസന്ത്പിക്ചേഴ്സിന്റെ ആലിബാബായും നാല്പതുകള്ളന്മാരും എന്ന ചിത്രം ബസന്ത്സ്റ്റുഡിയോയിൽ പൂർത്തിയാകാറായി. ഹോമി വാഡിയാ സംവിധാനംചെയ്യുന്ന ഈ ചിത്രത്തിൽ ഷഖീലയും മഹിപാലും പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നു. സെപ്തംബർമാസത്തിൽ ചിത്രം റിലീസ്ചെയ്യുന്നതാണ്.

* * *

ബോംബെയിലെ ശ്രീ സൗണ്ട്സ്റ്റുഡിയോയിൽ നിർമ്മിച്ചുകൊണ്ടിരുന്ന കേദാർശർമ്മയുടെ ''ഇണ'' എന്ന ചിത്രം പൂർത്തിയായിരിക്കുന്നു. ഹിന്ദിയിലും ഇംഗ്ലീഷിലും ഈ ചിത്രം തയാർചെയ്തിട്ടുണ്ട്. ഗീതാബാലി, ജഗദേവ്, വിജയലക്ഷ്മി തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളത്. അംബിക്കിയസ്പിക്ചേഴ്സാണ് ഈ ചിത്രത്തിന്റെ നിർമ്മാതാക്കൾ.

* * *

വസന്തപ്രൊഡക്ഷൻസ് നിർമ്മിക്കുന്ന ''പുരുഷമൃഗം'' എന്ന ചിത്രത്തിന്റെ നിർമ്മാണം മധുര ചിത്രകലാസ്റ്റുഡിയോയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കഥാനായകനായ എസ്. കെ. പൊറ്റക്കാടാണ് സംഭാഷണം എഴുതിയിരിക്കുന്നത്. സംഗീതരചന പി. ഭാസ്കരനും സംഗീതസംവിധാനം ദിവാകരനുമാണ്. ചിത്രം ഡയറക്ട്ചെയ്യുന്നതു രാമുവരണാണ്. ടി. എൻ. ഗോപിനാഥൻനായർ, മുത്തയ്യാ, മിസ് കുമാരി എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

* * *

എറണാകുളത്തു ഒരു പുതിയ മലയാളചലച്ചിത്രനിർമ്മാണോദ്ദേശത്തോടുകൂടി ഒരു ഫിലിംകമ്പനി രൂപവൽക്കരിച്ചിരിക്കുന്നു. ഡി. എം. പൊറ്റക്കാടായിരിക്കും പ്രസ്തുത കമ്പനിക്കാർനിർമ്മിക്കുന്ന ചിത്രത്തിന്റെ സംഭാഷണം രചിക്കുന്നത്. വിമൽകുമാർ ചിത്രം സംവിധാനംചെയ്യും.


ഭാഗ്യാപഹാരങ്ങളും, അടിയളവുവാക്യങ്ങളും, നക്ഷത്രവാക്യം
മുതലായി കഴിഞ്ഞവർഷത്തേക്കാളും വളരെ
കൂടുതൽ വിഷയങ്ങളും അടങ്ങിയിട്ടുള്ളതും,
ജ്യോതിഷപണ്ഡിതർ ഗണിതവിദ്വന്മണി ബ്രഹ്മശ്രീ പുലിയൂർ
പി. എസ്. പുരുഷോത്തമൻനമ്പൂതിരി
അവർകളുടെ ശിഷ്യൻ, ശ്രീലാളൻ പാണ്ടനാട്ടിൽ
പി. ആർ. ഗോപാലവാര്യർ അവർകളാൽ
ഗണിക്കപ്പെട്ടതുമായ
ശ്രീരാമവിലാസംപ്രസ്സ്വക
1129-ാമാണ്ടത്തെ
പഞ്ചാംഗം
പുവർപഞ്ചാംഗം
കലണ്ടർ
ഇവവില്പനയ്ക്കുതയാറായി!
കച്ചവടക്കാർക്ക് ആകർഷകമായ കമ്മീഷൻ!
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ,
കൊല്ലം.
ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

# ലോകവൃത്താന്തഗതി

കൊറിയൻസന്ധി അല്പദിവസങ്ങൾക്കുള്ളിൽ ഒപ്പുവയ്ക്കപ്പെടുന്നതാണ്. ഈ വിവരം ഐക്യരാഷ്ട്രകേന്ദ്രങ്ങളിൽനിന്നതന്നെ പ്രഖ്യാപിതമായിരിക്കുന്നു. ഇതിൻപ്രകാരം മേലിൽവേണ്ട കാര്യങ്ങളെസംബന്ധിച്ചു ആലോചിക്കുവാൻ, ജനറൽഅസ്സംബ്ളി പതിവിലുംനേരത്തെ കൂടുന്നതാണ്. ആഗസ്റ്റ് മദ്ധ്യത്തിലേക്ക് അസ്സംബ്ളി കൂടുമെന്നറിയുന്നു. കൊറിയൻസന്ധിയെ സംബന്ധിച്ച് അമിതമായ ശുഭാപ്തിവിശ്വാസംപാടില്ലെന്ന് അമേരിക്കൻ സ്റ്റേറ്റുസെക്രട്ടറി ജൻഫാസ്റ്റർഡള്ളസ് മുന്നറിയുനൽകിയിരിക്കുന്നു. ഈ വാർത്തയെ അടിസ്ഥാനമാക്കി ബ്രിട്ടനിൽ ബട്ട്ലർ ഒരു പ്രസ്താവനചെയ്തിട്ടുണ്ട്. സന്ധി എത്രയുംനേരത്തെ ഒപ്പുവയ്ക്കപ്പെടുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഈ സന്ധിമൂലം പ്രധാനപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുകയോ, പരിഹരിക്കപ്പെടാതിരിക്കുകയോ ചെയ്യുമെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

സന്ധി നടപ്പിൽവരുന്നമുറയ്ക്ക് ഏറ്റെടുക്കേണ്ടിവരുന്ന ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഇന്ത്യ സന്നദ്ധമായിരിക്കുകയാണ്. ഇതേസംബന്ധിച്ചകാര്യങ്ങളും വ്യക്തമാക്കുവാൻ ഇന്ത്യ ഐക്യരാഷ്ട്രങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൊറിയായിലേക്കുപോകേണ്ട ഉദ്യോഗസ്ഥന്മാരുടെ നാമനിർദ്ദേശം നടത്തപ്പെട്ടുകഴിഞ്ഞു. പ്രാരംഭനടപടികളും നടത്തുന്നതിനായി പോകുന്ന പ്രതിനിധിസംഘത്തിന്റെനേതൃത്വം ആർ. കെ. നെഹ്റു വഹിക്കുന്നതാണ്. സൈനികകമ്മിഷന്റെ നേതൃത്വം മേജർജനറൽ തിമ്മയ്യ നിർവഹിക്കും. ബി. എൻ. ചക്രവർത്തി ചീഫ് ആഫീസറും ആയിരിക്കും. കൊറിയായിലേക്ക് അയയ്ക്കുന്ന സേനയുടെ എണ്ണം ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല.

* * *

ഇന്ത്യനും പാകിസ്ഥാനും പ്രധാനമന്ത്രിമാർ തമ്മിലുള്ള സംഭാഷണം ശനിയാഴ്ച കറാച്ചിയിൽവച്ചാരംഭിക്കുന്നു. ഇന്ത്യൻപ്രധാനമന്ത്രി നെഹ്റുവിനു എത്രയും ഗംഭീരമായ ഒരു സ്വീകരണമാണ് കറാച്ചിയിൽവച്ചു നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ സംഭാഷണത്തെസംബന്ധിച്ചു അതിരാറാ ശുഭാപ്തിവിശ്വാസം ഇരുരാജ്യങ്ങളിലും ഉണ്ടായിട്ടുണ്ട് സംഭാഷണത്തിലെ പ്രധാനവിഷയം കാഷ്മീർക്കാര്യമായിരിക്കുമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ കാഷ്മീരിന്റെ അഭിപ്രായം ഇൻഡ്യാഗവർമ്മെൻറ് അറിഞ്ഞുകൊണ്ടാണിരുന്നിട്ടുള്ളത്. കാഷ്മീരിലെ ഭരണത്തലവനായ കരൻസിംഗ് ഡൽഹിയിലെത്തി പ്രധാനമന്ത്രിയുമായി സംഭാഷണം നടത്തിയിരുന്നു. ഏതാനുംനാൾമുമ്പ് കാഷ്മീരിലെ ഡെപ്യൂട്ടിപ്രധാനമന്ത്രി ബക്ഷി ഗുലാം മഹമ്മദ് ഡെൽഹിയിൽ വന്നിരുന്നതും ഇക്കാര്യംകൂടി ചർച്ചചെയ്യുന്നതിനായിരുന്നെന്നും വിശ്വസിക്കപ്പെടുന്നു. ഇൻഡ്യാ-പാകിസ്ഥാൻ സംഭാഷണം വിജയത്തിലെത്തിക്കുന്നതിനായി ഇരുരാജ്യങ്ങളിലുമുള്ള ജനങ്ങളും ആഗ്രഹിക്കുന്നുണ്ട്. ഇതിന്റെ സൂചനയാണ് പ്രജാപരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടുവന്ന പ്രക്ഷോഭണം പിൻവലിച്ചതു്. ഹിന്ദുമഹാസഭാപ്രസിഡൻറ് എൻ. സി. ചാറ്റർജിയും പ്രജാപരിഷത്ത് പ്രസിഡൻറ് പ്രേമനാഥഡോഗ്രയും നെഹ്റുവിനെ കണ്ട് സംഭാഷണം നടത്തുകയുണ്ടായി.

സിലോണിന്റെ പ്രധാനപരിഹാരത്തിനും ഉടനെ സംഭാഷണങ്ങൾ ആരംഭിക്കുമെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഇൻഡ്യ മുൻകൈയെടുത്തു പ്രവർത്തിച്ചു എന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

* * *

കഴിഞ്ഞആഴ്ചയിൽ ഇൻഡ്യയിൽ പല അനാശാസ്യസംഭവങ്ങളും നടന്നു. മദ്രാസ്സിലെ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിച്ചുകൊണ്ടു ദ്രാവിഡമുന്നേറ്റകഴകം ദക്ഷിണേന്ത്യയിൽ പലയിടത്തും പ്രകടനങ്ങളും അക്രമങ്ങളും നടത്തി. ട്രെയിൻ പിടിച്ചുനിർത്തുകയും തടഞ്ഞുനിർത്തുകയുംആയിരുന്നു അവരുടെപരിപാടി. ഇതിന്റെ ഫലമായി രണ്ടുസ്ഥലങ്ങളിൽ വെടിവയ്പുനടന്നു. ഈ വെടിവയ്പിൽ ദാസനേളും ആളുകൾമരിച്ചു. ഈ പ്രക്ഷോഭണം ഇപ്പോൾ അല്പം ശാന്തമായിരിക്കുകയാണ്. പിക്കറ്റിംഗാണ് ഇപ്പോഴത്തെ പ്രക്ഷോഭണത്തിലെ പ്രധാനഇനം.

* * *

കൽക്കട്ടയിൽ ട്രാംവേതക്കം മധ്യസ്ഥതയ്ക്കുവിട്ടിരിക്കുകയാണ്. തൽഫലമായി അവിടത്തെ പ്രക്ഷോഭണത്തിന്റെ ശക്തി അല്പം കുറഞ്ഞിട്ടുണ്ട്. എങ്കിലും ഭയംകൂടാതെ വാഹനങ്ങളിൽ സഞ്ചരിക്കാമെന്ന ഒരു നില വന്നിട്ടില്ല. ഒട്ടറെ സ്ഥാനങ്ങളിൽ പടക്കവും, ബാംബും, കട്ടകളും എറിയപ്പെട്ടു. അപൂർവംചില്ലുകളിൽ ഇവിടെയും പോലീസ്സിനു വെടിവയ്ക്കേണ്ടിവന്നിട്ടുണ്ട്.

മുൻപറഞ്ഞ രണ്ടു പ്രക്ഷോഭണങ്ങൾപ്രമാണിച്ചു അനേകശതംപേർ അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്.

* * *

നീപ്പാളിന്റെയും ഇന്ത്യയുടേയും അതിർത്തിയിലുള്ള ഒരു ഗ്രാമം ഡാ: കെ. ഐ. സിംഗിന്റെ അനുയായിയായ ഭീമദത്തപന്ത് പിടിച്ചടക്കിയതായി റിപ്പോർട്ടുചെയ്യപ്പെട്ടു. നീപ്പാളിൽ പലേടത്തും അരക്ഷിതാവസ്ഥയാണെന്നു പ്രസ്താവിക്കപ്പെട്ടു. അതിർത്തിപ്രദേശം ഇന്ത്യാഗവർമ്മെൻറ് കാത്തുപോരുന്നുണ്ട്. ലഹളപ്രദേശങ്ങളിലേയ്ക്കു ഇന്ത്യൻ ട്രൂപ്പിയിൽക്കൂടി സൈന്യത്തെ കടത്തിക്കൊണ്ടുപോകുവാൻ ഇന്ത്യാഗവർമ്മെൻറ് നീപ്പാളിനു അനുമതി നൽകിയിരിക്കുന്നു. ആഭ്യന്തരമായ പല വിഷമതകളും നീപ്പാളിനെ വിഷമിപ്പിക്കുന്നതായി തോന്നുന്നു. ഏതാനും ആഴ്ചകൾക്കു മുമ്പു എം. പി. കൊയ്രാളയുടെ നേതൃത്വത്തിൽ അവിടെ ജനപ്രതിനിധിഭരണം വീണ്ടും സ്ഥാപിതമായി. എന്നാൽ ഈ ഭരണത്തിനു വേണ്ടത്ര പ്രതിനിധ്യം ഇല്ലാത്തതുകൊണ്ടു ജനങ്ങളുടെ വിശ്വാസവും പിന്തുണയും ആവശ്യമുള്ളത്ര സമ്പാദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുകൊണ്ടാണ് ബി. പി. കൊയ്രാളയുടെ കക്ഷിയിൽപ്പെട്ടവരേയും മന്ത്രിസഭയിൽ ചേരാൻ എം. പി. കൊയ്രാള ക്ഷണിച്ചതു്. ഈ ക്ഷണം സ്വീകരിക്കപ്പെട്ടിട്ടില്ല. നീപ്പാം പ്രധാനമന്ത്രി ഇന്ത്യാഗവർമ്മെൻറുമായി കൂടിയാലോചനകൾക്കായി ന്യൂഡെൽഹിയിൽവന്നിട്ടുണ്ട്.

* * *

ടെൻസിംഗും കുടുംബവും ലണ്ടനിൽനിന്നു സ്വിറ്റ്സർലണ്ടിൽ എത്തിയിരിക്കുന്നു. സ്വിസ്അൽപൈൻസംഘത്തിന്റെ അതിഥികളാണവർ. ലണ്ടനിൽവച്ചു ടെൻസിംഗിനും കുടുംബത്തിനും രാജ്ഞി സ്വീകരണവും സന്ദർശനവും നൽകി. ഒരു കീർത്തിമുദ്രയും നൽകി.

* * *

ജപ്പാനിൽ ഇയ്യാഴ്ച വയിച്ച ഒരു വെള്ളപ്പൊക്കം ഉണ്ടായി. അനേകശതം പേർ ഇതുമൂലം മരിച്ചു. ആയിരക്കണക്കിനു ആളുകളെ കാണാതെയുമുണ്ട്.

* * *

ആന്ധ്രാബിൽ മദ്രാസ് അസംബ്ളി പാസ്സാക്കി. പല ഭേദഗതികളും ആദ്യബില്ലിൽ അസംബ്ളി നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ ഒരു വിശേഷമായി ആന്ധ്രായ്ക്കു വ്യവസ്ഥചെയ്യുന്ന ഒരു വകുപ്പാണ്.

ആന്ധ്രായുടെ സ്പെഷ്യൽ ആഫീസറായി പഞ്ചാബിലെ ശവർണ്ണരായിരുന്ന ചന്ദുലാൽ ത്രിവേദി നിയമിതനായിരിക്കുന്നു. ആന്ധ്രായിൽ ഒരു പുതിയ രാഷ്ട്രീയപാർട്ടി രൂപീകരിക്കപ്പെട്ടിരിക്കുന്നു.


## 7 നാൾകൊള്ളിൽ പ്രമേഹം സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണ് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കരവ്യാധിയാണ്. പ്രമേഹരോഗി അനതിദീനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണ്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം. അധികാഹാരം, വിശപ്പു്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോടുകൂടി,) ചൊറിയുക എന്നിവയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ്"ചൂർണം" ആധുനികശാസ്ത്രത്തിന്റെ ഒരൽഭുത കണ്ടുപിടിത്തമാണ്. ഇതുപയോഗിച്ച ആയിരമായിരം പ്രമേഹരോഗികളാണ് മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ട്. "വീനസ്സ്"ചൂർണം" രണ്ടുനേരം ഭിവസം ഉപയോഗിക്കുമ്പോൾത്തന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസം കൊണ്ടുതന്നെ പഞ്ചസാര പൂർണമായ അന്തരവും ഉണ്ടാകുന്നു. യാതൊരു പ്രത്യേക പഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ് ലാഗ്വേജ് ആവശ്യപ്പെടുക. 50 ഗുളികയുള്ള കുപ്പിക്ക് വില 6 രൂ. 12 ണ. പാക്കിങ്ങുപോസ്റ്റേജ് സൌജന്യം.

Venus Research Laboratory.
P.B. No. 587, Calcutta, (MNW)


## രാജാകേശവദാസൻ


★


ഈ. വി.


തിരുവിതാംകൂർ രാജ്യഭരണചരിത്രത്തിൽ അവിസ്മരണീയനായ വലിയദിവാൻജി അവർകളുടെ അവിശ്രാന്തമായ ജീവിതരംഗത്തിലെ അവസാന ഭാഗം.

വില ണ. 12.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.






ആഗ്രാ ഏ. ഐ. സി. സി. സമ്മേളനസ്ഥലത്തു പ്രധാന പ്രവേശന ദ്വാരത്തു പ്രദർശിപ്പിച്ചിരുന്ന ആചാര്യവിനോബാഭാവെയുടെ ചിത്രം.

മുകളിൽ വലത്തു്—1. പ്രധാനമന്ത്രി ആഗ്രായിൽ—ശ്രീ: നെഹ്റു പതാക ഉയർത്തുകർമ്മം നിർവ്വഹിക്കുന്നതിനു പുറപ്പെടുന്നു. ഇന്ദിരാ കാറിൽ കുപ്പുകയ്യോടെ നിൽക്കുന്ന പണ്ഡിതജിയുമൊത്തു സഹോദരി മിസ്സിസ് പണ്ഡിറും, ശ്രീ: അചൽസിംഹുമാണിരിക്കുന്നതു്.


2. കേന്ദ്രോപ്പാനിംഗ്മന്ത്രി ശ്രീ. ഗുൽസാരിലാൽനന്ദ ചെല്ലാനം കടലാക്രമണസ്ഥലം സന്ദർശിച്ചു മടങ്ങുന്നു.

3. കോട്ടയം വൈ. എം. സി. ഏ-യുടെ ആഭിമുഖ്യത്തിൽ നടന്ന നഗരശുചീകരണത്തിന്റെ ഒരു രംഗം. ശുചീകരണകർമ്മത്തിൽ മി. ഏ. വി. ജോർജ്ജ് പങ്കെടുക്കുന്നു. അദ്ദേഹത്തിന്റെ ഇടത്തുവശത്തു നിൽക്കുന്നതു് ഡാ: കെ. എം. സൈമണും, വലത്തുവശത്തു നിൽക്കുന്നതു് മി: പാലായ്ടം ഏബ്രഹാം ഈപ്പനുമാണു്.



# യഥാർത്ഥമായ മിൽക്ക്മെയിഡ്

## പാൽട്ടിന്നിന്റെ അടയാളം




അൻപതു വർഷക്കാലമായി മിൽക്ക്മെയിഡ് പാലിന്റെ ശാശ്വതമായ ഗുണങ്ങളെപ്പറ്റി ഇൻഡ്യൻ ജനത മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എപ്പോഴും ഏറ്റവും ഗുണമുള്ള സാധനങ്ങൾതന്നെ വാങ്ങുക. മിൽക്ക്മെയിഡ് പാൽ നിങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ളതാണു്.

നല്ല പാൽ ആരോഗ്യത്തിനു് അത്യന്താപേക്ഷിതമാണു്. അതിനാൽ സുരക്ഷിതമായ മിൽക്ക്മെയിഡ് പാൽ ധാരാളം കുടിക്കുക.

വിശദവിവരങ്ങൾക്കു്
"നെസ്സിൽസ്" പ്രോഡക്റ്റ്സ് (ഇൻഡ്യ) ലിമിറ്റഡ്,
പോസ്റ്റ്ബോക്സ് നമ്പർ 180, മദ്രാസ്
എന്ന വിലാസത്തിൽ എഴുതുക.


Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.